www.malankaralibrary.com

ജി. ചേടിയത്ത്

# വി. ജോൺ ക്രിസോസ്തോം
# മതാധ്യാപന പ്രസംഗങ്ങൾ

കോട്ടയം
2003

www.malankaralibrary.com

ജി. ചേടിയത്ത്

# വി. ജോൺ ക്രിസോസ്തോം മതാധ്യാപന പ്രസംഗങ്ങൾ

No:275

കോട്ടയം

2003

www.malankaralibrary.com

G.Chediath (tr.), **ST. JOHN CHRYSOSTOM, MATĀDYĀPANA PRASANGANGAL**
The Catechetical Homilies of St. John Chrysostom
(Malayalam Translation)

A publication of the Oriental Institute of Religious Studies, India,
P.B. No.1, Vadavathoor, Kottayam, 686 010. Kerala, India.

© G. Chediath, 2003

Price: 50

ISBN: 81-88456-13-6
Type Setting & Printing: **WiGi Offset Printers**
Manganam, Kottayam-686 018,
Tel: 2570862, E-mail:wigipress@sify.com

# ഉള്ളടക്കം

ആമുഖം

1. ഒന്നാം പ്രസംഗം ..... 9
2. രണ്ടാം പ്രസംഗം ..... 31
3 മൂന്നാം പ്രസംഗം ..... 45
4 നാലാം പ്രസംഗം ..... 56
5 അഞ്ചാം പ്രസംഗം ..... 72
6 ആറാം പ്രസംഗം ..... 86
7 ഏഴാം പ്രസംഗം ..... 98
8 എട്ടാം പ്രസംഗം ..... 114
9 ഒമ്പതാം പ്രസംഗം ..... 127
10 പത്താം പ്രസംഗം ..... 145
11 പതിനൊന്നാം പ്രസംഗം ..... 160
12 പന്ത്രണ്ടാം പ്രസംഗം ..... 174

www.malankaralibrary.com

# ആമുഖം

വിശുദ്ധ ജോൺ ക്രിസൊസ്തോമിന്റെ പേരിൽ അറിയപ്പെടുന്ന പന്ത്രണ്ട് പ്രസംഗങ്ങളാണ് ഇതിലെ ഉള്ളടക്കം. സ്നാനാർഥികൾക്കും സ്നാനം സ്വീകരിച്ച് പുനർജന്മം പ്രാപിച്ച നവജാതർക്കുംവേണ്ടി ചെയ്തവയാണ് ഈ പ്രസംഗങ്ങൾ. മൂന്ന് സമാഹാരങ്ങളിൽ നിന്നാണ് ഇവ ലഭിച്ചിരിക്കുന്നത്. ഒന്നുമുതൽ എട്ടുവരെയുള്ള പ്രസംഗങ്ങൾ മൗണ്ട് ആഥോസിലെ സ്തവ്റോണികിതാ (Stavronikita) ആശ്രമത്തിൽനിന്ന് വെൻഗെർ എന്ന പണ്ഡിതൻ കണ്ടെടുത്തു പ്രസിദ്ധീകരിച്ച സമാഹാരത്തിലുള്ളതാണ്. ഒൻപതും പന്ത്രണ്ടും പ്രസംഗങ്ങൾ മോണ്ട് - ഫോകോൺ (Montfaucon) സമാഹാരത്തിൽ നിന്നാണ്. പത്തും പതിനൊന്നും പ്രസംഗങ്ങൾ പപ്പദോപുളോസ് - കെരാമെയുസ് (Papadopoulos-Kerameus) സമാഹാരത്തിൽ നിന്നാണ്. ഈ സമാഹാരത്തിൽ മൂന്നും ഒൻപതും പ്രസംഗങ്ങൾ കൂടിയുണ്ട്. ഈ പ്രസംഗങ്ങൾ ക്രിസൊസ്തോമിന്റേതാണ് എന്നത്രേ പണ്ഡിതമതം. അന്ത്യോക്യൻ സഭയിലെ വൈദികനായിരുന്ന കാലത്താണ് ഈ പ്രസംഗങ്ങൾ നടന്നത്.

ജോണിന്റെ സഹപാഠിയായ തിയഡോറിന്റെയും ജറുസലേമിലെ സിറിലിന്റെയും മതാധ്യാപന പ്രസംഗങ്ങൾ ഇതിനോടകം മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് (OIRSI - 100. 238).

സഭയിലെ ഒരു വലിയ ജ്യോതിർഗോളമായിരുന്നു ജോൺ (+407). അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ പ്രസംഗചാതുരി നിമിത്തം സ്വർണനാവുകാരൻ എന്നർഥമുള്ള ക്രിസൊസ്തോമോസ് (ക്രിസൊസ്തോം) എന്ന് അദ്ദേഹം അറിയപ്പെട്ടു. നാലു വലിയ പൗരസ്ത്യ സഭാപിതാക്കന്മാരിലും ഗ്രീക്കുസഭ അംഗീകരിക്കുന്ന

www.malankaralibrary.com



മൂന്ന് എക്യുമെനിക്കൽ പിതാക്കന്മാരിലും വി. ജോൺ ഉൾപ്പെടുന്നു. തർസോസിലെ ദിയദോറിന്റെ കീഴിൽ അന്ത്യോക്യയിലെ ഒരാശ്രമത്തിൽ പരിശീലനം നടത്തി. അന്നത്തെ ഉറ്റസ്നേഹിതരിൽ ഒരാളായിരുന്നു മൊപ്സുവെസ്ത്യായിലെ തിയഡോർ. അന്ത്യോക്യൻ മെത്രാനായ മെലേസ്യൂസ് 381 ൽ ജോണിനെ ഡീക്കനാക്കി; അന്ത്യോക്യയിലെ ഫ്ളാവിയൻ 386 ൽ വൈദികനാക്കി. 386 മുതൽ 397 വരെ അന്ത്യോക്യയിൽ സഭാശുശ്രൂഷ നടത്തി. 390 ലായിരിക്കാം ഈ മതാധ്യാപന പ്രസംഗങ്ങൾ നടന്നത്. 397 ൽ ജോൺ കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. അലക്സാന്ത്രിയായിലെ വിശുദ്ധ തെയോഫിലസ് 398 ൽ അദ്ദേഹത്തെ മെത്രാനായി വാഴിച്ചു.

ജോൺ വളരെ ലാളിത്യപൂർണമായ ജീവിതം നയിച്ചു. വൈദികരുടെയും ജനങ്ങളുടെയും ധാർമിക നിലവാരം ഉയർത്താൻ പരിശ്രമിച്ചെങ്കിലും കഠിനമായ എതിർപ്പിനെ നേരിടേണ്ടി വന്നു. തന്റെ സ്വത്തിൽ അധികപങ്കും അദ്ദേഹം പാവങ്ങളുമായി പങ്കുവച്ചെങ്കിലും, ശത്രുക്കളെല്ലാം ഒത്തുകൂടി അദ്ദേഹത്തെ നാടുകടത്തുവാൻ ചക്രവർത്തിയെ പ്രേരിപ്പിച്ചു. 404 ൽ ചക്രവർത്തി അദ്ദേഹത്തെ ചെറിയ അർമേനിയായിലെ കൗക്കാസൂസിലേക്കു നാടുകടത്തി. 407 ൽ അവിടെനിന്ന് കരിങ്കടലിന്റെ കിഴക്കേ തീരത്തുള്ള പിത്യുസ് എന്ന വനപ്രദേശത്തേക്ക് ചക്രവർത്തി മാറ്റി. യാത്രാക്ലേശംകൊണ്ടും ക്ഷീണംകൊണ്ടും പ്രതികൂല കാലാവസ്ഥകൊണ്ടും 407 സെപ്തംബർ 14 ന് പോന്തുസിലെ കൊമാനായിൽ വച്ച് ക്രിസൊസ്തോം മരിച്ചു. 438 ൽ ഭൗതികാവശിഷ്ടങ്ങൾ കോൺസ്റ്റാന്റിനോപ്പിളിൽ ശ്ലീഹന്മാരുടെ പള്ളിയിൽ കൊണ്ടുവന്ന് സംസ്കരിച്ചു.

കറതീർന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ജോൺ. ആത്മാക്കളുടെ ഒരു യഥാർഥ ഭിഷഗ്വരനായി തന്നെയാണ് അദ്ദേഹം പ്രസംഗങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. ജനഹൃദയങ്ങളെ സ്പർശിക്കുന്നതിനും അവരുടെ ശ്രദ്ധ പിടിച്ചുനിർത്തുന്നതിനും അദ്ദേഹത്തിന് അസാധാരണ കഴിവുണ്ടായിരുന്നു. ചില പ്രസംഗങ്ങൾ വളരെ നീണ്ടവയാണ്. ജനങ്ങളുടെ അഹന്ത, ധൂർത്ത്,



സ്വാർഥത, ആഡംബരപ്രിയം എന്നിവയെ അദ്ദേഹം നിശിതമായി വിമർശിച്ചിരുന്നു. പഴയ നിയമത്തിലും പുതിയ നിയമത്തിലും അദ്ദേഹം ഒരുപോലെ പ്രവീണനായിരുന്നു.

ആദ്യമായിട്ടാണ് ഈ മതാധ്യാപന പ്രസംഗങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത്. Ancient Christian Writers, Vol. 31 ആണ് വിവർത്തനത്തിന് ഉപയോഗിച്ചിരിക്കുന്നത്.[1] ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത, പൗരസ്ത്യ വിദ്യാപീഠത്തിലെ പ്രസിദ്ധീകരണ വിഭാഗമായ OIRSI യോടും അതിന്റെ ഡയറക്ടർ ബഹുമാനപ്പെട്ട മണ്ണൂരാംപറമ്പിൽ തോമസ് അച്ചനോടും മുദ്രണം ഭംഗിയായി നിർവഹിച്ച മാങ്ങാനം വി.ജി. പ്രിന്റേഴ്സിന്റെ അധികാരികളോടും പ്രവർത്തകരോടുമുള്ള നന്ദി പ്രകാശിപ്പിക്കുന്നു. ഈ ഗ്രന്ഥം സസന്തോഷം സഹൃദയ സമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

**ജി.ചേടിയത്ത്**

മലങ്കര മേജർ സെമിനാരി
നാലാഞ്ചിറ, തിരുവനന്തപുരം
ഡിസംബർ 20, 2003.

---

1. P.W. Harkins (tr.), St. John Chrysostom: Baptismal Instructions, NY/NJ, 1963 (Acw-31).

www.malankaralibrary.com

## മതാധ്യാപന പ്രസംഗങ്ങൾ
## ഒന്നാം പ്രസംഗം

# സ്നാനാർഥികൾക്കുള്ള ഉപദേശം

### സ്നാനാർഥികളെ ആത്മീയ വിവാഹത്തിനു ക്ഷണിക്കുന്നു

**1.** ആത്മീയ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും സമയമാണിത്. ഇതാ, നമ്മുടെ കാത്തിരിപ്പിന്റെയും സ്നേഹത്തിന്റെയും ദിവസങ്ങൾ, നിങ്ങളുടെ ആത്മീയ വിവാഹത്തിന്റെ ദിവസങ്ങൾ, വളരെ അടുത്തിരിക്കുന്നു. ഇന്ന് നടക്കാൻ പോകുന്നതിനെ വിവാഹം എന്നു വിളിക്കുന്നത് തെറ്റായിരിക്കുകയില്ല; ഇതിനെ വിവാഹം എന്നു മാത്രമല്ല, അത്ഭുതകരവും ഏറ്റവും അസാധാരണവുമായ സൈനിക പേരെഴുത്ത് എന്നുപോലും വിളിക്കാനാവും. വിവാഹവും സൈന്യസേവനവും തമ്മിൽ പരസ്പരവിരുദ്ധമായി ഒന്നുമില്ല. അങ്ങനെ ഉണ്ടെന്ന് ആരും ചിന്തിക്കാതിരിക്കാൻ, രണ്ടുപമകളും ഉപയോഗിച്ച സാർവത്രിക പ്രബോധകനും ഭാഗ്യവാനുമായ പൗലോസിനെ അവൻ ശ്രവിക്കട്ടെ. ഒരിടത്ത് അവൻ ഇപ്രകാരം പറഞ്ഞു: "മിശിഹായ്ക്ക് നിർമല കന്യകയായി സമർപ്പിക്കാൻ നിങ്ങളെ ഞാൻ ഒരു വരനുമായി വിവാഹ ഉടമ്പടി ചെയ്തു" (2കൊറി 11:2). മറ്റൊരിടത്ത്, യുദ്ധസന്നദ്ധരായ പടയാളികളെ ആയുധം ധരിപ്പിക്കുന്നവനായി സംസാരിച്ചുകൊണ്ട് അവൻ പറയുന്നു: "പിശാചിന്റെ കെണികളെ എതിർത്തു നിൽക്കാൻ കഴിയേണ്ടതിന് ദൈവത്തിന്റെ ആയുധം ധരിക്കുവിൻ" (എഫേ 6:11). ഒരേ സ്ഥലത്ത് പൗലോസ് രണ്ടുപമകളും പ്രയോഗിക്കുന്നതു കാണുവിൻ.

www.malankaralibrary.com



**2.** സത്യമായും ഇന്ന് ഭൂസ്വർഗങ്ങൾ സന്തോഷിക്കുന്നു. കാരണം, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് വലിയ സന്തോഷം ഉണ്ടെങ്കിൽ (ലൂ 15:7), പിശാചിന്റെ കെണികളെ തകർത്ത് ക്രിസ്തുവിന്റെ അജഗണത്തിൽ വലിയൊരു കൂട്ടം പേര് രജിസ്റ്റർ ചെയ്യാൻ താല്പര്യപൂർവം ആഗ്രഹിക്കുമ്പോൾ, മാലാഖമാരുടെയും പ്രധാന മാലാഖമാരുടെയും മുകളിലുള്ള എല്ലാ ശക്തികളുടെയും ഇടയിലും ഭൂമിയിലെ സമസ്ത സൃഷ്ടികളുടെയും ഇടയിലും എത്ര വലിയ സന്തോഷമാണുണ്ടാകുക!

**3.** വരുവിൻ, പാവനമായ മണവറയിലേക്ക് ആനയിക്കപ്പെടാൻ പോകുന്ന വധുവിനോട് സംസാരിക്കുന്നതുപോലെ ഞാൻ നിങ്ങളോടു സംസാരിക്കട്ടെ. വരന്റെ സമ്പദ്സമൃദ്ധിയുടെയും തന്റെ വധുവിനോട് അവൻ കാണിക്കുന്ന അവാച്യമായ കരുണയുടെയും ഒരു എത്തിനോട്ടം ഞാൻ നിങ്ങൾക്കും നൽകട്ടെ. അവൾ വിടുവിക്കപ്പെട്ട ദുഷിച്ച ഭൂതകാലവും അവൾ അനുഭവിക്കാൻ പോകുന്ന മഹനീയ ഭാവിയും ഞാൻ അവൾക്കു കാണിച്ചുകൊടുക്കട്ടെ. നിങ്ങൾക്കിഷ്ടമെങ്കിൽ, ആദ്യം നമുക്ക് അവളുടെ വസ്ത്രം ഉരിഞ്ഞ് അവളുടെ യഥാർത്ഥ അവസ്ഥ എന്താണെന്ന് കാണാം. അവളുടെ അവസ്ഥ പരിഗണിക്കാതെ, തന്റെ പക്കലേക്കണയാൻ വരൻ അവളെ അനുവദിക്കുന്നു. ഇത് നമ്മുടെ പൊതുനാഥന്റെ അളവില്ലാത്ത കാരുണ്യം വ്യക്തമായി കാണിക്കുന്നു. അവളുടെ സൗന്ദര്യത്തെയോ, രൂപഭംഗിയെയോ, അവളുടെ ശരീരത്തിന്റെ വടിവിനെയോ കാംക്ഷിച്ചതുകൊണ്ടല്ല തന്റെ വധുവായി തന്റെ പക്കലണയാൻ അവൻ അവളെ അനുവദിച്ചത്. മറിച്ച്, അവൻ മണവറയിലേക്ക് ആനീതയാക്കിയ വധു രൂപലാവണ്യരഹിതയും വൃത്തികെട്ടവളും പൂർണമായും ലജ്ജാകരമായും മലിനയും തന്റെ പാപങ്ങളുടെ ചെളിക്കുണ്ടിൽ പൂണ്ടു കിടന്നവളുമാണ്.

**4.** എന്നാൽ എന്റെ ഈ വാക്കുകൾ ശ്രവിക്കുന്നവരിലാരും ബാഹ്യമാത്രവും വൈകാരികവുമായ ഒരു വ്യാഖ്യാനത്തിൽ നിപതിക്കാതിരിക്കട്ടെ. ആത്മാവിനെയും അതിന്റെ രക്ഷയെയും കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. "മിശിഹായ്ക്ക് നിർമലകന്യകയായി സമർപ്പിക്കാൻ നിങ്ങളെ ഞാൻ ഒരു വരനുമായി വിവാഹ ഉടമ്പടി ചെയ്തു" എന്ന് ഭാഗ്യവാനും അതിശ്രേഷ്ഠാത്മാവുമായ പൗലോസ് പറഞ്ഞപ്പോൾ (2 കൊറി 11:2) ഭക്തിയിൽ പുരോഗമിച്ച ആത്മാക്കളെ നിർമല കന്യകകളെപ്പോലെ ക്രിസ്തുവിന് സമർപ്പിച്ചു എന്നാണ് അവൻ അർത്ഥമാക്കിയത്.



**5.** ഇതേപ്പറ്റി നമുക്ക് കൃത്യമായ ധാരണ ലഭിക്കുന്നതിന് മുമ്പ് വധു എത്രമാത്രം രൂപലാവണ്യരഹിതയായിരുന്നെന്ന് വ്യക്തമായി ഗ്രഹിക്കുകയും യജമാനന്റെ കരുണയെക്കുറിച്ച് ആശ്ചര്യഭരിതരാകുകയും ചെയ്യും. ആത്മാവ് തന്റെ സ്വന്തമായ മാന്യത കൈവെടിയുകയും ഉന്നതത്തിൽ നിന്നുള്ള ശ്രേഷ്ഠമായ ജനനം വിസ്മരിക്കുകയും ചെയ്തിട്ട് കല്ല്, തടി, വന്യമൃഗങ്ങൾ ഇവയേക്കാൾ മാന്യത കുറഞ്ഞ മറ്റു വസ്തുക്കൾ എന്നിവയുടെ വിഗ്രഹങ്ങളെ ആരാധിക്കുകയും കത്തുന്ന കൊഴുപ്പിന്റെ ഗന്ധത്താലും രക്തത്തിന്റെ അഴുക്കിനാലും ബലിയുടെ പുകയാലും തന്റെ വൃത്തികേട് വർദ്ധിപ്പിക്കുന്നതിനേക്കാൾ വൃത്തികെട്ടതായി വേറെ എന്താണുള്ളത്? കാരണം, ഇത്തരം ഉറവിടങ്ങളിൽ നിന്ന് നൈമിഷിക സുഖാവതരണങ്ങളും ഹാസ്യപരിപാടികളും മദ്യപാനവും അഴിഞ്ഞാട്ടവും, തങ്ങൾ സേവചെയ്യുന്ന പിശാചുക്കളെ സന്തോഷിപ്പിക്കുന്ന മറ്റെല്ലാ നിന്ദ്യകാര്യങ്ങളും ഉത്ഭവിക്കുന്നു.

**6.** നല്ലവനായ നാഥൻ തന്റെ വധുവിനെ ദുഷ്ടതയുടെ ആഴത്തിൽ എന്നു ഞാൻ പറയട്ടെ, നഗ്നയും സൗന്ദര്യരഹിതയുമായി നിപതിച്ച ഈ ദുരവസ്ഥയിൽ ദർശിച്ചപ്പോൾ, അവളുടെ വൃത്തികേടോ, കൊടിയ ദാരിദ്ര്യമോ, തിന്മയുടെ ആധിക്യമോ പരിഗണിച്ചില്ല. പിന്നെയോ, തന്റെ അതുല്യമായ കാരുണ്യം കാണിക്കുകയും തന്റെ സന്നിധിയിലേക്ക് അവളെ സ്വീകരിക്കുകയും ചെയ്തു. "ഓ, മകളേ, ശ്രദ്ധിക്കുക, കാണുക, ചെവി ചായിക്കുക. നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക. രാജാവ് നിന്റെ സൗന്ദര്യത്തെ അത്യധികം കാംക്ഷിക്കും" എന്ന് പ്രവാചകനിലൂടെ അവൻ പറയുമ്പോൾ (സങ്കീ 45:10-11). ഇത്തരത്തിലുള്ള മനോഭാവമാണ് വെളിപ്പെടുത്തുന്നത്.

**7.** മത്സരക്കാരിയും അശുദ്ധ പിശാചുക്കൾക്ക് തന്നെത്തന്നെ സമർപ്പിച്ചവളുമായ ഒരുത്തിയെ *മകളേ* എന്നു വിളിക്കാനുള്ള സൗമനസ്യം കാണിച്ചയാൾ ആദ്യം മുതലേ, തന്റെ പ്രകൃത്യനുസൃതമായ നന്മ വെളിപ്പെടുത്തുന്നതു കാണുവിൻ. അതുമാത്രമല്ല; അവൻ അവളുടെ തെറ്റുകളുടെ പട്ടിക ആവശ്യപ്പെടുന്നില്ല, ന്യായവിധി നടത്തുന്നുമില്ല; മറിച്ച്, തന്റെ ഉപദേശം കേട്ട് കാരുണ്യത്തിന് അർഹയാകുവാൻ അവളെ പ്രേരിപ്പിക്കുകയും ഉപദേശിക്കുകയും കഴിഞ്ഞതെല്ലാം മറക്കാൻ പ്രോത്സാഹിപ്പിക്കുകയും മാത്രമാണ് അവൻ ചെയ്യുന്നത്.

www.malankaralibrary.com



**8.** അവന്റെ അവാച്യമായ കാരുണ്യം കാണുന്നില്ലേ? അവന്റെ സമൃദ്ധമായ പരിപാലനദർശിക്കുന്നില്ലേ? ഭാഗ്യവാനായ ദാവീദ് ആ വാക്കുകൾ ഉച്ചരിച്ചപ്പോൾ, പരിതാപകരമായ അവസ്ഥയിൽ കഴിഞ്ഞ ലോകം മുഴുവനോടുമാണ് ഇതു പറഞ്ഞത്. ക്രിസ്തുവിന്റെ നുകത്തിന് തല കുനിക്കുകയും ഈ ആത്മീയ പേരെഴുത്തിന് ഓടിയെത്തുകയും ചെയ്തവരോട് ഇവ പ്രഘോഷിക്കുക നമുക്ക് ഇപ്പോൾ ഉചിതമാകുന്നു; പ്രവാചകന്റെ വാക്കുകൾ അല്പം വ്യത്യാസപ്പെടുത്തി, സന്നിഹിതരായിരിക്കുന്ന നിങ്ങളോരോരുത്തരോടും സ്വരമുയർത്തി പറയാനുള്ള സമയമാണിത്: "ക്രിസ്തുവിന്റെ പുതിയ പടയാളികളായ നിങ്ങൾ നിങ്ങളുടെ ഭൂതകാലം മുഴുവൻ മറക്കുവിൻ. നിങ്ങളുടെ ദുഷ്ട വഴികളെല്ലാം വിസ്മരിക്കുവിൻ. കേട്ട് ചെവിചായിച്ച് ഈ ശ്രേഷ്ഠമായ ഉപദേശങ്ങൾ സ്വീകരിക്കുവിൻ". "ഓ, മകളേ, ശ്രദ്ധിക്കുക. കാണുക, ചെവി ചായിക്കുക. നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്കുക" (സങ്കീ 45:10).

**9.** പ്രവാചകൻ ലോകം മുഴുവനും വേണ്ടി നൽകിയ അതേ ഉപദേശം നാമിന്ന് നിങ്ങളുടെ സ്നേഹംനിറഞ്ഞ സമൂഹത്തിന് നൽകുന്നതു കാണുക. 'നിന്റെ ജനത്തെ മറക്കുക' എന്നു പറഞ്ഞപ്പോൾ, വിഗ്രഹാരാധന, തെറ്റ്, പൈശാചികാരാധന എന്നിവയാണ് അവൻ അർഥമാക്കിയത്; "നിന്റെ പിതൃഭവനത്തെ മറക്കുക" എന്നാൽ, നിന്നെ ഈ നാണക്കേടിലെത്തിച്ച നിന്റെ മുൻകാല കർമങ്ങൾ വിസ്മരിക്കുക എന്നാണർഥം. ആ ഭൂതകാല സംഗതികളെല്ലാം വിസ്മരിക്കുക; ഭൂതകാലത്തേക്കു തിരികെ കൊണ്ടുപോകുന്നതിനുതകുന്നവയെല്ലാം നിന്റെ മനസ്സിൽ നിന്ന് ദൂരെയകറ്റുക. നീ ഇതു ചെയ്താൽ മാത്രമേ നിന്റെ ജനത്തിൽ നിന്നും നിന്റെ പിതൃഭവനത്തിൽ നിന്നും അകന്നു നിൽക്കാൻ നിനക്കു സാധിക്കൂ; അതായത്, നിന്റെ ആത്മാവിന്റെയും നിന്റെ ശരീരത്തിന്റെയും യുവത്വം പാഴാക്കി അലഞ്ഞുനടന്ന നിന്റെ ഭൂതകാല തിന്മയിൽ നിന്നും ജീർണതയിൽ നിന്നും എന്നർഥം. അപ്പോൾ രാജാവ് നിന്റെ സൗന്ദര്യം അത്യധികം കാംക്ഷിക്കും.

**10.** പ്രിയപ്പെട്ടവരേ, എന്റെ പ്രസംഗം ആത്മാവിനെ പറ്റിയാണെന്ന് കാണുവിൻ. കാരണം, ശരീരത്തിന്റെ ബാഹ്യ വൈരൂപ്യത്തെ ഒരിക്കലും സുന്ദരമാക്കാനാവില്ല. പ്രകൃതി, മാറ്റത്തിനോ, ചലനത്തിനോ വിധേയമല്ല എന്ന് നാഥൻ നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ആത്മാവിന്റെ കാര്യത്തിൽ അത്തരം മാറ്റം എളുപ്പവും വളരെ ലഘുവുമാണ്. എന്തുകൊണ്ടാണിത്? എങ്ങനെ ഇതു സാധിക്കും? ആത്മാവിനെ സംബന്ധിച്ച്, ആവശ്യത്തിനു വിധേയമായ പ്രകൃതി എന്നതിനേക്കാൾ ഇത് പൂർണമായും സ്വതന്ത്രേച്ഛയുടെ പ്രവർത്തനമാണ്. അതുകൊണ്ട്, രൂപരഹിതവും ഏറ്റവും വൃത്തിഹീനവുമായ ആത്മാവ് മെച്ചപ്പെടാൻ പെട്ടെന്ന് തീരുമാനിച്ചാൽ, അതിന്, തന്നെത്തന്നെ മാറ്റിയെടുക്കാം; അതിന് സൗന്ദര്യത്തിന്റെ കൊടുമുടി കയറാം, വീണ്ടും സൗന്ദര്യവും ഭംഗിയുമുള്ളതായിത്തീരാം; എന്നാൽ അതു പിന്നീട് അശ്രദ്ധമായി വ്യാപരിച്ചാൽ, ഏറ്റവും നികൃഷ്ടമായ പടുകുഴിയിലേക്ക് തൂത്തെറിയപ്പെടും. അതുകൊണ്ട്, നീ നിന്റെ ഭൂതകാലം വിസ്മരിച്ചാൽ, പ്രവാചകൻ പറയുന്നതുപോലെ, നിന്റെ ജനത്തെയും നിന്റെ പിതൃഭവനത്തെയും വിസ്മരിച്ചാൽ, "രാജാവ് നിന്റെ സൗന്ദര്യത്തെ അത്യധികം കാംക്ഷിക്കും" (സങ്കീ 45:10–11).



## വിവാഹം ഒരു വലിയ രഹസ്യമാണ്

**11.** നാഥന്റെ നന്മ നിങ്ങൾ കാണുന്നില്ലേ? ഇവിടെ സംഭവിക്കുന്നത് ഒരു ആത്മീയ വിവാഹമാണ് എന്ന് എന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ ഞാൻ പറഞ്ഞത് വ്യർഥമായോ കാരണം കൂടാതെയോ അല്ല. കാരണം, നഗ്നനേത്രങ്ങൾക്കു വിഷയമായ വിവാഹത്തിന്റെ കാര്യത്തിൽ, വധു തന്റെ മാതാപിതാക്കളെയും തന്നെ വളർത്തിയവരെയും മറന്ന്, തന്റെ വരനായി തന്നോടു ചേരാനുള്ളവന് പൂർണമായും മുഴുവനായും തന്റെ ഇച്ഛയെ സമർപ്പിക്കാതെ, അവന്റെ ഭാര്യയായിരിക്കാൻ സാധ്യമല്ല. അതുകൊണ്ടാണ് വിവാഹത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ പൗലോസ് അതിനെ ഒരു രഹസ്യം എന്നും വിളിക്കുന്നത്: "ഇക്കാരണത്താൽ പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ട് തന്റെ ഭാര്യയോട് പറ്റിച്ചേരും; അവർ ഇരുവരും ഒരു ജഡമായി തീരുകയും ചെയ്യും" എന്ന് പറഞ്ഞതിനുശേഷം അവൻ ഈ ബന്ധത്തിന്റെ ശക്തിയെപ്പറ്റി ചിന്തിക്കുകയും 'ഇതൊരു വലിയ രഹസ്യമാകുന്നു' എന്ന് ആശ്ചര്യഭരിതനായി വിളിച്ചുപറയുകയും ചെയ്തു (എഫേ 5:31–32).

**12.** അതെ, സത്യമായും ഇത് വലുതാണ്. തന്റെ അമ്മയുടെ മുലപ്പാൽ കുടിച്ച് വളരുകയും, ഭവനത്തിൽ നന്നായി സംരക്ഷിക്കപ്പെടുകയും, നന്നായി വളർത്തപ്പെടുകയും ചെയ്ത യുവതി, പെട്ടെന്ന് ഒരു നിമിഷത്തിൽ, അവളുടെ വിവാഹനാഴിക സമീപസ്ഥമാകുമ്പോൾ, തന്റെ അമ്മയുടെ പ്രസവവേദനയും അവളുടെ പരിലാളനകളും, കുടുംബജീവിതവും സ്നേഹബന്ധങ്ങളും, ചുരുക്കത്തിൽ സകലതും മറന്ന്, ആ രാത്രിക്കു മുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത മനുഷ്യന് തന്നെത്തന്നെ

www.malankaralibrary.com



പൂർണമായി സമർപ്പിക്കുന്നു എന്ന കാര്യം ചിന്തിച്ചാൽ, വിവാഹത്തിൽ സംഭവിക്കുന്നതിന്റെ സ്വഭാവം ഗ്രഹിക്കാൻ ഏതു മാനുഷിക കണക്കുകൂട്ടലിനാണു കഴിയുക. അവളുടെ ജീവിതം പാടേ മാറിപ്പോയി. മേലിൽ ആ മനുഷ്യനാണ് അവൾക്കെല്ലാം. അവളുടെ പിതാവും മാതാവും ഭർത്താവും സൂചിപ്പിക്കാൻ കഴിയുന്ന സകല ബന്ധുക്കളും ആ മനുഷ്യനാണ്. അവളെ നിരവധി വർഷം തീറ്റിപ്പോറ്റിയവരെപ്പറ്റി അവൾ ഓർക്കുന്നതേയില്ല. അവർ മേലിൽ രണ്ടല്ല, ഒന്നാണ് എന്ന രീതിയിൽ അത്ര സുദൃഢമാണ് അവരുടെ ബന്ധം.

**13.** ആദ്യം രൂപീകൃതനായ ആദം തന്റെ പ്രവാചക നയനങ്ങളാൽ ഇത് മുൻകൂട്ടികണ്ടിട്ട് ഇപ്രകാരം പറഞ്ഞു: "അവളുടെ നരനിൽ നിന്ന് എടുക്കപ്പെട്ടതിനാൽ അവൾ നാരി എന്നു വിളിക്കപ്പെടും. അതിനാൽ പുരുഷൻ മാതാപിതാക്കളെ വിട്ട് ഭാര്യയോടു ചേരും. അവർ ഏകശരീരത്തിലുള്ള രണ്ടുപേരായിത്തീരും" (ഉല്പ 2:23-24). ഇത് ഭർത്താവിനെപ്പറ്റിയും പറയാവുന്നതാണ്; കാരണം, ആ രാത്രിയിൽ തന്നോട് ബന്ധപ്പെട്ട ഭാര്യയുമായി ഐക്യപ്പെട്ട് പറ്റിച്ചേരാനായി അവനും തന്റെ മാതാപിതാക്കളെയും പിതൃഭവനത്തെയും മറന്നുകളഞ്ഞു. കൂടാതെ, ഈ ബന്ധത്തിന്റെ ദൃഢത ചൂണ്ടിക്കാണിക്കാൻ, "അവൻ തന്റെ ഭാര്യയോട് പറ്റിച്ചേരും" എന്നാണ് തിരുലിഖിതം പറഞ്ഞിരിക്കുന്നത്; "തന്റെ ഭാര്യയോട് ഐക്യപ്പെടും" എന്നല്ല, അതുകൊണ്ടും തൃപ്തിപ്പെടാതെ, തിരുലിഖിതം ഇതും കൂട്ടിച്ചേർത്തു: "അവർ ഏകശരീരത്തിൽ ഉള്ള രണ്ടുപേരായി തീരും". ഇക്കാരണത്താൽ ക്രിസ്തുവും തന്റെ സാക്ഷ്യം അവതരിപ്പിച്ച് പറഞ്ഞു: "അതുകൊണ്ട്, മേലിൽ അവർ രണ്ടല്ല, ഏകശരീരമാകുന്നു" (മത്താ 19:6). അവർ ഇരുവരും ഒരു ജഡമാകത്തക്കവിധം ഈ ഐക്യവും യോജിപ്പും അത്ര സുദൃഢമത്രേ. ഇതു കണ്ടെത്താൻ ആരെക്കൊണ്ടു സാധിക്കും? അവിടെ സംഭവിക്കുന്നത് ഗ്രഹിക്കാൻ ഏതു ബുദ്ധിക്കു കഴിയും എന്ന് എന്നോടു പറയുവിൻ. ഇതൊരു രഹസ്യമാണ് എന്ന് ആ പ്രപഞ്ചഗുരു പറഞ്ഞതു തികച്ചും ശരിയല്ലേ? വെറുതെ ഒരു രഹസ്യം എന്നല്ല, 'ഇതൊരു വലിയ രഹസ്യമാകുന്നു' എന്നാണ് അവൻ പറഞ്ഞത് (എഫേ 5:32).

**14.** ഭൗമികതലത്തിൽ ഇതൊരു രഹസ്യം, മഹാരഹസ്യം ആണെങ്കിൽ, ഈ ആത്മീയ വിവാഹത്തെപ്പറ്റി മനുഷ്യന് ശരിയായി എന്തു പറയുവാൻ കഴിയും? ഇവിടെയുള്ള സകലതും ആത്മീയ തലത്തിലുള്ളതാകയാൽ, ഇന്ദ്രിയ തലത്തിൽ നിന്നു വളരെ വ്യത്യസ്തമായിട്ടാണ് ഇവിടെ നടക്കുന്നതെന്ന് ഇപ്പോൾ ശ്രദ്ധാപൂർവം ഗ്രഹിക്കുക.



ഭൗമിക വിവാഹത്തിൽ, സ്ത്രീയുടെ സൗന്ദര്യം, ആകാരസൗഷ്ഠവം എല്ലാറ്റിലുമുപരി അവളുടെ പിതൃസ്വത്ത് എന്നിവയെപ്പറ്റി കൂലംകഷമായി പഠിക്കാതെ, ഒരുത്തനും ഒരു സ്ത്രീയെയും തന്റെ ഭാര്യയായി സ്വീകരിക്കുന്നില്ല.

**15.** ആത്മീയ വിവാഹത്തിൽ ഇപ്രകാരം ഒന്നും ഇല്ല. എന്തുകൊണ്ട്? കാരണം, ഇത് ആത്മീയതലത്തിൽ നടക്കുന്നതാണ്. തന്റെ കരുണയാൽ പ്രേരിതനായി, നമ്മുടെ വരൻ നമ്മുടെ ആത്മാക്കളെ രക്ഷിക്കാൻ ഓടിയെത്തുന്നു. വൃത്തികെട്ടവളോ, രൂപലാവണ്യരഹിതയോ, ദരിദ്രയോ, കുലീനത്വമില്ലാത്തവളോ, അടിമയോ, പുറംതള്ളപ്പെട്ടവളോ, അംഗഹീനയോ, പാപഭാരത്താൽ വലയുന്നവളോ ആയാൽപോലും വരൻ അതൊന്നും ശ്രദ്ധിക്കാറില്ല, പരിഗണിക്കാറില്ല, അവയുടെ വിശദവിവരങ്ങളൊന്നും തിരക്കാറുമില്ല. അവൻ നൽകുന്ന ദാനങ്ങൾ യജമാനന്റെ സൗജന്യദാനവും കൃപയുമാണ്. അവൻ നമ്മിൽ നിന്ന് ഒറ്റക്കാര്യമേ ആവശ്യപ്പെടുന്നുള്ളൂ: ഭൂതകാലം മറക്കുക; ഭാവിയിലേക്ക് സന്മനോഭാവം കാണിക്കുക.

## ആത്മീയ വിവാഹ ഉടമ്പടിയും വരങ്ങളും

**16.** അവന്റെ കൃപ എത്ര സമൃദ്ധമാണ് എന്നു നിങ്ങൾ കാണുന്നില്ലേ? അവന്റെ വിളിയെ ശ്രദ്ധിക്കുന്നവരുമായി വിവാഹ ഉടമ്പടി ഉണ്ടാക്കുന്ന വരൻ ഏതു തരക്കാരനാണ് എന്നു നിങ്ങൾ കാണുന്നില്ലേ? നിങ്ങൾക്കിഷ്ടപ്പെടുന്നെങ്കിൽ, ഈ ആത്മീയ വിവാഹത്തിന്റെ അനന്തര ഫലങ്ങൾകൂടി നമുക്ക് കാണാം. ഭൗമിക വിവാഹത്തിൽ, പിതൃസ്വത്തിനെ സംബന്ധിക്കുന്ന ഒരു രേഖ ഉണ്ടാക്കുന്നു; സമ്മാനം നൽകുന്നു. വരൻ സമ്മാനങ്ങൾ നൽകുന്നു; വധു പിതൃസ്വത്തു സംബന്ധിച്ച രേഖയും. ആത്മീയ തലത്തിലും തത്തുല്യമായ ഒന്ന് നടക്കുക സ്വാഭാവികമാണ്. ശാരീരിക കാര്യങ്ങളിൽ നിന്ന് ആത്മീയ കാര്യങ്ങളിലേക്ക്, ദൈവത്തോട് അടുത്തുവരുന്ന കാര്യങ്ങളിലേക്ക് ധാരണാശക്തി ഉയരണം. ഈ വിവാഹത്തിലെ പിതൃസ്വത്തുടമ്പടിപ്പത്രം എന്താണ്? വരനോടുള്ള അനുസരണയും അവനുമായി നടത്തുന്ന ഉടമ്പടിയുമല്ലാതെ മറ്റൊന്നുമല്ല. വിവാഹത്തിനു മുമ്പ് വരൻ കൊണ്ടുവരുന്ന സമ്മാനങ്ങൾ എന്തെല്ലാമാണ്? ഭാഗ്യവാനായ പൗലോസിനെ ശ്രവിക്കുക. അവൻ ഇപ്രകാരം പറയുന്നു: "ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹി

www.malankaralibrary.com



ക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലം കൊണ്ടു കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റുകുറവുകളോ ഇല്ലാത്ത മഹത്ത്വപൂർണയായി തനിക്കു തന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയും ആയിരിക്കുന്നതിനും വേണ്ടിയാണ്" (എഫേ 5: 25-27).

**17.** അവന്റെ ദാനങ്ങളുടെ ബഹുത്വം നിങ്ങൾ കാണുന്നുവോ? അവന്റെ സ്നേഹത്തിന്റെ അവാച്യമായ ആഴം നിങ്ങൾ കാണുന്നുവോ? "ക്രിസ്തു സഭയെ സ്നേഹിക്കുകയും തന്നെത്തന്നെ അവൾക്കായി സമർപ്പിക്കുകയും ചെയ്തതുപോലെ". ഇത് ഒരു മനുഷ്യനും ഒരിക്കലും ചെയ്തു കാണാൻ ഇടയില്ല, അതായത്, തന്റെ വധുവാകാൻ പോകുന്നവൾക്കു വേണ്ടി തന്റെ രക്തം ചിന്തുക. എന്നാൽ കരുണാനിധിയായ ഗുരു, തന്റെ നന്മയ്ക്കനുസൃതമായി, അവളോടുള്ള തന്റെ പരിപാലനയാൽ മഹനീയവും അത്ഭുതാവഹവുമായ ഈ ബലി അർപ്പിച്ചു. തന്റെ സ്വന്തരക്തത്താൽ അവളെ പവിത്രീകരിക്കുന്നതിനും, സ്നാനജലത്തിലൂടെ വെടിപ്പാക്കി, അവളുടെ സർവമഹത്ത്വത്തിലും തനിക്ക് ഒരു സഭയായി അവളെ സ്വീകരിക്കുന്നതിനുമായിരുന്നു. നമുക്ക് വിശുദ്ധീകരണം സൗജന്യമായി നൽകുന്നതിനും പുനർജന്മസ്നാനത്തിലൂടെ നമ്മെ വെടിപ്പാക്കുന്നതിനും മുമ്പ് അവമാനിതരും ആത്മവിശ്വാസത്തോടുകൂടെ സംസാരിക്കാൻ അശക്തരുമായിരുന്ന നമ്മെ ഇപ്പോൾ കറയോ ചുളിവോ തത്തുല്യമായ മറ്റെന്തെങ്കിലുമോ കൂടാതെ മഹനീയരായി തനിക്കായി സമർപ്പിക്കുന്നതിനും വേണ്ടി അവൻ രക്തം ചിന്തുകയും കുരിശു വഹിക്കുകയും ചെയ്തു.

**18.** "ഇത് സഭയെ ശുദ്ധീകരിക്കുന്നതിനും കറയോ ചുളിവോ മറ്റുകുറവുകളോ ഇല്ലാത്ത മഹത്ത്വപൂർണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും വേണ്ടിയാണ്" (എഫേ 5:27) എന്ന് അവൻ പറയുമ്പോൾ, ഇതിനുമുമ്പ് സഭ വെടിപ്പില്ലാത്ത അവസ്ഥയിലായിരുന്നു എന്ന് നമ്മെ പഠിപ്പിക്കുകയത്രേ ചെയ്യുന്നത്. ക്രിസ്തുവിന്റെ പുതിയ പടയാളികളേ, നിങ്ങൾ ഈ കാര്യങ്ങളെല്ലാം പരിഗണിക്കുവിൻ. നിങ്ങളുടെ തിന്മകളുടെ ബാഹുല്യത്തിലേക്ക് തിരിഞ്ഞുനോക്കുകയോ. നിങ്ങളുടെ പാപക്കൂമ്പാരത്തിന്റെ കണക്കെടുക്കുകയോ ചെയ്യേണ്ടതില്ല. മറിച്ച്, ഈ വാക്കുകൾ ശ്രദ്ധാപൂർവം ധ്യാനിക്കുകയും നിങ്ങളുടെ പാതയിൽ ചഞ്ചലചിത്തരാകാതിരിക്കുകയും ചെയ്യുവിൻ. ഗുരുവിന്റെ ഹൃദയവിശാലതയും കൃപയുടെ ആധിക്യവും ദാനങ്ങളുടെ ശ്രേഷ്ഠതയും നിങ്ങൾക്കു നന്നായി അറിയാമല്ലോ.



പൗരത്വത്തിലേക്ക് പ്രവേശിക്കാൻ അർഹരായി ഗണിക്കപ്പെട്ട നിങ്ങളെല്ലാവരും സമൃദ്ധമായ സന്മനോഭാവം കാണിച്ച് കടന്നുവരട്ടെ. നിങ്ങൾ ഇതുവരെ ചെയ്തുകൊണ്ടിരുന്നവയെ നിങ്ങളിൽ നിന്ന് ഉരിഞ്ഞുകളഞ്ഞ്, ഭൂതകാല ചെയ്തികൾ വിട്ടകന്നവരാണ് നിങ്ങളെന്ന് നിങ്ങളുടെ പൂർണ ഹൃദയത്തോടുകൂടെ കാണിക്കുവിൻ.

## പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും വിശ്വസിക്കുവിൻ

**19.** നിങ്ങൾ എന്തു തരക്കാരാണെന്നും തന്നെ സമീപിക്കാൻ ഗുരു നിങ്ങളെ അനുവദിച്ചപ്പോൾ നിങ്ങളെ ഏത് അവസ്ഥയിൽ കണ്ടെന്നും നിങ്ങൾക്കു നന്നായി അറിയാമല്ലോ. അവൻ നിങ്ങളുടെ പാപങ്ങൾ തേടിപ്പിടിക്കുകയോ, നിങ്ങളുടെ തെറ്റുകൾക്ക് നീതിപൂർവകമായ ശിക്ഷ നൽകുകയോ ചെയ്യുന്നില്ല. അതുകൊണ്ട് നിങ്ങളും നിങ്ങളുടെ പങ്ക് സംഭാവന ചെയ്യണം. അധരങ്ങൾ കൊണ്ടുമാത്രമല്ല നിങ്ങളുടെ ബോധം കൊണ്ടും അവനിൽ ഉള്ള ദൃഢമായ വിശ്വാസപ്രഖ്യാപനം നടത്തണം. എന്തുകൊണ്ടെന്നാൽ, മനുഷ്യൻ ഹൃദയംകൊണ്ട് നീതിക്കായി വിശ്വസിക്കുന്നു; വായ്കൊണ്ട് രക്ഷയ്ക്കായി വിശ്വാസപ്രഖ്യാപനം നടത്തുന്നു എന്ന് അവൻ പറയുന്നു (റോമ 10:10). ഭക്തിനിർഭരമായ വിശ്വാസത്തിൽ ധാരണാശക്തി ബലമായി ഉറപ്പിച്ചിരിക്കണം. മനസ്സിന്റെ ഉറച്ച തീരുമാനം ഏറ്റുപറച്ചിലിലൂടെ നാവ് അറിയിക്കുകയും വേണം.

**20.** വിശ്വാസം ഭക്തിയുടെ അടിസ്ഥാനമാണ്. തകർക്കപ്പെടാൻ കഴിയാത്ത ഒരടിസ്ഥാനം ഇടാനായി, ഈ വിശ്വാസത്തെപറ്റി ചുരുക്കമായി സംസാരിക്കട്ടെ. അപ്പോൾ, നാം പണിയുന്ന ഭവനം മുഴുവൻ സുരക്ഷിതമായിരിക്കും. അതുകൊണ്ട്, ആത്മാവിന്റെ പ്രത്യേക പട്ടാളത്തിൽ പേരെഴുതിയിരിക്കുന്നവർ പ്രപഞ്ചത്തിന്റെ ദൈവത്തിൽ വിശ്വസിക്കുക ഉചിതമാണ്. അവിടുന്ന് നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ പിതാവും എല്ലാറ്റിന്റെയും ഹേതുവും അവാച്യനും അഗ്രാഹ്യനും വാക്കുകൊണ്ടോ ബുദ്ധികൊണ്ടോ വിശദീകരിക്കാൻ കഴിയാത്തവനും തന്റെ കരുണയാലും നന്മയാലും സമസ്ത വസ്തുക്കളെയും സൃഷ്ടിച്ചവനുമത്രേ.

**21.** അതുപോലെ അവന്റെ ഏകജാതനായ നമ്മുടെ കർത്താവ് യേശുക്രിസ്തുവിലും വിശ്വസിക്കണം. അവൻ എല്ലാ രീതിയിലും പിതാവിനെപ്പോലെയാണ്, മാറ്റമില്ലാത്ത സാദൃശ്യത്തോടുകൂടെ പിതാവിനു

www.malankaralibrary.com



തുല്യനാണ്, പിതാവുമായി സമസത്തയാണ്, എന്നാൽ തന്റെ സ്വന്തം ആളത്തത്തിൽ അവൻ അറിയപ്പെടുന്നു, വിവരണാതീതമാംവിധം അവൻ പിതാവിൽ നിന്നു പുറപ്പെടുന്നു, സമയത്തിനുമുമ്പ് അവനുണ്ട്, അവൻ യുഗങ്ങളുടെയെല്ലാം സ്രഷ്ടാവാണ്, അവൻ കാലാന്ത്യത്തിൽ, നമ്മുടെ രക്ഷയ്ക്കുവേണ്ടി, ദാസന്റെ രൂപം എടുത്ത് മനുഷ്യനായി, മനുഷ്യസ്വഭാവത്തോടുകൂടി ജീവിച്ചു, അവൻ ക്രൂശിക്കപ്പെട്ടെങ്കിലും മൂന്നാം ദിവസം ഉത്ഥാനം ചെയ്തു.

**22.** പിശാചിന്റെ വഞ്ചനകൾ നിങ്ങളെ വേഗത്തിൽ കീഴ്പ്പെടുത്താതിരിക്കാനായി, ഈ വിശ്വാസസത്യങ്ങൾ നിങ്ങളുടെ മനസ്സിൽ കൃത്യമായി ഉറപ്പിക്കണം. എന്നാൽ *ആരിയർ* നിങ്ങളെ വഞ്ചിക്കാൻ ശ്രമിക്കുമ്പോൾ, അവർ പറയുന്നതിന് നിങ്ങളുടെ ചെവി അടച്ചുകളയണം എന്നുള്ളത് നിശ്ചയമായും നിങ്ങൾ അറിഞ്ഞിരിക്കണം. ആത്മവിശ്വാസത്തോടുകൂടെ അവർക്കു മറുപടി നൽകുകയും പുത്രൻ പിതാവുമായി സത്തയിൽ സദൃശ്യനാണെന്ന് കാണിച്ചുകൊടുക്കുകയും വേണം. കാരണം, "പിതാവ്, മരിച്ചവരെ ഉയിർപ്പിച്ച് അവർക്കു ജീവൻ നൽകുന്നതുപോലെ, പുത്രനും താൻ ഇച്ഛിക്കുന്നവർക്കു ജീവൻ നൽകുന്നു" എന്ന് പുത്രൻ തന്നെയാണ് പറഞ്ഞത് (യോഹ 5:21). പിതാവിനോടുകൂടെ തനിക്കും തുല്യമായ ശക്തിയുണ്ടെന്ന് എല്ലാ കാര്യങ്ങളിലും അവൻ കാണിക്കുകയും ചെയ്യുന്നു. എന്റെ പ്രിയപ്പെട്ടവരേ, മറുഭാഗത്തുനിന്ന്, ആളുകളുടെ വ്യത്യാസത്തിനുനേരെ കണ്ണടച്ചുകൊണ്ട് ഉത്തമപ്രബോധനത്തെ നിശിപ്പിക്കാൻ സബെല്ലിയുസ് ആഗ്രഹിക്കുന്നെങ്കിൽ, അവനെതിരെയും നിങ്ങളുടെ ചെവി അടച്ചുകളയുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സത്ത ഒന്നാണെന്നും, മൂന്നാളുകൾ ഉണ്ടെന്നും അവനെ പഠിപ്പിക്കുവിൻ. കാരണം, പിതാവിനെ പുത്രൻ എന്നു വിളിക്കാൻ സാധ്യമല്ല, പുത്രനെ പിതാവെന്നും, പരിശുദ്ധാത്മാവിനെ മറ്റെന്തെങ്കിലും കൊണ്ടും വിളിക്കാനാവില്ല. ഓരോരുത്തരും തങ്ങളുടെ ആളത്തത്തിൽ നിലനില്ക്കുന്നു, എന്നാൽ എല്ലാവർക്കും തുല്യമായ അധികാരമാണ്.

**23.** പിതാവിന്റെയും പുത്രന്റെയും അതേ ഔന്നത്യമാണ് പരിശുദ്ധാത്മാവിനും ഉള്ളത്. ഈ സത്യവും നിങ്ങളുടെ മനസ്സിൽ നിങ്ങൾ ശക്തിയായി ഉറപ്പിക്കണം. "ആകയാൽ നിങ്ങൾ പോയി സകല ജാതികളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുകയും ചെയ്യുവിൻ" എന്ന് ക്രിസ്തു തന്റെ ശിഷ്യരോടു കല്പിച്ചു (മത്താ 28:19).



**24.** ഈ സത്യത്തെ സംബന്ധിച്ചുള്ള പ്രഖ്യാപനം ക്രിസ്തു എപ്രകാരം കൃത്യമായി നടത്തുന്നു എന്നു നിങ്ങൾ കാണുന്നില്ലേ? അവന്റെ പ്രബോധനം എപ്രകാരം സംശയാതീതമാണ് എന്ന് നിങ്ങൾ കാണുന്നില്ലേ? ശരിയായിട്ടുള്ളതും കൃത്യമായിട്ടുള്ളതുമായ വിശ്വാസത്തെ അവ്യക്തമാക്കാൻ ശ്രമിച്ചുകൊണ്ട് സഭാപ്രബോധനങ്ങളിലേക്ക് തന്റെ സ്വന്തം ചിന്താധാരകൾ വലിച്ചിഴച്ചുകൊണ്ടുവന്ന് ആരും മേലിൽ നിങ്ങളുടെ മനസ്സിനെ ശല്യപ്പെടുത്താതിരിക്കട്ടെ. നിങ്ങളെ നശിപ്പിക്കാൻ കഴിയുന്ന വിഷത്തിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞുമാറുന്നതുപോലെ, അത്തരക്കാരുടെ സഖിത്വത്തിൽ നിന്ന് അകന്നുമാറുവിൻ. അത്തരക്കാർ വിഷം കലർന്ന പാനീയങ്ങളേക്കാൾ കൂടുതൽ അപകടകാരികളാണ്. പാനീയങ്ങൾ ശരീരത്തിനു മാത്രം നാശം ചെയ്യുന്നു; അത്തരക്കാർ ആത്മരക്ഷയെത്തന്നെ അപകടത്തിലാക്കുന്നു. അതുകൊണ്ടാണ് ആരംഭം മുതലേ അത്തരക്കാരുമായുള്ള ചർച്ചകളിൽ നിന്ന്, പ്രത്യേകിച്ച്, തിരുലിഖിതസാക്ഷ്യമാകുന്ന ആത്മീയായുധങ്ങൾ കൊണ്ട് ശക്തി സംഭരിച്ചശേഷം അവരുടെ ധാർഷ്ഠ്യം നിറഞ്ഞ നാവുകളെ നിശ്ശബ്ദമാക്കാൻ കാലപ്പഴക്കത്തിൽ നിങ്ങൾക്കു സാധിക്കുന്നതുവരെ, അകന്നിരിക്കുക ഉചിതമായിരിക്കുന്നത്.

## ക്രിസ്തുവിന്റെ നുകം സ്വീകരിക്കുക.

**25.** സഭയിലെ ഡോഗ്മാകളെ സംബന്ധിച്ച് ഇത്തരം കൃത്യതയാണ് നിങ്ങളെ കാണിക്കാൻ നാം ആഗ്രഹിക്കുന്നത്. അവ നിങ്ങളുടെ മനസ്സിൽ ആഴമായി ഉറപ്പിച്ച് സംരക്ഷിക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഈ വിശ്വാസം സ്വീകരിച്ചവർ തങ്ങളുടെ സത്പ്രവൃത്തികളാൽ പ്രകാശിതരാകുന്നതും ഉചിതമാണ്. അതുകൊണ്ട്, ഗുരുവിന്റെ മഹാമനസ്കതയെ കീഴടക്കാൻ കരുത്തുള്ള ഒരു പാപവും ഇല്ല എന്ന് നിങ്ങൾക്ക് അറിയാൻ കഴിയുന്നതിന്, ഈ രാജകീയ സമ്മാനം സ്വീകരിക്കാൻ യോഗ്യരാക്കപ്പെട്ടവരെ ഈ കാര്യത്തിലും ഞാൻ പ്രബോധിപ്പിക്കേണ്ടതുണ്ട്. ഒരാൾ ഒരു വ്യഭിചാരിയോ, വേശ്യാവൃത്തി നടത്തിയ വ്യക്തിയോ, വിഷയാസക്തനോ, പ്രകൃതിവിരുദ്ധ കർമ്മങ്ങളിൽ ഏർപ്പെട്ടയാളോ, വേശ്യകളോട് ബന്ധപ്പെട്ടവനോ, കള്ളനോ, വഞ്ചകനോ, മദ്യപാനിയോ, വിഗ്രഹാരാധകനോ ആയിക്കൊള്ളട്ടെ. ഈ പാപങ്ങളെല്ലാം അപ്രത്യക്ഷമാക്കാനും സൂര്യകിരണങ്ങളേക്കാൾ

www.malankaralibrary.com



ശോഭയോടെ പാപിയെ പ്രകാശിപ്പിക്കാനും തക്കവണ്ണം മഹനീയമാണ് ഗുരുവിന്റെ സ്നേഹവും തന്റെ ദാനത്തിന്റെ ശക്തിയും; അവൻ ഉറച്ച തീരുമാനത്തിന്റെ സാക്ഷ്യം നൽകിയാൽ മാത്രം മതി.

**26.** അതുകൊണ്ട്, കാരുണ്യവാനായ ദൈവത്തിന്റെ ഈ ദാനത്തിന്റെ വലിപ്പം എന്തെന്ന് പരിഗണിച്ച്, തിന്മ വിട്ടകന്ന് നന്മ ചെയ്യാൻ മുൻകൂട്ടി നിങ്ങളെത്തന്നെ സജ്ജരാക്കുവിൻ. "തിന്മ വിട്ടകന്ന് നന്മ ചെയ്യുവിൻ" എന്ന് പറയുമ്പോൾ ഇപ്രകാരം ചെയ്യാനാണ് പ്രവാചകൻ നമ്മെ നിർബന്ധിക്കുന്നത് (സങ്കീ 137:27). മനുഷ്യകുലത്തെ മുഴുവൻ അഭിസംബോധന ചെയ്തുകൊണ്ട് ക്രിസ്തു തന്നെ പറഞ്ഞു: "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുത്തു വരുവിൻ; ഞാൻ നിങ്ങളെ സമാശ്വസിപ്പിക്കാം. എന്റെ നുകം വഹിച്ച് എന്നിൽ നിന്നു പഠിക്കുവിൻ; എന്തുകൊണ്ടെന്നാൽ ഞാൻ വിനീതനും ശാന്തഹൃദയനും ആകുന്നു; നിങ്ങളുടെ ആത്മാക്കൾക്ക് നിങ്ങൾ ആശ്വാസം കണ്ടെത്തും" (മത്താ 11:28-29).

**27.** അവന്റെ ധാരാളമായ നന്മ നിങ്ങൾ കാണുന്നില്ലേ? അവന്റെ ഹൃദയം നിറഞ്ഞ ക്ഷണം നിങ്ങൾ കേൾക്കുന്നില്ലേ "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുത്തു വരുവിൻ" എന്ന് അവിടുന്ന് ആഹ്വാനം ചെയ്യുന്നു. കരുണ നിറഞ്ഞതാണ് അവന്റെ ക്ഷണം, വിവരണാതീതമാണ് അവന്റെ നന്മ. "എന്റെ അടുത്തു വരുവിൻ". ഭരണാധികാരികൾ മാത്രമല്ല, ഭരണീയരും, ധനവാന്മാർ മാത്രമല്ല, ദരിദ്രരും, സ്വതന്ത്രർ മാത്രമല്ല, അടിമകളും, പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും, യുവജനം മാത്രമല്ല, വൃദ്ധരും, അരോഗദൃഢഗാത്രർ മാത്രമല്ല, അംഗവൈകല്യം ഉള്ളവരും അംഗച്ഛേദം സംഭവിച്ചവരും, എല്ലാവരും എന്റെ പക്കലേക്കു വരുവിൻ എന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു. ഗുരുവിന്റെ ദാനങ്ങൾ അത്തരത്തിൽ പെട്ടതാണ്; അവിടുത്തേക്ക് ധനവാൻ എന്നോ ദരിദ്രൻ എന്നോ, സ്വതന്ത്രൻ എന്നോ അടിമ എന്നോ വ്യത്യാസമില്ല; അത്തരത്തിലുള്ള അസമത്വങ്ങളെല്ലാം അവിടുന്ന് ദൂരെക്കളയുന്നു. "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുത്തു വരുവിൻ" എന്ന് അവിടുന്നു പറയുന്നു.

**28.** അവൻ ആരെയാണു വിളിക്കുന്നത് എന്നു കാണുവിൻ: നിയമലംഘനത്തിൽ തങ്ങളുടെ ശക്തി പാഴാക്കിയവർ, തങ്ങളുടെ പാപങ്ങളാൽ ഭാരപ്പെട്ടവർ, തങ്ങളുടെ ശിരസ്സുയർത്താൻ കഴിയാത്തവർ, ലജ്ജകൊണ്ട് മൂടപ്പെട്ടവർ, സംസാരശക്തി നഷ്ടപ്പെട്ടവർ. എന്തുകൊണ്ട് അവൻ അവരെയൊക്കെ വിളിക്കുന്നു. പാപത്തിന്റെ കണക്കെടുക്കാനോ, വിധിക്കാനോ അല്ല; പിന്നെന്തിന്? അവരുടെ വേദനയിൽ നിന്ന് അവരെ വിമുക്തരാക്കാൻ, അവരുടെ ഭാരമുള്ള ചുമട് എടുത്തുമാറ്റാൻ. കാരണം, പാപത്തേക്കാൾ ഭാരമുള്ള ചുമട് എന്താണ്? നാം ആയിരം പ്രാവശ്യം അതിനെതിരെ കണ്ണടച്ചാലും, ലോകത്തിന്റെ മുമ്പിൽ നാം മറച്ചുവച്ചാലും, കൈക്കൂലി വാങ്ങാത്ത ന്യായാധിപനായ നമ്മുടെ മനസ്സാക്ഷിയെ ഈ പാപഭാരം അലട്ടിക്കൊണ്ടിരിക്കും. വിധിയാളൻ എന്ന തന്റെ ദൗത്യത്തിൽ മനസ്സാക്ഷി നമുക്കെതിരെ ഉയർന്നുവരും. ഒരു പൊതു ആരാച്ചാരെപോലെ, അതു നമ്മെ നിരന്തരം വേദനിപ്പിക്കുകയും നമ്മുടെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുകയും പാപത്തിന്റെ കാഠിന്യം നമ്മെ കാണിച്ചുകൊണ്ടിരിക്കുകയും ചെയ്യും. പാപത്താൽ തളർന്നുപോയവരെയും ഭാരത്തിൻ കീഴിലെന്നവണ്ണം കുനിഞ്ഞുപോയവരെയും ഞാൻ ഉത്തേജിപ്പിക്കാം എന്ന് അവൻ പറയുന്നു. ഞാൻ നിങ്ങൾക്കു പാപമോചനം തരാം. എന്റെ പക്കൽ വന്നാൽ മാത്രം മതി. ഇപ്രകാരമുള്ള സ്നേഹനിർഭരമായ വിളിക്ക് ചെവിയടച്ചുകളയാൻ തക്കവിധം പിടലികടുത്തവനും കഠിനഹൃദയനുമായി ആരാണുള്ളത്.

**29.** നമുക്ക് എങ്ങനെ ആശ്വാസം നൽകുന്നു എന്ന് പഠിപ്പിക്കാനായി, "എന്റെ നുകം വഹിക്കുവിൻ" എന്ന് അവിടുന്നു കൂട്ടിച്ചേർത്തു. എന്റെ നുകത്തിൻ കീഴിൽ വരിക എന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു. 'നുകം' എന്ന വാക്കുകേട്ട് നിങ്ങൾ പേടിച്ചുപോകേണ്ട. അതു നിങ്ങളുടെ കഴുത്തിൽ ഉരസുകയില്ല, നിങ്ങളുടെ തല കുനിക്കാൻ ഇടയാക്കുകയുമില്ല. മറിച്ച്, ഉന്നതമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാൻ അതു നിങ്ങളെ പഠിപ്പിക്കുന്നു; വിജ്ഞാനത്തിന്റെ സത്യാന്വേഷണത്തിൽ പ്രബോധിപ്പിക്കുകയും ചെയ്യുന്നു. "എന്റെ നുകം നിങ്ങളുടെ മേൽ വഹിച്ച്, എന്നിൽ നിന്നും പഠിക്കുവിൻ". എന്റെ നുകത്തിൻ കീഴിൽ വന്നാൽ മാത്രം മതി, നിങ്ങൾ പഠിച്ചിരിക്കും. 'പഠിക്കുവിൻ!' അതായത്, എന്നിൽ നിന്നു പഠിക്കാനായി ചെവി ചായിക്കുവിൻ. ഭാരമുള്ളതൊന്നും ഞാൻ നിങ്ങളുടെ മേൽ കെട്ടിവയ്ക്കുന്നില്ല. ഗുരുവായ എന്നെ ദാസരായ നിങ്ങൾ അനുകരിക്കുവിൻ. ആകാശവും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങളെ നിർമിക്കുകയും ചെയ്ത എന്നെ, പൊടിയും ചാരവുമായ നിങ്ങൾ കണ്ടുപഠിക്കുവിൻ. 'ഞാൻ വിനീതനും ശാന്തഹൃദയനും ആകയാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ' എന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു (മത്താ 11:29).

www.malankaralibrary.com



## വിനീതനും ശാന്തഹൃദയനുമായവന്റെ ചിത്രീകരണം

**30.** ഗുരു എപ്രകാരമാണ് നമ്മുടെ പക്കലേക്ക് ഇറങ്ങിവരുന്നതെന്ന് നിങ്ങൾ കണ്ടില്ലേ? അവിടുത്തെ അനന്തമായ കരുണ നിങ്ങൾ കണ്ടില്ലേ? ഭാരപ്പെടുത്തുന്നതോ, പീഡിപ്പിക്കുന്നതോ ആയ യാതൊന്നും നമ്മിൽ നിന്ന് അവിടുന്ന് ആവശ്യപ്പെടുന്നില്ല. "ഞാൻ അത്ഭുതങ്ങൾ പ്രവർത്തിച്ചതിനാൽ, ഞാൻ മരിച്ചവരെ ഉയിർപ്പിച്ചതിനാൽ, ഞാൻ അത്ഭുതപ്രവൃത്തികൾ ചെയ്തതിനാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ" എന്ന് അവിടുന്നു പറഞ്ഞില്ല. അവയൊക്കെ തന്റെ ശക്തിക്കു മാത്രം കഴിയുന്നവയാണ്. എന്നാൽ അവിടുന്ന് എന്താണ് പറഞ്ഞത്? "ഞാൻ ശാന്തനും വിനീതഹൃദയനും ആകയാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ; നിങ്ങളുടെ ആത്മാക്കൾക്കു നിങ്ങൾ ആശ്വാസം കണ്ടെത്തും". എത്ര പ്രയോജനപ്രദവും അനുഗൃഹീതവുമാണ് ഈ നുകം എന്നു നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട്, ഈ നുകത്തിൻ കീഴിലേക്കു വരാൻ യോഗ്യരാക്കപ്പെട്ടവർ, ശാന്തരും വിനീതഹൃദയരും ആകുവാൻ ഗുരുവിൽ നിന്നു പഠിക്കാൻ കഴിഞ്ഞവർ, തങ്ങളുടെ ആത്മാക്കൾക്കു പരിപൂർണ വിശ്രാന്തി കണ്ടെത്തും. എന്തുകൊണ്ടെന്നാൽ, നമ്മുടെ രക്ഷയുടെ ചുരുക്കം ഇതാണ്. ഈ സുകൃതം സമ്പാദിച്ചയാൾ, ഇപ്പോഴും ശരീരബന്ധിതനായിരുന്നാൽപോലും, ഭൗമികേതര ശക്തികളുമായി ഏറ്റുമുട്ടാൻ കഴിയുന്നവനാകും; ഈ വർത്തമാന ജീവിതവുമായുള്ള ബന്ധങ്ങളിൽ നിന്നെല്ലാം സ്വതന്ത്രനുമായിരിക്കും.

**31.** ഗുരുവിന്റെ ശാന്തത അനുകരിക്കുന്നയാൾ രോഷാകുലനാകുകയോ, തന്റെ സഹോദരന് എതിരെ കലിതുള്ളുകയോ ചെയ്യുകയില്ല. ആരെങ്കിലും അവനെ അടിച്ചാൽ തന്നെയും, "ഞാൻ തെറ്റായി സംസാരിച്ചെങ്കിൽ, തിന്മയെപ്പറ്റി സാക്ഷ്യപ്പെടുത്തുക; നന്നായിട്ടാണെങ്കിൽ നീ എന്നെ അടിച്ചതെന്തിന്?" എന്നു ചോദിക്കുക മാത്രമേയുള്ളൂ (യോഹ 18:23). അവന് ഒരു ദുരാത്മാവുണ്ട് എന്ന് ആരെങ്കിലും വിളിച്ചു പറഞ്ഞാൽ, 'എന്നിൽ പിശാചില്ല എന്നും അവൻ പ്രത്യുത്തരിക്കും' (യോഹ 8:49). അവനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളൊന്നും അവനെ മുറിപ്പെടുത്തുകയില്ല. അവൻ വർത്തമാനകാലത്തിന്റെ മഹത്ത്വങ്ങളെ നിന്ദിക്കും. ഈ ദൃശ്യലോകത്തിലുള്ളതൊന്നും അവനെ അതിലേക്ക് അടുപ്പിക്കുകയില്ല; എന്തുകൊണ്ടെന്നാൽ ഇപ്പോൾ മുതൽ വ്യത്യസ്തമായ കണ്ണുകൾ കൊണ്ടായിരിക്കും അവൻ വസ്തുതകളെ വീക്ഷിക്കുക. വിനീതഹൃദയൻ അയല്ക്കാരന്റെ വസ്തുതകളിൽ അസൂയപ്പെടുകയില്ല. അവൻ മോഷ്ടിക്കുകയോ, വഞ്ചിക്കുകയോ



ചെയ്യുകയില്ല. അവൻ ധനത്തിനായി പരക്കം പായുകയില്ല, തന്റെ സഹജീവികളോട് വലിയ കാരുണ്യം കാണിച്ചുകൊണ്ട്, തനിക്കുള്ള സ്വത്തുപോലും ഉപേക്ഷിക്കും. അങ്ങനെയുള്ള ആൾ മറ്റൊരാളുടെ വിവാഹബന്ധത്തിൽ കടന്നാക്രമിക്കുകയില്ല. ക്രിസ്തുവിന്റെ നുകത്തിൻകീഴിൽ വന്നതുകൊണ്ടും ശാന്തനും വിനീതഹൃദയനും ആയിരിക്കാൻ പഠിച്ചതുകൊണ്ടും അവൻ ഗുരുവിന്റെ കാലടികളെ പിൻതുടരുകയും എല്ലാസുകൃതങ്ങളും തന്റെ വഴികളിലെല്ലാം കാണിക്കുകയും ചെയ്യും.

**32.** അതുകൊണ്ട്, നമുക്ക് ആശ്വാസം ലഭിക്കാൻ നന്മനിറഞ്ഞ നുകത്തിൻ കീഴിലേക്ക് വന്ന് ലഘുവായ നുകം വഹിക്കാം. ഈ നുകത്തിൻ കീഴിൽ വന്നവൻ തന്റെ പഴയ ജീവിതരീതികൾ മറക്കുകയും തന്റെ കണ്ണുകളെ ശ്രദ്ധാപൂർവ്വം നിയന്ത്രിക്കുകയും വേണം. കാരണം, "മോഹത്തോടുകൂടി സ്ത്രീയെ നോക്കുന്നവൻ പോലും ഹൃദയത്തിൽ അവളുമായി തന്റെ ഹൃദയത്തിൽ വ്യഭിചാരം ചെയ്തു കഴിഞ്ഞു" എന്ന് ഗുരു അരുളിച്ചെയ്യുന്നു (മത്താ 5:28). നമ്മുടെ കണ്ണുകളിലൂടെ മരണം കടന്നുവരാതിരിക്കാനായി, നാം നമ്മുടെ കണ്ണുകളെ നിയന്ത്രിക്കണം. നമ്മുടെ കണ്ണുകളെ മാത്രമല്ല, നമ്മുടെ നാവിനെയും നന്നായി നിയന്ത്രിക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ, "വാളാൽ അനേകർ നിപതിച്ചിരിക്കുന്നു, എന്നാൽ നാവുകൊണ്ട് വീണതിന്റെ അത്രയും വീണിട്ടില്ല" എന്ന് എഴുതപ്പെട്ടിരിക്കുന്നു (പ്രഭാ 28:18). മറ്റ് ദുർവികാരങ്ങൾ ഉണർന്നു വരുമ്പോഴും, നാം അവയെ നിയന്ത്രിച്ച് നമ്മുടെ മനസ്സിനെ ശാന്തതയിൽ നിലനിർത്തണം. കോപം, ദുർവികാരങ്ങൾ, വെറുപ്പ്, ശത്രുത, ദുഷ്ടത, ദുരാശകൾ, എല്ലാത്തരം അഴിഞ്ഞാട്ടങ്ങൾ, എല്ലാത്തരം ജഡികപ്രവൃത്തികൾ ആദിയായവ നാം ദൂരെയകറ്റണം. വ്യഭിചാരം, വേശ്യാവൃത്തി, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, മദ്യപാനം, മദിരോത്സവം ആദിയായവയെ ആണ് ജഡികപ്രവൃത്തികൾ എന്ന് പൗലോസ് വിളിക്കുന്നത് (ഗലാ 5:19–20).

**33.** അതുകൊണ്ട്, ഈ തിന്മകളെ നമ്മുടെ ആത്മാക്കളിൽ നിന്ന് പുറത്താക്കിയിട്ട്, സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, സൗമ്യത, ആത്മസംയമനം എന്നീ (ഗലാ 5:22–23) ആത്മാവിന്റെ ഫലങ്ങൾ സമ്പാദിക്കാൻ തല്പരർ ആയിരിക്കുന്നത് ഉചിതമാണ്. ഭക്തിയുടെ പാഠങ്ങൾ നിരന്തരം പാടുന്നതുവഴി നാം ഇപ്രകാരം നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കും. മഹോന്നതമായ അവന്റെ ദാനങ്ങൾ

www.malankaralibrary.com



സ്വീകരിക്കുന്നതിനും നല്കപ്പെടുന്ന നല്ല വസ്തുക്കൾ സംരക്ഷിക്കുന്നതിനും യോഗ്യരാകുന്നതിന് നമ്മെത്തന്നെ മുൻകൂട്ടി ഒരുക്കുന്നതിലൂടെ നമുക്കിതു സാധിക്കും.

## സ്ത്രീകളുടെ യഥാർത്ഥ അലങ്കാരം

**34.** വിലകൂടിയ വസ്ത്രങ്ങൾക്കോ, ബാഹ്യമായ അലങ്കാരങ്ങൾക്കോ വേണ്ടി മേലിൽ ബദ്ധപ്പെടേണ്ട; കൂടുതൽ സൗന്ദര്യശോഭയാൽ നിങ്ങളുടെ ആത്മാക്കൾ പ്രശോഭിക്കാനായി, നിങ്ങളുടെ ആത്മാക്കളെ സൗന്ദര്യമുള്ളതാക്കാൻ, സർവാത്മനാ ശ്രമിക്കണം. പട്ടുനൂൽ കൊണ്ടുണ്ടാക്കിയ വസ്ത്രങ്ങളെയോ സ്വർണ്ണാഭരണങ്ങളെയോ ശ്രദ്ധിക്കരുത്. സ്ത്രീകളുടെ ബലഹീന പ്രകൃതിയും അവരുടെ ഇച്ഛയുടെ ഉറപ്പില്ലായ്മയും നന്നായി അറിഞ്ഞ പ്രാപഞ്ചികപ്രബോധകൻ ഈ കാര്യങ്ങളിൽ കല്പന നൽകാൻ മടിച്ചില്ല. ഈ കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾക്കു നിർദ്ദേശം നൽകാൻ അവൻ മടിച്ചില്ല. എന്ന് എന്തുകൊണ്ടാണ് ഞാൻ പറയുന്നത്? “പിന്നിയ മുടിയിലോ, സ്വർണത്തിലോ, പവിഴത്തിലോ, വിലകൂടിയ വസ്ത്രത്തിലോ അല്ല” എന്ന്, സ്ത്രീകളായ നിങ്ങളുടെ അലങ്കാരങ്ങളെപ്പറ്റി ഉപദേശം തന്ന കൂട്ടത്തിൽ അവൻ വിളിച്ചു പറഞ്ഞില്ലേ? (1 തിമോ 2:9). സ്വയം അലങ്കരിക്കുന്നതിനും മറ്റുള്ളവരുടെ ശ്രദ്ധയാകർഷിക്കുന്നതിനുമുള്ള നിങ്ങളുടെ ആഗ്രഹത്തെ സംബന്ധിച്ചല്ലേ ഈ ഉപദേശങ്ങളൊക്കെ? നിങ്ങളെ ബഹുമാനിക്കാനും പ്രകീർത്തിക്കാനുമായി നിങ്ങളുടെ സഹജീവികളായ മനുഷ്യരെ മാത്രമല്ല, എല്ലാറ്റിന്റെയും നാഥനെക്കൂടി ഞാൻ ക്ഷണിക്കുന്നു.

**35.** പിന്നിയ മുടിയിലും സ്വർണാഭരണങ്ങളിലും മുത്തുകളിലും വിലകൂടിയ വസ്ത്രങ്ങളിലും ഉള്ള, സ്ത്രീകളുടെ അലങ്കാരങ്ങളെ പൗലോസ് കുറ്റപ്പെടുത്തി എങ്കിൽ എന്ത് അലങ്കാരങ്ങൾകൊണ്ടാണ് അവൻ അവരെ അലങ്കരിക്കുന്നതെന്ന് നമുക്കു കാണാം. സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിക്കുന്ന വസ്ത്രങ്ങളും സ്വർണാഭരണങ്ങളും, ധരിക്കുന്നവർക്ക് അല്പസന്തോഷം നൽകിയാലും, കുറച്ചുകഴിയുമ്പോൾ അവ പഴകിപ്പോകില്ലേ? അവ പഴകിപ്പോകും എന്ന് എന്തിനാണു ഞാൻ പറയുന്നത്? അവ പഴകുന്നതിനു മുമ്പുതന്നെ അസൂയാലുക്കളുടെ നയനങ്ങൾ അവയിൽ പതിക്കുകയും കശ്മലർ അവ കവർന്നെടുക്കുകയും ചെയ്യും. എന്നാൽ പൗലോസ് സ്ത്രീകളെ അണിയിക്കുന്ന ആഭരണങ്ങൾ ആരും മോഷ്ടിച്ചുകൊണ്ടുപോകയില്ല,



പഴകിപ്പോകുകയുമില്ല. അവ എന്നേക്കും നിലനില്ക്കും; ഇവിടെ നമ്മോടൊത്തുണ്ടായിരിക്കും, ഇതിനുശേഷം നമ്മോടുകൂടെ വരികയും നമുക്ക് സമൃദ്ധമായ ആത്മധൈര്യം പ്രദാനം ചെയ്യുകയും ചെയ്യും.

**36.** ശ്ലീഹായുടെ വാക്കുകൾ കൃത്യമായി നാം കേൾക്കേണ്ടിയിരിക്കുന്നു. അവൻ എന്താണ് പറഞ്ഞിരിക്കുന്നത്. “ദൈവഭയമുള്ള സ്ത്രീകൾക്കു യോജിച്ചവിധം സത്പ്രവൃത്തികൾകൊണ്ട് അവർ സമാലംകൃതരായിരിക്കട്ടെ” (1 തിമോ 2:10). നിങ്ങളുടെ ഏറ്റുപറച്ചിലിന് അനുസൃതമായ പ്രവൃത്തികൾ ചെയ്യുവിൻ; സത്പ്രവൃത്തികൾ കൊണ്ട് നിങ്ങളെത്തന്നെ അലങ്കരിക്കുവിൻ എന്ന് അവൻ പറയുന്നു. നിങ്ങൾ ചെയ്യുന്ന സത്കർമങ്ങൾ നിങ്ങളുടെ ഏറ്റുപറച്ചിലിനെ പിൻചെല്ലട്ടെ. നിങ്ങൾ ദൈവികമായത് ഏറ്റുപറയുന്നു; അതുകൊണ്ട് ദൈവത്തിനു പ്രിയംകരമായതു പ്രവർത്തിക്കുവിൻ. അതായത്, സത്കർമ്മങ്ങൾ. “സത്പ്രവൃത്തികൾ കൊണ്ട്” എന്ന പ്രയോഗത്തിന്റെ അർഥമെന്ത്? സുകൃതസമാഹാരം മുഴുവനുമാണ് അവൻ അർഥമാക്കുന്നത്: ഈ ലോകത്തോടുള്ള അകൽച്ച, വരാനിരിക്കുന്ന ലോകത്തോടുള്ള തീവ്രമായ താല്പര്യം, ധനത്തോടുള്ള വിരക്തി, പാവങ്ങളോടുള്ള ഔദാര്യം, അടക്കമൊതുക്കം, ശാന്തത, വിജ്ഞാന ദാഹം, നമ്മുടെ ആത്മാക്കളെ സമാധാനത്തിലും ശാന്തതയിലും നിലനിർത്തുന്നതിനുള്ള അഭിവാഞ്ഛ, വർത്തമാനകാല ജീവിതത്തിന്റെ മുമ്പിൽ അള്ളിപ്പിടിച്ച് കിടക്കാതിരിക്കുന്നത്, സ്വർഗീയ കാര്യങ്ങൾക്കായി സദാ താല്പരരായിരിക്കുന്നതിനും വരാനിരിക്കുന്ന മഹത്വം കാംക്ഷിക്കുന്നതിനും വേണ്ടി സദാ മുകളിലേക്ക് നോട്ടമിട്ടിരിക്കുന്നത്.

**37.** ഞാൻ ഇപ്പോൾ പ്രത്യേകമായി സ്ത്രീകളോടു സംസാരിക്കുന്നതിനാൽ, അവരോട് മറ്റ് ചില സംഗതികൾ കൂടി പറയാൻ ആഗ്രഹിക്കുന്നു. ഉപദ്രവകരമായ മറ്റ് ചെയ്തികളിൽ നിന്നു മാത്രമല്ല, നിർമാണത്തിൽ പോരായ്കയുണ്ട് എന്നവണ്ണം മുഖത്ത് ചായം തേച്ചുപിടിപ്പിക്കുന്ന പ്രവണതയിൽ നിന്നുകൂടി സ്ത്രീകൾ ഒഴിഞ്ഞിരിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അപ്രകാരം ചെയ്യുന്നതുവഴി നിർമാതാവിനെ നിന്ദിക്കുക ആയിരിക്കും ചെയ്യുക. സ്ത്രീകളേ, നിങ്ങൾ ഇതുകൊണ്ട് എന്താണുദ്ദേശിക്കുക? ചായങ്ങളോ കൺമഷികളോ കൊണ്ട് നിങ്ങളുടെ സ്വാഭാവിക സൗന്ദര്യത്തോട് എന്തെങ്കിലും കൂട്ടിച്ചേർക്കാനോ, നിങ്ങളുടെ സ്വാഭാവികവൈകൃതം മാറ്റാനോ നിങ്ങൾക്കു കഴിയുകയില്ല. സാധിക്കുമോ? അവ നിങ്ങളുടെ മുഖസൗന്ദര്യം അല്പം പോലും വർദ്ധിപ്പിക്കുകയില്ല; മറിച്ച് നിങ്ങളുടെ ആത്മാവിന്റെ സൗന്ദര്യം നശിപ്പിക്കും. പ്രകൃതിയെ തൊട്ടു കളിക്കുന്നത്

www.malankaralibrary.com



നിങ്ങളുടെ ആന്തരിക ബലഹീനതയെ സൂചിപ്പിക്കുന്നു. യുവമനസ്സുകളെ ഇളക്കിവിട്ടുകൊണ്ടും ശിക്ഷണരഹിതരെ നിങ്ങളിലേക്ക് ആകർഷിച്ചുകൊണ്ടും നിങ്ങൾ പ്രത്യേകമായി തീക്കനൽ കൂട്ടുകയായിരിക്കും ചെയ്യുക; അവരെ വ്യഭിചാരികൾ ആക്കിക്കൊണ്ട്, അവരുടെ വീഴ്ചയുടെ കാരണം നിങ്ങളുടെ തലയിൽ തന്നെ നിപതിക്കും.

**38.** ഇതിൽ നിന്ന് പൂർണമായി ഒഴിഞ്ഞിരിക്കുന്നത് സഹായകവും ഉചിതവുമാണ്. എന്നാൽ ഈ തിന്മയുടെ പിടിയിൽ അമർന്നുപോകുകയും അത്തരം സാധനങ്ങളുടെ ഉപയോഗം ഉപേക്ഷിക്കാൻ മടിക്കുകയും ചെയ്യുന്നെങ്കിൽ, പ്രാർഥനാലയത്തിൽ വരുമ്പോഴെങ്കിലും അവർ അവ ഉപയോഗിക്കാതിരിക്കട്ടെ. പള്ളിയിൽ എത്തുമ്പോൾ നിങ്ങൾ എന്തിനാണ് നിങ്ങളെത്തന്നെ ഇങ്ങനെ അലങ്കരിക്കുന്നത് എന്ന് എന്നോടു പറഞ്ഞാലും. ദൈവത്തെ ആരാധിക്കാനും നിങ്ങളുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് മോചനം ലഭിക്കാനുമാണല്ലോ നിങ്ങൾ വരിക. ദൈവം സൗന്ദര്യം നോക്കാറുണ്ടോ? ഇല്ല. അവൻ ആന്തരിക സൗന്ദര്യമത്രേ ശ്രദ്ധിക്കുക, സത്പ്രവൃത്തികളിൽ പ്രസ്പഷ്ടമാകുന്ന കർമങ്ങളാണ് അവൻ ശ്രദ്ധിക്കുന്നത്, ദാനധർമം, മിതത്വം, അനുതാപം, കൃത്യമായ വിശ്വാസം എന്നിവയാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. എന്നാൽ നിങ്ങൾ ഈ സുകൃതങ്ങൾ ഉപേക്ഷിച്ച്, കരുതലില്ലാത്ത അനേകരെ പള്ളിയിൽ പോലും വീഴിക്കാൻ പരിശ്രമിക്കുന്നു. എന്തുതരം ഇടിമിന്നൽകൊണ്ടാണ് അത്തരം പ്രവൃത്തികൾ ശിക്ഷിക്കപ്പെടേണ്ടത്? നിങ്ങൾ തുറമുഖത്ത് എത്തിച്ചേരുന്നു; നിങ്ങൾ തന്നെ നിങ്ങളുടെ കപ്പൽ തകർക്കുന്നു. നിങ്ങളുടെ മുറിവുകൾ കരിക്കാൻ നിങ്ങൾ വൈദ്യന്റെ പക്കലേക്കു വരുന്നു, അവ വലിയ മുറിവുകളാക്കിക്കൊണ്ട് നിങ്ങൾ തിരിച്ചുപോകുന്നു. മേലിൽ നിങ്ങൾക്ക് എന്തു മോചനമാണ് ലഭിക്കുക? ഭൂതകാലത്ത് ചില സ്ത്രീകൾ തങ്ങളുടെ രക്ഷയെപ്പറ്റി കരുതലില്ലാതെ വർത്തിച്ചെങ്കിൽ, ഇപ്പോഴെങ്കിലും ഈ തെറ്റായ രീതിയിൽ നിന്ന് തങ്ങളെത്തന്നെ വിമുക്തരാക്കാൻ പ്രേരിതരാകട്ടെ. വിലകൂടിയ വസ്ത്രത്തിന്റെ ഉപയോഗം ശ്ലീഹാ തടഞ്ഞെങ്കിൽ, കൺമഷികളുടെയും ചായങ്ങളുടെയും ഉപയോഗം എത്രയധികമായി തടയുകയില്ല!

## ശകുനംനോക്കൽ, ആണയിടൽ ആദിയായവ

**39.** ശകുനംനോട്ടം തുടങ്ങിയ അന്ധവിശ്വാസങ്ങളിൽ നിന്ന് പാടേ അകന്നിരിക്കണം എന്ന് സ്ത്രീപുരുഷന്മാരെ ഞാൻ ഉപദേശിക്കുന്നു.



ഇവ ഗ്രീക്കുകാരുടെയും ഇപ്പോഴും തെറ്റിന്റെ പിടിയിൽ അമർന്നിരിക്കുന്നവരുടെയും അർഥശൂന്യ നടപടികളാണ്: കാക്ക കരയുന്നതിലുള്ള അങ്കലാപ്പ്, എലിയുടെ ഒച്ചവയ്ക്കൽ, ഉത്തരത്തിന്റെ പൊട്ടൽ, നിന്ദ്യജീവിതം നയിക്കുന്നവർ എതിരെ വരുന്നതിലുള്ള നിങ്ങളുടെ സന്തോഷം, എണ്ണമറ്റ തിന്മകളുടെ ഹേതു എന്നപോലെ ഭക്തരും ദൈവികരുമായ ആളുകൾ എതിരെ വരുന്നതിനെ ഒഴിവാക്കുന്നത്. ഏതെല്ലാം തരത്തിലാണ് പിശാചിന്റെ തന്ത്രങ്ങൾ എന്നു കാണുവിൻ. നാം സുകൃതം വിട്ടകന്ന് തിന്മയിലേക്ക് ചായാൻ അവൻ ആഗ്രഹിക്കുന്നു എന്നു മാത്രമല്ല, സുകൃതപാതയിൽ ചരിക്കുന്നവരിൽ നിന്ന് അകന്നു കഴിയത്തക്കവിധം, നമ്മുടെ ഉള്ളിൽ വെറുപ്പ് കുത്തിനിറയ്ക്കാൻ പരിശ്രമിക്കുക കൂടി ചെയ്യുന്നു. വീണ്ടും, നാം ദുഷ്ടതയെ പിൻചെല്ലണം എന്ന് ആഗ്രഹിക്കുക മാത്രമല്ല, അതിനെ അഭിമുഖീകരിക്കുന്നതിൽ സന്തോഷം കണ്ടെത്തത്തക്കവിധം നമ്മെ സജ്ജരാക്കുന്നതിലും അവൻ തല്പരനും ഉത്സുകനുമാണ്.

**40.** ഇവയെ നിസ്സാരകാര്യങ്ങളായി കരുതി അവഗണിക്കരുത്. നിങ്ങളുടെ ആത്മാക്കളെ മരവിപ്പിക്കാനും തിന്മയുടെ ആഴത്തിൽ വലിച്ചിഴയ്ക്കാനും അവയ്ക്കു കഴിയും. നിസ്സാരകാര്യങ്ങളിൽ നിങ്ങളെ വഴിതെറ്റിക്കുക എന്നതാണ് ദുഷ്ടപിശാചിന്റെ തന്ത്രം. എന്നാൽ, ക്രിസ്തുവിന്റെ പുതിയ പടയാളികളായ നിങ്ങൾ, സ്ത്രീപുരുഷന്മാർ, ഇത്തരത്തിലുള്ളവയെല്ലാം മേലിൽ പാടേ വർജിക്കുവിൻ – ക്രിസ്തുവിന്റെ പട്ടാളത്തിൽ സ്ത്രീപുരുഷഭേദമില്ല – എന്തുകൊണ്ടെന്നാൽ പ്രപഞ്ചരാജാവിനെ നിങ്ങൾ സ്വീകരിക്കാൻ പോകുകയാണ്. യാതൊരു അശുദ്ധിയും നിങ്ങളുടെ ചിന്തകളെ അന്ധമാക്കാതിരിക്കാൻ, നിങ്ങളുടെ മനസ്സിനെ പൂർണമായി ശുദ്ധീകരിക്കുവിൻ.

**41.** ആർക്കെങ്കിലും ശത്രുക്കൾ ഉണ്ടെങ്കിൽ, അവരുമായി രമ്യപ്പെടുവിൻ; പാപസമുദ്രത്തിൽ മുങ്ങിപ്പോയവനാണെങ്കിൽ പോലും ഗുരുവിൽ നിന്ന് അവനു ലഭിക്കാൻ പോകുന്ന മഹാനന്മയെപ്പറ്റി ചിന്തിക്കട്ടെ. തനിക്കെതിരെ അയല്ക്കാരൻ ചെയ്ത ദ്രോഹങ്ങൾ ക്ഷമിക്കട്ടെ. "തന്റെ അയൽക്കാരനെതിരെ ആരും തിന്മ വിചാരിക്കാതിരിക്കട്ടെ" എന്ന് തിരുലിഖിതം പറയുന്നു (സക്ക 8:17). അതുകൊണ്ട് കൂട്ടുപലിശയോടുകൂടിയുള്ള കരാറുകൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവർ ഉണ്ടെങ്കിൽ, അതു കീറിക്കളയട്ടെ; എന്തുകൊണ്ടെന്നാൽ, "നീതിരഹിതമായ ഉടമ്പടികൾ കീറിക്കളയുക" എന്ന് എഴുതപ്പെട്ടിരിക്കുന്നു (ഏശാ 58:6). ചുരുക്കത്തിൽ, ഗുരുവിൽ നിന്ന് വളരെ സമൃദ്ധമായ

www.malankaralibrary.com



കാരുണ്യം ലഭിക്കാനായി, ഹൃദയവിശാലത കാണിക്കുന്നതിൽ മുന്നിട്ടു നിൽക്കുവിൻ.

**42.** എല്ലാറ്റിനും ഉപരി, ആണയിടുന്ന കാര്യത്തിൽ വെടിപ്പോടെ വ്യാപരിക്കാൻ നിങ്ങളുടെ നാവിനെ അഭ്യസിപ്പിക്കുക. വ്യാജമായി ആണയിടുന്നതിനെ മാത്രമല്ല, പിന്നെയോ, ആണയിടുന്നവർക്കു ഹാനികരമായ വ്യർഥവും വിചാരശൂന്യവുമായവയെയും കൂടി ഞാൻ ഉദ്ദേശിക്കുന്നു. "നിങ്ങൾ വ്യാജമായി ആണയിടരുത് എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ആണിയിടുകയേ അരുത് എന്നു ഞാൻ നിങ്ങളോടു പറയുന്നു" എന്ന് ഗുരു നമ്മോടു പറയുന്നു (മത്താ 5:33-34). ആണയിടാനേ പാടില്ല എന്ന് ഗുരു പറഞ്ഞതു നിങ്ങൾ കേട്ടല്ലോ. അതുകൊണ്ട് ഗുരു കല്പിച്ചവയ്ക്കെതിരെ മേലിൽ പ്രവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുവിൻ; മറിച്ച്, അവൻ കല്പിച്ചവ അനുസരിക്കുകയും നിങ്ങളുടെ മനസ്സിനെ വെടിപ്പാക്കുകയും ചെയ്യുവിൻ.

**43.** ഹിപ്പോഡ്രോമിനെപ്പറ്റിയും തീയേറ്ററിലെ വഴിപിഴച്ച കാഴ്ചകളെപ്പറ്റിയും മേലിൽ ആരും സംസാരിക്കരുത്; അവ വഴിപിഴയ്ക്കലിനുള്ള വിറകാണ്. വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള പോരാട്ടത്തിൽ നിന്ന് ഉത്ഭൂതമാകുന്ന പൈശാചിക സന്തോഷത്തെപ്പറ്റിയും മേലിൽ ആരും സംസാരിക്കരുത്. നിങ്ങളുടെ അതേ പ്രകൃതിയുള്ള സഹജീവിയായ മനുഷ്യനെ വന്യമൃഗങ്ങൾ കടിച്ചുകീറുന്നതു കാണുന്നതിൽ എന്ത് രസമാണുള്ളത്? ഉന്നതത്തിൽ നിന്ന് ഇടിമിന്നൽ നിങ്ങളുടെ തലയിൽ നിപതിച്ച് നിങ്ങളെ ചുട്ടു ചാമ്പലാക്കും എന്ന ഭയത്താൽ നിങ്ങൾ വിറയ്ക്കുകയും നടുങ്ങുകയും ചെയ്യുന്നില്ലേ? വന്യമൃഗങ്ങളുടെ പല്ലുകൾക്കു മൂർച്ചകൂട്ടുന്നത് നിങ്ങളാണ് എന്ന് വേണമെങ്കിൽ പറയാം. നിങ്ങളുടെ കൈകൾ കൊണ്ടല്ലെങ്കിലും, നിങ്ങളുടെ നാവുകൊണ്ടുള്ള ആരവാരത്താൽ കൊലയിൽ നിങ്ങൾക്കും വ്യക്തിപരമായ പങ്കുണ്ട്.

## ക്രിസ്ത്യാനി എന്ന നാമത്തെ ബഹുമാനിക്കുക

**44.** നിങ്ങളുടെ രക്ഷയെപ്പറ്റി ചിന്തിക്കുന്നതിൽ അലംഭാവം കാട്ടരുത് എന്ന് നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു. നിങ്ങളുടെ സൗഭഗവസ്തുക്കളെ നോക്കി ലജ്ജിക്കുവിൻ. മാനുഷികൗന്നത്യത്തെ ബഹുമാനിക്കുന്ന വ്യക്തി, ഈ ഔന്നത്യത്തിന് കളങ്കം വരുത്തുന്നയാതൊന്നും ചെയ്യാതിരിക്കാൻ സദാ ശ്രദ്ധിച്ചുകൊണ്ടിരിക്കും. നിങ്ങൾ വലിയ ഔന്നത്യം പ്രാപിക്കാൻ പോകുകയാണ്; അതുകൊണ്ട് നിങ്ങളും അത്തരം ബഹുമാനത്തിന് അർഹരാണ് എന്ന് കാണുന്നില്ലേ? ഇതു വലിയ ഔന്നത്യം തന്നെ. ഇത് ഇഹത്തിലും പിന്നീട് ഒന്നിച്ചു ജീവിക്കാനുള്ള പരലോകത്തിലും പരന്നു കിടക്കുന്നതാണ്. എന്താണ് ഈ ഔന്നത്യം? ദൈവത്തിന്റെ കാരുണ്യത്താൽ, മേലിൽ നിങ്ങൾ ക്രിസ്ത്യാനി എന്നും വിശ്വാസികളിൽ ഒരുവൻ എന്നും വിളിക്കപ്പെടും. ഇവിടെ ഒരൗന്നത്യമല്ല, രണ്ടാണുള്ളത്. നിങ്ങൾ അധികം വൈകാതെ ക്രിസ്തുവിനെ ധരിക്കും. അവിടുന്ന് എല്ലായിടത്തും നിങ്ങളോടൊത്തുണ്ട് എന്ന് ധരിച്ചുകൊണ്ട് എല്ലാ കാര്യങ്ങളും നിങ്ങൾ ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം.



**45.** രാജ്യഭരണം നടത്തുന്ന ഉദ്യോഗസ്ഥന്മാർ രാജകീയ പ്രതിച്ഛായ പതിച്ച വസ്ത്രങ്ങൾ ധരിക്കാറുണ്ടല്ലോ. തങ്ങൾ ധരിക്കുന്ന വസ്ത്രത്തിൽ അവർ അഭിമാനം കൊള്ളുന്നു; അക്കാരണത്താൽ കൂടുതൽ ബഹുമാനിക്കപ്പെടണം എന്ന് അവർ ആഗ്രഹിക്കുന്നു. ഇതു നിമിത്തം, ആയുധധാരിയായ ഒരനുയായിയുടെ സന്തത സഹചാരം അയാൾക്കു ലഭിക്കുന്നു. തങ്ങളുടെ വസ്ത്രങ്ങളിൽ ഉള്ള രാജകീയമുദ്ര നിമിത്തം ബഹുമാനിക്കപ്പെടാൻ ആ മനുഷ്യർ ആഗ്രഹിക്കുന്നെങ്കിൽ, ഉടനെ ക്രിസ്തുവിനെ ധരിക്കാൻ പോകുന്ന നിങ്ങളുടെ കാര്യത്തിൽ എത്രയധികം ആയിരിക്കണം! "ഞാൻ നിങ്ങളുടെ ഇടയിൽ വസിക്കും; ഞാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിക്കുകയും നിങ്ങളുടെ ദൈവം ആയിരിക്കുകയും ചെയ്യും" എന്ന് തിരുലിഖിതം അരുളിച്ചെയ്യുന്നു (ലേവ്യ 26:12).

**46.** പിശാചിന്റെ ദുഷിച്ച കെണികളെയെല്ലാം ഒഴിഞ്ഞുമാറുവിൻ; സഭയിലേക്കുള്ള നിങ്ങളുടെ പ്രവേശനത്തേക്കാൾ വലുതായിട്ടൊന്നും ബഹുമാന്യമായി കരുതാതിരിക്കുവിൻ. ഭക്ഷണത്തിൽ നിന്നുള്ള വർജനയോടും തിന്മയിൽ നിന്നുള്ള വർജനയോടും കൂടെ സുകൃതത്തിനുള്ള വലിയ തീക്ഷ്ണത നമുക്ക് ഉണ്ടായിരിക്കട്ടെ. നമുക്ക് ദിവസം മുഴുവൻ പ്രാർത്ഥനയിലും ഏറ്റുപറച്ചിലിലും വായനയിലും അനുതാപത്തിലും ചെലവഴിക്കാം. നമ്മുടെ സംഭാഷണമെല്ലാം ആത്മീയ കാര്യങ്ങളെപ്പറ്റി ആയിരിക്കാൻ നമുക്ക് താല്പര്യപൂർവം ഉത്സുകരായിരിക്കാം. ദുഷ്ടന്റെ കെണികളിൽ പെടാതിരിക്കാൻ നാം വളരെ കരുതൽ ഉള്ളവർ ആയിരിക്കണം. പാഴ്വാക്കിനുപോലും കണക്കുകൊടുക്കേണ്ടിവരുമെങ്കിൽ, ലൗകിക സംഭാഷണത്തിനും കഥയില്ലാത്ത അധര വ്യായാമത്തിനും എത്രയധികമായിരിക്കും?

www.malankaralibrary.com



**47.** അതുകൊണ്ട് നിങ്ങളുടെ ആത്മാക്കളുടെ ആരോഗ്യത്തിനുള്ള ശ്രദ്ധയും കരുതലും കാണിച്ചാൽ, ദൈവത്തിൽ നിന്നുള്ള കൂടുതൽ കരുണയ്ക്ക് നിങ്ങൾ അർഹരാകുകയും കൂടുതൽ ആത്മവിശ്വാസം അനുഭവിക്കുകയും ചെയ്യും. ശേഷിക്കുന്ന ഉപദേശം നിങ്ങൾക്കു നൽകാൻ നമുക്ക് വളരെ സന്തോഷമുണ്ട്. സുസജ്ജമായ കാതുകളിലാണ് നാം പറയുന്ന വാക്കുകൾ പതിക്കുന്നതെന്നും, ഫലഭൂയിഷ്ഠവും അനുഗൃഹീതവുമായ മണ്ണിലാണ് നാം വിതയ്ക്കുന്നതെന്നും നമുക്ക് നന്നായറിയാം. ദൈവത്തിന്റെ ഏകജാതന്റെ കൃപയാലും കാരുണ്യത്താലും നിങ്ങൾക്ക് സമൃദ്ധമായ ദൈവകൃപ ലഭിക്കട്ടെ; ഞങ്ങൾ അവിടുത്തെ സ്നേഹത്തിന് അർഹരായി ഭവിക്കട്ടെ. അവനോടുകൂടെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വവും അധികാരവും ബഹുമാനവും ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## രണ്ടാം പ്രസംഗം

# സ്നാനാർഥികൾക്കുള്ള ഉപദേശം

**1.** ക്രിസ്തുവിന്റെ പ്രത്യേക സേനയിൽ പേരെഴുതപ്പെട്ടവരോട് വീണ്ടും ചുരുക്കമായി ഞാൻ സംസാരിക്കട്ടെ. അവർ സ്വീകരിക്കാൻ പോകുന്ന ആയുധങ്ങളുടെ ശക്തിയും കരുണ നിറഞ്ഞ ദൈവം മനുഷ്യവർഗ്ഗത്തോടു കാണിക്കുന്ന അവാച്യനന്മയും ഞാൻ കാണിച്ചു തരാം. അങ്ങനെ, വലിയ വിശ്വാസത്തോടും പൂർണമായ ഉറപ്പോടും മുന്നോട്ട് വന്ന് അവിടുന്ന് സമൃദ്ധമായി വർഷിക്കുന്ന ബഹുമാനം അവർ അനുഭവിക്കട്ടെ. പ്രിയപ്പെട്ടവരേ, എത്ര വലിയ നന്മയാണ് ദൈവം നമ്മോടു കാണിച്ചിരിക്കുന്നതെന്ന് ആരംഭത്തിൽ തന്നെ പരിഗണിക്കുവിൻ. ഒരിക്കലും പീഡ അനുഭവിക്കാത്തവരും, യാതൊരു ശ്രേഷ്ഠകർമവും ചെയ്യാത്തവരും പോലും അവന്റെ നോട്ടത്തിൽ ഈ മഹാദാനത്തിന് അർഹരാണ്; അവരുടെ ഭൂതകാലത്തിലുടനീളം അവർ ചെയ്തിട്ടുള്ള പാപങ്ങളെല്ലാം അവിടുന്നു ക്ഷമിക്കുന്നു. അവിടുന്നു നൽകാൻ പോകുന്ന വലിയ ബഹുമാനത്തെ പ്രതി നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങളെ സജ്ജമാക്കുകയും നിങ്ങളുടെ പങ്ക് നൽകാൻ തയ്യാറാകുകയും വേണം. അങ്ങനെ ചെയ്യുമ്പോൾ എത്ര വലിയ പ്രതിഫലത്തിനാണ് സ്നേഹനിധിയായ ദൈവം നിങ്ങളെ അർഹരാക്കുന്നത് എന്നാണ് നിങ്ങൾ കരുതുക?

**2.** മാനുഷിക വ്യാപാരങ്ങളിൽ ഇതുപോലാരും ഒരിക്കലും കണ്ടിട്ടില്ല. യഥാർഥത്തിൽ പലരും പലപ്പോഴും പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് നിരവധി ക്ലേശങ്ങൾക്കും കഷ്ടപ്പാടുകൾക്കും

www.malankaralibrary.com



തങ്ങളെത്തന്നെ സമർപ്പിച്ചിട്ടുണ്ട്; എന്നാൽ അവരൊക്കെ വെറുംകയ്യോടെ തിരിച്ചെത്തേണ്ടി വന്നിട്ടുമുണ്ട്. എന്തുകൊണ്ട്? അവർ കഠിനമായി അധ്വാനിച്ചെങ്കിലും, പ്രതിഫലം നൽകും എന്ന് അവർ കരുതിയവർ നന്ദിഹീനരായി മാറിപ്പോയതാകാം; അല്ലെങ്കിൽ, സമയത്തിനുമുമ്പ് മരണം അവനെ നമ്മുടെ ഇടയിൽ നിന്ന് തട്ടിക്കൊണ്ടുപോകുകയും അതുവഴി തന്റെ ലക്ഷ്യം സാധിക്കാൻ അവനു കഴിയാതെ പോകുകയും ചെയ്തതാകാം. എന്നാൽ നമ്മുടെ ഗുരുവിന്റെ കാര്യത്തിൽ അങ്ങനെ ഒരു പരാജയം ഉണ്ടാകുകയേ ഇല്ല. നാം സഹിക്കാനോ നമ്മുടെ യോഗ്യത തെളിയിക്കാനോ തുടങ്ങുന്നതിനു മുമ്പു തന്നെ അവിടുന്ന് നമുക്കുള്ള പ്രതിഫലം നൽകി, താൻ വർഷിക്കുന്ന ബഹുമാനം കാട്ടിത്തരുന്നു. ഇപ്രകാരം അവിടുത്തെ നിരവധി അനുഗ്രഹങ്ങൾ നമ്മുടെ സ്വന്തം രക്ഷയിലേക്കു നോക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

### ആദ്യമനുഷ്യനെ സംബന്ധിച്ച് ദൈവം ചെയ്ത കാര്യം

**3.** ഈ രീതിയിൽ ആരംഭം മുതലേ ദൈവം നിരന്തരമായി മനുഷ്യവർഗത്തോട് കാരുണ്യം കാണിച്ചു. എന്തുകൊണ്ടെന്നാൽ, ആദ്യമനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ അവിടുന്ന് അവനെ നേരെ പറുദീസായിലാക്കി, അവിടെ സ്വച്ഛന്ദം വിഹരിക്കാനുള്ള കൃപ നൽകി, ഒരു മരം ഒഴിച്ച് പറുദീസായിലുള്ള മറ്റു സകലതും അനുഭവിക്കാനായി അവനു നൽകി. എന്നാൽ അതിന്റെ രുചി അറിയാൻ അവൻ ആഗ്രഹിക്കുകയും അവന്റെ ഭാര്യ അവനെ വഴിതെറ്റിക്കുകയും ചെയ്തു. അങ്ങനെ, ദൈവം നൽകിയ കല്പനയെ അവൻ ധിക്കരിക്കുകയും അവന്റെ മേൽ വർഷിച്ച വലിയ ബഹുമാനത്തിനെതിരെ കഠിനമായി പ്രവർത്തിക്കുകയും ചെയ്തു.

**4.** എന്നാൽ ഇവിടെ പോലും ദൈവത്തിന്റെ കാരുണ്യാധിക്യം കാണുവിൻ. അനർഹമായ ദാനത്തിന് നന്ദികേടു കാട്ടിയവനോട് ദൈവം ക്ഷമിക്കേണ്ട കാര്യമൊന്നും ഇല്ലായിരുന്നു; അവനെ തന്റെ പരിപാലനയുടെ പരിധിയിൽ നിന്ന് ഒഴിവാക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ ദൈവം അപ്രകാരം ചെയ്തില്ല. എന്നുമാത്രമല്ല, അനുസരണമില്ലാത്ത തന്റെ മകനോടുള്ള സ്വാഭാവിക സ്നേഹത്താൽ പ്രേരിതനാകുന്ന സ്നേഹനിധിയായ പിതാവിനെപ്പോലെ, പാപത്തിന് അനുസൃതമായി അവനെ കുറ്റപ്പെടുത്തിയില്ല, വെറുതെ അവനോട് ക്ഷമിച്ചുമില്ല, പിന്നെയോ, വൻതിന്മകളാകുന്ന പാറക്കല്ലിൽതട്ടി



കപ്പൽകണക്കെ തകർന്നടിഞ്ഞുപോകാതിരിക്കാൻ മകനെ മിതമായി ശിക്ഷിക്കയത്രേ ചെയ്തത്. ദൈവം പ്രവർത്തിക്കുന്നത് ഈ രീതിയിലാണ്. മനുഷ്യൻ കൊടിയ അനുസരണക്കേട് കാണിച്ചതിനാൽ, പറുദീസായിലെ വാസത്തിൽ നിന്ന് ദൈവം അവനെ പുറത്താക്കി. അവൻ കൂടുതൽ കുതിച്ചു മുന്നോട്ടു പോകാതിരിക്കാൻ, ദൈവം മനുഷ്യായുസിന് പരിധി വച്ചു; അധ്വാനപൂർണവും ക്ലേശകരവുമായ ജീവിതത്തിന് ദൈവം അവനെ വിധിച്ചു. അതേപ്പറ്റി അവനോട് ഇപ്രകാരം പറയുകയും ചെയ്തു:

**5.** "സമൃദ്ധമായി നിങ്ങൾക്കു ലഭിച്ച സംരക്ഷണവും സുഖസമൃദ്ധിയും നിങ്ങളെ ഈ വലിയ അനുസരണക്കേടിലേക്കു നയിച്ചു. എന്റെ കല്പനകൾ മറക്കാൻ അവ നിങ്ങൾക്ക് ഇടയാക്കി. അവിടെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ ഇല്ലായിരുന്നു. നിങ്ങളുടെ പ്രകൃതത്തിനു ചേരാത്ത രീതിയിൽ എന്തു ചിന്തയിലേക്ക് അതു നിങ്ങളെ നയിച്ചു; "എന്തുകൊണ്ടെന്നാൽ അലസത എല്ലാ തിന്മകളും പഠിപ്പിച്ചു". അതുകൊണ്ട്, ഭൂമിയിൽ അധ്വാനിക്കുമ്പോൾ, നിങ്ങൾ നിങ്ങളുടെ അനുസരണക്കേടും നിങ്ങളുടെ പ്രകൃതിയുടെ ഹീനതയും ഒരിക്കലും മറക്കാതിരിക്കുന്നതിന് അധ്വാനത്തിനും ക്ലേശത്തിനുമായി ഞാൻ നിങ്ങളെ വിധിച്ചു. നിങ്ങൾ നിങ്ങളെത്തന്നെ വളരെ ഉയർത്തുകയും നിങ്ങളുടെ ശരിയായ പരിധിക്കുള്ളിൽ നിൽക്കുകയും ചെയ്യാഞ്ഞതിനാൽ, നിങ്ങൾ എടുക്കപ്പെട്ട പൊടിയിലേക്കു തിരികെപ്പോകാൻ ഞാൻ നിങ്ങളോടുകല്പിക്കുന്നു; "കാരണം, നീ പൊടിയാകുന്നു; പൊടിയിലേക്ക് തിരികെച്ചേരുകയും ചെയ്യും" (ഉല്പ 3:19).

**6.** മനുഷ്യന്റെ വേദന വർദ്ധിപ്പിക്കാനും അവന്റെ വീഴ്ചയെപ്പറ്റി പൂർണമായി അവന് അനുഭവവേദ്യമാക്കാനുമായി, ദൈവം അവനെ പറുദീസായിൽ നിന്ന് വളരെ അകലെ പാർപ്പിച്ചില്ല; മറിച്ച് സമീപത്തുതന്നെ പാർപ്പിച്ചു. എങ്കിലും, അനുസരിക്കാതിരുന്നതുകൊണ്ട് തനിക്കു നഷ്ടപ്പെട്ട സന്തോഷം മനുഷ്യൻ ഓരോ മണിക്കൂറിലും കണ്ടുകൊണ്ടിരിക്കാനായി ദൈവം പറുദീസായുടെ വാതിൽ അടച്ചുകളഞ്ഞു. ഇപ്രകാരം, സുസ്ഥിരമായ ഈ പ്രബോധനത്തിൽ നിന്ന് മനുഷ്യന് പ്രയോജനം ഉണ്ടാകുന്നതിനും ദൈവം നൽകിയ കല്പനകൾ കാക്കുന്നതിൽ ഭാവിയിൽ കൂടുതൽ കരുതൽ ഉള്ളവനായിരിക്കുന്നതിനും വേണ്ടി ആയിരുന്നു ഇത്. നമുക്കു ലഭിച്ച അനുഗ്രഹങ്ങളുടെ സ്വഭാവം അറിയാതെ, നാം അവ അനുഭവിച്ചുകൊണ്ടിരിക്കെ അവ നഷ്ടപ്പെടുമ്പോൾ അവയെപ്പറ്റിയുള്ള കൂടുതൽ ആഴമായ അറിവു നിമിത്തം

www.malankaralibrary.com



നഷ്ടപ്പെട്ടതിനെപ്പറ്റിയുള്ള വേദന കൂടുതൽ ആഴമായിരിക്കും. ആദ്യ മനുഷ്യന്റെ കാര്യത്തിൽ ഇതാണ് സംഭവിച്ചത്.

**7.** എന്നാൽ ദുഷ്ടപിശാചിന്റെ കെണിയും നമ്മുടെ ഗുരുവിന്റെ പരിപാലനയും നിങ്ങൾ അറിയുന്നതിന്, ദുഷ്ടൻ തന്റെ വഞ്ചനയാൽ മനുഷ്യനോടു ചെയ്യാൻ ശ്രമിച്ചത് എന്താണെന്നും, നമ്മുടെ സംരക്ഷകനായ ഗുരു നമ്മോട് എന്തു കരുണ കാണിച്ചെന്നും പരിഗണിക്കുവിൻ. ആ ദുഷ്ട പിശാച് മനുഷ്യന്റെ പറുദീസാ വാസത്തിൽ അസൂയാലുവായി കൂടുതൽ മെച്ചപ്പെട്ട വാഗ്ദാനത്താൽ വശീകരിച്ച്, അവന് ലഭിച്ചിരുന്ന അനുഗ്രഹങ്ങൾക്ക് അവനെ അന്യനാക്കി. ദൈവതുല്യനായി മനുഷ്യനെ ചിത്രീകരിച്ചതിലൂടെ, മരണശിക്ഷയിലേക്ക് അവനെ കൊണ്ടുചെന്നെത്തിച്ചു. നമുക്കുണ്ടായിരുന്ന അനുഗ്രഹങ്ങളിൽനിന്ന് അകറ്റുക മാത്രമല്ല, കിഴുക്കാംതൂക്കായ സ്ഥലത്തേക്ക് അവൻ നമ്മെ എത്തിക്കുകയും ചെയ്തു. അത്തരത്തിൽ പെട്ടതായിരുന്നു അവന്റെ ദുഷ്ടത. എന്നാൽ ദൈവം തന്റെ സ്നേഹത്തിൽ മനുഷ്യനെ കൈവിട്ടുകളഞ്ഞില്ല. പിശാചിന്റെ തന്ത്രങ്ങൾ എത്ര ബുദ്ധിശൂന്യമായിരുന്നു എന്ന് അവിടുന്ന് അവനെ കാണിച്ചു; മനുഷ്യനോടുള്ള തന്റെ വലിയ പരിപാലന അവിടുന്ന് മനുഷ്യനു കാണിച്ചുകൊടുത്തു; എന്തുകൊണ്ടെന്നാൽ മരണത്തിലൂടെ അവിടുന്നു മനുഷ്യന് നിത്യജീവൻ പ്രദാനം ചെയ്തു. പിശാച് മനുഷ്യനെ പറുദീസായിൽ നിന്നു പുറത്താക്കി; ദൈവം അവനെ സ്വർഗ്ഗത്തിലേക്ക് ആനയിച്ചു. നേട്ടം നഷ്ടത്തേക്കാൾ കൂടുതൽ ആയിരുന്നു.

**8.** ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ, ഈ മഹാനന്മകൾക്ക് നന്ദികാണിക്കാത്ത മനുഷ്യനെ ദൈവം തന്റെ കരുണയാൽ യോഗ്യനായി പരിഗണിച്ചു. ഈ സംഗതികളെപ്പറ്റി സംസാരിക്കാൻ ഞാൻ പ്രേരിതനായത് ഇതിനാലാണ്. ക്രിസ്തുവിന്റെ പടയാളികളായ നിങ്ങൾക്കു ലഭിക്കാൻ പോകുന്ന അവാച്യദാനങ്ങൾക്ക് നന്ദികാണിക്കാൻ തൽപ്പരരെങ്കിൽ, നിങ്ങൾക്ക് ലഭിച്ചവ കാത്തുസൂക്ഷിക്കാൻ നിങ്ങൾ ശ്രദ്ധയുള്ളവർ ആണെങ്കിൽ, തന്റെ ദാനങ്ങൾ നന്നായി കാത്തുസൂക്ഷിച്ചതിന് തന്നിൽനിന്ന് എത്രവലിയ അനുഗ്രഹങ്ങൾ നിങ്ങൾ പ്രാപിക്കുകയില്ല! കാരണം, "ഉള്ളവനു നൽകപ്പെടും, അവന് സമൃദ്ധി ഉണ്ടാകുകയും ചെയ്യും" എന്ന് ഗുരു അരുളിച്ചെയ്യുന്നു (മത്താ 25:29). ലഭിച്ച ദാനങ്ങൾക്ക് യോഗ്യനെന്ന് തെളിയിക്കപ്പെട്ടവന് കൂടുതൽ ദാനങ്ങൾ അനുഭവിക്കാൻ അർഹത ലഭിക്കും.



## വിശ്വാസ നയനങ്ങൾകൊണ്ട് കാണണം

**9.** സ്വർഗീയ പുസ്തകത്തിൽ പേരെഴുതപ്പെടാൻ യോഗ്യരാക്കപ്പെട്ട നിങ്ങളെല്ലാവരും തികഞ്ഞ വിശ്വാസവും ഉറച്ച തീരുമാനവും കാണിക്കട്ടെ. ഇവിടെ നടക്കുന്ന ദൃശ്യമായവ മാത്രമല്ല നിങ്ങൾ ശ്രദ്ധിക്കേണ്ടത്; പിന്നെയോ, ദൃശ്യമായവയിൽ നിന്ന് അദൃശ്യമായവ കാണാനായി, വിശ്വാസവും ആത്മീയ നയനങ്ങളും ആവശ്യമാണ്. ഇതാണ് വിശ്വാസ നയനങ്ങൾക്ക് ചെയ്യാൻ കഴിയുന്നത്. ദൃശ്യപരിധിയിൽ വരുന്നവയെ മാത്രമേ ശാരീരിക നയനങ്ങൾ കാണുന്നുള്ളൂ; എന്നാൽ ആത്മീയ നയനങ്ങൾ നേരേ മറിച്ചാണ്. അവ ദൃശ്യമായവ കാണുന്നില്ല, തങ്ങളുടെ കണ്ണുകൾക്ക് മുമ്പിൽ കിടക്കുന്നതുപോലെ അദൃശ്യവസ്തുക്കളെ അവ കാണുന്നു. അദൃശ്യമായവ ദൃശ്യമാണ് എന്ന വിധം കാണുന്നതാണ് വിശ്വാസം. വിശുദ്ധ പൗലോസ് പറയുന്നു: "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്" (എബ്രാ 11:1).

**10.** ഞാൻ എന്താണ് അർഥമാക്കുന്നത്? ദൃശ്യവസ്തുക്കളെ ശ്രദ്ധിക്കരുത്, ആത്മീയ നയനങ്ങളാണു വേണ്ടത് എന്നു ഞാൻ പറഞ്ഞത് എന്തുകൊണ്ടാണ്? സ്നാനജലവും വൈദികന്റെ കരവും നിങ്ങളുടെ ശിരസിനെ സ്പർശിക്കുന്നതു നിങ്ങൾ കാണുമ്പോൾ, ഇതു വെറും വെള്ളമാണെന്നും, മെത്രാന്റെ കൈമാത്രം നിങ്ങളുടെ തലയിൽ വയ്ക്കപ്പെട്ടിരിക്കുന്നെന്നും ചിന്തിക്കാതിരിക്കാനാണ് ഞാൻ ഇതു പറയുന്നത്. അവിടെ സംഭവിക്കുന്നത് ചെയ്യുന്നത് മനുഷ്യനല്ല, പിന്നെയോ, ആത്മാവിന്റെ കൃപയത്രേ. അത് ജലത്തിന്റെ സ്വഭാവത്തെ പവിത്രീകരിക്കുകയും വൈദികന്റെ കരത്തോടുകൂടി നിങ്ങളുടെ ശിരസ്സിനെ സ്പർശിക്കുകയും ചെയ്യുന്നു. നമുക്കു വിശ്വാസ നയനങ്ങൾ വേണം എന്നു ഞാൻ പറഞ്ഞതു ശരിയല്ലേ? ഇവകൊണ്ട് നാം അദൃശ്യമായവയിൽ വിശ്വസിക്കുന്നു; ദൃശ്യമായവയെ ഒട്ടും ശ്രദ്ധിക്കുന്നുമില്ല.

**11.** സ്നാനം കബറടക്കവും ഉത്ഥാനവുമാണ്. എന്തുകൊണ്ടെന്നാൽ പഴയ മനുഷ്യൻ തന്റെ പാപത്തോടുകൂടി സംസ്കരിക്കപ്പെടുന്നു; തന്റെ സ്രഷ്ടാവിന്റെ ഛായയ്ക്കനുസൃതമായി നവീകരിക്കപ്പെട്ട്, പുതിയ മനുഷ്യൻ ഉത്ഥാനം ചെയ്യുന്നു (കൊളോ 3:10). നമ്മുടെ നിരവധി പാപങ്ങൾ നിമിത്തം ചെളിപുരണ്ട പഴയവസ്ത്രം നാം ഉരിഞ്ഞുകളയുന്നു; എല്ലാവിധ കറകളിൽ നിന്നും വിമുക്തമായ പുതിയ വസ്ത്രം നാം ധരിക്കുന്നു. ഞാൻ എന്താണ് അർഥമാക്കുന്നത്? നാം

www.malankaralibrary.com



ക്രിസ്തുവിനെത്തന്നെ ധരിക്കുന്നു. "ക്രിസ്തുവിൽ സ്നാനം സ്വീകരിച്ച നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" എന്ന് വി. പൗലോസ് പറയുന്നു (ഗലാ 3:27).

## ഭൂതോച്ചാടനത്തിന്റെ പ്രതീകവും ഉദ്ദേശ്യവും

**12.** നിങ്ങളിപ്പോൾ വാതിൽക്കലാണ് നിൽക്കുന്നത്. വളരെവേഗം നിരവധി ദാനങ്ങളുടെ പ്രയോജനം നിങ്ങൾക്കുണ്ടാകും; അതുകൊണ്ട് ശുശ്രൂഷയിലെ ഓരോ കർമത്തെപ്പറ്റി എന്റെ കഴിവനുസരിച്ച് നിങ്ങളെ ഞാൻ പ്രബോധിപ്പിക്കട്ടെ. നിങ്ങൾ അവ നന്നായി അറിയുന്നതിനും അവയെപ്പറ്റിയുള്ള കൂടുതൽ കൃത്യമായ ധാരണയോടുകൂടെ ഇവിടെനിന്ന് പോകുന്നതിനുമാണിത്. ഈ അനുദിനോപദേശാനന്തരം നാം നിങ്ങളെ ഭൂതോച്ചാടകന്റെ വാക്കുകൾ കേൾക്കാൻ അയയ്ക്കുന്നത് എന്തിനാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ഇത് ലക്ഷ്യമോ ഉദ്ദേശ്യമോ കൂടാതെ നടത്തപ്പെടുന്ന കർമം അല്ല. സ്വർഗ്ഗീയ രാജാവ് നിങ്ങളുടെ ഉള്ളിൽ വന്നു വസിക്കാനായി നിങ്ങൾ അവനെ സ്വീകരിക്കാൻ പോകുകയാണ്. ഇതുകൊണ്ടാണ് നിയുക്തരായവർ നമ്മുടെ ഉപദേശാനന്തരം ഇതിനായി നിങ്ങളെ മാറ്റി നിർത്തി, രാജകീയ സന്ദർശനത്തിന് ഭവനം സജ്ജമാക്കുന്നതുപോലെ, ദുഷ്ടന്റെ എല്ലാ തന്ത്രങ്ങളെയും ഓടിച്ചുകൊണ്ടും രാജകീയ സാന്നിദ്ധ്യത്തിന് നിങ്ങളുടെ ഹൃദയങ്ങളെ യോഗ്യമാക്കിക്കൊണ്ടും ഭീതികരമായ വാക്കുകൾകൊണ്ട് നിങ്ങളുടെ മനസ്സിനെ വെടിപ്പാക്കുന്നത്. കാരണം, പിശാച് ഭയങ്കരനും ക്രൂരനും ആണെങ്കിൽ പോലും, ഈ ഭീതികരമായ വചനങ്ങൾക്കും എല്ലാറ്റിന്റെയും പൊതുനാഥന്റെ വിളിച്ചപേക്ഷിക്കലിനും ശേഷം എത്രയും വേഗം നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് പുറപ്പെട്ടു പോകണം. ഇതോടുകൂടി, ഈ കർമംതന്നെ ആത്മാവിൽ വലിയ ഭക്തി പതിപ്പിക്കും; അതിനെ സമൃദ്ധമായ അനുതാപത്തിലേക്കു നയിക്കുകയും ചെയ്യും.

**13.** ഇതു തീർച്ചയായും അത്ഭുതാവഹവും പ്രതീക്ഷയ്ക്കു വിപരീതവുമാണ്; എന്നാൽ ഈ കർമം എല്ലാ വ്യത്യാസങ്ങളും സ്ഥാനക്രമങ്ങളും ഇല്ലാതാക്കുന്നു. ലൗകികമായി ബഹുമാന്യ വ്യക്തിയായാലും ധനാഢ്യനായാലും കുടുംബമഹിമയിലോ ഭൗമിക മഹത്ത്വത്തിലോ വീമ്പടിക്കുന്നവനായാലും അവൻ ഭിക്ഷക്കാരനോടും കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചവനോടും പലപ്പോഴും അന്ധനോടും മുടന്തനോടും കൂടെ നിൽക്കുന്നു. അതിൽ അവന് അറപ്പു തോന്നുന്നുമില്ല. കാരണം, ആത്മീയ ലോകത്ത് ഈ വ്യത്യാസങ്ങൾക്കൊന്നും ഒരു സ്ഥാനവും ഇല്ല എന്ന് അവന് അറിയാം. ഒരുക്കമുള്ള ആത്മാവിനെ മാത്രമേ അവിടെ പരിഗണിക്കുന്നുള്ളൂ.



**14.** ആ വാക്കുകളും ഭീതികരവും അത്ഭുതാവഹവുമായ ആ വിളിച്ചപേക്ഷിക്കലും അവയോടൊപ്പം എത്തിക്കുന്ന നേട്ടം എന്തെന്നു കാണുക. ചെരിപ്പുധരിക്കാത്ത കാലുകളും നീട്ടപ്പെട്ട കരങ്ങളും നമ്മെ മറ്റൊരു കാര്യം സൂചിപ്പിക്കുന്നു. ശാരീരികമായ അടിമത്തം അനുഭവിക്കുന്നവർ തങ്ങൾക്കു വന്നുഭവിച്ച ദുരന്തം തങ്ങളുടെ ശാരീരിക നിലപാടിലൂടെ വ്യക്തമാക്കുന്നു. അതുപോലെ പിശാചിന്റെ അടിമകൾ ആയിരുന്നവർ അവന്റെ ആധിപത്യത്തിൽ നിന്ന് സ്വതന്ത്രരാക്കപ്പെട്ട് നന്മയുടെ നുകത്തിൻ കീഴിലേക്ക് വരുമ്പോൾ, തങ്ങളുടെ ബാഹ്യമായ നിലപാടിലൂടെ തങ്ങളുടെ നേരത്തെയുള്ള അവസ്ഥയെ തങ്ങളെത്തന്നെ ആദ്യമായി അനുസ്മരിപ്പിക്കേണ്ടതുണ്ട്. തങ്ങൾ എന്തുതരം ദുഷ്ടതയിൽ നിന്നാണ് വിമുക്തരായതെന്നും എന്തുതരം നന്മയിലേക്കാണ് ഓടിയടുക്കുന്നതെന്നും അവർക്ക് അറിയാൻ കഴിയുന്നതിനു വേണ്ടിയാണിത്. ഈ അറിവ് കൂടുതൽ ആഴമായ നന്ദി പ്രദർശിപ്പിക്കാനുള്ള അടിസ്ഥാനമായിത്തീരാം; അവരുടെ ആത്മാക്കളെ കൂടുതൽ ഒരുക്കമുള്ളതാക്കി തീർക്കുകപോലും ചെയ്തേക്കാം.

## മധ്യസ്ഥർക്കുള്ള ഉപദേശം

**15.** നിങ്ങളുടെ കാര്യത്തിൽ മദ്ധ്യസ്ഥർ അതീവ ജാഗരൂകരായിരുന്നാൽ അവർക്കു ലഭിക്കുന്ന പ്രതിഫലവും, അവർ ശ്രദ്ധരായിരുന്നാൽ അവർക്കു ലഭിക്കുന്ന ശിക്ഷാവിധിയും എന്താണെന്നും അവർ അറിയുന്നതിന് അവരോട് ഒരു വാക്ക് ഉച്ചരിക്കുന്നത് ഉചിതമായിരിക്കുമല്ലോ. പ്രിയപ്പെട്ടവരേ, മറ്റുള്ളവർക്കുവേണ്ടി പണത്തിന്റെ കാര്യത്തിൽ ജാമ്യം നിൽക്കുന്നവർ, പണം കടം വാങ്ങുന്നവനേക്കാൾ കൂടുതൽ അപകടത്തിലാണ്, തിരിച്ചുകൊടുക്കാൻ ബാധ്യസ്ഥനുമാണ് എന്ന കാര്യം പരിഗണിക്കുവിൻ. കടം വാങ്ങിയവൻ നല്ലവനാണെങ്കിൽ ജാമ്യക്കാരന്റെ ഭാരം ലഘൂകരിക്കപ്പെടുന്നു; നല്ലവനല്ലെങ്കിൽ ജാമ്യക്കാരൻ കൊടുത്തേ മതിയാവൂ. അതുകൊണ്ട് ജ്ഞാനി ഉപദേശിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "നീ ജാമ്യം നിൽക്കുമ്പോൾ, നീ തന്നെ തിരിച്ചുകൊടുക്കേണ്ടിവരും എന്നു കരുതിക്കൊള്ളുക". പണത്തിന്റെ കാര്യത്തിൽ ജാമ്യം നിൽക്കുന്നവർ മുഴുവൻ തുകയ്ക്കും തങ്ങളെത്തന്നെ ബാധ്യസ്ഥരാക്കുന്നെങ്കിൽ, ആത്മീയ കാര്യത്തിൽ

www.malankaralibrary.com



മധ്യസ്ഥത വഹിക്കുന്നവർ, അതിൽ സുകൃതം അടങ്ങിയിരിക്കുന്നതിനാൽ കൂടുതൽ ഉണർവുള്ളവരായിരിക്കണം. അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടും ഉപദേശിച്ചു കൊണ്ടും തിരുത്തിക്കൊണ്ടും അവർ തങ്ങളുടെ പൈതൃക സ്നേഹം തങ്ങൾ മാധ്യസ്ഥ്യം നിൽക്കുന്നവരോട് കാണിക്കണം.

**16.** അവിടെ നടക്കുന്നതു നിസ്സാരകാര്യമാണെന്ന് കരുതരുത്. മറിച്ച്, തങ്ങൾക്ക് ഭാരമേല്പിക്കപ്പെട്ടിരിക്കുന്നവരെ തങ്ങളുടെ ഉപദേശത്താൽ സുകൃതപാതയിലേക്കു നയിച്ചാൽ, അവർക്കും അതിന്റെ നേട്ടത്തിൽ പങ്കുണ്ടായിരിക്കും എന്ന് വ്യക്തമായി ഗ്രഹിക്കട്ടെ. വീണ്ടും, സ്നാനാർഥികൾ അശ്രദ്ധരായി തീർന്നാൽ, മധ്യസ്ഥർ തന്നെയും കൂടുതലായി ശിക്ഷിക്കപ്പെടും. അതുകൊണ്ടാണ് മധ്യസ്ഥരെ "ആത്മീയ പിതാക്കന്മാർ" എന്നു വിളിക്കുന്നത്. ആത്മീയമായ ഉപദേശത്തിന്റെ കാര്യത്തിൽ മധ്യസ്ഥത വഹിക്കുന്നവരോട് വലിയ വാത്സല്യം കാണിക്കണം എന്ന് ഇതുവഴി ഗ്രഹിക്കണം. ഒരു രീതിയിലും നാമുമായി ബന്ധപ്പെടാത്തവരെ സുകൃതത്തിൽ തീക്ഷ്ണതയുള്ളവർ ആക്കുന്നത് ശ്രേഷ്ഠമായ കാര്യമാണെങ്കിൽ, ആത്മീയമകനായി നാം സ്വീകരിക്കുന്ന ആളിന്റെ കാര്യത്തിൽ ഇത് എത്ര കൂടുതൽ ശ്രേഷ്ഠമായിരിക്കും! മധ്യസ്ഥരേ, നിങ്ങൾ അലസരായി തീർന്നാൽ ചെറിയൊരപകടമല്ല നിങ്ങളുടെ തലയ്ക്കുമീതേ തൂങ്ങിനിൽക്കുന്നത് എന്ന് നിങ്ങൾ കാണുന്നുണ്ടല്ലോ.

## പിശാചിനെ ഉപേക്ഷിക്കലും ക്രിസ്തുവിനോട് പറ്റിച്ചേരലും

**17.** ഇനി ഞാൻ ദിവ്യരഹസ്യങ്ങളെപ്പറ്റിത്തന്നെയും നിങ്ങളും ഗുരുവുമായി ഉണ്ടാക്കാൻ പോകുന്ന ഉടമ്പടിയെപ്പറ്റിയും സംസാരിക്കട്ടെ. ലൗകിക വ്യവഹാരങ്ങളിൽ, തന്റെ ബിസിനസ്സ് മറ്റൊരാളെ ഏല്പിക്കുമ്പോൾ, ട്രസ്റ്റിയുടെയും കക്ഷിയുടെയും ഇടയിൽ ഒരു പ്രമാണം എഴുതിവയ്ക്കുക പതിവാണല്ലോ. ഇവിടെയും അതു ബാധകമാണ്. ഇവിടെ നിങ്ങളെ ഭരമേല്പിക്കാൻ പോകുന്നത് നാശത്തിനും മരണത്തിനും വിധേയമായ മർത്യസംഗതികളല്ല, പിന്നെയോ, നിത്യതയുടേതായ ആത്മീയ കാര്യങ്ങളാണ്. അതുകൊണ്ട് ഈ ഉടമ്പടി വിശ്വാസം എന്നും വിളിക്കപ്പെടുന്നു. ഇതിൽ ദൃശ്യകാര്യങ്ങളല്ല, പിന്നെയോ, ആത്മീയനയനങ്ങൾ കൊണ്ട് കാണാവുന്ന സംഗതികളെല്ലാമത്രേ. ഉടമ്പടി ഉണ്ടാക്കുന്നവർ തമ്മിൽ ധാരണ ഉണ്ടായിരിക്കണം. എന്നാലിത് കടലാസിലോ മഷികൊണ്ടോ എഴുതപ്പെട്ടതല്ല. പിന്നെയോ, ആത്മാവിനാൽ എഴുതപ്പെട്ടതത്രേ. നിങ്ങൾ ഇവിടെ ഉച്ചരിക്കുന്ന വാക്കുകൾ സ്വർഗത്തിൽ രേഖപ്പെടുത്തിയിരിക്കും; നിങ്ങൾ നിങ്ങളുടെ നാവുകൊണ്ടു ചെയ്യുന്ന ധാരണാപത്രം ഗുരുവിനോടു കൂടി മായാതെ നിലനില്ക്കും.



**18.** അടിമത്തത്തിന്റെ ബാഹ്യമായ മനോഭാവം ഇവിടെയും കാണുക. വൈദികർ നിങ്ങളെ അകത്തേക്ക് ആനയിക്കുന്നു. കൈകൾ സ്വർഗത്തിലേക്കു വിരിച്ചുപിടിച്ചുകൊണ്ട് മുട്ടിന്മേൽ നിന്നു പ്രാർത്ഥിക്കാൻ അവർ നിങ്ങളോട് ആവശ്യപ്പെടുന്നു. നിങ്ങൾ ഏതുതരം തിന്മയിൽ നിന്നാണ് വിമുക്തരായിരിക്കുന്നതെന്നും, എന്തു നന്മയ്ക്ക് നിങ്ങളെത്തന്നെ സമർപ്പിക്കുമെന്നും ഈ നിലപാടിനാൽ നിങ്ങളെത്തന്നെ അനുസ്മരിപ്പിക്കാനാണിത്. പിന്നീട് വൈദികൻ നിങ്ങൾ ഓരോരുത്തരുടെയും പക്കലേക്കു വന്ന് നിങ്ങളുടെ ഉടമ്പടിയും ഏറ്റുപറച്ചിലും ആവശ്യപ്പെടുന്നു. "ഞാൻ സാത്താനേ, നിന്നെ ഉപേക്ഷിക്കുന്നു" എന്ന ഭീതികരവും ഭയജന്യവുമായ വാക്കുകൾ ഉച്ചരിക്കാൻ നിങ്ങളെ ഒരുക്കുകയും ചെയ്യുന്നു.

**19.** ഇപ്പോൾ കരച്ചിലും ഏങ്ങലടിയും എന്നെ മൂടുന്നു. ഈ വാക്കുകൾ ഉച്ചരിക്കാൻ ഞാനും യോഗ്യനായി കരുതപ്പെട്ട ദിവസത്തിന്റെ ചിന്ത എന്റെ മനസ്സിൽ കടന്നുവന്നു. എന്നാൽ അന്നുമുതൽ ഇന്നുവരെ ഞാൻ ചെയ്തുകൂട്ടിയ പാപങ്ങളുടെ ഭാരം പരിഗണിക്കുമ്പോൾ, എന്റെ മനസ്സ് തികച്ചും അസ്വസ്ഥമാകുന്നു. എന്റെ പില്ക്കാലത്തെ അവഗണന കൊണ്ട് എന്തുമാത്രം നിന്ദയാണ് ഞാൻ എന്റെമേൽ കോരി ഒഴിച്ചത് എന്നു കാണുമ്പോൾ എനിക്കൊന്നും ചിന്തിക്കാൻ കഴിയാതെവരുന്നു. അതുകൊണ്ട് എന്നോടല്പം ഹൃദയവിശാലത കാണിക്കാൻ ഞാൻ നിങ്ങളെല്ലാവരോടും ആവശ്യപ്പെടുന്നു, പ്രത്യേകിച്ച്, നിങ്ങൾ രാജാവിനെ അഭിമുഖീകരിക്കാൻ പോകുമ്പോൾ അവിടുന്നു നിങ്ങളെ വളരെ താല്പര്യപൂർവം സ്വീകരിക്കും; നിങ്ങളെ ആ രാജകീയവസ്ത്രം ധരിപ്പിക്കും, ആത്മീയ സംഗതികൾ ചോദിച്ചാൽ നിങ്ങളുടെ ആഗ്രഹം അനുസരിച്ചും നിങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ളതുമായ ദാനങ്ങൾ അവിടുന്നു നിങ്ങൾക്കു നൽകും. എന്റെ പാപങ്ങളെപ്പറ്റി അവിടുന്ന് കണക്കു ചോദിക്കാതെ എന്നോടു ക്ഷമിച്ചുകൊണ്ട് തന്റെ മനോഗുണത്തിന് മേലിൽ ഞാൻ അർഹനായി പരിഗണിക്കപ്പെടാൻ എനിക്കുവേണ്ടി കൃപ യാചിച്ചാലും. നിങ്ങൾ നിശ്ചയമായും ഇതു ചെയ്യും എന്ന് എനിക്ക് ഉറപ്പുണ്ട്. കാരണം, നിങ്ങളെ പഠിപ്പിക്കുന്നവരോട് ആഴമായ സ്നേഹം കാണിക്കുന്നവരാണ് നിങ്ങൾ.

www.malankaralibrary.com



**20.** നമുക്ക് നമ്മുടെ പ്രതിപാദനം തുടരാം. പിന്നീട് വൈദികൻ, "ഞാൻ സാത്താനേ, നിന്നേയും നിന്റെ ആഡംബരങ്ങളെയും നിന്റെ സേവനത്തെയും നിന്റെ പ്രവൃത്തികളെയും ഉപേക്ഷിക്കുന്നു" എന്നു പറയാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. വാക്കുകൾ കുറച്ചേ ഉള്ളൂ എങ്കിലും അവയുടെ ശക്തി വലുതാണ്. അദൃശ്യ ശക്തികൾ നിങ്ങളുടെ മാനസ്സാന്തരത്തിൽ സന്തോഷിക്കുന്നു. അടുത്തു നില്ക്കുന്ന ദൂതന്മാർ നിങ്ങളുടെ നാവുകളിൽ നിന്ന് ഈ വാക്കുകൾ സ്വീകരിച്ച് എല്ലാറ്റിന്റെയും പൊതുനാഥന്റെ പക്കൽ എത്തിക്കുകയും ചെയ്യുന്നു. അവിടെ അവ സ്വർഗീയ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തുന്നു.

**21.** ഈ ധാരണാപത്രത്തിലെ വാക്കുകൾ ഏവയെന്ന് നിങ്ങൾക്ക് അറിയാമോ? ദുഷ്ടതയെയും അവനു പ്രിയംകരമായ സകലതിനെയും ഉപേക്ഷിച്ചശേഷം, "ക്രിസ്തുവേ, ഞാൻ അവിടുത്തെ സേവനത്തിലേക്ക് പ്രവേശിക്കുന്നു" എന്നു പറയാൻ വൈദികൻ നിങ്ങളോട് ആവശ്യപ്പെടുന്നു. അവിടുത്തെ അനന്തമായ നന്മ നിങ്ങൾ കാണുന്നില്ലേ? ഈ വാക്കുകൾ മാത്രം നിങ്ങളിൽ നിന്ന് ആവശ്യപ്പെട്ടുകൊണ്ട് നിക്ഷേപങ്ങളുടെ കലവറ തന്നെ അവിടുന്നു നിങ്ങളെ ഭരമേല്പിക്കുന്നു. നിങ്ങളുടെ മുൻകാല നന്ദികേടുകളെല്ലാം അവിടുന്നു മറന്നുകളഞ്ഞു. നിങ്ങളുടെ ഭൂതകാല കർമങ്ങളൊന്നും അവിടുന്ന് നിങ്ങളെ ഓർമിപ്പിക്കുന്നില്ല. പിന്നെയോ, ഈ വാക്കുകൾ കൊണ്ട് അവിടുന്ന് തൃപ്തനായി.

## സ്നാനാർഥിയെ തൈലം പൂശുന്നതും അവരുടെ സ്നാനവും

**22.** തള്ളിപ്പറയലിന്റെയും ഏറ്റുപറച്ചിലിന്റെയുമായ ഉടമ്പടിക്കുശേഷം, അവിടുത്തെ പരമാധികാരം നിങ്ങൾ ഏറ്റുപറഞ്ഞശേഷം, നിങ്ങൾ ഉച്ചരിച്ച വാക്കുകളിലൂടെ ക്രിസ്തുവിനോട് നിങ്ങൾ പറ്റിച്ചേരുമ്പോൾ, ആത്മീയപോരാട്ടത്തിനായി തെരഞ്ഞെടുക്കപ്പെട്ട പോരാളിയെപ്പോലെ വൈദികൻ ആത്മീയ തൈലത്താൽ നിങ്ങളുടെ നെറ്റിയിൽ പൂശുന്നു. "ഇന്നയാൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പൂശപ്പെടുന്നു" എന്നു പറഞ്ഞുകൊണ്ട് കുരിശടയാളത്താൽ നിങ്ങളെ മുദ്രകുത്തുന്നു.

**23.** ഇപ്പോൾ മുതൽ ശത്രു രോഷാകുലനാണെന്ന് വൈദികന് അറിയാം. മുമ്പ് അവന്റെ ആധിപത്യത്തിനു വിധേയരായിരുന്നവർ അവനോട് മത്സരിച്ച്, അവനെ തള്ളിപ്പറയുക മാത്രമല്ല, ക്രിസ്തുവിന്റെ



പക്ഷം ചേരുകകൂടി ചെയ്തതു കാണുമ്പോൾ അവൻ പല്ലുകടിച്ചുകൊണ്ട്, അലറുന്ന സിംഹത്തെപ്പോലെ ചുറ്റിനടക്കും. ശത്രു തന്റെ കണ്ണുകൾ നിങ്ങളിൽ നിന്നു തിരിച്ചുകളയാനായി വൈദികൻ നിങ്ങളുടെ നെറ്റിയിൽ തൈലം പുശുകയും നിങ്ങളിൽ കുരിശടയാളം പതിപ്പിക്കുകയും ചെയ്യുന്നു. അതിൽ നിന്ന് പുറപ്പെടുന്ന മിന്നൽപ്പിണർ അവന്റെ നയനങ്ങളെ അന്ധമാക്കുന്നതായി കാണുന്നതിനാൽ, നിങ്ങളുടെ മുഖത്തു നോക്കാൻ അവൻ തുനിയുകയില്ല. ആ ദിവസം മുതൽ അവനുമായി അടിയും തിരിച്ചടിയും ഉണ്ടാകും. അതുകൊണ്ട്, ഈ തൈലംപൂശലിന്റെ ശക്തിയാൽ, ക്രിസ്തുവിന്റെ പടയാളികളായി ആത്മീയ പടക്കളത്തിലേക്ക് വൈദികൻ നിങ്ങളെ ആനയിക്കുന്നു.

**24.** ഇതിനുശേഷം, രാത്രിയുടെ കുരിരുട്ടിൽ അവൻ നിങ്ങളുടെ വസ്ത്രങ്ങൾ ഉരിയുന്നു. ഈ കർമത്താൽ നിങ്ങളെ സ്വർഗത്തിലേക്കു നയിക്കുന്നു എന്നപോലെ, ആത്മാവിന്റെ ഒലിവെണ്ണയാൽ അവൻ നിങ്ങളുടെ ശരീരം മുഴുവൻ പൂശാൻ ഇടയാക്കുന്നു. നിങ്ങളുടെ എല്ലാ അവയവങ്ങളും ശക്തി ധരിക്കുന്നതിനും, ശത്രു നിങ്ങൾക്കെതിരെ ചൊരിയുന്ന ഒളിയമ്പുകളാൽ നിങ്ങൾ കീഴമർത്തപ്പെടാതിരിക്കാനുമാണിത്.

**25.** ഈ പൂശലിനുശേഷം, വൈദികൻ നിങ്ങളെ വിശുദ്ധ ജലത്തിലേക്ക് ഇറക്കുന്നു. അവിടെ നിങ്ങൾ പഴയ മനുഷ്യനെ സംസ്കരിക്കുന്നു. അതേസമയം, തന്റെ സ്രഷ്ടാവിന്റെ ച്ഛായയിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചുകൊണ്ട് ഉയിർക്കുകയും ചെയ്യുന്നു. വൈദികന്റെ വാക്കുകളാലും കരങ്ങളാലും പരിശുദ്ധാത്മാവ് നിങ്ങളിൽ ഇറങ്ങിവരുന്നത് ഈ നിമിഷമാണ്. വെള്ളത്തിലേക്ക് ഇറങ്ങിയ മനുഷ്യനു പകരം, തന്റെ പാപത്തിന്റെ അഴുക്കു മുഴുവൻ കഴുകിക്കളയുകയും പാപത്തിന്റെ പഴയ വസ്ത്രം ഉരിഞ്ഞുകളയുകയും രാജകീയവസ്ത്രം ധരിക്കുകയും ചെയ്ത വ്യത്യസ്തനായ മനുഷ്യൻ പുറത്തേക്കു വരുന്നു.

**26.** പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സത്ത ഒന്നാണെന്ന് നിങ്ങൾ പഠിക്കുന്നതിനായി താഴെപ്പറയുന്ന രീതിയിലാണ് സ്നാനപ്പെടുത്തുന്നത്. "ഇന്നയാൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുന്നു" എന്നു പറഞ്ഞുകൊണ്ട് വൈദികൻ നിങ്ങളുടെ ശിരസ്സ് മൂന്നുപ്രാവശ്യം ജലത്തിൽ മുക്കുകയും മൂന്നു പ്രാവശ്യം ഉയർത്തുകയും ചെയ്യുന്നു. ആത്മാവിന്റെ ആവാസം സ്വീകരിക്കാൻ ഈ മിസ്റ്റിക് കർമത്തിലൂടെ

www.malankaralibrary.com



അവൻ നിങ്ങളെ ഒരുക്കുന്നു. വൈദികൻ മാത്രമല്ല, ക്രിസ്തുവിന്റെ വലത്തുകൈയും നിങ്ങളുടെ ശിരസ്സിനെ സ്പർശിക്കുന്നു. സ്നാനത്തിലെ വാക്കുകളിൽ നിന്ന് ഇത് വ്യക്തമാണ്. "ഞാൻ സ്നാനപ്പെടുത്തുന്നു" എന്നല്ല, "ഇന്നയാൾ സ്നാനപ്പെടുന്നു" എന്നത്രേ അവൻ പറയുന്നത്. താൻ കൃപയുടെ ഒരു ശുശ്രൂഷകൻ മാത്രമാണെന്നും, ആത്മാവ് ഇതിന് തന്നെ നിയോഗിച്ചതിനാൽ മാത്രമാണ് താൻ കൈവയ്പ് നടത്തുന്നതെന്നും ഇതിലൂടെ അവൻ കാണിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ അഭേദ്യ ത്രിത്വമാണ് എല്ലാം പൂർത്തിയാക്കുന്നത്. പാപമോചനത്തിന്റെ കൃപ പ്രദാനം ചെയ്യുന്നത് ത്രിത്വത്തിലുള്ള വിശ്വാസമാണ്. ദത്തുപുത്രത്വത്തിന്റെ ദാനം നമുക്കു നൽകുന്നത് ഈ ഏറ്റുപറച്ചിലാണ്.

**27.** ഈ *മിസ്റ്റിക്* കർമത്തിനു യോഗ്യരായി ഗണിക്കപ്പെട്ടവർ എന്തിൽ നിന്നാണ് വിടുവിക്കപ്പെട്ടതെന്നും എന്ത് നേടിയെന്നും കാണിക്കാൻ താഴെ വരുന്നത് മതിയാകും. ഈ വിശുദ്ധ ജലത്തിൽ നിന്ന് പുറത്തു വന്നാൽ ഉടൻതന്നെ, സന്നിഹിതരായ എല്ലാവരും അവരെ ആലിംഗനം ചെയ്യുകയും അഭിവാദനം ചെയ്യുകയും ചുംബിക്കുകയും അഭിനന്ദിക്കുകയും അവരോടുകൂടെ സന്തോഷിക്കുകയും ചെയ്യുന്നു. കാരണം, ഇതുവരെ അടിമകളും തടവുകാരുമായിരുന്നവർ സ്വതന്ത്രരും മക്കളും ആയിത്തീർന്നു; രാജകീയ മേശയിലേക്ക് ക്ഷണിക്കപ്പെടുകയും ചെയ്തിരിക്കുന്നു. കാരണം, അവർ ജലത്തിൽനിന്നു കയറിയാൽ ഉടനെ, എണ്ണമറ്റ അനുഗ്രഹങ്ങളാൽ നിറഞ്ഞുനില്ക്കുന്ന ഭീതികരമായ മേശയുടെ അടുത്തേക്ക് ആനീതരാകുന്നു. അവിടെ അവർ ഗുരുവിന്റെ ശരീരവും രക്തവും രുചിക്കുന്നു; പരിശുദ്ധാത്മാവിന്റെ ആലയമായി തീരുകയും ചെയ്യുന്നു. ക്രിസ്തുവിനെ ധരിച്ചിരിക്കുന്നതിനാൽ, അവർ എവിടെ പോയാലും, സൂര്യകിരണങ്ങളുടെ ശോഭയോടു മത്സരിച്ചുകൊണ്ട് ഭൂമിയിൽ മാലാഖമാരെപോലെയാണ്.

## സമാപനസന്ദേശം: അപേക്ഷയും പ്രാർത്ഥനകളും

**28.** വൃഥായോ, ലക്ഷ്യമില്ലാതെയോ അല്ല ഞാൻ ഈ സംഗതി മുൻകൂട്ടി കൊണ്ടുവന്നതും ഈ കാര്യങ്ങളിലെല്ലാം നിങ്ങളുടെ സ്നേഹം നിറഞ്ഞ സമൂഹത്തെ പ്രബോധിപ്പിച്ചതും. പ്രത്യാശയുടെ ചിറകുകളിൽ നിങ്ങൾ സംവഹിക്കപ്പെടുന്നതിനും യഥാർത്ഥമായി നന്മ അനുഭവിക്കുന്നതിനു മുൻപുതന്നെ ആ സന്തോഷത്തിന്റെ മുന്നനുഭവം നിങ്ങൾക്ക് ഉണ്ടാകുന്നതിനും ഈ കർമത്തിന് അനുസൃതമായ



ഉദ്ദേശ്യം നിങ്ങൾക്ക് ഉണ്ടാകുന്നതിനുമാണ് ഞാനിതു ചെയ്തത്. ഭാഗ്യവാനായ പൗലോസ് പ്രബോധിപ്പിച്ചതുപോലെ, "നിങ്ങൾ മുകളിലുള്ളവയിൽ ശ്രദ്ധിക്കുന്നതിനും ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്ക്, ദൃശ്യമായവയിൽ നിന്ന് അദൃശ്യമായവയിലേക്ക്, നിങ്ങളുടെ ചിന്തകളെ തിരിക്കുന്നതിനുമാണ്" (കൊളോ 3:2). നാം ദൃശ്യമായവയെ ആത്മീയ നയനങ്ങളാൽ കൂടുതൽ വ്യക്തമായി കാണുന്നു.

**29.** നിങ്ങൾ രാജകൊട്ടാരത്തിന്റെ വാതിൽക്കൽ നില്ക്കുന്നു. ദാനങ്ങൾ വിതരണം ചെയ്യുന്ന രാജാവ് ഉപവിഷ്ടനായിരിക്കുന്ന സിംഹാസനത്തെ തന്നെ നിങ്ങൾ ഉടനെ സമീപിക്കാൻ പോകുന്നു. തീക്ഷ്ണമായും തീവ്രമായ ആഗ്രഹത്തോടുകൂടിയും അവിടുത്തോടു ചോദിച്ചുകൊള്ളണം, മാനുഷികമോ, ലൗകികമോ ആയതൊന്നും ചോദിക്കരുത് എന്നുമാത്രം; ദാനങ്ങൾ വാരിച്ചൊരിയുന്നവന്, യോഗ്യമായ അപേക്ഷകൾ സമർപ്പിക്കുക. ജലത്തിൽ നിന്ന് പൊങ്ങുന്നതിലൂടെ നിങ്ങളുടെ ഉത്ഥാനം നിങ്ങൾ സൂചിപ്പിക്കുന്നു. നിങ്ങൾ ജലത്തിൽ നിന്നു പുറത്തുവരുമ്പോൾ അവിടുന്നു നൽകിയ ദാനങ്ങൾ സംരക്ഷിക്കുന്നതിനും ദുഷ്ടന്റെ വഞ്ചനകളാൽ കീഴടക്കപ്പെടാതിരിക്കാനുമായി, നിങ്ങളുടെ സഹായി ആയിരിക്കാൻ അവിടുത്തോട് അപേക്ഷിക്കുക. നാം കുറേയെങ്കിലും കരുണയ്ക്ക് അർഹരായി പരിഗണിക്കപ്പെടാനായി സഭകളുടെ ഇടയിലെ സമാധാനത്തിനായി അവിടുത്തോടു യാചിക്കുക, വഴിതെറ്റിപ്പോയവർക്കുവേണ്ടി അവനോട് അപേക്ഷിക്കുക, പാപത്തിൽ കഴിയുന്നവർക്കുവേണ്ടി അവന്റെ മുമ്പാകെ സാഷ്ടാംഗപ്രണാമം ചെയ്യുക. എന്തുകൊണ്ടെന്നാൽ, അവിടുന്ന് നിങ്ങൾക്ക് വലിയ ആത്മവിശ്വാസം പ്രദാനം ചെയ്തിരിക്കുന്നു, തന്റെ സ്നേഹിതരുടെ മുൻനിരയിൽ അവിടുന്ന് നിങ്ങളെ ചേർത്തിരിക്കുന്നു. നാവനക്കാൻ യാതൊരവകാശവും ഇല്ലാതെ, അടിമകളും തടവുകാരുമായിരുന്ന നിങ്ങളെ ദത്തുപുത്രസ്ഥാനത്തേക്ക് അവിടുന്ന് സ്വീകരിച്ചിരിക്കുന്നു. അവിടുന്ന് നിങ്ങളുടെ പ്രാർത്ഥനകൾ നിരസിക്കുകയില്ല; ചോദിക്കുന്നതെല്ലാം തന്റെ നന്മയ്ക്കനുസൃതമായി അവിടുന്നു നിങ്ങൾക്കു നൽകും.

**30.** പ്രത്യേകിച്ച് ഈ രീതിയിലാണ് കൂടുതൽ അനുഗ്രഹങ്ങൾക്ക് നിങ്ങൾ അവിടുത്തെ ആകർഷിക്കുന്നത്. നിങ്ങളുടെ സഹജീവികളോടു നിങ്ങൾ താല്പര്യം കാണിക്കുകയും, മറ്റുള്ളവരുടെ രക്ഷയിൽ തൽപ്പരർ ആയിരിക്കുകയും ചെയ്യുന്നതായി അവിടുന്ന് കാണുമ്പോൾ, കൂടുതൽ ആത്മവിശ്വാസത്തോടെ അവിടുത്തോടു സംസാരിക്കാൻ

www.malankaralibrary.com



അവിടുന്നു നിങ്ങളെ യോഗ്യരായി കരുതും. ഒരേ ശരീരത്തിലെ അവയവങ്ങളായവരോടുള്ള താല്പര്യം, നമ്മുടെ സഹോദരങ്ങളോടുള്ള വലിയ സ്നേഹം, നമ്മുടെ അയൽക്കാരുടെ രക്ഷയിലുള്ള വലിയ ആകാംക്ഷ എന്നിവയേക്കാൾ അവിടുത്തെ സന്തോഷിപ്പിക്കുന്ന മറ്റൊന്നില്ല.

**31.** എന്റെ വത്സലരേ, ഈ ദാനത്തിന്റെ സമൃദ്ധമായ നന്മകൾ അനുഭവിക്കാനായി, ഈ അറിവിൽ, സന്തോഷത്തോടും ആത്മീയാനന്ദത്തോടും കൂടെ ഈ ദാനം സ്വീകരിക്കാൻ നിങ്ങളെത്തന്നെ സുസജ്ജരാക്കുവിൻ. ഈ കൃപയ്ക്ക് അനുയോജ്യമായ രീതിയിൽ ജീവിച്ചുകൊണ്ട് നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ കൃപയാലും സ്നേഹത്താലും നമ്മളെല്ലാവരും ഒരുമിച്ച് നിത്യവും അവാച്യവുമായ ദാനങ്ങൾ സ്വീകരിക്കാൻ അർഹരായി തീരട്ടെ. അവിടുത്തോടുകൂടെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എന്നേക്കും അനന്തലോകത്തിൽ മഹത്ത്വവും ശക്തിയും ബഹുമാനവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## മൂന്നാം പ്രസംഗം

# നവജാതർക്കുള്ള ഉപദേശം

### നവജാതരെ പുതിയ നക്ഷത്രങ്ങളോട് ഉപമിക്കുന്നു

**1.** ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ! ഇതാ, ഇവിടെ ഭൂമിയിലും നക്ഷത്രങ്ങളുണ്ട്, അവ ആകാശത്തിൽ ഉള്ളവയേക്കാൾ കൂടുതൽ ശോഭയോടെ പ്രകാശിക്കുന്നു. സ്വർഗത്തിൽ നിന്നു വരികയും ഭൂമിയിൽ കാണപ്പെടുകയും ചെയ്തവൻ നിമിത്തം ഭൂമിയിൽ നക്ഷത്രങ്ങളുണ്ട്. അവ ഭൂമിയിലെ നക്ഷത്രങ്ങളാണെന്നു മാത്രമല്ല, പകലിന്റെ പൂർണപ്രകാശത്തിലുള്ള നക്ഷത്രങ്ങളുമാണ്. അതു രണ്ടാമത്തെ അത്ഭുതം! രാത്രിയിൽ പ്രകാശിക്കുന്നവയേക്കാൾ കൂടുതൽ ശോഭയോടെയാണ് പകലിൽ പ്രകാശിക്കുന്നവ പ്രശോഭിക്കുന്നത്. കാരണം, ഉദയസൂര്യനു മുമ്പുതന്നെ നിശാതാരങ്ങൾ മറഞ്ഞുപോകുന്നു; എന്നാൽ നീതിസൂര്യൻ പ്രകാശിക്കുമ്പോൾ, ഈ പകൽ നക്ഷത്രങ്ങൾ കുറേക്കൂടി ശോഭയോടെ പ്രകാശിക്കുന്നു. സൂര്യപ്രകാശത്തിൽ പ്രശോഭിക്കുന്ന താരങ്ങളെ നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?

**2.** അതേ, നിശാതാരങ്ങൾ കാലാന്ത്യത്തിൽ മറഞ്ഞുപോകുന്നു, എന്നാൽ കാലപൂർത്തിയിൽ ഈ പകൽ നക്ഷത്രങ്ങൾ കൂടുതൽ ശോഭയോടെ പ്രകാശിക്കും: "മുന്തിരിയിൽ നിന്ന് ഇല പൊഴിയുന്നതുപോലെ, നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും" എന്ന് ഈ നിശാതാരങ്ങളെപ്പറ്റിയും, "നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രശോഭിക്കും" എന്ന് ഈ പകൽ

www.malankaralibrary.com



നക്ഷത്രങ്ങളെപ്പറ്റിയുമാണ് സുവിശേഷം പറഞ്ഞിരിക്കുന്നത് (ഏശാ 34:4;13:10; മത്താ 24:29; 13:43).

3. എന്തുകൊണ്ടാണ് മുന്തിരിയിൽ നിന്ന് ഇല കൊഴിയുന്നതുപോലെ ആകാശത്തുനിന്ന് താരങ്ങൾ വീഴുന്നത്? മുന്തിരിച്ചെടി മുന്തിരിക്കുലകളെ പാകമാക്കുന്നതുവരെ അവയ്ക്ക് ഇലകളുടെ തണൽ ആവശ്യമാണ്; എന്നാൽ കായ്കൾ പഴുത്തുകഴിയുമ്പോൾ, അത് ഇല കൊഴിക്കുന്നു. അതുപോലെ, പ്രപഞ്ചം മുഴുവൻ മനുഷ്യകുലം ഉണ്ടായിരിക്കുന്നിടത്തോളം കാലം, മുന്തിരിക്ക് ഇല ഉണ്ടായിരിക്കുന്നതുപോലെ, ആകാശത്തിൽ നക്ഷത്രങ്ങൾ ഉണ്ടായിരിക്കും. രാത്രി ഇല്ലെങ്കിൽ പിന്നെ നക്ഷത്രങ്ങളുടെ ആവശ്യവുമില്ല.

4. ആകാശനക്ഷത്രങ്ങൾ അഗ്നിമയമാണ്; ഭൂമിയിൽ ഉള്ളവരുടെ സത്തയും അഗ്നിമയമാണ്. ആകാശത്തിലെ അഗ്നി ശാരീരിക നേത്രങ്ങൾക്ക് ഗോചരമാണ്; എന്നാൽ മറ്റേ അഗ്നി ആത്മീയ നയനങ്ങൾക്കു മാത്രമേ ദർശിക്കാനാവൂ. "അവൻ നിങ്ങളെ പരിശുദ്ധാത്മാവിനാലും അഗ്നിയാലും സ്നാനപ്പെടുത്തും" എന്ന് മത്തായി പറയുന്നു (3:11). ഈ രണ്ടുതരം നക്ഷത്രങ്ങളുടെയും പേരുകൾ അറിയാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? മകയിരം, ചോതി, സായാഹ്നനക്ഷത്രം, ഉഷകാല നക്ഷത്രം എന്നിവയാണ് ആകാശനക്ഷത്രങ്ങൾ. എന്നാൽ നമ്മുടെ ഇടയിലെ നക്ഷത്രങ്ങളുടെ കൂട്ടത്തിൽ സായാഹ്നനക്ഷത്രങ്ങളില്ല, അവയെല്ലാം ഉഷകാലനക്ഷത്രങ്ങളാണ്.

## സ്നാനത്തിന്റെ നിരവധി കൃപകൾ

5. "ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ"; അവിടുന്നു മാത്രം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു എന്ന് നമുക്കു വീണ്ടും പറയാം (സങ്കീ 72:18). അവിടുന്ന് എല്ലാം പ്രവർത്തിക്കുന്നു; എല്ലാറ്റിനെയും രൂപാന്തരീകരിക്കുന്നു. ഇന്നലെ വരെ നിങ്ങൾ തടവുകാരായിരുന്നു, എന്നാൽ ഇപ്പോൾ നിങ്ങൾ സ്വതന്ത്രരും സഭയിലെ പൗരന്മാരുമാണ്; ഇന്നലെ വരെ നിങ്ങൾ നിങ്ങളുടെ പാപങ്ങളുടെ നിന്ദനത്തിൽ ജീവിച്ചു, എന്നാൽ ഇപ്പോൾ നിങ്ങൾ സ്വാതന്ത്ര്യത്തിലും നീതിയിലും ജീവിക്കുന്നു. നിങ്ങൾ സ്വതന്ത്രരാണെന്നു മാത്രമല്ല, വിശുദ്ധർ കൂടിയാണ്; വിശുദ്ധരാണെന്നു മാത്രമല്ല, നീതിമാന്മാരുമാണ്; നീതിമാന്മാരാണെന്നു മാത്രമല്ല, മക്കളുമാണ്; മക്കൾ മാത്രമല്ല, അവകാശികളുമാണ്; അവകാശികൾ മാത്രമല്ല, ക്രിസ്തുവിന്റെ സഹോദരരാണ്; ക്രിസ്തുവിന്റെ സഹോദരർ മാത്രമല്ല കൂട്ടവകാശികളുമാണ്; കൂട്ടവകാശികൾ മാത്രമല്ല, അവയവങ്ങളുമാണ്; അവയവങ്ങൾ മാത്രമല്ല, ആലയവുമാണ്; ആലയം മാത്രമല്ല, പരിശുദ്ധാത്മാവിന്റെ ഉപകരണങ്ങളുമാണ്.



6. "ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ; അവിടുന്നു മാത്രം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു" (സങ്കീ 72:18). സ്നാനത്തിന്റെ അനുഗ്രഹങ്ങൾ എത്രമാത്രമെന്ന് നിങ്ങൾ കാണുന്നില്ലേ? പാപമോചനം മാത്രമാണ് സ്നാനം പ്രദാനം ചെയ്യുന്നതെന്ന് പലരും കരുതുന്നെങ്കിലും, നാം പത്തെണ്ണം പറഞ്ഞുകഴിഞ്ഞു. ഇക്കാരണത്താൽ, പാപരഹിതരെങ്കിലും, ശിശുക്കളെപ്പോലും നാം സ്നാനപ്പെടുത്തുന്നു; വിശുദ്ധീകരണത്തിന്റെയും നീതിയുടെയും ദത്തുപുത്രത്വത്തിന്റെയും അവകാശത്തിന്റെയും ദാനങ്ങൾ അവർക്കു നൽകപ്പെടുന്നതിനും അവർ ക്രിസ്തുവിന്റെ സഹോദരങ്ങളും, അവയവങ്ങളുമായി തീരുന്നതിനും പരിശുദ്ധാത്മാവിന്റെ ആലയങ്ങളായി തീരുന്നതിനുമാണിത്.

7. എന്റെ ഏറ്റവും വത്സല സഹോദരങ്ങളേ – നിങ്ങളെ ഞാൻ സഹോദരങ്ങൾ എന്ന് വിളിക്കട്ടെ – നിങ്ങളുമായി ഒരേ ജനനത്തിൽ ഞാനും പങ്കുചേരുന്നു; എന്നാൽ എന്റെ പില്ക്കാല അവഗണനയാൽ, നമ്മുടെ ബന്ധത്തിൽ ഉള്ള യഥാർത്ഥ പരിപൂർണത ഞാൻ നശിപ്പിച്ചുകളഞ്ഞു. എങ്കിലും, എന്റെ അതീവ സ്നേഹത്താൽ ഞാൻ നിങ്ങളെ സഹോദരങ്ങൾ എന്നു വിളിക്കട്ടെ; നിങ്ങൾക്കു നൽകപ്പെട്ട വലിയ ബഹുമാനത്തിന് അനുസൃതമായി അതീവ തീക്ഷ്ണത കാണിക്കാൻ ഞാൻ നിങ്ങളെ നിർബന്ധിക്കുന്നു.

## പിശാചിനെതിരെയുള്ള പോരാട്ടം

8. ഇന്നുവരെ നിങ്ങൾ പരിശീലനത്തിനും അഭ്യസനത്തിനുമുള്ള കലാലയത്തിലായിരുന്നു; അവിടെ വീഴ്ചകൾ ക്ഷമിക്കപ്പെട്ടു. എന്നാൽ ഇന്നുമുതൽ പോരാട്ടത്തിനുള്ള കളം തുറക്കപ്പെട്ടിരിക്കുന്നു, ഉടനെ തന്നെ പോരാട്ടമാണ്; പ്രേക്ഷകർ ഇരുന്നുകഴിഞ്ഞു. ഈ പോരാട്ടത്തിൽ മനുഷ്യർ മാത്രമല്ല കാഴ്ചക്കാർ, പിന്നെയോ, "ഞങ്ങൾ ലോകത്തിനും മാലാഖമാർക്കും മനുഷ്യർക്കും വിനോദക്കാഴ്ചയായി തീർന്നിരിക്കുന്നു" എന്ന് കൊറിന്തോസുകാർക്കുള്ള തന്റെ ഒന്നാം കത്തിൽ വിശുദ്ധ പൗലോസ് വിളിച്ചുപറയുന്നതുപോലെ (4:9) മാലാഖമാരുടെ വൃന്ദങ്ങളുമുണ്ട്. മാലാഖമാർ കാഴ്ചക്കാരാണെങ്കിൽ, മാലാഖമാരുടെ നാഥൻ വിധിയാളനായി പോരാട്ടത്തിൽ മധ്യസ്ഥനായിരിക്കുന്നു. ഇതു നമുക്ക് ബഹുമാനം മാത്രമല്ല, നമ്മുടെ സുരക്ഷ ഉറപ്പുവരുത്തുകയും

www.malankaralibrary.com



ചെയ്യുന്നു. നമുക്കുവേണ്ടി തന്റെ ജീവൻ അർപ്പിച്ചവൻ തന്നെയാണ് പോരാട്ടത്തിന്റെ വിധിയാളൻ എന്നത് നമുക്ക് ബഹുമാനവും ഉറപ്പുമല്ലേ?

9. ഒളിമ്പിക് മത്സരങ്ങളിൽ വിധിയാളൻ ആരുടെയും പക്ഷം പിടിക്കാതെയും കക്ഷിചേരാതെയും മത്സരത്തിന്റെ ഫലം കാത്ത്, മത്സരക്കാരിൽ നിന്ന് അകന്നുനിൽക്കുന്നു. അവന്റെ വിധി നിഷ്പക്ഷം ആയതിനാൽ, അവൻ മധ്യസ്ഥാനത്തു നിൽക്കുന്നു. എന്നാൽ പിശാചുമായുള്ള നമ്മുടെ പോരാട്ടത്തിൽ, ക്രിസ്തു അകന്നുമാറി നിൽക്കാതെ, പൂർണമായും നമ്മുടെ പക്ഷത്താണ്. ക്രിസ്തു അകന്നു നിൽക്കാതെ പൂർണമായും നമ്മുടെ പക്ഷത്താണ് എന്നത് തികച്ചും വാസ്തവമാണ് എന്ന സത്യം താഴെപ്പറയുന്നതിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. നാം പോരാട്ടത്തിനിറങ്ങിയപ്പോൾ അവിടുന്ന് നമ്മെ തൈലം പൂശി; എന്നാൽ പിശാചിനെ അവിടുന്ന് ബന്ധിച്ചു. അവിടുന്നു നമ്മെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തു; എന്നാൽ പോരാട്ടത്തിൽ കൈകാലുകൾ ബന്ധിതനായിരിക്കാൻ വേണ്ടി തകർക്കപ്പെടാൻ പാടില്ലാത്ത ചങ്ങലകൾ കൊണ്ട് പിശാചിനെ അവിടുന്നു ബന്ധിച്ചു. എന്നാൽ എന്റെ കാൽ വഴുതിപ്പോയാൽ അവിടുന്ന് കൈ നീട്ടി എന്റെ വീഴ്ചയിൽ നിന്ന് എന്നെ ഉയർത്തുകയും എന്റെ കാലിൽ എന്നെ നിർത്തുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ "നിങ്ങൾ സർപ്പങ്ങളെയും തേളുകളെയും ശത്രുവിന്റെ എല്ലാ ശക്തികളെയും ചവിട്ടി മെതിക്കും" എന്ന് സുവിശേഷം പറയുന്നു (ലൂ 10:19).

10. വിജയാനന്തരം പിശാചിനുള്ള സമ്മാനം നിത്യാഗ്നിയാണ്. ഞാൻ ജയിച്ചാൽ, എനിക്കൊരു കിരീടം ലഭിക്കും. അവൻ ജയിച്ചാൽ, അവൻ ശിക്ഷാവിധിക്കർഹനാകും. അവൻ ജയിക്കുമ്പോഴൊക്കെ, അവൻ കൂടുതലായ ശിക്ഷാവിധിക്ക് അർഹനാകുന്നുവെന്ന് നിങ്ങളറിയാൻ, അവനു സംഭവിച്ചതിൽ നിന്ന് ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. അവൻ ആദത്തെ വഞ്ചിച്ച് കീഴടക്കി. ആ വിജയത്തിനുള്ള സമ്മാനം എന്തായിരുന്നു? "നീ നിന്റെ ഉരസ്സുകൊണ്ട് ഗമിക്കും; നിന്റെ ജീവിതകാലം മുഴുവൻ നീ ഭൂമിയിലെ പൊടി തിന്നും" (ഉല്പ 3:14). ദൃശ്യസർപ്പത്തെ ദൈവം ഇത്ര കഠിനമായി ശിക്ഷിച്ചെങ്കിൽ, ആത്മീയ നയനങ്ങളാൽ മാത്രം ദൃശ്യനായ സർപ്പത്തെ എത്ര കൂടുതൽ കഠിനമായി അവിടുന്നു ശിക്ഷിക്കുകയില്ല! വഞ്ചകൻ ഉപയോഗിച്ച ഉപകരണത്തിന് ഇത്തരമൊരു ന്യായവിധി ലഭിച്ചെങ്കിൽ വഞ്ചകനുള്ള ശിക്ഷാവിധി തീർച്ചയായും കഠിനതരമായിരിക്കും. തന്റെ പുത്രനെ കൊന്നവനെ



കണ്ടുമുട്ടുന്ന പിതാവ്, കൊലപാതകിയെ ശിക്ഷിക്കുക മാത്രമല്ല, കൊലയ്ക്കുപയോഗിച്ച ഉപകരണംകൂടി നശിപ്പിക്കും. അതുപോലെ, പിശാച് ഒരു മനുഷ്യനെ കൊല്ലുന്നതു കാണുന്ന ക്രിസ്തു, പിശാചിനെ ശിക്ഷിക്കുക മാത്രമല്ല, അവന്റെ ആയുധം നശിപ്പിക്കുക കൂടി ചെയ്യുന്നു.

11. അതുകൊണ്ട് നമുക്ക് ധൈര്യപൂർവ്വം പോരാട്ടത്തിനായി വസ്ത്രമുരിഞ്ഞിറങ്ങാം. ക്രിസ്തു നമ്മെ പടച്ചട്ട അണിയിച്ചിരിക്കുന്നു; അത് ഏതു സ്വർണത്തേക്കാളും തിളങ്ങുന്നതും ഉരുക്കിനേക്കാൾ ബലമുള്ളതും ഏത് അഗ്നിയേക്കാളും ചൂടുള്ളതും കത്തിപ്പടരുന്നതും വായുവിനേക്കാൾ ഭാരം കുറഞ്ഞതുമാണ്. ഈ പടച്ചട്ട ഭാരമുള്ളതോ നമ്മുടെ മുട്ടുകളെ കുനിപ്പിക്കുന്നതോ അല്ല; പിന്നെയോ, അത് നമ്മുടെ അവയവങ്ങൾക്ക് ചിറകുപിടിപ്പിച്ച് അവയെ പൊക്കിനിർത്തുന്നു. ആകാശത്തേക്കു പറക്കണമെന്ന് താല്പര്യപ്പെട്ടാൽ, ഈ പടച്ചട്ട തടസ്സമല്ല. ഇതൊരു പുതിയതരം പോരാട്ടമാകയാൽ, പുതിയതരം പടച്ചട്ടയാണിത്. ഞാൻ ഒരു മനുഷ്യൻ ആണെങ്കിലും. പിശാചുക്കൾക്കെതിരെയാണ് അടിക്കേണ്ടത്. ഞാൻ ജഡധാരിയാണെങ്കിലും, അശരീരശക്തികളുമായിട്ടാണ് എന്റെ യുദ്ധം. ഇക്കാരണത്താൽ, ലോഹം കൊണ്ടല്ല, നീതികൊണ്ടാണ് ദൈവം എന്റെ മാർ കവചം നിർമ്മിച്ചിരിക്കുന്നത്; പിച്ചള കൊണ്ടല്ല, വിശ്വാസം കൊണ്ട് അവൻ എനിക്ക് ഒരു കവചം നിർമ്മിച്ചു. ആത്മാവിന്റെ വചനം എന്ന മൂർച്ചയേറിയ വാളും എനിക്കുണ്ട്. പിശാച് തന്റെ അസ്ത്രങ്ങൾ എനിക്കെതിരെ എയ്തുവിടുന്നു; എന്നാൽ എന്റെ കൈവശം ആ വാളുണ്ട്. അവൻ ഒരു വില്ലാളിയാണ്. എന്നാൽ നന്നായി ആയുധം ധരിച്ച പടയാളിയാണു ഞാൻ. ഇതിൽനിന്ന് അവന്റെ അടവ് മനസ്സിലാക്കിക്കൊള്ളണം: അമ്പെയ്യുന്നവൻ അടുത്തുവരാൻ തുനിയുകയില്ല; ദൂരെ നിന്നേ അമ്പെയ്യുകയുള്ളൂ.

## ക്രിസ്തുവിന്റെ രക്തത്തിന്റെ ശക്തി

12. അപ്പോൾ എന്ത്? ദൈവം പടച്ചട്ട ഉണ്ടാക്കുക മാത്രമേ ചെയ്തുള്ളോ? അല്ല. ഏതു പടച്ചട്ടയേക്കാളും ശക്തിയുള്ള ഒരു ഭക്ഷണം അവിടുന്ന് ഒരുക്കിയിരിക്കുന്നു. പോരാട്ടത്തിൽ നിങ്ങൾ ക്ഷീണിച്ചു പോകാതിരിക്കാനും സന്തോഷപൂർവ്വം ഭക്ഷിക്കുന്നതിനും ദുഷ്ടന്റെ മേൽ വിജയം വരിക്കുന്നതിനുമാണിത്. ഗുരുവിന്റെ സദ്യയിൽ നിന്നു മടങ്ങിവരുന്ന നിങ്ങളുടെ ദർശനമാത്രയിൽ, അലറിവരുന്ന

www.malankaralibrary.com



സിംഹത്തെ കണ്ടാലെന്നവണ്ണം, കാറ്റിനേക്കാൾ വേഗത്തിൽ അവൻ ഓടിയകലുന്നു. അമൂല്യ രക്തത്താൽ നനഞ്ഞ നാവ് കണ്ടാൽ പിന്നെ അവനു നില്ക്കാനാവില്ല; ചുവന്നു നനഞ്ഞ നിങ്ങളുടെ വായ് കാണിച്ചാൽ, ഭീരുവായ അവൻ ഓടിയകലും.

**13.** ഈ തിരുരക്തത്തിൽ ഉൾക്കൊണ്ടിരിക്കുന്ന ശക്തി എന്തെന്നറിയാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? അതിനെ സൂചിപ്പിച്ചിരുന്ന, ഈജിപ്തിലെ പുരാതനകഥകളിലേക്ക് നമുക്ക് തിരിഞ്ഞുനോക്കാം. ഈജിപ്തുകാരുടെ മേൽ ദൈവം പത്താമത്തെ ബാധ അയയ്ക്കാൻ ഒരുങ്ങുകയായിരുന്നു. തന്റെ ഏകജാത ജനതയെ ഈജിപ്തുകാർ അടിമകളായി വച്ചതിനാൽ, ഈജിപ്തുകാരുടെ ആദ്യജാതരെ നശിപ്പിക്കാൻ അവിടുന്ന് തീരുമാനിച്ചു. രണ്ടുകൂട്ടരും ഒരിടത്തു താമസിച്ചിരുന്നെങ്കിലും ഈജിപ്തുകാരോടൊപ്പം യഹൂദരെ അടിക്കാതിരിക്കാൻ അവിടുന്ന് എന്തു ചെയ്തു? സത്യത്തിന്റെ ശക്തി ഗ്രഹിക്കാനായി, ഈ പ്രതീകത്തിന്റെ ശക്തി ഗ്രഹിക്കുവിൻ. ദൈവം അയച്ച ബാധ ഉന്നതത്തിൽ നിന്ന് വരാൻ തുടങ്ങുകയായിരുന്നു; നാശകനായ ദൂതൻ ഓരോ ഭവനത്തിലും കയറിയിറങ്ങാൻ തുടങ്ങി.

**14.** അപ്പോൾ മോശ എന്തുചെയ്തു? "ഊനമില്ലാത്ത ഒരു കുഞ്ഞാടിനെ അറുത്ത്, അതിന്റെ രക്തം നിങ്ങളുടെ കട്ടിളപ്പടികളിൽ തളിക്കണം" എന്ന് അവൻ നിർദ്ദേശിച്ചു (പുറ 12:21-25). അതിന്റെ അർത്ഥമെന്ത്? ഒരു മൂകജന്തുവിന്റെ രക്തത്തിന് ബുദ്ധിശക്തിയുള്ള മനുഷ്യനെ രക്ഷിക്കാനാവുമോ? "അതേ" എന്ന് അവൻ പറയുന്നു. അത് രക്തമായതിനാലല്ല, പിന്നെയോ, അത് നാഥന്റെ രക്തത്തിന്റെ മുൻസൂചന ആയതിനാലാണ്. ചക്രവർത്തിമാരുടെ പ്രതിരൂപങ്ങൾക്ക് ജീവനോ, സ്പർശനശക്തിയോ ഇല്ലെങ്കിലും അവയിൽ അഭയം പ്രാപിക്കുന്ന, ജീവനും സ്പർശനശക്തിയുമുള്ള മനുഷ്യരെ രക്ഷിക്കാൻ കഴിയും. അവ ഓടായതിനാലല്ല, പിന്നെയോ ചക്രവർത്തിയുടെ പ്രതിരൂപങ്ങൾ ആയതിനാലത്രേ. അതുപോലെ, ജീവനും സ്പർശനശക്തിയുമില്ലാത്ത ആ രക്തത്തിന് ജീവനുള്ള മനുഷ്യരെ രക്ഷിക്കാൻ കഴിഞ്ഞു. അതു രക്തമായതിനാലല്ല, പിന്നെയോ, അത് നാഥന്റെ രക്തത്തിന്റെ പ്രതീകമായതിനാലത്രേ.

**15.** ആ രാത്രിയിൽ നാശകനായ ദൂതൻ കട്ടിളപ്പടികളിൽ തളിക്കപ്പെട്ട രക്തം കാണുകയും അകത്തേക്ക് തള്ളിക്കയറാതെ മാറിപ്പോകുകയും ചെയ്തു. ഇന്ന്, കട്ടിളപ്പടികളിൽ തളിക്കപ്പെട്ട രക്തമല്ല,



വിശ്വാസികളുടെ വായ്കളിൽ പുരണ്ട സത്യരക്തം കാണുന്ന പിശാച് കൂടുതലായി അകന്നുമാറുകയില്ലേ? ഈ വായ്കൾ ക്രിസ്തുവിനെ വഹിക്കുന്ന ആലയത്തിന്റെ കവാടങ്ങളായി തീർന്നിരിക്കുന്നു. പ്രതീകം കണ്ട ദൂതൻ ഭയന്ന് അകന്നെങ്കിൽ, സത്യദർശനത്തിൽ പിശാച് ഓടിപ്പോകുക കൂടുതൽ സംഭവ്യമാണ്.

## സഭ ക്രിസ്തുവിന്റെ പാർശ്വത്തിൽനിന്ന് രൂപീകൃതമായി

**16.** മറ്റൊരു സ്രോതസ്സിൽ നിന്ന് ഈ തിരുരക്തത്തിന്റെ ശക്തി ഗ്രഹിക്കാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? അത് ആദ്യം എവിടെ നിന്നാണ് ഒഴുകിയതെന്നും അതിന്റെ ഉറവിടം എവിടെ നിന്നാണെന്നും നോക്കുവിൻ. അത് കുരിശിൽ നിന്ന്, നാഥന്റെ മാർവിൽ നിന്നാണ് ഒഴുകിയത്. ക്രിസ്തു കുരിശിൽ മരിച്ചുകിടന്നപ്പോൾ, ഒരു പടയാളി വന്ന് കുന്തംകൊണ്ട് അവന്റെ മാർവിൽ കുത്തി. ഉടൻ തന്നെ അവിടെ നിന്ന് ജലവും രക്തവും ഒഴുകി എന്ന് വിശുദ്ധ യോഹന്നാൻ പറയുന്നു (19:33-34). "രക്തവും വെള്ളവും ഒഴുകി" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ, ആദ്യം വെള്ളം ഒഴുകി, പിന്നെ രക്തം. ആദ്യം സ്നാനം, പിന്നെ ദിവ്യരഹസ്യങ്ങൾ! പടയാളിയാണ് പാർശ്വം തുറന്നതും വിശുദ്ധ ആലയത്തിന്റെ കൊത്തളത്തിലൂടെ കുഴിച്ചതും. എന്നാൽ അതിലെ നിക്ഷേപം കണ്ടെത്തിയതു ഞാനാണ്, അതിലെ സമ്പത്ത് ലഭിച്ചത് എനിക്കാണ്. ആടിന്റെ കാര്യത്തിലും ഇതുപോലെയായിരുന്നു. യഹൂദർ ആടിനെ വെട്ടി. എന്നാൽ അവരുടെ ബലിയിൽ നിന്നു വന്ന രക്ഷയുടെ പ്രതിഫലം ഞാൻ കൊയ്തെടുത്തു.

**17.** അവന്റെ പാർശ്വത്തിൽ നിന്ന് ജലവും രക്തവും ഒഴുകി. വത്സലരേ, പരിചിന്തനം കൂടാതെ ഈ ദിവ്യരഹസ്യം കടത്തിവിടരുത്. കാരണം, നിങ്ങൾക്കു മറ്റൊരു *മിസ്റ്റിക്കൽ* വിശദീകരണം കൂടി നൽകുവാനുണ്ട്. ജലത്തിലും രക്തത്തിലും സ്നാനത്തിന്റെയും ദിവ്യരഹസ്യങ്ങളുടെയും പ്രതീകം ഉണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞു. ഇവ രണ്ടിൽ നിന്നും - പുനർജന്മ സ്നാനത്തിലൂടെയും പരിശുദ്ധാത്മാവിന്റെ നവീകരണത്തിലൂടെയും സ്നാനത്തിലൂടെയും ദിവ്യരഹസ്യങ്ങളിലൂടെയും - ആണ് സഭ ഉടലെടുത്തത്. അതുകൊണ്ട്, ആദത്തിന്റെ പാർശ്വത്തിൽ നിന്ന് ഹവ്വാ രൂപീകരിക്കപ്പെട്ടതുപോലെ, തന്റെ പാർശ്വത്തിൽ നിന്നാണ് ക്രിസ്തു തന്റെ സഭയെ രൂപീകരിച്ചത്.

**18.** നാഥന്റെ പാർശ്വത്തെ സൂചിപ്പിച്ചുകൊണ്ട്, "എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും" എന്ന് ആദം

www.malankaralibrary.com



പറയുന്നതായി ആദ്യ മനുഷ്യന്റെ വിവരണത്തിൽ മോശയും പറയുന്നു (ഉല്പ 2:23). അന്ന് ദൈവം ആദത്തിന്റെ വാരിയെല്ലെടുത്ത് സ്ത്രീയെ രൂപീകരിച്ചതുപോലെ, ക്രിസ്തു നമുക്ക് തന്റെ പാർശ്വത്തിൽനിന്ന് ജലവും രക്തവും തന്ന് സഭയെ രൂപീകരിച്ചു. ആദം ഗാഢനിദ്രയിൽ ആയിരുന്നപ്പോൾ ദൈവം അവന്റെ വാരിയെല്ല് ഊരിയെടുത്തതു പോലെ തന്റെ മരണശേഷമാണ് അവൻ നമുക്ക് ജലവും രക്തവും നൽകിയത്. ആദ്യം ജലം, പിന്നെ രക്തം. അന്ന് ഗാഢനിദ്രയായിരുന്നത് ഇപ്പോൾ മരണമാണ്; ഈ മരണം മേലിൽ നിദ്രയാണ് എന്ന് നിങ്ങൾ അറിയാനാണിത്.

**19.** ക്രിസ്തു തന്റെ വധുവിനെ തന്നോടുചേർക്കുന്നത് എപ്രകാരമാണ് എന്നു നിങ്ങൾ കണ്ടുവോ? നമ്മെ എല്ലാവരെയും എന്ത് ഭക്ഷണം കൊണ്ടാണ് അവൻ പോഷിപ്പിക്കുന്നതെന്ന് നിങ്ങൾ കണ്ടുവോ? നാം രൂപീകൃതമാകുകയും പരിപോഷിതരാകുകയും ചെയ്യുന്ന അതേ ഭക്ഷണത്താലത്രേ. സ്ത്രീകൾ തങ്ങളുടെ ശിശുക്കളെ സ്വന്തം രക്തം കൊണ്ടും പാൽ കൊണ്ടും പോഷിപ്പിക്കുന്നതുപോലെ, ക്രിസ്തുവും താൻ ജനിപ്പിച്ചവരെ തന്റെ സ്വന്തം രക്തത്താൽ നിരന്തരം പോഷിപ്പിക്കുന്നു.

**20.** വളരെ വലിയ ദാനത്തിൽ നിന്ന് നമുക്ക് പ്രയോജനം ലഭിച്ചെങ്കിൽ, നമുക്ക് വളരെ തീക്ഷ്ണത ഉള്ളവർ ആയിരിക്കാം. അവനുമായി ചെയ്ത ഉടമ്പടി നമുക്ക് അനുസ്മരിക്കാം. നാമെല്ലാവരും അവനുമായി ഉടമ്പടി ചെയ്തവരാകയാൽ, നവജാതരോടും വളരെ നാളുകൾക്കു മുൻപ് ആനീതരായവരോടും ഒരുപോലെ ഞാൻ സംസാരിക്കുകയാണ്. നാം മഷികൊണ്ടല്ല, ആത്മാവിൽ പേനകൊണ്ടല്ല, നാവു കൊണ്ടാണ് എഴുതിയത്. കാരണം, നാവാണ് പേന. അതുകൊണ്ടാണ് ദൈവവുമായി നാം ഉടമ്പടി എഴുതിയത്. അതുകൊണ്ട് ദാവീദ് പറയുന്നു: "വേഗത്തിൽ എഴുതുന്ന എഴുത്തുകാരന്റെ തൂലികയാണ് എന്റെ നാവ്" (സങ്കീ 45:2). നാം അവന്റെ പരമാധികാരം ഏറ്റുപറഞ്ഞു; നാം ദുഷ്ടന്റെ ആധിപത്യത്തെ തള്ളിക്കളഞ്ഞു. ഇതാണ് കൈയൊപ്പ്, ഇതാണ് ധാരണാപത്രം, ഇതാണ് ഉടമ്പടി.

**21.** പഴയ ഉടമ്പടിക്ക് നാം വീണ്ടും കടക്കാർ ആകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ക്രിസ്തു ഒരിക്കൽ ആഗതനായി; ആദം എഴുതി ഒപ്പിട്ട നമ്മുടെ പൂർവിക കടപ്പത്രം അവിടുന്നു ദർശിച്ചു. ആദം കടക്കാരനായി. നമ്മുടെ പിൽക്കാല പാപങ്ങളാൽ കടത്തിന്റെ ബാദ്ധ്യത നാം വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഈ കടപ്പത്രത്തിൽ ശാപവും പാപവും



മരണവും നിയമത്തിന്റെ വിധിയും രേഖപ്പെടുത്തിയിരുന്നു. വിശുദ്ധ പൗലോസ് വിളിച്ചുപറയുന്നു: "നമുക്കെതിരെ ഉണ്ടായിരുന്ന നമ്മുടെ പാപത്തിന്റെ ഡിക്രി തന്റെ കുരിശിൽ തറച്ചുകൊണ്ട് അവിടുന്ന് പൂർണമായി നീക്കിക്കളഞ്ഞു" (കൊളോ 2:14). 'മായിച്ചുകളഞ്ഞെന്നോ', 'ഒപ്പിയെടുത്തെന്നോ' അല്ല അവൻ പറഞ്ഞത്; പിന്നെയോ അതിന്റെ യാതൊരു കാല്പാടും അവശേഷിക്കാതിരിക്കാൻ, കുരിശിൽ തറച്ചു എന്നത്രേ. ഇതിനാലാണ് അവൻ മായിച്ചുകളയാതെ കഷണങ്ങളായി കീറിക്കളഞ്ഞത്. ഭാവിയിൽ അതിന് യാതൊരു ബാധ്യതയും ഉണ്ടാകാതിരിക്കാനായി, കുരിശിലെ ആണികൾ ആ ഡിക്രി കീറിക്കളയുകയും നശിപ്പിക്കുകയും ചെയ്തു.

**22.** ഏതെങ്കിലും രഹസ്യമൂലയിൽ വച്ചല്ല, ലോകം മുഴുവൻ കാണത്തക്കവണ്ണം ഉയർന്ന പീഠത്തിൽ വച്ചാണ് അവിടുന്നു നമ്മുടെ കടപ്പത്രം നശിപ്പിച്ചത്. മാലാഖമാരും പ്രധാന മാലാഖമാരും മുകളിലുള്ള ശക്തികളും അതു കാണട്ടെ എന്ന് അവൻ പറയുന്നു. ദുഷ്ടപിശാചുക്കളും സാത്താൻ തന്നെയും ഇതു കാണട്ടെ. ഈ ദുഷ്ടരാണ് നമ്മുടെ കടങ്ങളെ പ്രതി നമ്മെ നമ്മുടെ കടക്കാർക്കു വിധേയരാക്കിയത്; എന്നാൽ അവർ മേലിൽ നമ്മെ കടന്നാക്രമിക്കാതിരിക്കാൻ, ഇപ്പോൾ ഈ ഉടമ്പടി അവിടുന്നു നശിപ്പിച്ചുകളഞ്ഞു.

## ഈജിപ്തിൽ നിന്നുള്ള പുറപ്പാടുമായി സ്നാനത്തെ താരതമ്യപ്പെടുത്തുന്നു

**23.** പഴയ കടപ്പത്രം നശിപ്പിക്കപ്പെട്ടിരിക്കുന്നതിനാൽ, രണ്ടാമതൊന്ന് ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധാലുക്കളായിരിക്കണം. കാരണം, രണ്ടാമതൊരു കുരിശില്ല, പുനർജന്മസ്നാനത്താൽ രണ്ടാമതൊരു മോചനവുമില്ല. മോചനമുണ്ട്, എന്നാൽ സ്നാനത്താൽ രണ്ടാമതൊരു മോചനമില്ല. നാം തീരെ കരുതൽ ഇല്ലാത്തവർ ആകരുതെന്ന് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങൾ ഈജിപ്തിൽ നിന്നു പുറപ്പെട്ടു പോന്നു. വീണ്ടും ഈജിപ്തിനെയും അതിന്റെ തിന്മകളെയും തേടിപ്പോകേണ്ട. കുഴച്ച ചെളിയെയും ഇഷ്ടിക നിർമാണത്തെയും പറ്റി മേലിൽ ചിന്തിക്കരുത്. ഈ വർത്തമാന ജീവിത സംഗതികൾ ചെളിയും ഇഷ്ടികനിർമാണവുമാണ്. സ്വർണം തന്നെയും സ്വർണമായി തീരുന്നതിനു മുൻപ്, മണ്ണിൽ നിന്ന് വ്യത്യസ്തമല്ലല്ലോ.

**24.** യഹൂദർ അത്ഭുതങ്ങൾ ദർശിച്ചു. അവർ ഈജിപ്തിൽ നിന്നു പുറപ്പെട്ടപ്പോൾ ദർശിച്ചവയേക്കാൾ മഹനീയവും പ്രശോഭിതവുമായ

www.malankaralibrary.com



അത്ഭുതങ്ങൾ ഇപ്പോൾ നിങ്ങൾ കാണും. ഫറവോനും അവന്റെ സൈന്യവും മുങ്ങിച്ചാകുന്നതു നിങ്ങൾ കണ്ടില്ല; എന്നാൽ പിശാചും അവന്റെ സൈന്യങ്ങളും മുങ്ങുന്നതു നിങ്ങൾ കണ്ടു. യഹൂദർ കടലിലൂടെ കടന്നു; നിങ്ങൾ മരണക്കടലിലൂടെ കടന്നു. അവർ ഈജിപ്തുകാരിൽ നിന്നു വിടുവിക്കപ്പെട്ടു; നിങ്ങൾ പിശാചിൽ നിന്നു വിമോചിതരായി. അവർ അപരിഷ്കൃതരുടെ കീഴിലുള്ള ദാസ്യവൃത്തി വിട്ടകന്നു! നിങ്ങൾ കൂടുതൽ ഭാരമേറിയ പാപത്തിന്റെ ദാസ്യവൃത്തി ഉപേക്ഷിച്ചു.

**25.** കൂടുതൽ മഹനീയമായ അത്ഭുതങ്ങൾക്ക് നിങ്ങൾ യോഗ്യരായി ഗണിക്കപ്പെട്ടതിനെപ്പറ്റി മറ്റൊരു രീതിയിൽ അറിയാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? മോശ അവരുടെ ബന്ധുവും സഹദാസനും ആയിരുന്നിട്ടും അക്കാലത്ത് രൂപാന്തരീകരണം സംഭവിച്ച മോശയുടെ മുഖത്ത് നോക്കാൻ യഹൂദർക്കു കഴിഞ്ഞില്ല. എന്നാൽ നിങ്ങൾ ക്രിസ്തുവിന്റെ മുഖം തന്റെ മഹത്ത്വത്തിൽ ദർശിച്ചിരിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ ഉച്ചത്തിൽ വിളിച്ചുപറയുന്നു: "നാമെല്ലാവരും, മൂടാത്ത മുഖങ്ങളോടുകൂടി കർത്താവിന്റെ മഹത്ത്വം പ്രതിബിംബിക്കുന്നു" (2 കൊറി 3:18). അക്കാലത്ത് ക്രിസ്തു അവരെ അനുധാവനം ചെയ്തിരുന്നു; എന്നാലിപ്പോൾ വളരെ അധികമായി അവിടുന്ന് നമ്മെ അനുധാവനം ചെയ്യുന്നു. മോശ നിമിത്തമാണ് അന്ന് ക്രിസ്തു അവരെ അനുധാവനം ചെയ്തത്; പുതിയ മോശ നിമിത്തം മാത്രമല്ല, നിങ്ങളുടെ അനുസരണം നിമിത്തവുമാണ് അവിടുന്നു നമ്മോടൊത്തു വ്യാപരിക്കുന്നത്. ഈജിപ്തിനുശേഷം യഹൂദർക്കു മരുഭൂമിയായിരുന്നു, നിങ്ങൾക്ക് നിങ്ങളുടെ പുറപ്പാടിനുശേഷം സ്വർഗം സമാഗതമാകുന്നു. അവർക്ക് നേതാവും ശ്രേഷ്ഠ ജനറാളുമായി മോശ ഉണ്ടായിരുന്നു; നമുക്ക് മറ്റൊരു മോശ, ദൈവം തന്നെ നമ്മെ നയിക്കാനും നമ്മോടു കല്പിക്കാനുമുണ്ട്.

**26.** പഴയ മോശയുടെ സവിശേഷതകൾ എന്തെല്ലാമാണ്? 'ഭൂമിയിലെ മനുഷ്യരിൽ ഏറ്റവും വിനീതനായിരുന്നു മോശ' (സംഖ്യ 12:3). ഈ വാക്കുകളിൽ മറ്റേ മോശയെപ്പറ്റി പറയുന്നത് തെറ്റായിരിക്കുകയില്ല. കാരണം, ഏറ്റവും വിനീതമായ ആത്മാവ് നിശ്ചയമായും അവനോടുകൂടെ ഉണ്ടായിരുന്നു; സത്താപരമായി അവൻ അവരോട് ബന്ധപ്പെട്ടിരുന്നു. അക്കാലത്ത് മോശ തന്റെ കൈകൾ സ്വർഗത്തിലേക്കു നീട്ടി മാലാഖമാരുടെ അപ്പമായ മന്നാ ഇറക്കിക്കൊടുത്തു. മറ്റേ മോശ സ്വർഗത്തിലേക്കു തന്റെ കൈകൾ നീട്ടി നിത്യജീവന്റെ



ഭക്ഷണം ഇറക്കിക്കൊടുക്കുന്നു. മോശ പാറയിൽ അടിച്ച് അരുവികൾ ഒഴുക്കിക്കൊടുത്തു; മറ്റേ മോശ മേശയെ സ്പർശിക്കുകയും ആത്മീയ ഫലകത്തെ അടിക്കുകയും ആത്മാവിന്റെ ഉറവകൾ പൊട്ടിപ്പുറപ്പെടുത്തുകയും ചെയ്യുന്നു. തദ്ഫലമായി, അജഗണം എല്ലാവശത്തു നിന്നും ഒന്നിച്ചുകൂടി രക്ഷാകര ജലത്തിന്റെ പ്രയോജനം അനുഭവിക്കാനായി ഉറവ കണക്കെ മേശ മധ്യത്തിൽ കിടക്കുന്നു.

**27.** ഇത്തരം ഒരുറവയാണ് നമുക്കുള്ളത്. ഇത്തരത്തിലുള്ളതാണ് ഇവിടെ നമ്മുടെ ജീവിതം. എണ്ണമറ്റ അനുഗ്രഹങ്ങളുടെ ഭാരത്താൽ നമ്മുടെ മേശ ഞെരിയുന്നു. ആത്മീയ ദാനങ്ങൾ എല്ലായിടത്തും വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് ആത്മാർത്ഥ ഹൃദയത്തോടും ശുദ്ധമനസ്സാക്ഷിയോടും കൂടെ നമുക്കു മുന്നോട്ട് വരാം. നമ്മുടെ കർത്താവും രക്ഷകനും ഏകജാതനാം പുത്രനുമായ യേശുക്രിസ്തുവിന്റെ കൃപയാലും കാരുണ്യത്താലും നമ്മുടെ ആവശ്യങ്ങളിൽ നമ്മെ സഹായിക്കാൻ വേണ്ട കൃപയും കരുണയും അങ്ങനെ നാം പ്രാപിക്കട്ടെ. അവനിലൂടെയും അവനോടുകൂടെയും പിതാവിനും ജീവദാതാവായ ആത്മാവിനും മഹത്ത്വവും ബഹുമാനവും ശക്തിയും ഇപ്പോഴും എന്നുമെന്നേക്കും അനന്തലോകത്തിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## നാലാം പ്രസംഗം

# നവജാതർക്കുള്ള ഉപദേശം

***"ക്രിസ്തുവിലുള്ളവർ പുതിയ സൃഷ്ടിയാകുന്നു; പഴയതു കടന്നുപോയി. ഇതാ, എല്ലാം പുതുതാക്കിയിരിക്കുന്നു" എന്ന് ശ്ലീഹാ പറഞ്ഞതിനെ (2 കൊറി 5:17) ആധാരമാക്കി നവജാതരോടു ചെയ്ത പ്രസംഗം.***

### നവജാതർ സഭയുടെ ആനന്ദമാണ്

**1.** സാധാരണയുള്ള കൂടിവരവിനേക്കാൾ പ്രശോഭിതമാണ് ഇന്നത്തെ കൂടിവരവ് എന്നു ഞാൻ കാണുന്നു; സഭ അവളുടെ മക്കളിൽ സന്തോഷിക്കുന്നു. തന്റെ മക്കൾ തന്റെ ചുറ്റും കൂടിയിരിക്കുന്നതു കാണുന്ന സ്നേഹമുള്ള അമ്മ സന്തോഷിക്കുകയും ആനന്ദതുന്ദിലയാകുകയും ആമോദത്തിൽ ആറാടുകയും ചെയ്യുന്നു. അതുപോലെ, സഭയാകുന്ന ആത്മീയമാതാവ് തന്റെ മക്കളെ നോക്കി സന്തോഷിക്കുകയും ഈ ആത്മീയവിളവോടുകൂടി പച്ചപിടിച്ച് തഴച്ചുനില്ക്കുന്ന ഫലഭൂയിഷ്ഠമായ നിലമായി തന്നെത്തന്നെ കാണുമ്പോൾ ആനന്ദിക്കുകയും ചെയ്യുന്നു. എന്റെ വത്സലരേ, അവളുടെ സ്നേഹാധിക്യം പരിഗണിക്കുവിൻ. ഒറ്റ രാത്രികൊണ്ട് പെട്ടെന്ന് എത്രയധികം മക്കളെ ഈ ആത്മീയമാതാവ് പ്രസവിച്ചു എന്ന് കാണുവിൻ. ഇതിൽ നാം അത്ഭുതപ്പെടേണ്ടതില്ല. കാരണം, ആത്മീയമായ പ്രസവത്തിന് സമയമോ, മാസങ്ങളുടെ ദൈർഘ്യമോ ആവശ്യമില്ല.



**2.** നമുക്ക് അവളോടൊത്തു സന്തോഷിക്കുകയും അവളുടെ ആനന്ദത്തിൽ പങ്കുചേരുകയും ചെയ്യാം. അനുതപിക്കുന്ന ഒരു പാപിയെ കുറിച്ച് സ്വർഗത്തിൽ സന്തോഷം ഉണ്ടാകുമെങ്കിൽ (ലൂ 15:7), ഇത്ര വലിയ ഒരു സമൂഹത്തെക്കുറിച്ച് സന്തോഷിച്ചാനന്ദിക്കുന്നതും വിവരണാതീതമായ തന്റെ ദാനത്തെപ്രതി തന്റെ കരുണയിൽ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതും എത്രയോ കൂടുതലായി ഉചിതമാകുന്നു. മനുഷ്യവർഗത്തിന്മേൽ സൗജന്യമായി ചൊരിഞ്ഞ ദൈവത്തിന്റെ കാരുണ്യാതിരേകവും തന്റെ അവാച്യദാനങ്ങളുടെ ശ്രേഷ്ഠതയും ഗ്രഹിക്കാൻ ഏതു ബുദ്ധിക്കാണ്, ഏതു ചിന്താശക്തിക്കാണ്, ഏതു ധാരണാശക്തിക്കാണു കഴിയുക?

**3.** രണ്ടുദിവസങ്ങൾക്കു മുമ്പുവരെ ഇവർ പിശാചിന് അധീനരായി സംസാരിക്കാൻ സ്വാതന്ത്ര്യമില്ലാതെ, പാപത്തിന്റെ അടിമകളായിരുന്നു; തടവുകാരെപ്പോലെ അങ്ങോട്ടും ഇങ്ങോട്ടും വലിച്ചിഴയ്ക്കപ്പെട്ടു. ഇന്ന് ഇതാ, മക്കളുടെ നിരയിലേക്ക് സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഇവർ തങ്ങളുടെ പാപഭാരം ഉരിഞ്ഞുകളഞ്ഞ് രാജകീയ വസ്ത്രം ധരിച്ചിരിക്കുന്നു. ഇവർ തങ്ങളുടെ ശോഭയിൽ ആകാശത്തോടുതന്നെ കിടപിടിക്കുന്നു. തങ്ങളെ നോക്കുന്നവരുടെ മുഖത്തെ പ്രകാശിപ്പിക്കുന്നതിനാൽ, നക്ഷത്രങ്ങളെക്കാൾ കൂടുതൽ ശോഭയോടെ ഇവർ പ്രകാശിക്കുന്നതായി നാം കാണുന്നു. നക്ഷത്രങ്ങൾ രാത്രിയിൽ മാത്രം പ്രകാശിക്കുന്നു; പകലിലെ പ്രകാശത്തിൽ അവയെ കാണാനാവില്ല. എന്നാൽ ഈ മനുഷ്യർ രാത്രിയും പകലും ഒരുപോലെ പ്രകാശിക്കുന്നു; കാരണം, ഇവർ ആത്മീയ നക്ഷത്രങ്ങളാണ്, ഇവർ സൂര്യനോട് കിടപിടിക്കുന്നു; അതിനെ ഉല്ലംഘിക്കുകപോലും ചെയ്യുന്നു. "അപ്പോൾ നീതിമാന്മാർ സൂര്യനെപ്പോലെ പ്രശോഭിക്കും" എന്നു കർത്താവ് പറഞ്ഞപ്പോൾ (മത്താ 11:43) ഭാവിലോകത്തിൽ നീതിമാന്മാരെ സൂചിപ്പിക്കുന്ന ശോഭയെ കാണിക്കാനാണ് നമ്മുടെ നാഥനായ ക്രിസ്തു സൂര്യന്റെ പ്രതീകം ഉപയോഗിച്ചത്. നീതിമാന്മാരുടെ ഭാവിയെ അവിടുന്ന് സൂര്യനോട് ഉപമിച്ചത്, അവരുടെ ശോഭായമാനമായ പ്രകാശത്താൽ മാത്രമല്ല, പിന്നെയോ, സൂര്യനേക്കാൾ ശോഭയേറിയ മറ്റൊരു ഭൗമിക വസ്തുവിന്റെ ഉദാഹരണം ചൂണ്ടിക്കാണിക്കാൻ ഇല്ലാതിരുന്നതിനാലുമത്രേ.

**4.** അതുകൊണ്ട്, നക്ഷത്രങ്ങളെ വെല്ലുകയും ശോഭയിൽ സൂര്യകിരണങ്ങളോടു കിടപിടിക്കുകയും ചെയ്യുന്ന നമ്മുടെ ഈ സഹോദരങ്ങളെ ഞാനിന്ന് ആലിംഗനം ചെയ്യട്ടെ. എന്റെ ശാരീരിക കരങ്ങൾ

www.malankaralibrary.com



കൊണ്ടുമാത്രമല്ല ഞാൻ ഇവരെ ആലിംഗനം ചെയ്യുക; പിന്നെയോ, ഈ ആത്മീയ പ്രബോധനത്താൽ, ഇവരോടുള്ള എന്റെ സ്നേഹം ഞാൻ വ്യക്തമാക്കട്ടെ; നാഥന്റെ മഹാമനസ്കതയുടെ ആധിക്യത്തെപ്പറ്റിയും തങ്ങൾക്കു ധരിക്കാൻ നൽകപ്പെട്ട വസ്ത്രത്തിന്റെ തിളക്കത്തെപ്പറ്റിയും ചിന്തിക്കാൻ ഞാൻ അവരെ ഉപദേശിക്കട്ടെ. "എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ സ്നാനം സ്വീകരിച്ച നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" എന്ന് വിശുദ്ധ പൗലോസ് പറയുന്നു (ഗലാ 3:27). അതുകൊണ്ട്, എല്ലാറ്റിന്റെയും സ്രഷ്ടാവും നമ്മുടെ പ്രകൃതിനാഥനുമായ ക്രിസ്തു നിങ്ങളുടെ ഉള്ളിൽ വസിക്കുന്നു എന്ന് ഓർത്തുകൊണ്ട് നിങ്ങളുടെ എല്ലാ പ്രവൃത്തികളും ചെയ്യുവിൻ എന്നു നിങ്ങളെ ഞാൻ ഗുണദോഷിക്കുന്നു. ക്രിസ്തു എന്നു ഞാൻ പറയുമ്പോൾ, പിതാവിനെയും പരിശുദ്ധാത്മാവിനെയും ഞാൻ ഉൾപ്പെടുത്തുന്നു. "ആരെങ്കിലും എന്നെ സ്നേഹിക്കുയും എന്റെ കല്പനകൾ പാലിക്കുകയും ചെയ്താൽ, പിതാവും ഞാനും വന്ന് അവനിൽ വസിക്കും" എന്ന് പറഞ്ഞപ്പോൾ (യോഹ 14:23) ക്രിസ്തു അതാണ് നമ്മോട് വാഗ്ദാനം ചെയ്തത്.

**5.** ഈ മനുഷ്യർ ഭൂമിയിൽ തുടർന്നു ജീവിച്ചാലും, സ്വർഗത്തിൽ ജീവിക്കുന്നവരെപ്പോലെയുള്ള മനോഭാവമായിരിക്കും ഇവർക്ക് ഉണ്ടായിരിക്കുക. കാരണം, ഇവർ തന്റെ മനസ്സും ഭാവനയും മുകളിലുള്ളവയിൽ പതിപ്പിക്കും; ദുഷ്ടപിശാചിന്റെ കെണികളെ മേലിൽ ഭയപ്പെടുകയുമില്ല. ഇന്നുവരെ തന്റെ സ്വേച്ഛാധിപത്യത്തിൻ കീഴിൽ അമർന്നിരുന്നവർ ഉന്നതസ്ഥാനത്തേക്ക് ഉയർത്തപ്പെടുകയും നാഥന്റെ സ്നേഹത്തിന് അർഹരായി ഗണിക്കപ്പെടുകയും, അവർക്ക് വലിയ മാറ്റം സംഭവിക്കുകയും ചെയ്തതായി കാണുന്ന പിശാച് അവരുടെ നേരേ നോക്കാൻ ധൈര്യപ്പെടാതെ, ആശയക്കുഴപ്പം മൂലം അകന്നുപോകുകയും ചെയ്യും. അവരുടെ മുഖത്തു നിന്നു പുറപ്പെടുന്ന മഹനീയശോഭയെ അവന് സഹിക്കാനാവില്ല; അവരുടെ നയനങ്ങളിൽ നിന്നു പുറപ്പെടുന്ന പ്രകാശകിരണങ്ങൾ അവന്റെ കണ്ണുകളെ അന്ധമാക്കുന്നതിനാൽ അവൻ പുറംതിരിഞ്ഞ് ഓടിപ്പോകുന്നു.

**6.** ക്രിസ്തുവിന്റെ പുതിയ പടയാളികളായി തീരുകയും സ്വർഗീയ പൗരന്മാരുടെ പട്ടികയിൽ പേരെഴുതപ്പെടുകയും ആത്മീയ സദ്യയ്ക്ക് ക്ഷണിക്കപ്പെടുകയും രാജകീയ മേശയിലെ നന്മകൾ അനുഭവിക്കാൻ പോകുകയും ചെയ്യുന്ന നിങ്ങൾ, ഉന്നതത്തിൽ നിന്ന് കൂടുതൽ മഹനീയമായ കൃപകൾ പ്രാപിക്കാൻ യോഗ്യരാകുന്നതിന്, അവിടുത്തെ



ദാനങ്ങളുടെ മഹനീയതയ്ക്കനുസൃതമായതീക്ഷ്ണത കാണിക്കുവിൻ. നമ്മുടെ നാഥൻ കരുണയുള്ളവനാണ്; അവിടുന്നു നൽകിയതിന് നിങ്ങൾ നന്ദിയുള്ളവരാണെന്നും തന്റെ മഹനീയ ദാനങ്ങൾ സംരക്ഷിക്കാൻ നിങ്ങൾ കരുതലുള്ളവർ ആണെന്നും അവിടുന്നു കാണുമ്പോൾ, സമൃദ്ധമായി തന്റെ കൃപകൾ നിങ്ങളുടെമേൽ വർഷിക്കും. നമ്മുടെ സംഭാവന നിസ്സാരമാണെങ്കിലും അവിടുന്നു തന്റെ സമൃദ്ധമായ ദാനങ്ങൾ നമ്മുടെമേൽ ചൊരിയും.

## നവജാതരുടെ പരിപൂർണ മാതൃകയായ പൗലോസ്

**7.** സാർവത്രിക സഭാപ്രബോധകനായ പൗലോസിന്റെ ദൃഷ്ടാന്തം നമുക്കുണ്ട്. എല്ലായിടത്തും ഓടിനടന്ന് സ്ത്രീകളെയും പുരുഷന്മാരെയും ന്യായാസനത്തിലേക്കു വലിച്ചിഴയ്ക്കുകയും, ഭ്രാന്തനെപ്പോലെ ക്രുദ്ധനായി പ്രശ്നവും കുഴപ്പവും സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് അവൻ ആദ്യം സഭയെ പീഡിപ്പിച്ചു. നാഥന്റെ സ്നേഹം അനുഭവിക്കുകയും ആത്മാവിന്റെ പ്രകാശത്താൽ പ്രശോഭിതനാകുകയും ചെയ്തപ്പോൾ, താൻ അലഞ്ഞുനടക്കാൻ ഇടയാക്കിയ അന്ധകാരം അവൻ ദൂരെക്കളയുകയും സത്യത്തിലേക്ക് ആനീതനാകുകയും ചെയ്തു. അവൻ ഒട്ടും വൈകാതെ, നേരെ സ്നാനം സ്വീകരിക്കുകയും തന്റെ മുൻകാല പാപങ്ങളിൽ നിന്ന് ശുദ്ധീകരിക്കപ്പെടുകയും ചെയ്തു. മുമ്പ് എല്ലാ കാര്യങ്ങളിലും യഹൂദരുടെ ഏജന്റായിരിക്കുകയും സഭയെ പീഡിപ്പിക്കുകയും ചെയ്തവൻ, 'ക്രൂശിക്കപ്പെട്ടവൻ ദൈവപുത്രൻ തന്നെയാണ്' എന്ന്, ഡമാസ്കസിൽ താമസിച്ചിരുന്ന യഹൂദരോട് പ്രഘോഷിച്ചുകൊണ്ട് അവരെ അത്ഭുതസ്തബ്ധരാക്കി.

**8.** പൗലോസിന്റെ ഹൃദയവിധേയത്വം നിങ്ങൾ കാണുന്നില്ലേ? മുമ്പ് താൻ അജ്ഞതയാലാണ് പ്രവർത്തിച്ചതെന്ന്, ഈ സംഗതികളാൽ അവൻ നമുക്കു തെളിയിച്ചുതരുന്നത് നിങ്ങൾ കാണുന്നില്ലേ? മുകളിൽ നിന്നുള്ള കാരുണ്യത്തിന് അവൻ അർഹനാണെന്നും സത്യപാതയിലേക്ക് ആനയിക്കപ്പെടേണ്ടതാണെന്നും തന്റെ ഈ കാര്യങ്ങളിലുള്ള അനുഭവത്തിലൂടെ അവൻ എങ്ങനെ നമ്മെ പഠിപ്പിച്ചുവെന്ന് നിങ്ങൾ കാണുന്നില്ലേ? ഒരുക്കമുള്ള ഒരാത്മാവ് അജ്ഞതയാൽ വഴിതെറ്റിപ്പോകുന്നതായി തന്റെ നന്മയിൽ കാണുന്ന ദൈവം അതിനെ അവഗണിച്ചുകളയുകയോ കൊടിയ വഴിപിഴയ്ക്കലിന് കൈവിട്ടു കളയുകയോ ചെയ്യുന്നില്ല. പിന്നെയോ, തന്നിൽനിന്ന് ലഭിക്കുന്ന എല്ലാ നല്ല കാര്യങ്ങളും അതിനെ കാണിക്കുന്നു. ഭാഗ്യവാനായ പൗലോസ്

www.malankaralibrary.com



ചെയ്തതുപോലെ, ഉന്നതത്തിൽ നിന്നുള്ള കൃപയുടെ പ്രയോജനം സമൃദ്ധമായി സമ്പാദിക്കാൻ നമ്മെത്തന്നെ നാം ഒരുക്കിയാൽ, നമ്മുടെ രക്ഷയെ സംബന്ധിച്ചവയിൽ ഒന്നിനും അവിടുന്നു കുറവു വരുത്തുകയില്ല.

**9.** നിശ്ചയമായും അവൻ മുമ്പു ചെയ്തവ അറിവില്ലായ്മയാലത്രേ. നിയമത്തെപ്രതിയുള്ള തീക്ഷ്ണത പ്രതികാരം ചെയ്യാൻ അവനെ പ്രേരിപ്പിച്ചു. അവൻ എല്ലാവരുടെയും ഇടയിൽ കലഹവും പ്രശ്നവും സൃഷ്ടിച്ചു. എന്നാൽ താൻ തെറ്റായ പാതയിലാണെന്നും താനറിയാതെ അഗാധ കൊക്കയുടെ മുകളിലൂടെയാണ് ചരിക്കുന്നതെന്നും നിയമദാതാവിൽ നിന്നു തന്നെ ഗ്രഹിക്കാൻ ഇടയായപ്പോൾ, അവൻ താമസിപ്പിക്കുകയോ മാറ്റിവെയ്ക്കുകയോ ചെയ്യാതെ, ആത്മാവിന്റെ പ്രകാശത്താൽ പ്രശോഭിതനായ ഉടൻതന്നെ തന്റെ തെറ്റ് അകറ്റിക്കളയുകയും സത്യപ്രഘോഷകനായി തീരുകയും ചെയ്തു. പ്രധാന പുരോഹിതന്മാരിൽ നിന്നും ലഭിച്ച കത്തുകൾ ആരുടെ പക്കലേക്ക് അവൻ സംവഹിച്ചുവോ, അവരെത്തന്നെ ഭക്തിമാർഗത്തിലേക്ക് ആദ്യമായി ആനയിക്കാൻ അവൻ ആഗ്രഹിച്ചു. യഹൂദരോടുള്ള ഒരു പ്രസംഗത്തിൽ അവൻ തന്നെ ഇപ്രകാരം പറയുകയുണ്ടായി: "പ്രധാന പുരോഹിതനും മൂപ്പന്മാർ എല്ലാവരും തന്നെ എനിക്കു സാക്ഷികളാണ്. ബന്ധിതരായിരുന്നവരെ ജറുസലേമിൽ പ്രധാനപുരോഹിതന്മാരുടെ പക്കലെത്തിക്കാൻ അവരിൽ നിന്നുള്ള കത്തുകളുമായി ഞാൻ ഡമാസ്കസിലേക്ക് പോകുകയായിരുന്നു" (നട 22:5).

**10.** സിംഹത്തെപ്പോലെ ക്രുദ്ധനായി എല്ലായിടത്തും ഓടിനടക്കുന്ന അവനെ നിങ്ങൾ കാണുന്നില്ലേ? ശാന്തനായ ഒരു കുഞ്ഞാടായി വീണ്ടും അവനെ നിങ്ങൾ കാണുന്നില്ലേ? ക്രിസ്തുവിൽ വിശ്വസിച്ചവരെയൊക്കെ അവൻ മുമ്പ് ബന്ധിതരാക്കി കാരാഗൃഹത്തിൽ അടയ്ക്കുകയും പിൻതുടർന്ന് പീഡിപ്പിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ, പെട്ടെന്ന്, യഹൂദരുടെ ഗൂഢാലോചനകളിൽ നിന്ന് രക്ഷപെടാനായി, ക്രിസ്തുവിനെപ്രതി മതിലിലൂടെ ഒരു കൊട്ടയിൽ താഴേക്ക് ഇറക്കപ്പെട്ടു. വീണ്ടും, യഹൂദരുടെ വിഭ്രാന്തി നിമിത്തം പിച്ചിച്ചീന്തപ്പെടാതിരിക്കാൻ, അവനെ രാത്രിയിൽ കേസറിയായിലേക്കും അവിടെ നിന്ന് തർസോസിലേക്കും അയയ്ക്കുന്നതു കാണുവിൻ. പ്രിയപ്പെട്ടവരേ, അവിടെ എന്തൊരു മാറ്റമാണ് സംഭവിച്ചതെന്നു നിങ്ങൾ കാണുന്നില്ലേ? അവൻ എത്രമാത്രം വ്യത്യസ്തനായി തീർന്നു എന്നും നിങ്ങൾ കാണുന്നില്ലേ? അവൻ എപ്രകാരം ദൈവത്തിന്റെ ഔദാര്യത്തിൽനിന്ന് പ്രയോജനപ്പെടുത്തുകയും പിന്നീട് സമൃദ്ധമായി തന്റെ പങ്ക് നൽകുകയും ചെയ്തതു കാണുന്നില്ലേ? – അതായത്, അവന്റെ തീക്ഷ്ണത, അവന്റെ വികാരതീവ്രത, അവന്റെ വിശ്വാസം, അവന്റെ ധൈര്യം, അവന്റെ ക്ഷമ, അവന്റെ കുലീനമായ മനസ്സ്, അവന്റെ പതറാത്ത ഇച്ഛാശക്തി! ഇതുകൊണ്ടാണ് അവൻ കൂടുതൽ അളവിൽ ഉന്നതത്തിൽ നിന്നുള്ള സഹായത്തിന് അർഹനായി ഭവിച്ചത്. ഇക്കാരണത്താലാണ് കൊറിന്തോസുകാർക്ക് അവൻ ഇപ്രകാരം എഴുതിയത്: "അവരെല്ലാവരേക്കാളും കൂടുതലായി ഞാൻ അധ്വാനിച്ചു; എന്നാൽ ഞാനല്ല, എന്നോടുകൂടിയുള്ള ദൈവകൃപ" (1 കൊറി 15:10).



**11.** അവനെ അനുസരിക്കാൻ ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ക്രിസ്തുവിന്റെ നുകത്തിലേക്ക് അടുത്തുവരുവാൻ നിങ്ങൾ ഇപ്പോൾ അർഹരായിത്തീർന്നു; ദത്തുപുത്രസ്ഥാനത്തിന്റെ പ്രയോജനം നിങ്ങൾ അനുഭവിക്കുന്നു; അതുകൊണ്ട് ഇപ്പോൾ ആരംഭം മുതൽ തന്നെ ക്രിസ്തുവിലുള്ള വിശ്വാസവും തീക്ഷ്ണതയും കാണിക്കുവിൻ. അങ്ങനെ നിങ്ങൾ ഉന്നതത്തിൽ നിന്നു നിങ്ങൾക്കായി കൂടുതൽ സമൃദ്ധമായ അനുഗ്രഹങ്ങൾ സമ്പാദിക്കും; നിങ്ങൾക്കു ലഭിച്ച വസ്ത്രം കൂടുതൽ ശോഭയോടെ പ്രശോഭിതമാക്കും; നാഥന്റെ കൂടുതൽ പരിഗണന നിങ്ങൾ അനുഭവിക്കുകയും ചെയ്യും. നിങ്ങൾ ഒരിക്കലും ഒരു നന്മയും ചെയ്തിട്ടില്ലെങ്കിലും തിന്മകളെ കീഴമർത്തുന്ന പാപഭാരം ഉണ്ടായിരുന്നെങ്കിലും, തന്റെ നന്മയ്ക്കനുസൃതമായി ഈ മഹാദാനങ്ങൾക്ക് നിങ്ങളെ അവിടുന്ന് യോഗ്യരെന്നു പരിഗണിച്ചു. അവിടുന്നു നിങ്ങളെ നിങ്ങളുടെ പാപങ്ങളിൽ നിന്നു വിടുവിച്ച് തന്റെ കൃപയാൽ നീതീകരണം നൽകി എന്നു മാത്രമല്ല, നിങ്ങളെ വിശുദ്ധരും ദത്തെടുക്കലാൽ മക്കളും ആക്കിതീർക്കുകയും ചെയ്തു. ഇത്തരം ദാനങ്ങൾ നിങ്ങൾക്കു നൽകാൻ അവൻ മുൻകൈ എടുത്തെങ്കിൽ, ഇവയെല്ലാം സ്വീകരിച്ചിട്ട് നിങ്ങളുടെ പങ്കു നൽകാൻ നിങ്ങൾ തല്പരർ എങ്കിൽ, നിങ്ങൾക്കു നൽകപ്പെട്ട ദാനങ്ങൾ സംരക്ഷിക്കാനും പ്രയോജനപ്പെടുത്താനും നിങ്ങൾ അതീവതല്പരർ എങ്കിൽ, വീണ്ടും കൂടുതൽ സമൃദ്ധമായ ദാനങ്ങൾക്ക് നിങ്ങളെ യോഗ്യരായി പരിഗണിക്കാതിരിക്കാൻ അവിടുത്തേക്ക് എങ്ങനെ കഴിയും?

## ക്രിസ്തുവിലുള്ള വിശ്വാസവും സ്നാനവും നവസൃഷ്ടിയാണ്

**12.** വധുവിനെ വരനിലേക്ക് എന്നവണ്ണം സഭയെ ക്രിസ്തുവിലേക്ക് നയിക്കുന്ന ഭാഗ്യവാനായ പൗലോസ് കൊറിന്തോസുകാർക്കുള്ള തന്റെ ലേഖനത്തിൽ നമ്മോടു പറഞ്ഞത് ഇന്നു നിങ്ങൾ കേട്ടല്ലോ:

www.malankaralibrary.com



"ക്രിസ്തുവിലായിരിക്കുന്നയാൾ നവസൃഷ്ടിയാകുന്നു" (2 കൊറി 5:17). ഇത് ദൃശ്യമായ സൃഷ്ടിയെപ്പറ്റിയാണ് എന്ന് നാം വ്യാഖ്യാനിക്കാതിരിക്കാൻ അവൻ പറഞ്ഞു. "ക്രിസ്തുവിൽ ആയിരിക്കുന്നയാൾ" അതായത്, ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ ഭാഗത്തേക്ക് കടന്നുവരുന്നവൻ നവസൃഷ്ടിയുടെ ഒരു ദൃഷ്ടാന്തമാണ് എന്ന് അവൻ നമ്മെ പഠിപ്പിക്കുന്നു. നാം പുതിയ ആകാശങ്ങളും തന്റെ സൃഷ്ടിയുടെ മറ്റു ഭാഗങ്ങളും കണ്ടെന്നിരുന്നാലും, തിന്മയിൽ നിന്ന് സുകൃതത്തിലേക്കും തെറ്റിൽനിന്ന് സത്യത്തിലേക്കും തിരിയുന്ന മനുഷ്യനെ കാണുന്നതുമായി താരതമ്യപ്പെടുത്താവുന്ന പ്രയോജനം അതിനുണ്ടോ എന്ന് എന്നോടു പറയുവിൻ. ഇതിനെയാണ് ഭാഗ്യവാനായ പൗലോസ് നവസൃഷ്ടി എന്നു വിളിച്ചത്, തുടർന്ന് അവൻ പറയുന്നു: "പഴയവ കടന്നുപോയി, ഇതാ, എല്ലാം പുതുതായിരിക്കുന്നു". ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസം വഴി പഴയ വസ്ത്രംപോലെ തങ്ങളുടെ പാപഭാരം ഉരിഞ്ഞുകളയുകയും, തെറ്റിൽ നിന്നു വിമുക്തരാകുകയും നീതീകരണത്തിന്റെ പ്രകാശത്താൽ പ്രശോഭിതരാകുകയും ചെയ്തവർ പുതിയതും പ്രകാശിക്കുന്നതുമായ ഈ രാജകീയവസ്ത്രം ധരിച്ചവരാണ് എന്ന് ഇതിലൂടെ അവൻ ചുരുക്കമായി നമ്മെ കാണിക്കുകയത്രേ ചെയ്തത്. അതുകൊണ്ടാണ് അവൻ പറഞ്ഞത് "ക്രിസ്തുവിലായിരിക്കുന്നയാൾ നവസൃഷ്ടിയാകുന്നു, പഴയവ കടന്നുപോയി. ഇതാ എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു".

**13.** ഇന്നലെയും മിനിയാന്നും വരെ തീറ്റിപ്രിയനും സുഖലോലുപനുമായി കഴിഞ്ഞവൻ, സ്വയംനിഗ്രഹത്തിന്റെയും ലാളിത്യത്തിന്റേയുമായ ജീവിതം പെട്ടെന്ന് സ്വീകരിച്ചത് എങ്ങനെയാണ് നവീനവും അവിശ്വസനീയവും ആകാതിരിക്കുക? മുമ്പ് അടക്കമില്ലാത്തവനും ഭൗമിക ജീവിതസുഖങ്ങളിൽ മുഴുകിയിരുന്നവനുമായ വ്യക്തി, പെട്ടെന്ന് ജഡത്തിൽ അല്ലാത്തവിധം വികാരാതീതനായി തീരുകയും മിതത്വത്തിന്റെയും ശുദ്ധതയുടെയുമായ ഒരു ജീവിതം പിൻതുടരുകയും ചെയ്യുന്നത് എങ്ങനെയാണ് പുതിയതും തികച്ചും അവിശ്വസനീയവും അല്ലാതിരിക്കുന്നത്?

**14.** നവസൃഷ്ടി സത്യമായും സമാഗതമായി എന്നു നിങ്ങൾ കാണുന്നില്ലേ? ദൈവകൃപ ഈ ആത്മാക്കളിൽ പ്രവേശിച്ച് അവരെ പുതുതായി രൂപീകരിക്കുകയും നവീകരിക്കുകയും തങ്ങൾ ആയിരുന്ന അവസ്ഥയിൽ നിന്ന് അവരെ വ്യത്യസ്തരാക്കുകയും ചെയ്തു. അത് അവരുടെ സത്തയെ മാറ്റിക്കൊണ്ടല്ല; പിന്നെയോ അവരുടെ



കണ്ണുകളെ മൂടിക്കൊണ്ടിരുന്ന മൂടൽമഞ്ഞിനെ നീക്കിക്കളഞ്ഞുകൊണ്ട്, തിന്മയുടെ വൃത്തികെട്ട വൈരൂപ്യവും അവർക്കു സത്യമായും ലഭിച്ച സുകൃതത്തിന്റെ തിളങ്ങുന്ന സൗന്ദര്യവും ദൈവകൃപ അവരെ കാണിച്ചു കൊടുത്തുകൊണ്ടാണ്.

**15.** ഓരോ ദിവസവും നാഥൻ ഒരു നവസൃഷ്ടി നടത്തുന്നതു നിങ്ങൾ കാണുന്നില്ലേ? എന്തുകൊണ്ടെന്നാൽ, ഏതാണ്ട് തന്റെ ജീവിതകാലം മുഴുവൻ ലൗകിക സുഖങ്ങളിൽ മുഴുകുകയും കല്ലും തടിയും ദൈവങ്ങളാണെന്നു കരുതി അവയെ ആരാധിക്കുകയും ചെയ്ത വ്യക്തി, ലൗകിക സുഖങ്ങളെ പരിത്യജിക്കുകയും നിന്ദിക്കുകയും കല്ലു കല്ലാണെന്നും തടി തടിയാണെന്നും കാണുകയും ചെയ്യത്തക്ക സുകൃത ഗോപുരത്തിലേക്ക് പെട്ടെന്ന് ഉയരാൻ അവനെ പ്രേരിപ്പിച്ചത് മറ്റാരാണെന്ന് നിങ്ങൾ എന്നോടു പറയുവിൻ. തത്ഫലമായി, അവനിപ്പോൾ എല്ലാറ്റിന്റെയും സ്രഷ്ടാവിനെ ആരാധിക്കുകയും ഈ ജീവിതത്തിലെ എല്ലാറ്റിനെക്കാളും ഉപരിയായി അവനിൽ വിശ്വാസം അർപ്പിക്കുകയും ചെയ്യുന്നു.

**16.** ക്രിസ്തുവിലുള്ള വിശ്വാസത്തെയും സുകൃതത്തിലേക്കുള്ള തിരിച്ചുവരവിനെയും നവസൃഷ്ടി എന്നു വിളിക്കുന്നത് എന്തിനാണെന്നു നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട്, നേരത്തെ ആനീതരായവരോടും നാഥന്റെ ഹൃദയവിശാലതയ്ക്ക് പാത്രീഭൂതരായവരോടും ഒരുപോലെ ഞാൻ ഉപദേശിക്കുന്നു. നമുക്കെല്ലാവർക്കും ശ്ലീഹായുടെ ഉപദേശം ശ്രവിക്കാം. അവൻ പറയുന്നു: "പഴയതു കടന്നുപോയി. ഇതാ, എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു" (2 കൊറി 5:17). നമുക്ക് ഭൂതകാലം മുഴുവൻ മറന്നുകളയാം, നവലോക പൗരന്മാരെപ്പോലെ നമുക്കു നമ്മുടെ ജീവിതം നവീകരിക്കാം, നമ്മിൽ വസിക്കുന്നവന്റെ ഔന്നത്യം നമ്മുടെ ഓരോ വാക്കിലും പ്രവൃത്തിയിലും നിഴലിക്കട്ടെ.

## നവജാതർ പ്രത്യേകമായി പെരുമാറ്റത്തിലൂടെ ശോഭ പരത്തണം

**17.** ലൗകികകാര്യങ്ങളിൽ വ്യാപരിക്കുന്ന പൊതു പ്രവർത്തകർ പലപ്പോഴും തങ്ങളുടെ വസ്ത്രങ്ങളിൽ രാജകീയ പ്രതിച്ഛായയുടെ അടയാളം പതിക്കുകയും അക്കാരണത്താൽ എല്ലാവരുടെയും ദൃഷ്ടിയിൽ വിശ്വസ്തരായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. രാജകീയാടയാളമുള്ള വസ്ത്രത്തിന് ചേരാത്തതൊന്നും ചെയ്യാൻ ഈ മനുഷ്യർ മുതിരുകയില്ല. അവർ അതിനു മുതിർന്നാൽ തന്നെ അവരെ തടയാൻ

www.malankaralibrary.com



അനേകരുണ്ട്. ഇവരെ ദുഷിക്കാൻ ആരെങ്കിലും മുതിർന്നാൽ, അപ്രകാരമൊന്നും അവരോട് ചെയ്യാനാവില്ല എന്ന് അവർ ധരിക്കുന്ന വസ്ത്രം ഗാരന്റി നൽകുന്നു. അതുപോലെ തങ്ങളുടെ വസ്ത്രങ്ങളിലല്ല, തങ്ങളുടെ ആത്മാക്കളിൽ ക്രിസ്തുവും അവനോടൊത്ത് പിതാവും പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷീകരണവും ഉള്ളവർ, തങ്ങളും രാജകീയമുദ്ര ധരിക്കുന്നവരാണ് എന്നതിന് കുടുതൽ ഉറപ്പ് നൽകുന്നതും, തങ്ങളുടെ നല്ല പെരുമാറ്റവും ജീവിതരീതികളും കൊണ്ട് മറ്റുള്ളവർക്ക് ഇത് കൂടുതൽ വ്യക്തമാക്കിക്കൊടുക്കുന്നതും വളരെ നല്ലതു തന്നെയാണ്.

**18.** തങ്ങളുടെ വസ്ത്രങ്ങളുടെ മുൻഭാഗത്ത് രാജകീയാടയാളങ്ങൾ പതിക്കുന്നവർ എടുത്തുകാട്ടപ്പെടുകയും എല്ലാവർക്കും അറിയപ്പെടുകയും ചെയ്യുന്നു. എന്നേക്കുമായി ക്രിസ്തുവിനെ ധരിക്കുകയും ക്രിസ്തു നമ്മിൽ വസിക്കാൻ നാം യോഗ്യരായി ഗണിക്കപ്പെടുകയും ചെയ്തശേഷം, നാം തീരുമാനിച്ചാൽ, ഒരു വാക്കുപോലും ഉച്ചരിക്കാതെ തന്നെ, നമ്മിൽ വസിക്കുന്നവന്റെ ശക്തി നമ്മുടെ സുരക്ഷിതമായ ജീവിതത്തിലൂടെ എല്ലാവരെയും കാണിക്കാൻ നമുക്കു കഴിയും. ഇപ്പോൾ നിങ്ങൾ ധരിക്കുന്ന വസ്ത്രവും പ്രകാശിക്കുന്ന വസ്ത്രങ്ങളും എല്ലാവരുടെയും കണ്ണുകളെ ആകർഷിക്കുന്നു. നിങ്ങളുടെ ദൈവിക വ്യാപാരങ്ങളാലും നല്ല ശിക്ഷണത്താലും, ഇപ്പോഴത്തേതിനേക്കാൾ കൂടുതൽ ശോഭയോടെ നിങ്ങളുടെ വസ്ത്രങ്ങൾ പ്രകാശിപ്പിക്കാൻ നിങ്ങൾ വിചാരിച്ചാൽ സാധിക്കും. അങ്ങനെ ചെയ്താൽ, നിങ്ങളെ കാണുന്നവരെയെല്ലാം അതേ തീക്ഷ്ണത കാണിച്ചും നാഥനെ പ്രകീർത്തിച്ചും ആകർഷിക്കാൻ നിങ്ങൾക്ക് എപ്പോഴും കഴിയും.

**19.** അതുകൊണ്ടാണ്, "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് നിങ്ങളുടെ സ്വർഗീയ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് മനുഷ്യരുടെ മുമ്പിൽ നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ" എന്ന് ക്രിസ്തു പറഞ്ഞത് (മത്താ 5:16). വസ്ത്രങ്ങൾ കൊണ്ടല്ല, സത്പ്രവൃത്തികൾ കൊണ്ടാണ് നമ്മുടെ ഉള്ളിലുള്ള വെളിച്ചം പ്രകാശിക്കേണ്ടത് എന്ന് അവിടുന്ന് നമ്മെ ഉദ്ബോധിപ്പിക്കുന്നത് നിങ്ങൾ കാണുന്നില്ലേ? "മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കാണാൻ നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" എന്നാണ് അവിടുന്ന് പറഞ്ഞത്. ശാരീരികേന്ദ്രിയങ്ങളിൽ അവസാനിക്കുന്നതല്ല ഈ വെളിച്ചം; പിന്നെയോ, അതു ദർശിക്കുന്നവരുടെ ആത്മാവിനെയും



ബോധത്തെയും പ്രകാശിപ്പിക്കുന്നു. അത്, തിന്മയുടെ അന്ധകാരം അകറ്റിയശേഷം, അതു ദർശിക്കുന്നവരെ തങ്ങളുടെ സ്വന്തം പ്രകാശംകൊണ്ട് പ്രകാശിക്കുന്നതിനും സുകൃതജീവിതം അനുകരിക്കുന്നതിനും പ്രേരിപ്പിക്കുന്നു.

**20.** "നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ" എന്ന് അവിടുന്നു പറയുന്നു: "മനുഷ്യരുടെ മുമ്പിൽ" എന്ന് അവിടുന്ന് ശരിയായിട്ടാണു പറഞ്ഞത്. നിങ്ങളെ മാത്രമല്ല, തങ്ങളെ നയിക്കാൻ വെളിച്ചം ആവശ്യമുള്ള മനുഷ്യരെയും പ്രകാശിപ്പിക്കാൻ തക്കവണ്ണം അവരുടെ മുമ്പിൽ പ്രകാശിക്കാനായി പ്രകാശപൂരിതമായിരിക്കട്ടെ എന്ന് അവിടുന്നു പറയുന്നു. ശാരീരിക നയനങ്ങൾക്കുള്ള പ്രകാശം അന്ധകാരം അകറ്റി റോഡിൽക്കൂടി സഞ്ചരിക്കുന്നവർക്കു പാതതെളിക്കുന്നതുപോലെ, നിങ്ങളുടെ ശ്രേഷ്ഠവ്യാപാരങ്ങളിൽ നിന്നുവരുന്ന, മനസ്സിനുള്ള വെളിച്ചം, സുകൃതപാത ദർശിക്കാൻ കഴിയാത്തവിധം തെറ്റിന്റെ അന്ധകാരത്തിൽ തങ്ങളുടെ മാനസ്സിക ദർശനം ആണ്ടുപോയവർക്ക് പാത തെളിക്കട്ടെ. ഈ പ്രകാശം ഈ വഴിയാത്രക്കാരുടെ ആന്തരിക നയനങ്ങളിൽ നിന്ന് മൂടൽമഞ്ഞ് നീക്കുകയും ശരിയായ പാതയിൽ അവരെ എത്തിക്കുകയും അപ്പോൾ മുതൽ സുകൃതപാതയിൽ സഞ്ചരിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

**21.** "നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് അവർ നിങ്ങളുടെ സ്വർഗീയ പിതാവിനെ മഹത്ത്വപ്പെടുത്തട്ടെ" നിങ്ങളെ ദർശിക്കുന്നവരെ നിങ്ങളുടെ ശിക്ഷണ പൂർണമായ പെരുമാറ്റവും പ്രവൃത്തികളിലുള്ള കൃത്യതയും നിങ്ങളുടെ സുകൃതവും എല്ലാവരുടെയും പൊതുനാഥനെ പ്രകീർത്തിക്കുന്നതിന് പ്രേരകമാകട്ടെ എന്ന് അവിടുന്നു പറയുന്നു. നിങ്ങളെ ദർശിക്കുന്ന എല്ലാവരിൽ നിന്നും നാഥന് ആരാധനാപ്രാർത്ഥനകൾ ഉയരത്തക്കവിധം കൃത്യമായി തന്റെ ജീവിതം നയിക്കാൻ നിങ്ങളോരോരുത്തരും തല്പരർ ആയിരിക്കാൻ ഞാൻ ഉപദേശിക്കുന്നു.

**22.** അതുകൊണ്ടാണ്, "ക്രിസ്തുവിലുള്ളവൻ നവസൃഷ്ടിയാണ്, പഴയവ കടന്നുപോയി, ഇതാ, എല്ലാം നവീകരിക്കപ്പെട്ടിരിക്കുന്നു" എന്ന് കൊറിന്തോസുകാർക്കുള്ള രണ്ടാം ലേഖനത്തിൽ ഭാഗ്യവാനായ പൗലോസ് പറഞ്ഞത് (5:17). അവൻ ക്രിസ്തുവിനെ അനുകരിക്കുകയും പരിപൂർണമായ ജീവിതം പഠിപ്പിക്കുകയും മനുഷ്യരുടെ രക്ഷയെ പ്രതി എല്ലായിടത്തും പോകുകയും എല്ലാം പ്രവർത്തി

www.malankaralibrary.com



ക്കുകയും ചെയ്തു. അവൻ നമ്മെ പ്രബോധിപ്പിച്ചുകൊണ്ട് ഏതാണ്ട് ഇപ്രകാരം പറയുന്നതുപോലെയാണിത്: "നിങ്ങൾ പഴയവസ്ത്രം ഉരിഞ്ഞുകളഞ്ഞു; സൂര്യകിരണങ്ങളെ ഉല്ലംഘിക്കുന്ന ശോഭയേറിയ പുതിയ വസ്ത്രം നിങ്ങൾ ധരിച്ചിരിക്കുന്നു. ഈ രീതിയിൽ, ഉജ്ജ്വലിക്കുന്ന സൗന്ദര്യത്തിൽ വസ്ത്രം കാത്തുസൂക്ഷിക്കാൻ നിങ്ങൾ ശ്രദ്ധിക്കുവിൻ. കാരണം, നമ്മുടെ രക്ഷയുടെ ശത്രുവായ ആ ദുഷ്ടപിശാച് പ്രകാശിക്കുന്ന നമ്മുടെ ഈ ആത്മീയ വസ്ത്രം ദർശിക്കുന്നിടത്തോളം കാലം അതിന്റെ ശോഭയെ ഭയപ്പെടുന്നതിനാൽ നമ്മുടെ എതിരേ നില്ക്കാൻ തുനിയുകയില്ല. അതു പുറപ്പെടുവിക്കുന്ന ശോഭ അവന്റെ നയനങ്ങളെ അന്ധമാക്കുന്നു".

**23.** അതുകൊണ്ട്, ആരംഭം മുതലേ നല്ല പോരാളികളായി നിങ്ങളെത്തന്നെ കാണിക്കുവിൻ എന്നു നിങ്ങളെ ഞാൻ ഉപദേശിക്കുന്നു. എല്ലാത്തരത്തിലും ഈ വസ്ത്രത്തിന്റെ സൗന്ദര്യം കൂടുതൽ പ്രകാശിതവും ശോഭാമയവും ആക്കിക്കൊണ്ട്, നിങ്ങളെത്തന്നെ പ്രകാശിക്കുന്ന ദീപ്തികൾ ആക്കുവിൻ. യാതൊരു പാഴ്വാക്കോ, അശ്രദ്ധ വചനമോ നിങ്ങളുടെ അധരങ്ങളിൽ നിന്നു പുറപ്പെടരുത്. നമ്മെ ശ്രവിക്കുന്നവർക്ക് നാം പറയുന്നത് എന്തെങ്കിലും പ്രയോജനം ചെയ്യുമോ എന്നും അവർക്കു മാതൃകാപരമായിരിക്കുമോ എന്നും ആദ്യമേ നമുക്കു ചിന്തിക്കാം. പിന്നീട്, അടുത്ത് ആരോ നിന്ന് നാം പറയുന്ന വാക്കുകൾ കുറിച്ചെടുക്കുന്നു എന്നവണ്ണം, നമുക്കു പറയാനുള്ളത് ഭയത്തോടുകൂടെ ഉച്ചരിക്കാം. "മനുഷ്യർ പറയുന്ന എല്ലാ പാഴ്വാക്കുകൾക്കും വിധിദിവസത്തിൽ അവർ കണക്കു കൊടുക്കേണ്ടിവരും" എന്ന കർതൃവചനം നമുക്ക് അനുസ്മരിക്കാം (മത്താ 12:36).

**24.** നമ്മിൽ നിന്ന് വ്യർഥവും ലൗകികവും പ്രയോജനരഹിതവുമായ സംഭാഷണം ഉണ്ടാകരുത്. നാം ഇപ്പോൾ മുതൽ തികച്ചും നവീനവും വ്യത്യസ്തവുമായ ജീവിതരീതി തെരഞ്ഞെടുത്തിരിക്കുന്നു; നാം ഇതിന് അയോഗ്യരായി തീരാതിരിക്കാൻ നമ്മുടെ പ്രവൃത്തികൾ ഈ നവജീവിതത്തിന് അനുസൃതമായിരിക്കണം. ചില സംഗതികൾ മറ്റ് മനുഷ്യർക്ക് പൊതുവേ അനുവദനീയമാണെങ്കിലും, കൗൺസിലിൽ അംഗങ്ങളാകാൻ തല്പരരായവർക്ക് മാനുഷികനിയമം അനുസരിച്ച്, ലൗകിക ബഹുമാനം നിമിത്തം അനുവദനീയമല്ല എന്നുള്ളത് നിങ്ങൾക്കറിയാമല്ലോ. അതുപോലെ എന്നേക്കുമായി ഈ സഭയിൽ ഇപ്പോൾ പേരെഴുതപ്പെട്ട നവജാതരായ നിങ്ങളും, നേരത്തെ ഈ



കൃപയ്ക്ക് അർഹരാക്കപ്പെട്ട നാമും ഒരുപോലെ, മറ്റു മനുഷ്യർ ചെയ്യുന്നപോലെ ചെയ്യാതിരിക്കുന്നത് ന്യായീകരിക്കത്തക്കതു തന്നെ; മറിച്ച്, നാം നമ്മുടെ സംസാരത്തിൽ ശിക്ഷണം ലഭിച്ചവരും ചിന്തയിൽ ശുദ്ധമാനസ്സരും ആത്മാവിന് സമൃദ്ധമായ പ്രയോജനം ലഭിക്കാത്ത ഒരു പ്രവൃത്തിയും ചെയ്യരുതെന്ന് സഹോദരങ്ങളെ പ്രബോധിപ്പിക്കുന്നവരും ആയിരിക്കണം.

**25.** ഇതിലൂടെ ഞാൻ എന്താണ് അർഥമാക്കുന്നത്? സ്തുതിഗീതങ്ങൾ ആലപിക്കുന്നതിനും ദിവ്യവചനം വായിക്കുന്നതിനും ശ്രോതാക്കൾക്ക് കൃപ ലഭിക്കുന്നതിന് ആത്മീയോന്നതിക്ക് സഹായകമായ ആത്മീയ സംഭാഷണത്തിനും മാത്രം നമുക്ക് നമ്മുടെ നാവിനെ ഉപയോഗിക്കാം. ദൈവാത്മാവിനെ നിങ്ങൾ ദുഃഖിപ്പിക്കരുത്, അവനാലാണല്ലോ നിങ്ങൾ മുദ്രിതരായിരിക്കുന്നത് (എഫേ 4:29–30). അപ്രകാരം ചെയ്തില്ലെങ്കിൽ പരിശുദ്ധാത്മാവിനെ നിങ്ങൾ ദുഃഖിപ്പിക്കുകയായിരിക്കും ചെയ്യുക എന്നു നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട്, പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന യാതൊന്നും ചെയ്യാതിരിക്കാൻ ശ്രദ്ധാലുക്കളായിരിക്കണം എന്നു ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. നാം നമ്മുടെ ഭവനങ്ങളിൽ നിന്ന് അകലെ പോകേണ്ടിവന്നാലും നമുക്ക് ഉപദ്രവം ചെയ്യുന്ന പരിപാടികളിൽ പങ്കെടുക്കരുത്. പ്രയോജനരഹിതവും അർഥശൂന്യവുമായ പരിപാടികൾ നാം ഒഴിവാക്കണം. എല്ലാറ്റിനും ഉപരി, ദൈവത്തിന്റെ സഭയേക്കാളും പ്രാർത്ഥനാലയത്തേക്കാളും ആത്മീയകാര്യങ്ങളെപ്പറ്റി സംഭാഷണം നടക്കുന്ന യോഗങ്ങളെക്കാളും കൂടുതൽ ബഹുമാനപൂർവം മറ്റൊന്നിനെയും നാം പരിഗണിക്കരുത്.

**26.** നമ്മുടെ ഓരോ പ്രവൃത്തിയും മാന്യത നിറഞ്ഞതായിരിക്കട്ടെ. "കാരണം, മനുഷ്യന്റെ വേഷവും ചിരിയും നടപ്പും അവൻ ആരെന്നു വെളിപ്പെടുത്തുന്നു" (പ്രഭാഷകൻ 19:30). ആത്മാവിന്റെ ആന്തരികാവസ്ഥയുടെ വ്യക്തമായ ച്ഛായയാകാം ബാഹ്യമായ കാണപ്പെടൽ; അവയവങ്ങളുടെ ചലനമാണ് ആന്തരിക സൗന്ദര്യത്തിന്റെ ഉത്തമ സൂചന. നാം ചന്തസ്ഥലത്തുകൂടെ നടക്കുമ്പോൾ, നമ്മെ കണ്ടുമുട്ടുന്നവരൊക്കെ നമ്മെ നോക്കത്തക്കവിധം മാന്യതയോടുകൂടി നമുക്കു കടന്നുപോകാം. നമ്മുടെ കണ്ണുകൾ അലഞ്ഞുതിരിയുന്നതിൽ നിന്നും നമ്മുടെ പാദങ്ങൾ ചുറ്റിക്കറങ്ങുന്നതിൽനിന്നും കാത്തുസൂക്ഷിക്കാം. നമ്മുടെ നാവ് ഉചിതമാംവിധം ശാന്തമായി സംസാരിക്കട്ടെ. ചുരുക്കത്തിൽ, നമ്മുടെ ബാഹ്യമായ മനോഭാവം മുഴുവൻ നമ്മുടെ ഉള്ളിലെ

www.malankaralibrary.com



ആത്മാവിന്റെ സൗന്ദര്യം വെളിപ്പെടുത്തട്ടെ. "ക്രിസ്തുവിലുള്ളവൻ നവ സൃഷ്ടിയാകുന്നു" എന്ന് ഭാഗ്യവാനായ പൗലോസ് പറഞ്ഞുകൊണ്ട് ചൂണ്ടിക്കാട്ടുന്നതുപോലെ (2 കൊറി 5:17), നമുക്ക് ഇപ്പോഴുള്ളത് നവീനവും വ്യത്യസ്തവുമാകയാൽ, മേലിൽ നമ്മുടെ ജീവിതം വ്യത്യസ്തവും നവീനവും ആയിരിക്കട്ടെ.

**27.** നമുക്കു ലഭിച്ചിരിക്കുന്ന ദാനങ്ങൾ നവീനവും അസാധാരണവുമാണ് എന്നു നിങ്ങൾ അറിയേണ്ടതിന് ഇതാണ് തെളിവ്. ഇതിനു മുമ്പ് നാം ചേറിനേക്കാൾ നിന്ദ്യരും ചെളിയിൽ പൂണ്ടുകിടന്നവരുമാണ്; എന്നാൽ നാം പെട്ടെന്ന് സ്വർണത്തേക്കാൾ ശോഭയുള്ളവരായിത്തീർന്നു; ഭൂമിക്കു പകരം സ്വർഗം സമ്പാദിച്ചിരിക്കുന്നു. നമ്മുടെ ദാനങ്ങളെല്ലാം ആത്മീയതലത്തിൽ പെട്ടവ ആയതിനാലാണിത്. നമ്മുടെ വസ്ത്രം ആത്മീയമാണ്, നമ്മുടെ ഭക്ഷണപാനീയങ്ങളും അപ്രകാരം തന്നെ. അതുകൊണ്ട് മേലിൽ നമ്മുടെ പ്രവർത്തനങ്ങളെല്ലാം ആത്മീയമായിരിക്കണമെന്ന് ഇതിൽ നിന്നു ധ്വനിക്കുന്നു. വിശുദ്ധ പൗലോസ് പറയുന്നതുപോലെ, ഇവ ആത്മാവിന്റെ ഫലങ്ങളാണ്: "എന്നാൽ ആത്മാവിന്റെ ഫലങ്ങളാകട്ടെ, സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവയാണ്; ഇവയ്ക്കെതിരെ നിയമം വയ്ക്കപ്പെട്ടിട്ടില്ല" എന്ന് അവൻ പറയുന്നു (ഗലാ 5:22–23). അവൻ ശരിയായിട്ടു തന്നെയാണ് പറഞ്ഞിരിക്കുന്നത്. സുകൃതത്തെ പിൻചെല്ലുന്നവർ നിയമത്തിന് ഉപരിസ്ഥരാണ്; അവർ നിയമത്തിനു വിധേയരല്ല. "നിയമം നീതിമാന്മാർക്കുള്ളതല്ല" (1 തിമോ1:9).

**28.** ആത്മാവിന്റെ ഫലങ്ങളുടെ പട്ടിക നിരത്തിയശേഷം പൗലോസ് ഇപ്രകാരം പറയുന്നു: "ക്രിസ്തുവിനുള്ളവർ തങ്ങളുടെ ശരീരത്തെ അതിന്റെ ദുരാശകളോടും വികാരങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു" (ഗലാ 5:24). തിന്മചെയ്യുന്നതിന് ശരീരത്തിന് കഴിവില്ല എന്ന് അവർ കാണിച്ചിരിക്കുന്നു, അതിനെ അവർ ബലഹീനമാക്കിയിരിക്കുന്നു എന്ന് പറയുന്നതുപോലെ ആണിത്. ദുരാശകൾക്കും വികാരങ്ങൾക്കും അതീതമാക്കിയിരിക്കത്തക്കവണ്ണം അവർ ശരീരത്തോടു പോരാട്ടം നടത്തിയിരിക്കുന്നു. "അവർ ക്രൂശിച്ചിരിക്കുന്നു" എന്ന് വി. പൗലോസ് പറഞ്ഞപ്പോൾ, ഇങ്ങനെ നാം മനസ്സിലാക്കണം എന്നാണ് അവൻ ആഗ്രഹിച്ചത്, കുരിശിനോട് ചേർത്തു ബന്ധിക്കപ്പെട്ട് ആണികളാൽ തറയ്ക്കപ്പെട്ടിരിക്കുന്ന മനുഷ്യൻ, വേദനകൊണ്ടു പുളയുകയും



ഇഞ്ചിഞ്ചായി കഷ്ടപ്പെടുകയുമാണ്. ഈ അവസ്ഥയിൽ ശാരീരിക ദുരാശകൾ അവനെ അലട്ടുകയില്ല; ഇത്തരം വികാരങ്ങൾക്കൊന്നും ഇടം കൊടുക്കാത്ത കഠിനവേദന, ദുർവിചാരങ്ങളെയും ദുഷ്കാമങ്ങളെയും അകറ്റിക്കളയുന്നു. അതുപോലെ, തങ്ങളുടെ ദുരാശകളോടും വികാരങ്ങളോടുംകൂടെ ക്രൂശിക്കപ്പെട്ടു എന്നവണ്ണം, ക്രിസ്തുവിനു തങ്ങളെത്തന്നെ സമർപ്പിച്ചവർ, ഈ അർപ്പണത്താൽ തങ്ങളെത്തന്നെ ക്രിസ്തുവിനോട് ചേർത്തു തറയ്ക്കുകയും ശാരീരിക ദുരാശകളോട് വിടപറയുകയും ചെയ്യുന്നു.

**29.** നാം ക്രിസ്തുവിന്റേതായി തീരുകയും അവനെ ധരിക്കുകയും ആത്മീയ ഭക്ഷണപാനീയങ്ങൾക്കു യോഗ്യരായി നാം ഗണിക്കപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ, വർത്തമാനകാല ജീവിതത്തിന്റെ കാര്യങ്ങൾ ഒന്നും നമുക്കുള്ളതല്ല എന്നവണ്ണം ജീവിക്കാൻ നമുക്കു നമ്മെത്തന്നെ പരിശീലിപ്പിക്കാം. കാരണം, മറ്റൊരു ജീവിതാവസ്ഥയുടെ, സ്വർഗീയ ജറുസലേമിലെ, പൗരന്മാരായി പേരെഴുതപ്പെട്ടവരാണ് നാം. അതുകൊണ്ട്, ആ അവസ്ഥയ്ക്കനുസൃതമായ കർമ്മങ്ങൾ ചെയ്യാം. ഈ പ്രവൃത്തികളിലൂടെ ഉന്നതത്തിൽനിന്ന് സമൃദ്ധമായ അനുഗ്രഹങ്ങൾ സമ്മാനിക്കാം. ഈ പ്രവൃത്തികളിലൂടെ സുകൃതം അഭ്യസിക്കുകയും നാഥനെ മഹത്ത്വപ്പെടുത്താൻ മറ്റുള്ളവരെ ക്ഷണിക്കുകയും ചെയ്യാം. നമ്മുടെ നാഥൻ മഹത്ത്വപ്പെടുമ്പോൾ, നന്ദിയില്ലാത്തവരും ഒരുക്കമില്ലാത്തവരുമായ ആത്മാക്കളിലല്ല തന്റെ ദാനങ്ങൾ വർഷിക്കുന്നതെന്ന് കാണുകയും നമ്മുടെ സന്മനസ്സിനെ സ്വീകരിക്കുകയും ചെയ്യുമ്പോൾ, അവിടുന്ന് മനസ്സുതുറന്ന് തന്റെ ദാനങ്ങൾ നമ്മുടെമേൽ വർഷിക്കും.

**30.** എന്റെ പ്രസംഗം അല്പം നീണ്ടുപോയി എന്ന് എനിക്കറിയാം. എന്നോട് ക്ഷമിക്കുക. നിങ്ങളോട് എനിക്കുള്ള അതീവ സ്നേഹമാണ് പ്രസംഗം നീളാൻ ഇടയാക്കിയത്. നിങ്ങളുടെ വലിയ ആത്മീയ സമ്പത്തും ദുഷ്ടപിശാചിന്റെ വിഭ്രാന്തിയും ഞാൻ കാണുന്നു. നിങ്ങൾക്ക് ഇപ്പോൾ പ്രത്യേകമായി സംരക്ഷണവും കരുതലും കൂടുതൽ അളവിൽ ആവശ്യമാണ്. അതുകൊണ്ടാണ്, നിങ്ങളുടെ ഈ ആത്മീയനിക്ഷേപം സംരക്ഷിക്കുന്നതിൽ നിങ്ങൾ നിരന്തരമായി ഉണർവുള്ളവരും കരുതലുള്ളവരും കൃത്യത ഉള്ളവരും ആയിരിക്കണം എന്നു നിങ്ങളെ ഞാൻ ഉപദേശിച്ചത്. അപ്പോൾ നമ്മുടെ രക്ഷയുടെ ശത്രു യാതൊരു പഴുതും കണ്ടെത്തുകയില്ല.

www.malankaralibrary.com



**31.** മഷിയും പേപ്പറും ഉപയോഗിച്ചല്ല, പിന്നെയോ, വിശ്വാസത്തിലൂടെയും ഏറ്റുപറച്ചിലിലൂടെയും നാഥനുമായി നടത്തിയ നിങ്ങളുടെ ഉടമ്പടി ഉറപ്പുള്ളതും ഇളക്കമില്ലാത്തതുമായി സംരക്ഷിക്കപ്പെടട്ടെ. നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ ദിവസവും ഇതേ ശോഭയിൽ നിലനില്ക്കാൻ തീക്ഷ്ണതയുള്ളവർ ആയിരിക്കുവിൻ. നമ്മുടെ പങ്ക് നിർവഹിക്കാൻ നാം നിരന്തരം ഒരുക്കമുള്ളവരായിരുന്നാൽ, ഈ ശോഭയേറിയ പ്രകാശത്തിൽ നിലനില്ക്കാം എന്നു മാത്രമല്ല, നമ്മുടെ ആത്മീയ വസ്ത്രം കൂടുതൽ തിളക്കമുള്ളതാക്കാൻ നമുക്കു സാധിക്കുകയും ചെയ്യും. പൗലോസും, സ്നാനത്തിന്റെ കൃപയ്ക്കുശേഷം ഓരോ ദിവസം കഴിയുന്തോറും തന്നിലുള്ള കൃപ വർദ്ധിച്ചുവന്നതിനാൽ, കൂടുതൽ പ്രശോഭിതനും വെളിച്ചം പരത്തുന്നവനുമായി കാണപ്പെട്ടു.

**32.** അതുകൊണ്ട് ഓരോ ദിവസവും നമ്മുടെ ഈ ശോഭയുള്ള വസ്ത്രം കറയോ ചുളിവോ കൂടാതെ കാത്തുസൂക്ഷിക്കാൻ തല്പരർ ആയിരിക്കുകയും കരുതലുള്ളവർ ആയിരിക്കുകയും ചെയ്യാം. നിസ്സാരങ്ങൾ എന്നു കരുതപ്പെടുന്ന കാര്യങ്ങളിൽ പോലും സൂക്ഷ്മതയുള്ളവരായിരിക്കാം; അങ്ങനെ ഗൗരവമായ പാപങ്ങളിൽ നിന്നു കൂടി രക്ഷപെടാൻ നമുക്കു സാധിക്കും. ചില പാപങ്ങൾ നിസ്സാരങ്ങൾ എന്നു കരുതി നാം അവഗണിച്ചാൽ, നമ്മുടെ ജീവിതപന്ഥാവിൽ സാവധാനം നാം ഗൗരവമേറിയവയിൽ നിപതിക്കാൻ ഇടയുണ്ട്. അതുകൊണ്ട്, നിങ്ങളുടെ ഉടമ്പടിയുടെ ഓർമ എപ്പോഴും മനസ്സിൽ നിലനിർത്തണമെന്നും, നിങ്ങൾ പിന്നിൽ ഉപേക്ഷിച്ചുകളഞ്ഞവയുടെ നിന്ദനത്തിൽ നിന്ന് ഓടിയകലണമെന്നും ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. അതായത്, പിശാചിന്റെ ആഡംബരങ്ങളും ദുഷ്ടന്റെ എല്ലാ കെണികളും. ക്രിസ്തുവിനോട് നിങ്ങൾ ചെയ്ത ഉടമ്പടി പൂർണമായും അവികലമായും പാലിക്കണം എന്നു ഞാൻ ഉപദേശിക്കുന്നു. അതുവഴി പിശാചിന്റെ വഞ്ചനകൾ നിങ്ങളിൽനിന്ന് അകന്നുപോകും; ആത്മീയ സദ്യയുടെ പ്രയോജനം നിങ്ങൾക്കു തുടർന്നും ലഭിക്കും, അവ നൽകുന്ന പോഷണത്താൽ നിങ്ങൾ ബലം പ്രാപിക്കുകയും ചെയ്യും.

**33.** ദൈവത്തിന്റെ ഏകജാതനായ നമ്മുടെ കർത്താവേശുമിശിഹായുടെ കൃപയാലും കാരുണ്യത്താലും, നിങ്ങളുടെ സ്വഭാവ വൈശിഷ്ട്യത്താൽ പരിശുദ്ധാത്മാവിൽ നിന്ന് സമൃദ്ധമായ കൃപ നിങ്ങൾ സമ്പാദിക്കട്ടെ. അങ്ങനെ നിങ്ങൾ വിജയശ്രീലാളിതരാകട്ടെ; നിങ്ങളുടെ പുരോഗതിയിൽ ദൈവത്തിന്റെ സഭ ആനന്ദതുന്ദിലയാകട്ടെ; എല്ലാറ്റിന്റെയും നാഥൻ മഹത്ത്വപ്പെടട്ടെ; നാമെല്ലാവരും സ്വർഗരാജ്യത്തിന് യോഗ്യരായി കരുതപ്പെടുകയും ചെയ്യട്ടെ. അവനോടു കൂടെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വവും ശക്തിയും ബഹുമാനവും ഇപ്പോഴും എന്നുമെന്നേക്കും അനന്തലോകത്തിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## അഞ്ചാം പ്രസംഗം

# നവജാതർക്കുള്ള ഉപദേശം

***ദുർവ്യയത്തിൽ നിന്നും മദ്യപാനത്തിൽനിന്നും അകന്നിരിക്കാനും എല്ലാ കാര്യങ്ങളിലും മിതത്വം പാലിക്കാനും നവജാതർക്കുള്ള ഉപദേശം.***

### പെസഹാപെരുന്നാൾ അടക്കമില്ലായ്മക്കുള്ള മറയാകരുത്

**1.** വത്സലരേ, ഉപവാസം കഴിഞ്ഞെങ്കിലും, ഭക്തി നിലനില്ക്കട്ടെ. പാവനമായ നാല്പതു ദിവസങ്ങൾ കടന്നുപോയെങ്കിലും, അതിന്റെ ഓർമ്മ അവസാനിപ്പിക്കരുത്. ഈ ഉപദേശം കേട്ട് ആരും അതൃപ്തരാകാതിരിക്കട്ടെ; മറ്റൊരു ഉപവാസകാലം നിങ്ങളുടെമേൽ കെട്ടിയേല്പിക്കാനല്ല ഞാനിതു പറയുന്നത്, പിന്നെയോ കുറേക്കൂടി കൃത്യമായ – സത്യമായ – മറ്റൊരുതരം ഉപവാസം നിങ്ങൾ അനുഷ്ഠിച്ച് സ്വതന്ത്രരാകാനത്രേ. കാരണം, ഉപവസിക്കാത്തവനും ഉപവസിക്കാൻ കഴിയും. അതെങ്ങനെ? ഞാൻ പറയാം. നാം ഒരു വശത്ത് ഭക്ഷണം കഴിക്കുന്നു, മറുവശത്ത് പാപത്തിൽ നിന്ന് അകന്നിരിക്കുന്നു. നമ്മെ സഹായിക്കുന്ന ഉപവാസം ഇതത്രേ. നാം കൂടുതൽ എളുപ്പത്തിൽ സുകൃതപാതയിൽ വ്യാപരിക്കാൻവേണ്ടി ആഹാരം വർജിക്കുന്നത് ഈ ഉപവാസത്തെ മുൻനിർത്തിയാണ്. അതുകൊണ്ട്, ശരീരം ശരിയായി സംരക്ഷിക്കുന്നതിനും ആത്മാവിനെ പാപത്തിൽ നിന്ന് കാത്തു



സൂക്ഷിക്കുന്നതിനും ആഗ്രഹിക്കുന്നെങ്കിൽ, നാം ശ്രദ്ധിച്ച് തദനുസൃതം പ്രവർത്തിക്കണം.

**2.** ഇത്തരത്തിലുള്ള ഉപവാസം നമുക്ക് എളുപ്പമായിരിക്കും. മറ്റേ തരത്തിലുള്ളതിനെ സംബന്ധിച്ച്, അതായത് ഭക്ഷണത്തിൽ നിന്നുള്ള ഉപവാസം സംബന്ധിച്ച്, പലരും ബുദ്ധിമുട്ടുകൾ ഉന്നയിക്കാറുണ്ട്. ഭക്ഷണത്തിന്റെ അളവു കുറഞ്ഞതിലുള്ള വിഷമം, ശാരീരിക ദൗർബല്യം, വെള്ളം മാത്രം കുടിച്ചതിലുള്ള ദൂഷ്യം, കുളിക്കാത്തതിന്റെ പ്രയാസം എന്നിവ നിമിത്തം ആരോഗ്യത്തിനു ഹാനികരമായി എന്നു തുടങ്ങി പല നിലവിളികളും കേൾക്കാറുണ്ട്. പാപത്തിൽ നിന്നുള്ള ഉപവാസം സംബന്ധിച്ച് അത്തരത്തിലുള്ള യാതൊരു തടസ്സവാദവും സാധ്യമല്ല. ഇവയെല്ലാം അനുഭവിച്ച് ശരീരത്തിനാവശ്യമായ സേവനം നൽകാനും, അതേസമയം ആത്മാവിന്റെ കാര്യത്തിൽ ശരിയായി ശ്രദ്ധിക്കാനും സാധിക്കും. വാസ്തവത്തിൽ, ഇവയൊന്നും വർജിക്കാൻ ഞാൻ നിങ്ങളെ ഇപ്പോൾ നിർബന്ധിക്കുന്നില്ല. നിങ്ങൾ പാപത്തിൽനിന്നു മാത്രം അകന്നിരിക്കുവിൻ; ആ വർജന നിരന്തരം വിശ്വസ്തതാപൂർവം നിർവഹിക്കുവിൻ. ഈ രീതിയിൽ, നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ നാഴികകളിലും യഥാർത്ഥമായ ഉപവാസം അനുഷ്ഠിക്കാൻ നിങ്ങൾക്കു കഴിയും. ഞാൻ പറഞ്ഞവ മിതമായി ഉപയോഗിക്കുന്നതിൽ നിന്ന് ആരും നിങ്ങളെ തടയുന്നില്ല; എന്നാൽ എല്ലാത്തരത്തിലും പാപം വിലക്കപ്പെട്ടതാണ്. അടക്കമില്ലായ്മ, അമിതാഹാരം, അലസത എന്നീ ഉറവിടങ്ങളിൽ നിന്നാണ് കൃത്യമായി പാപം ഉത്ഭവിക്കുന്നത്. അതുകൊണ്ട്, ഇവ തെറ്റാണെന്ന് നമുക്കു വ്യക്തമായി അറിയാവുന്നതിനാൽ, നാം വിശ്രമിക്കുന്നു എന്ന വ്യാജേന തെറ്റായിട്ടുള്ളത് ചെയ്യാതിരിക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു.

**3.** ഞാൻ മിക്കപ്പോഴും പറഞ്ഞിട്ടുള്ളത് ഇപ്പോൾ വീണ്ടും പറയുകയാണ്: മിതമായ ആഹാരം ശാരീരികാരോഗ്യത്തിനും ആത്മാവിന്റെ സുസ്ഥിതിക്കും വളരെ സഹായകമാകുന്നതുപോലെ, ഭക്ഷണത്തിന്റെ ദുരുപയോഗം മനുഷ്യനെ മുഴുവനായി, ആത്മാവിനെയും ശരീരത്തെയും, ദുഷിപ്പിക്കുന്നു. അമിതമായ ഭക്ഷണപാനീയങ്ങൾ ശരീരത്തെ ബലഹീനമാക്കുകയും ആത്മാവിന്റെ ആരോഗ്യത്തെ നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, അമിതമായിട്ടുള്ളതിൽ നിന്ന് അകന്നുകഴിയാം; നമ്മുടെ രക്ഷയെ സംബന്ധിക്കുന്ന കാര്യത്തിൽ കരുതലുള്ളവരായിരിക്കാം. സർവതിന്മകളുടെയും വേര് മിതത്വമില്ലായ്മയിലാണ് എന്ന് നമുക്കറിയാവുന്നതിനാൽ, അതിനെ മുറിച്ചുകളയാൻ

www.malankaralibrary.com



നമുക്കു ശ്രദ്ധിക്കാം. മദ്യപാനത്തിൽനിന്നും അഴിഞ്ഞാട്ടത്തിൽ നിന്നും എല്ലാത്തരം പാപങ്ങളും ഉടലെടുക്കുന്നു. വിറക് അഗ്നിയെ ശക്തിപ്പെടുത്തുന്നതുപോലെ ഈ തിന്മകൾ നമ്മെ പാപത്തിലേക്ക് വഴുതിവീഴ്ത്തുന്നു. കൂടുതൽ വിറകുണ്ടെങ്കിൽ തീ കൂടുതൽ ആളിക്കത്തിച്ച് തീജ്ജ്വാല ഉയരും. ഇവിടെയും അതുപോലെ, നാം നമ്മെത്തന്നെ മദ്യപാനത്തിനും ദുർവ്യയത്തിനും കൈയാളിച്ചാൽ, നാം നമ്മുടെ പാപത്തിന്റെ കനൽക്കൂമ്പാരം വർദ്ധിപ്പിക്കുകയായിരിക്കും ചെയ്യുക.

**4.** നിങ്ങൾ വിവരമുള്ളവർ ആകുന്നതിനാൽ, എന്റെ ഉപദേശത്തിനു ശേഷം, നിങ്ങൾക്കാവശ്യമുള്ളതിനപ്പുറത്തേക്ക് കടക്കാൻ തുനിയുകയില്ല എന്ന് എനിക്കറിയാം. എന്നാൽ അമിതമായ മദ്യപാനത്തിൽ നിന്നകന്നിരിക്കണം, എന്നുമാത്രമല്ല മദ്യം കൂടാതെയുള്ള മത്തുപിടിക്കലിൽ നിന്നുകൂടി അകന്നിരിക്കണം എന്ന് നിങ്ങളെ ഇപ്പോൾ ഉപദേശിക്കുക ഉചിതമെന്നു ഞാൻ കരുതുന്നു. കാരണം, ഇതാണ് കൂടുതൽ അപകടകരം. മദ്യം കൂടാതെ മത്തുപിടിക്കാൻ കഴിയും എന്നു ഞാൻ പറഞ്ഞതിൽ നിങ്ങൾ ആശ്ചര്യപ്പെടേണ്ട. ഇതു സാധ്യമാണ് എന്ന് നിങ്ങൾ അറിയാൻ പ്രവാചകനെ ശ്രവിക്കൂ: "മദ്യം കൂടാതെ മത്തുപിടിക്കുന്നവർക്കു ദുരിതം" എന്ന് അവൻ പറയുന്നു (ഏശാ 29:9). മദ്യത്തിൽ നിന്നല്ലാത്ത ഈ മത്തുപിടിക്കൽ എന്താണ്? ഇത് പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടാം. കാരണം, കോപം നമ്മെ മത്തു പിടിപ്പിക്കാം; അതുപോലെ വ്യർഥാഭിമാനം, അഹന്തനിറഞ്ഞ വിഭ്രാന്തി, നമ്മിൽ ഉടലെടുക്കുന്ന മറ്റ് മാരകവികാരങ്ങൾ. അവ ഒരു തരത്തിൽ നമ്മെ മത്തുപിടിപ്പിക്കുകയും നമ്മുടെ ബുദ്ധിയെ അന്ധമാക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ബുദ്ധിശക്തിയെ വഴിതെറ്റിച്ചുകൊണ്ടും ഗ്രഹണശക്തി നശിപ്പിച്ചുകൊണ്ടും ബുദ്ധിയെ അതിന്റെ സ്വാഭാവിക വഴികളിൽ നിന്ന് വ്യതിചലിപ്പിക്കുന്നതാണല്ലോ മത്തുപിടിപ്പിക്കൽ.

**5.** കോപാക്രാന്തരായി തലയ്ക്കു മത്തുപിടിക്കുന്നവർ, മദ്യത്താൽ മത്തു പിടിക്കുന്നവരേക്കാൾ എങ്ങനെയാണ് മെച്ചപ്പെട്ടവർ എന്ന് എന്നോടു പറയുവിൻ. അവർ എല്ലാവരെയും ഒരുപോലെ കടന്നാക്രമിക്കുന്നു, തങ്ങളുടെ നാവിനെ ഒരു തരത്തിലും നിയന്ത്രിക്കുന്നില്ല, മുഖങ്ങൾ പരസ്പരം തിരിച്ചറിയാൻ കഴിവില്ലാതെ വരുന്നു. ഈ തരത്തിൽ അവർ ക്രുദ്ധരായിത്തീരുന്നു. ഭ്രാന്തന്മാരും സുബുദ്ധി നശിച്ചവരും തങ്ങൾ ചെയ്യുന്നത് എന്തെന്നറിയാതെ ഉയരത്തിൽ നിന്നു താഴേക്കു ചാടാറുണ്ടല്ലോ. അതുപോലെയാണ് കോപാക്രാന്തരും



കോപവെറി പൂണ്ടവരും ചെയ്യുക. ഇക്കാരണത്താൽ, ഇത്തരം മത്തുപിടിക്കലിൽ നിന്നുടലെടുക്കുന്ന നാശം നമ്മുടെ മുമ്പിൽ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന വിജ്ഞാനി പറയുന്നു: "അവന്റെ കോപത്തിന്റെ ഭാരം അവന്റെ വീഴ്ചയാണ്" (പ്രഭാ 1:22). ആ മാരക വികാരത്തിന്റെ കാഠിന്യം ചുരുങ്ങിയ വാക്കുകളിൽ അവൻ എങ്ങനെ ചൂണ്ടിക്കാണിച്ചിരിക്കുന്നു എന്നു കാണുവിൻ.

**6.** വ്യർഥാഭിമാനവും അഹന്ത നിറഞ്ഞ വിഭ്രാന്തിയും മത്തുപിടിക്കുന്നതിന്റെ മറ്റു രൂപങ്ങളാണ്; കൂടുതൽ മാരകങ്ങളുമാണ്. ഈ വികാരങ്ങൾക്ക് അടിമപ്പെടുന്നവൻ വിവേചനാശക്തി നഷ്ടപ്പെടുത്തുന്നു; ഭ്രാന്തന്മാരേക്കാൾ അവൻ ഒട്ടും ഭേദവുമല്ല. കാരണം, അനുദിനം ഈ വികാരങ്ങളാൽ അവൻ പിച്ചിച്ചീന്തപ്പെടുന്നു; ദുഷ്ടതയുടെ ആഴത്തിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയും സുഖപ്പെടുത്താൻ കഴിയാത്ത രോഗത്താൽ മൂടപ്പെടുകയും ചെയ്യുന്നതുവരെ അവൻ ഇതു ഗ്രഹിക്കുന്നുമില്ല. അതുകൊണ്ട്, മദ്യത്തിൽനിന്നും വഴിതെറ്റിയ വികാരങ്ങളിൽ നിന്ന് നമ്മിൽ ഉടലെടുക്കുന്ന ബുദ്ധിഭ്രംശത്തിൽ നിന്നും വരുന്ന രണ്ടുതരം മത്തുപിടിക്കലിൽ നിന്നും നമുക്ക് ഓടിയകലാം. "വീഞ്ഞ് കുടിച്ച് ഉന്മത്തരാകരുത്; കാരണം അതിൽ ദുരാസക്തിയുണ്ട്" എന്ന് പറഞ്ഞ പൊതുപ്രബോധകനെ നമുക്ക് ശ്രദ്ധിക്കുകയും ചെയ്യാം (എഫേ 5:18).

**7.** മറ്റു രീതികളിൽ മത്തുപിടിക്കാൻ സാധിക്കും എന്ന് ഇതിലൂടെ വിശുദ്ധ പൗലോസ് നമുക്ക് വ്യക്തമാക്കിത്തരുന്നത് നിങ്ങൾ കാണുന്നില്ലേ? മറ്റുതരത്തിലുള്ള മത്തുപിടിക്കൽ ഇല്ലെങ്കിൽ പിന്നെ "വീഞ്ഞു കുടിച്ച്" എന്ന് "ഉന്മത്തരാകരുത്" എന്നതിനുമുമ്പിൽ അവൻ ചേർത്തത് എന്തിനാണ്? തുടർന്നു പറഞ്ഞതിൽനിന്ന് അവൻ എത്ര ആഴമായി വിജ്ഞാനി ആണെന്നും തന്റെ പ്രബോധനം എത്ര കൃത്യമാണെന്നും നിങ്ങൾക്കു കാണാൻ കഴിയും. "വീഞ്ഞു കുടിച്ച് ഉന്മത്തരാകരുത്" എന്നു പറഞ്ഞശേഷം "അതിൽ ദുരാസക്തിയുണ്ട്" എന്ന് അവൻ തുടർന്നു പറയുന്നു. അമിതമദ്യപാനം എല്ലാ തിന്മകളുടെയും കാരണമാണ് എന്ന് ഇതിലൂടെ അവൻ ചൂണ്ടിക്കാട്ടുകയത്രേ ചെയ്യുന്നത്. "അതിൽ ദുരാസക്തിയുണ്ട്" എന്ന് അവൻ പറയുന്നു. ഈ അമിതത്വത്തിലൂടെ നാം സുകൃതത്തിന്റെ നിക്ഷേപം നശിപ്പിക്കുന്നു എന്ന് അവൻ അർഥമാക്കുന്നു.

**8.** പൗലോസ് പറഞ്ഞതിന്റെ അർഥം നിങ്ങൾ ഗ്രഹിക്കാനായി അവന്റെ വാക്കുകളിൽ നിന്നുതന്നെ വ്യക്തമാക്കിത്തരാൻ ഞാൻ

www.malankaralibrary.com



ശ്രമിക്കാം. വഷളന്മാരും ദുർവൃത്തരുമായ ചെറുപ്പക്കാരെ മുടിയന്മാർ എന്നു വിളിക്കാറുണ്ടല്ലോ. കണക്കില്ലാതെയും വകതിരിവില്ലാതെയും യാതൊരു ലക്ഷ്യബോധമില്ലാതെയും എവിടെ എപ്പോൾ പണം ചെലവാക്കണമെന്നറിയാതെയും അവർ പണം കളഞ്ഞുകുളിക്കുന്നു. കുറഞ്ഞ സമയംകൊണ്ട് പിതൃസ്വത്ത് മുടിക്കുകയും പരമ ദരിദ്രരായി തീരുകയും ചെയ്യുന്നു. മദ്യപാനത്താൽ മത്തുപിടിക്കുന്നവരുടെയും അവസ്ഥ ഇതുപോലെ തന്നെയാണ്. ബുദ്ധിപൂർവ്വം തങ്ങളുടെ സ്വത്ത് കൈകാര്യം ചെയ്യേണ്ടത് എങ്ങനെയെന്ന് അവർക്ക് അറിയാൻ കഴിയാതെ വരുന്നു, മറിച്ച് മുടിയന്മാരേപ്പോലെ അവർ മദ്യലഹരിയിൽ ആണ്ടുപോകുന്നു. അവർ വായ് തുറന്നാൽ അനുചിതവും വളരെ ഉപദ്രവകരവും തികച്ചും നിയന്ത്രണരഹിതവുമായി അതുമിതും പുലമ്പുന്നു. തങ്ങളുടെ പണം കളഞ്ഞുകുളിക്കുന്ന ധൂർത്തന്മാരേക്കാൾ കഷ്ടതരമാണ് അവരുടെ അവസ്ഥ. കാരണം, കുടിയന്മാർ സുകൃതസരണിയിൽ പരമ ദരിദ്രരായിത്തീരുന്നു. അവർ മിക്കപ്പോഴും തങ്ങളറിയാതെ അന്തരംഗം വെളിപ്പെടുത്തുന്നു; ബുദ്ധിശൂന്യരായി തീർന്ന് തങ്ങൾ പെട്ടെന്ന് പരമ ദരിദ്രരായിത്തീർന്നെന്നും ഭക്തിയും ധാരണാശക്തിയും പൂർണമായി നശിച്ചെന്നും അവർ കാണുന്നു.

## സ്വയം തെരഞ്ഞെടുക്കുന്ന പിശാചാണ് മദ്യപാനം

9. മദ്യപാനിക്ക് തന്റെ വാക്കുകളെ നിയന്ത്രിക്കാനാവില്ല; മറിച്ച്, മാരകവികാരങ്ങളാൽ പിച്ചിച്ചീന്തപ്പെടുകയും കടന്നാക്രമണത്തിന് തുറന്നു കിടക്കുകയും ചെയ്യുന്ന മദ്യപന്റെ ബുദ്ധിശക്തി, തകർക്കാൻ കരുക്കൾ നീക്കുന്നവന് എളുപ്പത്തിൽ കടക്കാൻ എല്ലാവശവും തുറന്നിട്ടിരിക്കുന്ന ഭവനംപോലെയാണ്. മനുഷ്യന്റെ ബുദ്ധിശക്തിയുടെ ഒറ്റിക്കൊടുക്കലും മനുഷ്യർ കളിയാക്കി ചിരിക്കുന്ന നാശവും നിന്ദനം നിറഞ്ഞ രോഗവുമല്ലാതെ മറ്റൊന്നുമല്ല മദ്യപാനം. സ്വയം തെരഞ്ഞെടുക്കുന്ന പിശാചാണു മദ്യപാനം. അതു ബുദ്ധിയെ മന്ദീഭവിപ്പിക്കുന്നു, ഗ്രഹണശക്തിയെ അന്ധമാക്കുന്നു; ജഡികവികാരങ്ങളെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു. പിശാചിനാൽ പീഡിപ്പിക്കപ്പെടുന്നവനിൽ നമുക്ക് അനുകമ്പ തോന്നാറുണ്ടല്ലോ; എന്നാൽ കുടിയൻപിശാച് നമ്മെ പ്രകോപിപ്പിക്കുകയും രോഷാകുലരാക്കുകയും ചെയ്യുന്നു. എന്തുകൊണ്ട്? കാരണം, പിശാചുബാധിതനെ ദുഷ്ടപിശാച് പിടികൂടിയിരിക്കുകയാണ്; എന്നാൽ കുടിയനാകട്ടെ, തികഞ്ഞ കരുതലില്ലായ്മയുടെയും അടക്കമില്ലായ്മയുടെയും ദൃഷ്ടാന്തമാണ്. ആദ്യത്തേതിൽ പിശാചാണ് കെണിയൊരുക്കുന്നതെങ്കിൽ, രണ്ടാമത്തേതിൽ കുടിയൻ തന്നെയാണ് തന്റെ ചിന്തയിൽ കെണിയൊരുക്കുന്നത്.



**10.** ഇത് ഇപ്രകാരമാണ് എന്നു നിങ്ങൾ അറിയേണ്ടതിന്, പിശാചുബാധിതനെപ്പോലെയോ, അവനേക്കാൾ കൂടുതലായോ മദ്യപൻ പീഡിപ്പിക്കപ്പെടുന്നു എന്നതു ശ്രദ്ധിക്കുക. പിശാചു ബാധിതൻ വായിൽനിന്ന് നുര പുറപ്പെടുവിക്കുകയും താഴെ വീഴുകയും കൃഷ്ണമണികൾ ചലിപ്പിക്കുന്നെങ്കിലും ചുറ്റും നില്ക്കുന്നവരെ തിരിച്ചറിയാതെ ചലനമറ്റ് നിലത്തുകിടക്കുകയും ചെയ്യുന്നു. കുടിയന്റെ കാര്യത്തിലും ഇതുപോലെ തന്നെയാണ്. അധികം മദ്യം അകത്തായിക്കഴിഞ്ഞാൽ മദ്യപന്റെ ബോധം അറ്റുപോകുന്നു; പിശാചുബാധിതനെപ്പോലെ വായിൽ നിന്ന് നുര പുറപ്പെടുവിച്ചുകൊണ്ട് നിന്ദ്യമായ ജഡത്തെക്കാൾ നികൃഷ്ടമായി നിലത്തു കിടക്കുക മാത്രമല്ല, മിക്കപ്പോഴും തന്റെ ദുഷിച്ച മദ്യം പുറത്തേക്ക് ഒഴുക്കുകകൂടി ചെയ്യുന്നു. തദ്ഫലമായി, അവൻ തന്റെ സ്നേഹിതർക്ക് ശല്യവും ഭാര്യയ്ക്ക് ഭാരവും ആയിത്തീരുന്നു; അവന്റെ മക്കൾ അവനെ നോക്കി പൊട്ടിച്ചിരിക്കുകയും വേലക്കാർ അവനെ നിന്ദിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, തന്നെ കാണുന്നവർക്കെല്ലാം അവൻ മാന്യതാരാഹിത്യത്തിന്റെയും നിന്ദനത്തിന്റെയും പ്രദർശനവസ്തുവായി തീരുന്നു.

**11.** ഇത്തരക്കാർ പിശാചുബാധിതരേക്കാൾ നികൃഷ്ടാവസ്ഥയിലാണെന്നു നിങ്ങൾ കാണുന്നില്ലേ? ഇവയ്ക്കെല്ലാം പുറമേ, ഈ തിന്മകളുടെ പരമകാഷ്ഠ എന്തെന്നറിയാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? ഈ വിഷയത്തെപ്പറ്റി ഞാൻ നിങ്ങളോട് പലതും പറഞ്ഞെങ്കിലും, പരമമായത് ഞാനിതുവരെ പറഞ്ഞില്ല. മദ്യപൻ സ്വർഗരാജ്യത്തിന് അന്യനാണ്. ഭാഗ്യവാനായ പൗലോസിനെ ശ്രവിക്കൂ. അവൻ പറയുന്നു: "നിങ്ങൾക്കു വഴിതെറ്റേണ്ട. അസന്മാർഗികളും വിഗ്രഹാരാധകരും വ്യഭിചാരികളും സ്വവർഗഭോഗികളും മദ്യപന്മാരും സ്വർഗരാജ്യം അവകാശപ്പെടുത്തുകയില്ല" (1 കൊറി 6:9-10) എങ്ങനെയാണ് വിഗ്രഹാരാധകരും വ്യഭിചാരികളും മദ്യപന്മാരും ഒരുപോലെ ദൈവരാജ്യത്തിൽനിന്ന് അകറ്റിനിർത്തപ്പെടുക എന്ന് ഒരുപക്ഷേ ആരെങ്കിലും ചോദിച്ചേക്കാം. പ്രിയപ്പെട്ടവരേ, ഞാനാണ് ഇതു നിങ്ങളെ പഠിപ്പിക്കുന്നതെന്ന് നിങ്ങൾ കരുതരുത്. ദൈവികനിയമത്തിലേത് അതുപോലെ ഞാൻ വായിച്ചെന്നേയുള്ളൂ. അതുകൊണ്ട്, മറ്റു പാപികളെപോലെയുള്ള ശിക്ഷ മദ്യപന് ലഭിക്കുമോ ഇല്ലയോ എന്നു ചിന്തിച്ച് തല പുണ്ണാക്കേണ്ട. മറിച്ച്, ഇതു മാത്രം പരിഗണിക്കുക; മറ്റു പാപികളെപ്പോലെ മദ്യപനും ദൈവരാജ്യത്തിൽ നിന്നു പുറന്തള്ളപ്പെടും. രാജ്യത്തിൽ നിന്നു പുറന്തള്ളപ്പെടുന്നവന് ഇതിനുശേഷം എന്തു സമാശ്വാസമാണു ലഭിക്കാൻ പോകുക?

www.malankaralibrary.com



**12.** ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങളെ ആരെയും കുറ്റപ്പെടുത്താനല്ല ഞാനിതു പറയുന്നത്. ദൈവം തടയട്ടെ! കാരണം, ദൈവകൃപയാൽ, നിങ്ങൾ ഈ ദുരാശയിൽ നിന്ന് വിമോചിതരായി എന്ന് എനിക്കുറപ്പുണ്ട്; നിങ്ങൾ ഒന്നിച്ചുകൂടി വന്നതും ഈ ആത്മീയ പ്രബോധനം തീക്ഷ്ണതാപൂർവം ശ്രവിക്കുന്നതും ഇതിനുള്ള അതിശക്തമായ തെളിവായി ഞാൻ കരുതുന്നു. സമചിത്തതയും ജാഗ്രതയും ഇല്ലാത്തവന് ദൈവവചനം ശ്രവിക്കാനുള്ള യാതൊരാഗ്രഹവും കാണുകയില്ല. എന്നാൽ നിങ്ങളിലൂടെ മറ്റുള്ളവരെ പ്രബോധിപ്പിക്കാനാണ് ഞാനിതു പറയുന്നത്; അതുപോലെ നിങ്ങൾ ഒരിക്കലും ഈ ദുർവികാരത്തിന് അടിമയാകാതിരിക്കാൻ നിങ്ങളുടെ സുരക്ഷിതത്വം ശക്തിപ്പെടുത്താനും ഞാൻ ആഗ്രഹിക്കുന്നു.

**13.** മൂകജന്തുക്കളേക്കാൾ ബുദ്ധിശൂന്യരാണ് മദ്യപർ. അതെങ്ങനെ? ഞാൻ പറയാം. മൃഗങ്ങൾക്കു ദാഹിക്കുമ്പോൾ ആവശ്യത്തിനു കുടിച്ചിട്ട് മതിയാക്കുന്നു; അവ ആവശ്യത്തിനപ്പുറം കടക്കുന്നില്ല. എന്നാൽ ബുദ്ധിയുള്ള മൃഗമായ മനുഷ്യർ എങ്ങനെ തങ്ങളുടെ ദാഹം ശമിപ്പിക്കണം എന്ന് ചിന്തിക്കാതെ മൂക്കുമുട്ടെ മദ്യപിച്ച് തങ്ങളുടെ തന്നെ കപ്പൽനാശത്തിന് ഇടയാക്കുന്നു. കാരണം, വെള്ളം കയറുന്ന കപ്പൽ പെട്ടെന്നു താഴുന്നതുപോലെ, ആവശ്യത്തിലധികം കുടിച്ച് തന്റെ ഉദരഭാരം വർദ്ധിപ്പിക്കുന്ന മനുഷ്യന്റെ മനസ്സ് അധഃപതിക്കുകയും തന്റെ ആത്മാവിന്റെ കുലീനത നശിപ്പിക്കുകയും ചെയ്യുന്നു.

**14.** അതുകൊണ്ട്, വാത്സല്യമുള്ളവരേ, നിങ്ങളുടെ അയല്ക്കാരെ തിരുത്തി, അലറുന്ന കടലിൽ നിന്ന് അവരെ രക്ഷിക്കുന്ന കാര്യത്തിൽ നിങ്ങൾ വേണ്ട ശ്രദ്ധ ചെലുത്തണം. അതുവഴി നിങ്ങൾക്കുവേണ്ടിയുള്ള നിങ്ങളുടെ സത്കർമങ്ങളെപ്രതി മാത്രമല്ല, മറ്റുള്ളവരുടെ രക്ഷയെപ്രതി നിങ്ങൾ ചെയ്യുന്നതിനുകൂടി നിങ്ങൾക്ക് സമൃദ്ധമായ പ്രതിഫലം ലഭിക്കുക തന്നെ ചെയ്യും. ഇതോടു ബന്ധപ്പെടുത്തിയാണ് വിശുദ്ധ പൗലോസ് ഇപ്രകാരം പറഞ്ഞത്: "ആരും സ്വന്തം കാര്യം മാത്രം നോക്കാതെ തന്റെ അയല്ക്കാരന്റെ കാര്യത്തിൽ കൂടി ശ്രദ്ധിക്കണം" (1 കൊറി 10:24). വീണ്ടും, "പരസ്പരം മാതൃക നൽകുവിൻ" (1 തെസ 5:11). അതുകൊണ്ട് നിങ്ങളുടെ ആരോഗ്യകാര്യത്തിലും രോഗപ്രതിരോധ കാര്യത്തിലും മാത്രം നിങ്ങൾ ശ്രദ്ധിച്ചാൽ പോരാ, പിന്നെയോ, ഈ തിന്മയിൽ നിന്നുണ്ടാകാവുന്ന മുറിവിൽ നിന്ന് നിങ്ങളുടെ അവയവം ആയിരിക്കുന്നവൻ വിമുക്തനാകുവാനും ഈ രോഗത്തിൽ നിന്ന് അവൻ പറന്നകലാനും നിങ്ങൾ വേണ്ടത്ര ചിന്തയും



പരിഗണനയും കൊടുക്കണം. "കാരണം, നാം പരസ്പരം അവയവങ്ങളാകുന്നു. ഏതെങ്കിലും ഒരവയവം പീഡ സഹിക്കുമ്പോൾ, അതോടുകൂടി മറ്റവയവങ്ങളും പീഡ സഹിക്കുന്നു; ഒരവയവം മഹത്ത്വപ്പെടുമ്പോൾ മറ്റവയവങ്ങളും അതോടൊപ്പം സന്തോഷിക്കുന്നു" (1 കൊറി 12:26).

## വിശ്രമത്തിൽ നിന്നുള്ള അപകടങ്ങളെക്കുറിച്ച് യഹൂദരുടെ പെരുമാറ്റത്തിൽ നിന്നുള്ള തെളിവ്

**15.** ഇപ്പോൾ നിങ്ങൾക്ക് ആവശ്യമായിരിക്കുന്നതുപോലെ, വിശുദ്ധ നോമ്പുകാലത്ത് നിങ്ങൾക്ക് ഉപദേശവും പ്രേരണയും ആവശ്യമില്ലായിരുന്നു. നോമ്പുകാലത്തുള്ള ഉപവാസം, നിങ്ങൾക്കിഷ്ടമില്ലായെങ്കിൽ പോലും, നിങ്ങളെ മിതത്വം ഉള്ളവരാക്കി. ഈ കടമയിൽ നിന്നുള്ള വിടുതലും അതിൽനിന്ന് ഉടലെടുക്കുന്ന അയഞ്ഞ മനസ്ഥിതിയും എന്നിൽ ഭീതി ഉളവാക്കുകയും ഞാൻ ഭയപ്പെടുകയും ചെയ്യുന്നു. അലസമായിരിക്കുക എന്നതിനേക്കാൾ മനുഷ്യപ്രകൃതി ചാഞ്ഞിരിക്കുന്ന ഉപദ്രവകരമായ മറ്റൊന്നില്ല! അതുകൊണ്ട്, നമ്മുടെ സ്നേഹനിധിയായ നാഥൻ, ആരംഭം മുതലേ, മനുഷ്യസ്വഭാവത്തിന്മേൽ ഒരുതരം, കടിഞ്ഞാണിടുകയും തന്റെ മഹാപരിപാലനയാൽ, മനുഷ്യനെ അധ്വാനത്തിനും ദുരിതത്തിനുമായി നിശ്ചയിക്കുകയും ചെയ്തു.

**16.** ഋജുവായ പാതയിലൂടെ ചരിക്കാൻ നമുക്കു നിരന്തരമായ നിയന്ത്രണം ആവശ്യമാണ്. യഹൂദന്മാർ പോലും പാതവിട്ടു നടക്കുകയും ദൈവകോപത്തിന് ഇരയായി തീരുകയും ചെയ്തല്ലോ. ഈജിപ്തിലെ തങ്ങളുടെ കഠിനമായ അടിമത്തത്തിൽനിന്ന് സ്വതന്ത്രരായ ശേഷം അവർ വളരെയധികം സ്വസ്ഥത അനുഭവിച്ചു. അപ്പോൾ അവർ തങ്ങളുടെ നാഥന് കൂടുതൽ നന്ദി പ്രകാശിപ്പിക്കുകയും അവന് സ്തുതികൾ അർപ്പിക്കാൻ കൂടുതൽ ഉത്സുകരാകുകയും ചെയ്യേണ്ടതായിരുന്നു. തങ്ങളുടെമേൽ ഇത്തരം കരുണ ചൊരിഞ്ഞ അവിടുത്തോട് കൂടുതൽ മെച്ചപ്പെട്ട ബന്ധം പുലർത്തേണ്ടതായിരുന്നു. എന്നാൽ അവർ നേരെ വിപരീതമായതു പ്രവർത്തിക്കുകയും അവർക്കു സമൃദ്ധമായി ലഭിച്ച സ്വസ്ഥതയിൽ നശിക്കുകയും ചെയ്തു. ഇക്കാരണത്താൽ, തിരുലിഖിതം അവരെ കുറ്റപ്പെടുത്തിക്കൊണ്ട് പറയുന്നു: "യാക്കോബ് തിന്നുകൊഴുത്തു; എന്റെ പ്രിയൻ കൊഴുത്ത് അഹങ്കരിച്ചു" (ആവ 32:15).

**17.** അനേകം അത്ഭുതങ്ങൾക്കും അപ്രതീക്ഷിത അടയാളങ്ങൾക്കും ശേഷം, കടൽ കടന്നശേഷം, ഈജിപ്തുകാരെ നശിപ്പിച്ച ശേഷം,

www.malankaralibrary.com



മന്നായിലൂടെ ലഭിച്ച അത്ഭുതകരവും നവീനവുമായ ആഹാരത്തിനു ശേഷം, അവന്റെ അനുഗ്രഹങ്ങൾ അവരുടെ ഓർമയിൽ സജീവമായി നിലനില്ക്കെത്തന്നെ – അവർ ജീവിതം ലാഘവമായി എടുക്കുകയും മറ്റെല്ലാം മറക്കുകയും ചെയ്തു. അവർ ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കുകയും, "ഇസ്രായേലേ, നിങ്ങളെ ഈജിപ്തിൽ നിന്നു പുറപ്പെടുവിച്ചു കൊണ്ടുവന്ന നിങ്ങളുടെ ദൈവം ഇതാകുന്നു" എന്ന് പറഞ്ഞ് അതിനെ ആരാധിക്കുകയും ചെയ്തു (പുറ32:4). എന്തൊരു നന്ദികേട്! എത്ര ഭീകരമായ അന്ധത! എപ്പോഴും ഇതായിരുന്നു അവരുടെ പതിവ്. അവർ ജീവിതം ലാഘവമായി കൈകാര്യം ചെയ്തപ്പോഴൊക്കെ തങ്ങളുടെ ഗുണകാംക്ഷിയെ മറന്ന്, കിഴുക്കാംതൂക്കായ സ്ഥലത്തിന്റെ മുകളിലേക്ക് ഓടിക്കയറിയിരുന്നു. എന്നാൽ ചുറ്റുപാടുകൾ അവർക്ക് അനുകൂലമല്ലാതെ വന്നപ്പോഴൊക്കെ അവർ തങ്ങളെത്തന്നെ വിനീതരാക്കി, താഴ്ത്തിയിരുന്നു. "അവൻ അവരെ കൊന്നു കൊണ്ടിരുന്നപ്പോൾ അവർ അവനെ തേടി" എന്നു പറഞ്ഞപ്പോൾ, ഭാഗ്യവാനായ ദാവീദ് ഇതാണ് വ്യക്തമാക്കിയത് (സങ്കീ 78:34).

**18.** തങ്ങളുടെ അന്ധതയിൽ, നന്ദികെട്ട ദാസന്മാരുടെയും യഹൂദരുടെയും പതിവ് ഇതായിരുന്നു. എന്റെ ഉപദേശം ശ്രവിക്കുവിൻ; നമുക്ക് ദൈവദാനങ്ങളെപ്പറ്റി നിരന്തരം ധ്യാനിക്കുകയും തന്റെ അനുഗ്രഹങ്ങൾ എത്ര വലുതും ബഹുലവും ആണെന്ന് ഓർക്കുകയും ചെയ്യാം. നമുക്ക് ഒരുക്കമുള്ളവരായിരിക്കാം; നമുക്കു ലഭിച്ച നല്ല സംഗതികളുടെ ഉറവിടം നിരന്തരം അംഗീകരിക്കാം; ഈ അനുഗ്രഹങ്ങൾക്ക് ഉചിതമായ ജീവിതം നയിക്കാം; അനുദിനം നമ്മുടെ ആത്മാക്കളെ ആരോഗ്യത്തിൽ നിലനിർത്തുന്നതിൽ തല്പരരായിരിക്കുകയും ചെയ്യാം. പ്രത്യേകിച്ച്, ദൈവികമായ അനുകരണത്തിന് അടുത്തിടയോഗ്യരായി ഗണിക്കപ്പെട്ട നിങ്ങൾ, നിങ്ങളിൽ വസിക്കുന്നവന് അനുയോജ്യമായ ജീവിതം നയിക്കുവിൻ. നിങ്ങൾ നിങ്ങളുടെ പാപഭാരം ഉരിഞ്ഞുകളഞ്ഞ് പ്രശോഭിതവസ്ത്രം അണിഞ്ഞിരിക്കുന്നു. പ്രശോഭിതവസ്ത്രം എന്നു ഞാൻ പറഞ്ഞത് എന്തർത്ഥത്തിലാണ്? നിങ്ങൾ ക്രിസ്തുവിനെത്തന്നെ ധരിച്ചിരിക്കുന്നു; നിങ്ങളുടെ ഉള്ളിൽ വസിക്കാൻ എല്ലാറ്റിന്റെയും നാഥനെ തന്നെ നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. നിങ്ങൾക്ക് ഉന്നതത്തിൽ നിന്ന് കൂടുതൽ സമൃദ്ധമായ കൃപ ലഭിക്കുന്നതിനാണിത്. മുമ്പ് ക്രിസ്തുവിനെ പീഡിപ്പിച്ചെങ്കിലും, പിന്നീട് അവന്റെ ശ്ലീഹാ ആയി തീർന്നവനെ അനുകരിക്കുന്നതിൽ തല്പരർ ആയിരിക്കുവിൻ.



## പൗലോസിന്റെ ദൃഷ്ടാന്തം; ക്ഷുദ്രക്കാരൻ ശെമഓനിൽ നിന്നുള്ള പാഠം

**19.** പൗലോസ് സ്നാനപ്പെടുകയും സത്യപ്രകാശം അവനെ പ്രകാശിപ്പിക്കുകയും ഇങ്ങനെ അവൻ മഹാനായി തീരുകയും ചെയ്തു. കാലക്രമത്തിൽ അവൻ കൂടുതൽ ശ്രേഷ്ഠനായിത്തീർന്നു. അവൻ തന്റെ തീക്ഷ്ണതയാലും, ശുഷ്കാന്തിയാലും, കുലീനാത്മാവാലും, ആഗ്രഹത്താലും, ലൗകിക വസ്തുക്കളോടുള്ള തികഞ്ഞ വിരക്തിയാലും തന്റെ നല്ല പങ്ക് സംഭാവന ചെയ്തുകഴിഞ്ഞപ്പോൾ ദൈവകൃപയിൽ നിന്ന് വന്ന സമൃദ്ധമായ ദാനങ്ങൾ അവനിലേക്ക് ഒഴുകിയെത്തി. മുമ്പ് അവൻ കടിഞ്ഞാണിടാത്ത വിഭ്രാന്തി കാട്ടിയിരുന്നു; അവൻ എല്ലായിടത്തും ഓടിനടന്ന് ഭക്തിക്കെതിരെ എല്ലാത്തരത്തിലും പോരാട്ടം നടത്തിയിരുന്നു. എന്നാൽ സത്യത്തിന്റെ പാത അംഗീകരിച്ചുകഴിഞ്ഞപ്പോൾ, നന്ദിഹീനരായ യഹൂദരെ നിശ്ശബ്ദരാക്കി. കോപാകുലരായ യഹൂദരുടെ ക്രൂരതയിൽനിന്നു രക്ഷപെടാനായി ഒരു കുട്ടയിൽ താഴേക്കിറക്കപ്പെടാൻ അവൻ അനുവദിച്ചു. അവനിലുണ്ടായ മാറ്റം എത്ര പെട്ടെന്നായിരുന്നു എന്നു കാണുവിൻ. ആത്മാവിന്റെ കൃപ എങ്ങനെ അവന്റെ ആത്മാവിനെ നവീകരിച്ചെന്നും അവന്റെ ഗതി തിരിച്ചുവിട്ടെന്നും കാണുന്നില്ലേ? കുറ്റിക്കാട്ടിൽ നിപതിച്ച അഗ്നിപോലെ, ആത്മാവിന്റെ കൃപ എങ്ങനെ അവനിൽ ഇറങ്ങിവന്ന് അവന്റെ പാപമുള്ളുകളെ നശിപ്പിക്കുകയും ഉരുക്കിന്റെ കട്ടിയിലേക്ക് അവനെ പാകപ്പെടുത്തുകയും ചെയ്തു എന്ന് നിങ്ങൾ കാണുന്നില്ലേ?

**20.** അവനെ അനുകരിക്കാൻ ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. അപ്പോൾ രണ്ടോ, മൂന്നോ, പത്തോ, ഇരുപതോ ദിവസത്തേക്കല്ല നവജാതർ എന്നു വിളിക്കപ്പെടാൻ കഴിയുക; പിന്നെയോ, പത്തോ, ഇരുപതോ, മുപ്പതോ വർഷം കഴിഞ്ഞാലും, സത്യത്തിൽ നിങ്ങളുടെ ജീവിതം മുഴുവൻ ഈ അഭിസംബോധനയ്ക്ക് നിങ്ങൾ അർഹരായിരിക്കും. ആത്മാവിന്റെ കൃപയാകുന്ന, നമ്മുടെ ഉള്ളിലെ വെളിച്ചം ഒരിക്കലും കെട്ടുപോകാതെ സത്പ്രവൃത്തികളാൽ കൂടുതൽ പ്രശോഭിതമാക്കാൻ തൽപ്പരരാണെങ്കിൽ, നാം എപ്പോഴും നവജാതർ എന്ന സംജ്ഞയ്ക്ക് അർഹരാകും. മാന്യനും ശ്രദ്ധാലുവുമായ മനുഷ്യന് യോഗ്യമായ തന്റെ പെരുമാറ്റത്തിലൂടെ എന്നും നവജാതൻ ആയിരിക്കാൻ കഴിയുന്നതുപോലെ, ഒരു ദിവസത്തെ അശ്രദ്ധമൂലം കുത്തഴിഞ്ഞ്, ഈ സംജ്ഞയ്ക്ക് അനർഹനായിതീരാനും കഴിയും.

www.malankaralibrary.com



**21.** ഭാഗ്യവാനായ പൗലോസ്, തന്റെ സ്നാനാന്തര സുകൃതത്താൽ ഉന്നതത്തിൽ നിന്ന് കൂടുതലായ സഹായം പ്രാപിച്ചു. ആ ശോഭയിൽ നിലനിന്നു എന്നു മാത്രമല്ല, തന്നിലുണ്ടായിരുന്ന സുകൃതത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശിതമാക്കുകയും ചെയ്തു. മറിച്ച്, ക്ഷുദ്രക്കാരൻ ശെമഓൻ ആദ്യം അനുതപിക്കുകയും സ്നാനത്തിലൂടെ ലഭിക്കുന്ന ദാനം സ്വീകരിക്കാൻ ഓടിയെത്തുകയും ചെയ്തു. നാഥന്റെ കൃപയുടെയും ബഹുമാനത്തിന്റെയും പ്രയോജനം അവൻ അനുഭവിച്ചു എങ്കിലും അവന്റെ ലക്ഷ്യം വഴിപിഴച്ചതായിരുന്നു. അവൻ വളരെ അയഞ്ഞ മനസ്ഥിതി കാട്ടി. പെട്ടെന്ന് ഈ മഹാദാനം അവനിൽ നിന്നു പിൻവലിക്കപ്പെട്ടു. അനുതാപത്തിലൂടെ തന്റെ കൊടുംപാതകം സുഖപ്പെടാൻ ശ്ലീഹന്മാരുടെ തലവൻ അവനെ ഉപദേശിക്കുകയും ചെയ്തു. "നിന്റെ ഈ ദുഷ്ടതയെപ്പറ്റി അനുതപിക്കുക; ഈ ഹൃദയവിചാരം ഒരുപക്ഷേ നിന്നോട് ക്ഷമിക്കപ്പെട്ടേക്കും" എന്ന് പത്രോസ് പറഞ്ഞു (നട 8:22).

**22.** ഇപ്രകാരം ഒരുപദേശത്തിന് ഇവിടെ കൂടിയിരിക്കുന്ന നിങ്ങൾക്കാർക്കും ഇടവരാതിരിക്കട്ടെ. മറിച്ച്, ഭാഗ്യവാനായ പൗലോസിന്റെ മാതൃക അനുകരിച്ചുകൊണ്ട്, നാഥനിൽ നിന്ന് സമൃദ്ധമായ ബഹുമാനത്തിന് അർഹരാകുവാൻ, സുകൃതസമ്പാദനത്തിനായി യത്നിക്കുവിൻ. പ്രിയപ്പെട്ടവരേ, നമുക്കു ലഭിച്ച ദാനങ്ങൾ നിസ്സാരങ്ങളല്ല. അവ മാനുഷിക ധാരണയ്ക്കതീതമാണ്; നമുക്കു നൽകപ്പെട്ടവയുടെ മഹനീയത നമ്മുടെ ബുദ്ധിയെ ഉല്ലംഘിക്കുന്നതുമാണ്. പ്രപഞ്ചനാഥൻ എത്ര വലിയ ദൗത്യമാണ് നിങ്ങളെ ഭരമേല്പിച്ചിരിക്കുന്നതെന്നും എന്തൊരൗന്നത്യമാണ് നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്നതെന്നും പരിഗണിക്കുവിൻ. വെറും അടിമകളും തടവുകാരും മത്സരക്കാരുമായിരുന്ന നിങ്ങൾ പെട്ടെന്ന് പുത്രസ്ഥാനത്തേക്ക് ദത്തെടുക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, അലസരാകരുത്; ഈ ബഹുമാനം നിങ്ങളിൽ നിന്ന് തിരികെ എടുക്കപ്പെടാൻ അനുവദിക്കരുത്; ഈ ആത്മീയസമ്പത്ത് നഷ്ടപ്പെടാൻ ഇടയാകയുമരുത്. ദൈവം നിങ്ങൾക്ക് തന്ന ദാനങ്ങൾ എടുത്തുമാറ്റാൻ നിങ്ങൾ വിചാരിച്ചാൽ അല്ലാതെ മറ്റാർക്കും കഴിയുകയില്ല.

**23.** എന്നാൽ മാനുഷിക വ്യാപാരങ്ങളിൽ ഇതു സാധ്യമാണ്. കാരണം, ഏതെങ്കിലും ഭൗമിക രാജാവിൽ നിന്ന് സ്ഥാനം ലഭിച്ചാൽ, ലഭിച്ചവന്റെ ഇച്ഛാനുസരണം മാത്രമല്ല അത് തിരികെ എടുക്കപ്പെടുക, പിന്നെയോ, അതു തിരികെ എടുക്കാൻ ദാതാവിനു അധികാരം



ഉണ്ടായിരിക്കും. അവൻ ഇച്ഛിക്കുമ്പോൾ ആ ബഹുമാനസംജ്ഞ അവനിൽ നിന്ന് എടുത്തുമാറ്റുകയും അവനെ ഉദ്യോഗത്തിൽ നിന്നു നീക്കുകയും അവനെ ഉടൻതന്നെ വീണ്ടും ഒരു സാധാരണ പൗരൻ ആക്കുകയും ചെയ്യും. നമ്മുടെ രാജാവിന്റെ കാര്യത്തിൽ തികച്ചും വ്യത്യസ്തമാണ്. തന്റെ കാരുണ്യത്താൽ ദത്തുപുത്രസ്ഥാനം, വിശുദ്ധി, പരിശുദ്ധാത്മാവിന്റെ കൃപ എന്നീ ദാനങ്ങൾ നൽകിക്കഴിഞ്ഞാൽ, നാം അശ്രദ്ധരാകാതിരുന്നാൽ ഇവ നമ്മിൽ നിന്ന് എടുത്തുമാറ്റാൻ യാതൊരുവനും കഴിയുകയില്ല. "എടുത്തുമാറ്റാൻ" എന്നു ഞാൻ പറഞ്ഞതിന്റെ അർഥമെന്ത്? നാം അനുയോജ്യരെങ്കിൽ, നമുക്കു നൽകിയതിനോട് ചേർത്ത് അവിടുന്ന് പിന്നെയും നൽകും. നമ്മുടെ വലിയ ബഹുമാനത്തിന് അനുസൃതമായി, അവിടുന്ന് നൽകിയ ദാനങ്ങൾ വീണ്ടും വർദ്ധിപ്പിക്കുകയും ചെയ്യും.

## സ്നാനപ്പെട്ടവർക്ക് തങ്ങളുടെ നിഷ്കളങ്കത മാനസ്സാന്തരത്തിലൂടെ വീണ്ടെടുക്കാൻ കഴിയും

**24.** അതുകൊണ്ട്, ദൈവകൃപയ്ക്കുശേഷം ബാക്കിയെല്ലാം നമ്മെയും നമ്മുടെ തീക്ഷ്ണതയെയും ആശ്രയിച്ചിരിക്കുന്നു എന്ന് അറിഞ്ഞുകൊണ്ട്, കൂടുതൽ മഹനീയ ദാനങ്ങൾക്ക് നമ്മെത്തന്നെ അർഹരാക്കുവാൻ, ലഭിച്ച ദാനങ്ങളെപ്രതി നമുക്ക് നന്ദിയുള്ളവരായിരിക്കാം. അതുകൊണ്ട്, നിങ്ങൾക്കു നൽകപ്പെട്ട ആത്മീയവസ്ത്രം വൃത്തിയായും കറ പുളരാതെയും സംരക്ഷിക്കാനും കരുതലുള്ളവരായിരിക്കാനും, പുതുതായി ദിവ്യദാനങ്ങൾക്ക് അർഹരായ നിങ്ങളെ ഞാൻ ഉപദേശിക്കുന്നു. നേരത്തേതന്നെ ഈ ദാനം സ്വീകരിച്ചവരായ ഞങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ സ്ഥായിയായ മാറ്റം കാണിക്കട്ടെ. നമുക്കു മനസ്സുണ്ടെങ്കിൽ ഇതു സാധ്യമാണ്. നാം നമ്മുടെ നല്ല പങ്ക് നിർവഹിക്കുമെങ്കിൽ നമ്മുടെ നേരത്തെയുള്ള സൗന്ദര്യത്തിലേക്കും ശോഭയിലേക്കും തിരിച്ചുപോകാൻ നമുക്കു കഴിയുന്നതേയുള്ളു.

**25.** ശാരീരിക സൗന്ദര്യത്തിന്റെ കാര്യത്തിൽ, വാർദ്ധക്യമോ, രോഗമോ മറ്റേതെങ്കിലും ശാരീരികാവസ്ഥയോ നിമിത്തം മുഖം വിരൂപമാകുകയും സൗന്ദര്യം നശിക്കുകയും ചെയ്താൽ, അതിന്റെ മുൻകാല ശോഭയിലേക്കു തിരിച്ചുവരിക അസാധ്യമാണ്. അതാണ് പ്രകൃതിയുടെ രീതി; അക്കാരണത്താൽ മുൻകാല സൗന്ദര്യത്തിന്റെ ശോഭ തിരിച്ചുകിട്ടുക സാധ്യമല്ല. എന്നാൽ ആത്മാവിന്റെ കാര്യത്തിലാകട്ടെ, നമുക്കു മനസ്സുണ്ടെങ്കിൽ, ദൈവത്തിന്റെ അവാച്യകരുണയാൽ ഇതു

www.malankaralibrary.com



സാധ്യമാണ്. മന്ദീഭവിച്ച് വിരൂപമായി പാപക്കുമ്പാരത്താൽ നിന്ദ്യമായ ആത്മാവിനും, കൃത്യവും ഉചിതവുമായ അനുതാപലക്ഷണങ്ങൾ നൽകിയാൽ, അതിന്റെ മുൻകാല സൗന്ദര്യത്തിലേക്ക് വേഗം തിരിച്ചുവരാം.

**26.** ഞാൻ ഇത് എന്നോടും വളരെ നേരത്തെ സ്നാനത്തിന് യോഗ്യരാക്കപ്പെട്ടവരോടുമാണ് പറയുന്നത്. ക്രിസ്തുവിന്റെ പുതിയ പടയാളികളായ നിങ്ങൾ എന്നെ ശ്രദ്ധിക്കുകയും നിങ്ങളുടെ വസ്ത്രം സംശുദ്ധമായി സംരക്ഷിക്കാൻ എല്ലാ തരത്തിലും താല്പര്യം കാണിക്കുകയും ചെയ്യണം. എപ്പോഴും ശുദ്ധതയിൽ ജീവിക്കുന്നതിനും നിങ്ങളുടെ വസ്ത്രത്തിൽ യാതൊരു കറയും പുരളാതിരിക്കുന്നതിനും നിങ്ങൾ കരുതലുള്ളവരായിരിക്കണം; നിങ്ങളുടെ ഇപ്പോഴത്തെ ശോഭയെപ്പറ്റി ചിന്തയുള്ളവരായിരിക്കുകയും വേണം. നിങ്ങൾ കരുതലില്ലാത്തവരായി ജീവിക്കുകയും നിങ്ങളിൽ പറ്റിയ അഴുക്ക് തുടച്ച് വൃത്തിയാക്കാനായി പിന്നീട് നെഞ്ചത്തടിച്ചു കരയുകയും ചെയ്യുന്നതിനേക്കാൾ ഭേദമാണിത്. ഞങ്ങൾക്കു സംഭവിച്ചതു നിങ്ങൾക്കു സംഭവിക്കാതിരിക്കട്ടെ എന്നു ഞാൻ നിങ്ങളോടപേക്ഷിക്കുന്നു; മറിച്ച് നിങ്ങളുടെ മുൻഗാമികളുടെ കരുതലില്ലായ്മ, നിങ്ങളുടെ സുരക്ഷിതത്വത്തിന്റെ അടിസ്ഥാനമായിരിക്കട്ടെ.

**27.** പരിശുദ്ധാത്മാവിന്റെ ധീരരും ഉണർവുള്ളവരുമായ പടയാളികളായി, ഓരോ ദിവസവും നിങ്ങളുടെ ആത്മീയായുധങ്ങൾ പ്രകാശിക്കട്ടെ, അങ്ങനെ, നിങ്ങളുടെ ആയുധങ്ങളുടെ തിളക്കം കണ്ട് നിങ്ങളുടെ ശത്രു ദൂരെ പാഞ്ഞുപോകുകയും അടുത്ത് വരുന്ന കാര്യം മേലിൽ പരിഗണിക്കാതിരിക്കുക പോലും ചെയ്യാതിരിക്കുകയും ചെയ്യട്ടെ. നിങ്ങളുടെ ആയുധം തിളങ്ങുക മാത്രമല്ല, എല്ലാവശത്തും നിങ്ങളെത്തന്നെ സംരക്ഷിക്കാൻ നിങ്ങൾ സുസജ്ജരാണെന്ന് ശത്രു കാണുക കൂടി ചെയ്യുമ്പോൾ, നിങ്ങളുടെ ധാരണാശക്തിയുടെ ഭണ്ഡാഗാരം നല്ലവണ്ണം സുരക്ഷിതമാണെന്ന് അവൻ കാണുമ്പോൾ, താൻ പതിനായിരം ആക്രമണങ്ങൾ നടത്തിയാൽ പോലും പ്രയോജനമുണ്ടാകയില്ല എന്നറിഞ്ഞുകൊണ്ട്, അവൻ തന്റെ തലയിൽ തുണിയിട്ടുകൊണ്ട് കടന്നുകളയും. അവൻ നാണം കെട്ടവനും എന്തിനും തുനിയുന്നവനും, ഏതു ദുഷ്ടമൃഗത്തേക്കാൾ നിന്ദ്യനും ആണെങ്കിലും, നിങ്ങളുടെ ആത്മീയ കവചവും പരിശുദ്ധാത്മാവ് നിങ്ങൾക്കു നൽകുന്ന ശക്തിയും കാണുമ്പോൾ, അവൻ തന്റെ ബലഹീനത വളരെ വ്യക്തമായി മനസ്സിലാക്കും. തനിക്ക് ചെയ്യാൻ കഴിയാത്ത



താണു താൻ പരിശ്രമിക്കുന്നതെന്ന് അറിയുന്നതിനാൽ, അവൻ സ്വയം കുറ്റംവിധിച്ചുകൊണ്ട് ലജ്ജാപൂർണനായി ഒതുങ്ങിക്കൂടാൻ തിടുക്കം കൂട്ടും.

**28.** നമുക്കെല്ലാവർക്കും മാന്യതയോടുകൂടി പെരുമാറാം. നേരത്തേ ഈ ദാനത്തിന് യോഗ്യരായവരായ നമുക്ക് മാന്യമായി പെരുമാറാം. അങ്ങനെ നമ്മിൽ പറ്റിയ അഴുക്ക് കഴുകിക്കളഞ്ഞ് നമ്മുടെ നേരത്തെയുള്ള സൗന്ദര്യത്തിലേക്ക് തിരികെ പോകാൻ കഴിയട്ടെ. രാജാവിന്റെ മഹാമനസ്കതയ്ക്ക് അടുത്തയിട അർഹരായ നിങ്ങളും മാന്യതയോടുകൂടെ പെരുമാറുവിൻ; നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ ദിവസവും ശുദ്ധതയിൽ ജീവിക്കുന്നതിനും പിശാചിന്റെ വഞ്ചന നിമിത്തം നിങ്ങളുടെ വസ്ത്രത്തിൽ കറയോ ചുളിവോ വരാതിരിക്കുന്നതിനും അതീവ ശ്രദ്ധയും ഉറപ്പും കാണിക്കുവിൻ. തന്റെ ദുഷ്ടത നിറഞ്ഞ അമ്പുകൾ എയ്തുകൊണ്ട് അവൻ നമ്മുടെ അടുത്തുതന്നെ നില്ക്കുന്നു എന്നവണ്ണം എല്ലാവശത്തും നമ്മെത്തന്നെ നാം സംരക്ഷിക്കണം. നമ്മുടെ രക്ഷയെപ്പറ്റി ശ്രദ്ധാപൂർവം ചിന്തിച്ചുകൊണ്ട്, അതീവ തീക്ഷ്ണതയോടുകൂടി അവനെതിരെ നമുക്ക് അണിനിരക്കാം. അങ്ങനെ അവന്റെ കൂരമ്പുകളെ തകർക്കുന്നതിന് നമുക്കു കഴിയും; മുറിവേല്ക്കാതെ, സ്വർഗത്തിൽ നിന്നുള്ള സഹായം നമ്മുടെ ആത്മാക്കൾക്ക് നാം സമ്പാദിക്കുകയും ചെയ്യും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാലും കാരുണ്യത്താലും ഇതു നമുക്ക് കഴിയട്ടെ. അവനോടുകൂടെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വവും ശക്തിയും ബഹുമാനവും ഇപ്പോഴും എന്നുമെന്നേക്കും അനന്ത ലോകത്തിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## ആറാം പ്രസംഗം

# നവജാതർക്കുള്ള ഉപദേശം

***നവജാതർക്ക് മതചടങ്ങുകൾ ഉപേക്ഷിച്ച് കുതിരയോട്ടം കാണാനും തീയേറ്ററുകളിൽ സംബന്ധിക്കാനും പോയവരെ വിമർശിച്ചുകൊണ്ടുള്ളത്. കരുതലില്ലാത്ത നമ്മുടെ സഹോദരരുടെ കാര്യത്തിൽ നാം എന്തുമാത്രം ശ്രദ്ധ ചെലുത്തണം എന്നതു സംബന്ധിച്ച്.***

### കാഴ്ചകൾ കാണാനായി ചില ക്രിസ്ത്യാനികൾ സഭായോഗം ഉപേക്ഷിച്ചു

**1.** വീണ്ടും, ഹിപ്പോഡ്രോമിൽ കുതിരയോട്ടങ്ങളും പൈശാചിക പേക്കൂത്തുകളും നടക്കുന്നു, നമ്മുടെ സമൂഹത്തിന്റെ എണ്ണം കുറയുന്നു. അലസ മനോഭാവത്തിൽ നിന്നും സുരക്ഷിത ബോധത്തിൽ നിന്നും വരുന്ന നിങ്ങളുടെ അവഗണന ഞാൻ മുൻകൂട്ടി കണ്ട് ഭയപ്പെട്ടിരുന്നു; അതുകൊണ്ടാണ്, ഉപവാസത്തിലൂടെ നിങ്ങൾ നേടിയെടുത്ത ധനം ധൂർത്തടിക്കരുതെന്നും പൈശാചിക പേക്കൂത്തുകളിൽ നിന്നുവരുന്ന ക്രൂരത നിങ്ങളിൽ ആഞ്ഞടിക്കാൻ ഇടയാകരുതെന്നും നിങ്ങളുടെ സ്നേഹത്തെ പ്രോത്സാഹിപ്പിച്ച് ഞാൻ ഉപദേശിച്ചത്. ഈ ഉപദേശത്തിൽ നിന്ന് നിങ്ങൾക്ക് യാതൊരു പ്രയോജനവും ലഭിച്ചില്ല എന്ന് എനിക്കു തോന്നുന്നു. എന്റെ ഇന്നലത്തെ പ്രസംഗം കേട്ട ചിലർ



എപ്രകാരം ഓടിപ്പോയെന്നു കാണുവിൻ! ഈ ആത്മീയ പ്രബോധനം ശ്രവിക്കാനുള്ള അവസരം ഉപേക്ഷിച്ച് ഹിപ്പോഡ്രോമിലേക്ക് ഓടിപ്പോയി. വിശുദ്ധനോമ്പുകാലത്തിന്റെ ഓർമയും ഉത്ഥാന ദിവസത്തെ രക്ഷാകരപെരുന്നാളും ദിവ്യരഹസ്യങ്ങളിലുള്ള ഭീതികരവും അവാച്യവുമായ ഭാഗഭാഗിത്വവും എന്റെ പ്രബോധന പരമ്പരയും എല്ലാം അവർ പാടെ മറന്നുകളഞ്ഞു.

**2.** അവർ എന്റെ വാക്കുകളിൽ നിന്ന് യാതൊരു പ്രയോജനവും എടുക്കുന്നില്ല. മറിച്ച് എന്റെ പ്രസംഗം നീളുന്നതനുസരിച്ച് അവരുടെ അവഗണനയും വർദ്ധിക്കുന്നു എന്നു ഞാൻ പറയട്ടെ. അപ്പോൾ എന്തു തീക്ഷ്ണത കൊണ്ടാണ് ഞാൻ എന്റെ പതിവു പ്രസംഗം മേലിൽ നടത്തുക എന്ന് നിങ്ങൾ തന്നെ പറയുവിൻ! ഇത് എന്റെ ദുഃഖം കൂടുതൽ ആഴമുള്ളതും അവരുടെ ശിക്ഷാവിധി കൂടുതൽ ഗൗരവതരവുമാക്കുന്നു. എന്റെ ദുഃഖം വർദ്ധിച്ചു എന്നു മാത്രമല്ല, എന്റെ പ്രേരകശക്തിയും കുറഞ്ഞു. തന്റെ അധ്വാനങ്ങൾക്കും ക്ലേശങ്ങൾക്കും ശേഷം, ഭൂമി തന്റെ അധ്വാനത്തിനു പകരം യാതൊന്നും പുറപ്പെടുവിക്കാതെ, കല്ലിനെക്കാൾ കഷ്ടമായി പ്രവർത്തിച്ചാൽ, തന്റെ അധ്വാനം വ്യർഥവും പ്രയോജനരഹിതവും എന്നു കണ്ട്, അവിടെ വീണ്ടും അധ്വാനിക്കാൻ കർഷകൻ കൂടുതൽ വൈമനസ്യം കാണിക്കും. അതുപോലെ, താൻ വളരെ ശ്രദ്ധാപൂർവം നിരന്തരം പഠിപ്പിച്ചിട്ടും തന്റെ ശിഷ്യർ അതേ സൂക്ഷ്മക്കുറവിൽ തുടരുന്നു എന്നു കാണുന്ന ഗുരുവിന് ശ്രോതാക്കളുടെ അശ്രദ്ധ മൂലം തന്റെ അധ്വാനത്തിനുള്ള പ്രതിഫലമെല്ലാം കുറയുന്നില്ല എന്ന് അറിയാമെങ്കിലും തന്റെ ആത്മീയ പ്രബോധനം അതേ തീക്ഷ്ണതയോടുകൂടെ പിന്നീട് നൽകാൻ ഒരിക്കലും സാധിക്കുകയില്ല.

**3.** എന്നാൽ കർഷകനു സംഭവിക്കുന്നത് ആത്മീയ പ്രബോധനത്തിന്റെ കാര്യത്തിൽ സംഭവിക്കുന്നില്ല. മണ്ണ് കർഷകനെ ചതിക്കുമ്പോൾ അവൻ വെറുംകയ്യോടെ ഭവനത്തിലേക്കു മടങ്ങുന്നു; തന്റെ അധ്വാനത്തിൽ നിന്ന് അവന് സമാശ്വാസം ലഭിക്കുന്നില്ല. ആത്മീക പ്രബോധനത്തിൽ ഇപ്രകാരമല്ല; പിന്നെയോ ശിഷ്യന്മാർ അതേ അവഗണനാ മനോഭാവത്തിൽ തുടർന്നാലും, ശ്രവിച്ചവയിൽ നിന്ന് ആരും ഫലമെടുത്തില്ലെങ്കിലും, താൻ ചെയ്യേണ്ടവ ഒന്നും വിട്ടുകളയാതിരുന്നാൽ തന്റെ അധ്വാനത്തിന് പ്രബോധകന് സമൃദ്ധമായ പ്രതിഫലം ലഭിക്കുന്നു. ശിഷ്യന്മാർ അലസരായിരുന്നു എന്ന കാരണത്താൽ അവന്റെ അധ്വാനത്തിനുള്ള പ്രതിഫലം ദൈവം തന്റെ കരുണയിൽ

www.malankaralibrary.com



നൽകാതിരിക്കുന്നില്ല. പിന്നെയോ, ശിഷ്യന്മാർ ശ്രവിച്ചാലും ഇല്ലെങ്കിലും അവിടുന്ന് ഉദാരമായി കൂലി നൽകുന്നു.

**4.** എനിക്കുള്ള പ്രതിഫലവും കൂലിയും നിലനില്ക്കുമോ എന്നു മാത്രമല്ല ഞാൻ പരിഗണിക്കുന്നത്, പിന്നെയോ, നിങ്ങൾക്ക് പ്രയോജനം ഉണ്ടാകുക എന്നത് പ്രധാനപ്പെട്ടതായി ഞാൻ കരുതുന്നു. നിങ്ങളുടെ അലംഭാവം എന്റെ സ്വന്തം നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. ഇക്കാരണത്താൽ എന്റെ സന്തോഷം മന്ദീഭവിച്ചു. പ്രത്യേകിച്ച്, എന്റെ പ്രസംഗപരമ്പരയിൽ നിന്നു പ്രയോജനം എടുക്കാൻ കൂട്ടാക്കാതിരിക്കുകയും, ഇത്രശക്തമായി പ്രബോധിപ്പിച്ചതിനു ശേഷവും അവഗണനയിൽ തുടരുകയും ചെയ്യുന്നവരുടെ മേൽ, ഞാൻ പറയുന്നത് അവഗണിക്കുന്നതിനാൽ, കൂടുതൽ ഗൗരവമായ ശിക്ഷാവിധി നിപതിക്കും എന്നു ഞാൻ കാണുന്നു.

**5.** "ഞാൻ വന്ന് അവരോട് സംസാരിച്ചില്ലായിരുന്നെങ്കിൽ അവർക്കു പാപം ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഇപ്പോൾ തങ്ങളുടെ പാപങ്ങളെക്കുറിച്ച് അവർക്ക് ഒഴിവു കഴിവില്ല" എന്ന് ക്രിസ്തു യഹൂദരോടു പറഞ്ഞു (യോഹ 15:22). ഇവിടെ നമ്മുടെ സഭായോഗത്തെ അവഗണിച്ച്, കുതിരയോട്ടങ്ങളിലും പൈശാചിക വെറിക്കൂത്തുകളിലും ഉള്ള ഉപദ്രവകരമായ സമൂഹങ്ങളുടെ ലൗകിക കൂത്താട്ടങ്ങൾ തെരഞ്ഞെടുക്കുന്നവരോട് ഇപ്പോൾ ഇതു പറയുക ഉചിതമെന്നു നമുക്കു തോന്നുന്നു. സംഭവിക്കാൻ പോകുന്ന തെറ്റുകൾ മുൻകൂട്ടി കണ്ട്, ഞാൻ അവരെ ശക്തമായി ഉപദേശിക്കാതിരുന്നെങ്കിൽ, അവരോട് ക്ഷമിക്കപ്പെടേണ്ടതാണ് എന്ന് ഒരുപക്ഷേ ആരെങ്കിലും പറഞ്ഞേക്കും. എന്നാൽ മുഴുവൻ സമയവും സ്വരമുയർത്തി ഞാൻ അവരെ പഠിപ്പിച്ചുകൊണ്ടിരുന്നു; കൊച്ചുകുട്ടികളെ എന്നപോലെ എല്ലാ ദിവസവും ഞാൻ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു; എന്റെ പ്രബോധന പരമ്പരയാൽ സുകൃത പാതയിലേക്ക് അവരെ തിരിച്ചുകൊണ്ടിരുന്നു; വരാനിടയുള്ള വിപത്തുകൾ ഞാൻ ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു; തങ്ങളുടെ മുൻകാല തെറ്റുകൾ തിരുത്താൻ അവരെ ഉത്തേജിപ്പിച്ചുകൊണ്ടിരുന്നു. ഇവയൊക്കെ ഞാൻ മുൻകൂട്ടി ചെയ്തിട്ടുള്ളതാണ്.

**6.** എന്നാൽ ഇപ്പോൾ അവർക്ക് എന്തു ന്യായവാദമാണുള്ളത്? ഇത്തരം അവഗണനയിൽ നിന്ന് അവർക്ക് മാരകമായ മുറിവേല്ക്കും എന്നു മാത്രമല്ല, മറ്റുള്ളവർക്ക് അവർ ഇടർച്ചയ്ക്ക് ഇടനൽകുകയും



ചെയ്യും. അപ്പോൾ പിന്നെ ആര് അവരോട് ക്ഷമിക്കും? തന്റെ പ്രായാധിക്യത്തെയോ, ആസന്നമരണത്തെയോ, തന്റെ ഭൂതകാല പാപഭാരത്തെയോ പരിഗണിക്കാതെ, ഓരോ ദിവസവും തന്റെ തെറ്റുകൾ വർദ്ധിപ്പിക്കുകയും അലസതയുടെ പാതയിൽ യുവതലമുറയ്ക്ക് ഗുരുവായിരിക്കുകയും ചെയ്യുന്ന വൃദ്ധനോട് ആരാണ് ക്ഷമിക്കുക? അവൻ തന്റെ ജീവിതത്തിൽ സ്വയംനിയന്ത്രണം അഭ്യസിക്കാതെ, തന്റെ പുത്രന്റെ അയഞ്ഞ മനസ്ഥിതിയെ തിരുത്താനോ, വഴിപിഴച്ച ദുരാശകളാൽ നയിക്കപ്പെടുന്ന യുവാവിനെ നിയന്ത്രിക്കാനോ അവന് എങ്ങനെ കഴിയും എന്ന് നിങ്ങൾ എന്നോടു പറയുവിൻ. തന്റെ സ്വന്തപ്രവൃത്തികൾക്കു മാത്രമല്ല, മറ്റുള്ളവർക്കു കുത്തഴിഞ്ഞ ജീവിതത്തിന് ദുർമാതൃക നൽകിയതിനുകൂടി അവൻ കണക്കു കൊടുക്കേണ്ടിവരും; എങ്കിൽ പോലും, അവൻ ഈ ദുഷിച്ച സ്വഭാവത്തിൽ നിന്ന് പിൻതിരിയുന്നില്ല.

**7.** സുകൃതപാതയിൽ സഞ്ചരിക്കുന്നവൻ തന്റെ അധ്വാനങ്ങൾക്കുള്ള പ്രതിഫലം പ്രതീക്ഷിക്കുന്നു എന്നു മാത്രമല്ല, തന്റെ സ്വന്തം സുകൃതങ്ങളോടുള്ള തീക്ഷ്ണതയാലും അനുകരണത്താലും മറ്റുള്ളവർക്ക് നൽകിയ സഹായത്തിനുള്ള പ്രതിഫലവും കൊയ്തെടുക്കുന്നു. അതുപോലെ, ദുഷ്ടതയെ പിൻചെല്ലുന്നവർ കഠിനതരമായ കണക്കു കൊടുക്കേണ്ടിവരും. കാരണം, മറ്റുള്ളവർക്ക് അയഞ്ഞ മനസ്ഥിതിക്ക് അവർ അവസരം ഒരുക്കുന്നു. പ്രായമായവർ ഇത്തരം അയഞ്ഞ മനസ്ഥിതിയിലേക്ക് വഴുതിവീണ്, "നിങ്ങൾ യഹൂദർക്കും ഗ്രീക്കുകാർക്കും ദൈവത്തിന്റെ സഭയ്ക്കും ഇടർച്ചക്കല്ലാകരുത്" എന്ന ശ്ലൈഹികവചനം ശ്രദ്ധിക്കാതിരിക്കുമ്പോൾ (1 കൊറി 10:32) ഞാൻ എങ്ങനെയാണ് യുവാക്കളെ ഉപദേശിക്കുക?

## "എല്ലാം ദൈവമഹത്ത്വത്തിന്" എന്നതിന്റെ അർത്ഥമെന്ത്?

**8.** തന്റെ ഉള്ളിന്റെ ഉള്ളിൽ നിന്ന് ശ്ലീഹാ നൽകുന്ന ഉപദേശം എന്തെന്നറിയാമോ? നമ്മുടെ അശ്രദ്ധയാൽ മുറിവേറ്റവരെപ്പറ്റി അവൻ അതിയായി ഭയക്കുകയും നടുങ്ങുകയും ചെയ്യുന്നു. മറ്റുള്ളവരെ അലസതയിലേക്ക് നയിക്കുന്നവർക്ക് നിസ്സാരമായ അപകടമല്ല വരാൻ പോകുന്നതെന്ന് അവൻ അറിയുന്നു. അതുകൊണ്ടാണ്, എല്ലാ കാര്യങ്ങളിലും സുകൃതപൂർണരായിരിക്കാൻ ഉപദേശിച്ചുകൊണ്ട് അവൻ പറഞ്ഞത്: "നിങ്ങൾ ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ, മറ്റെന്തെങ്കിലും ചെയ്യുകയോ ചെയ്താൽ എല്ലാം ദൈവമഹത്ത്വത്തിനായി

www.malankaralibrary.com



ചെയ്യുവിൻ" (1 കൊറി 10:31). സദയം അവന്റെ ഉപദേശത്തിന്റെ കൃത്യത ഗ്രഹിക്കുവിൻ. നിങ്ങൾ ചെയ്യുന്ന സർവസംഗതികളുടെയും വേരും അടിസ്ഥാനവും ഇതായിരിക്കട്ടെ. അതായത് അവ ദൈവമഹത്ത്വത്തിന് ആയി ഭവിക്കട്ടെ; ഈ അടിസ്ഥാനമില്ലാത്ത യാതൊരു പ്രവൃത്തിയും നിങ്ങൾക്ക് ഉണ്ടാകാതിരിക്കട്ടെ. "അതുകൊണ്ട്, നിങ്ങൾ ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ, മറ്റെന്തെങ്കിലും ചെയ്യുകയോ ചെയ്താൽ, എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ."

**9.** ദൈവമഹത്ത്വത്തിനായി എങ്ങനെയാണ് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുക? നിങ്ങൾ ഭക്ഷണത്തിനിരിക്കുമ്പോൾ, ദാതാവിനു നന്ദി പറയുക. ആരാണ് നിങ്ങൾക്കു നൽകുന്നതെന്നും നിങ്ങളെ സംരക്ഷിക്കുന്നതെന്നും ഉള്ള കാര്യം അംഗീകരിക്കുക. അവിടെ യാതൊരു ലൗകിക സംഭാഷണവും കൊണ്ടുവരാതിരിക്കുക. വളരെ മിതത്വത്തോടുകൂടി ശാരീരികാവശ്യങ്ങൾ നിറവേറ്റുക. ഭോജനപ്രിയവും മിതത്വമില്ലായ്മയും ഒഴിവാക്കുക; നമ്മുടെ സന്ധാരണത്തിന് ഭക്ഷണം പ്രദാനം ചെയ്തവന് എഴുന്നേറ്റുനിന്ന് നന്ദിപറയുക. അപ്പോൾ നിങ്ങൾ എല്ലാം ദൈവമഹത്ത്വത്തിനാണ് ചെയ്തത്. എന്തുകൊണ്ടെന്നാൽ വിശുദ്ധ പൗലോസ് പറയുന്നു: "നിങ്ങൾ ഭക്ഷിക്കുകയോ, പാനം ചെയ്യുകയോ മറ്റെന്തെങ്കിലും ചെയ്യുകയോ ചെയ്താൽ, എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ".

**10.** നമ്മുടെ ജീവിതം മുഴുവൻ ഈ ചെറിയ വാചകത്തിൽ അവൻ എങ്ങനെ ഒതുക്കിയിരിക്കുന്നു എന്നു കാണുവിൻ. "നിങ്ങൾ എന്തു ചെയ്താലും" എന്ന് അവൻ പറഞ്ഞപ്പോൾ, നമ്മുടെ അസ്തിത്വം മുഴുവൻ ഒറ്റവാക്കിൽ അവൻ ഒതുക്കി. അതായത്, മാനുഷിക ബഹുമാനാർത്ഥം സുകൃതകർമങ്ങളൊന്നും അനുഷ്ഠിച്ചുകൂടാ എന്ന് അവൻ ആഗ്രഹിച്ചു. "നിങ്ങൾ മറ്റെന്തെങ്കിലും ചെയ്താലും, ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ" എന്നു പറഞ്ഞപ്പോൾ അതു മാത്രമല്ല അവൻ അർഥമാക്കിയത്; പിന്നെയോ, നാം മറ്റൊരു പാഠംകൂടി അഭ്യസിക്കണം എന്ന് അവൻ ആഗ്രഹിച്ചു. അതായത്, നാം ദുഷ്കർമങ്ങളിൽ നിന്ന് പൂർണമായി ഒഴിഞ്ഞിരിക്കണമെന്നും, എല്ലാറ്റിന്റെയും പൊതുനാഥന് മഹത്ത്വം നൽകാത്ത യാതൊന്നും നാം പ്രവർത്തിക്കരുതെന്നും അവൻ പഠിപ്പിക്കുന്നു. നമ്മുടെ സുകൃത സമ്പാദനത്തിൽ, എല്ലാറ്റിനും മുമ്പ്, ദൈവത്തിൽ നിന്നു മാത്രം വരുന്ന അംഗീകാരം തേടാൻ നമുക്ക് പരിശ്രമിക്കാം; മനുഷ്യരിൽ നിന്നുള്ള സ്തുതികൾ അവഗണിച്ചുകളയാം. അയഞ്ഞ മനസ്ഥിതി പുലർത്തിയാൽ നാം



ഭയപ്പെടേണ്ടിയിരിക്കുന്നു; കൈക്കൂലി വാങ്ങാത്ത ന്യായാധിപതിയെപ്പറ്റിയുള്ള ചിന്തയാൽ നമുക്കു നമ്മെത്തന്നെ വിനീതരാക്കാം. നമ്മുടെ ചെയ്തികൾ ദൈവദൂഷണത്തിന് ഇടയാക്കിയാൽ, ആ ഭീകര ദിവസവും ആ ചിന്തയും ഓർത്ത് ഭയചകിതരാകാം. സുകൃതസരണിയിൽ ചരിക്കുന്നവരെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "എന്നെ മഹത്ത്വപ്പെടുത്തുന്നവരെ ഞാനും മഹത്ത്വപ്പെടുത്തും" (1 രാജാ 2:30). എന്നാൽ പ്രവാചകൻ പറയുന്നത് വീണ്ടും ശ്രവിക്കാം: "നിങ്ങൾക്കു ഹാ കഷ്ടം! നിങ്ങൾ നിമിത്തം എന്റെ നാമം പുറജാതികളുടെ ഇടയിൽ ദുഷിക്കപ്പെട്ടിരിക്കുന്നു" (റോമ 2:24).

**11.** ഈ വാചകത്തിൽ ദൈവത്തിന്റെ ക്രോധം നിങ്ങൾ ദർശിക്കുന്നില്ലേ? എന്നാൽ എങ്ങനെയാണു ദൈവത്തെ മഹത്ത്വപ്പെടുത്തുക? ദൈവമഹത്ത്വത്തിനായി ജീവിച്ചുകൊണ്ടും, നമ്മുടെ ജീവിതം പ്രകാശധോരണിചൊരിഞ്ഞുകൊണ്ടും. അതേപ്പറ്റി അവിടുന്ന് മറ്റൊരിടത്ത് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "മനുഷ്യർ നിങ്ങളുട സത്പ്രവൃത്തികൾ കണ്ട് നിങ്ങളുടെ സ്വർഗസ്ഥപിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിനായി നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5:16). നമ്മുടെ നല്ല പെരുമാറ്റം പോലെ നാഥന് മഹത്ത്വം നൽകുന്ന മറ്റൊന്നില്ല. സൂര്യപ്രകാശം അതിനെ ദർശിക്കുന്നവരുടെ മുഖത്തെ കിരണങ്ങളാൽ പ്രകാശിപ്പിക്കുന്നു. അതുപോലെ, സുകൃതവും അതിനെ ധ്യാനിക്കാനായി അതിനെ നോക്കുന്നവരെയെല്ലാം, നാഥനെ മഹത്ത്വപ്പെടുത്താൻ വലിച്ചടുപ്പിക്കുകയും ഒരുക്കമുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്യുന്നു. നമ്മെ കാണുന്നവർ ദൈവത്തെ മഹത്ത്വപ്പെടുത്താൻ പ്രേരണ ലഭിക്കത്തക്കവിധം നമുക്ക് എല്ലാ കാര്യങ്ങളും ചെയ്യാം. കാരണം, "നിങ്ങൾ ചെയ്യുന്നതെന്തും ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ" എന്ന് എഴുതപ്പെട്ടിരിക്കുന്നു (1 കൊറി 10:31).

**12.** ഞാൻ എന്താണ് അർഥമാക്കുന്നത്? ആരെങ്കിലുമായി ബന്ധപ്പെടാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, ലൗകികദൃഷ്ട്യാ ആരോഗ്യവും സമ്പത്തും പ്രശസ്തിയും ഉള്ളവരെ തേടിയിറങ്ങേണ്ട. മറിച്ച്, ക്ലേശത്തിൽ കഴിയുന്നവരെ പരിഗണിക്കുവിൻ; പരിതാപകരമായ അവസ്ഥയിൽ കഴിയുന്നവരെയും കാരാഗൃഹവാസികളെയും യാതൊരു ഗതിയും സമാശ്വാസവും ഇല്ലാത്തവരെയും തേടിയിറങ്ങുവിൻ. ഇവരുമായി ബന്ധപ്പെടുന്നതിനു മുൻഗണന നൽകുവിൻ; കാരണം, അവരിൽ നിന്ന് നിങ്ങൾക്ക് വളരെ പ്രതിഫലം ലഭിക്കും; നിങ്ങൾ സത്യ

www.malankaralibrary.com



വിജ്ഞാനത്തിന്റെ അടുത്ത സ്നേഹിതർ ആയിരിക്കും; എല്ലാം ദൈവ മഹത്ത്വത്തിനുവേണ്ടി ചെയ്യുകയും ചെയ്യും. നിങ്ങൾ ആരെയെങ്കിലും സന്ദർശിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, പ്രശസ്തിയും കീർത്തിയും ഉള്ളവരെ എന്നതിനേക്കാൾ, അനാഥരെയും വിധവകളെയും ആവശ്യത്തിൽ കഴിയുന്നവരെയും സന്ദർശിക്കാൻ ശ്രദ്ധിക്കുവിൻ. ദൈവം തന്നെ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഞാൻ അനാഥരുടെ പിതാവും വിധവകളുടെ സംരക്ഷകനും ആകുന്നു" (സങ്കീ 68:6). വീണ്ടും, "പിതൃരഹിതനുവേണ്ടി ന്യായവാദം നടത്തുവിൻ; വിധവയ്ക്ക് ന്യായം നടത്തിക്കൊടുക്കുവിൻ. എന്നിട്ട് നമുക്കുവന്ന് സംസാരിക്കാം, കർത്താവ് അരുളിച്ചെയ്യുന്നു" (ഏശാ 1:17-18).

**13.** വെറുതെ ചന്തസ്ഥലത്തു പോകാൻ ആഗ്രഹിച്ചാൽ, ശ്ലൈഹിക വചനം അനുസ്മരിക്കുവിൻ: "നിങ്ങൾ എന്തെങ്കിലും ചെയ്താൽ, ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ". അർഥശൂന്യവും ഉപദ്രവകരവുമായ യോഗങ്ങൾക്കായി നിങ്ങളുടെ സമയം പാഴാക്കരുത്; നിങ്ങളുടെ ആത്മാവിനും ശരീരത്തിനും ഒരുപോലെ പ്രയോജനം ലഭിക്കാൻ ദൈവഭവനത്തിലേക്ക് ഓടിയടുക്കുവിൻ. നാം ആരുടെ എങ്കിലും കൂടെ നടക്കുകയാണെങ്കിൽ, വളരെ വിനീതമായും അടക്കമൊതുക്കത്തോടെയും വ്യാപരിക്കണം; നമുക്കു യാതൊരു ഗുണവും ചെയ്യാത്ത ലൗകിക വിഷയങ്ങളെപ്പറ്റിയുള്ള സംഭാഷണം നീട്ടിക്കൊണ്ടുപോകാതിരിക്കാം. മറിച്ച്, ശ്രോതാക്കൾക്കു പ്രയോജനപ്രദവും എല്ലാ കുറ്റപ്പെടുത്തലുകളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കുന്നതുമായ കാര്യങ്ങളെപ്പറ്റിയുള്ള സംഭാഷണം തുടരാം.

### ഇടർച്ച വരുത്തുന്നതിന്റെ ഗൗരവം; സഹോദരരെ തിരുത്തുന്നതിനുള്ള കടമ.

**14.** കാരണം കൂടാതെയല്ല നിങ്ങളുടെ മുൻപാകെ ഞാൻ ഈ വിഷയം അവതരിപ്പിച്ചത്. നമ്മുടെ രക്ഷയെ പറ്റി അല്പമെങ്കിലും ചിന്തിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, നാം എത്രമാത്രം ഉറപ്പുള്ളവരായിരിക്കണം എന്ന് നിങ്ങൾ അറിയാനാണ് ഞാൻ ഇപ്രകാരം ചെയ്തത്. ഈ ആത്മീയോപദേശത്തേക്കാളും നമ്മുടെ ഇവിടെയുള്ള യോഗത്തെക്കാളും കൂടുതലായി ലൗകിക സന്തോഷങ്ങളും, അർഥശൂന്യവും ഉപദ്രവകരവുമായ ബന്ധങ്ങളും കുതിരയോട്ടങ്ങളും മാരകമായ പൈശാചിക കാഴ്ചകളും കാംക്ഷിക്കുന്നവർ എത്ര ഗൗരവമായ ശിക്ഷാവിധി അർഹിക്കുന്നു എന്ന് നിങ്ങൾ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. "നിങ്ങൾ യഹൂദർക്കും ഗ്രീക്കുകാർക്കും ദൈവത്തിന്റെ സഭയ്ക്കും



ഇടർച്ചക്കല്ലാകരുത്" എന്ന ഭാഗ്യവാനായ പൗലോസിന്റെ വാക്കുകൾക്ക് ചെവി അടച്ചുകളഞ്ഞതിനാൽ, അവർ ഈ ശിക്ഷാവിധിക്ക് അർഹരാണ്.

**15.** അത്തരക്കാർക്ക് എന്തു ന്യായീകരണവും പാപമോചനവും ആണുള്ളത്? നമ്മുടെ പ്രബോധനം ശ്രവിക്കുകയും ഭീതികരവും അവാച്യവുമായ ദിവ്യരഹസ്യങ്ങളുടെ ഫലം അനുഭവിക്കുകയും ചെയ്ത ക്രിസ്ത്യാനി, യഹൂദരുടെയും ഗ്രീക്കുകാരുടെയും കൂടെക്കൂടി, അവർ ആർത്തുല്ലസിക്കുന്ന അതേ സംഗതികളിൽ ആമഗ്നനാകുന്നു. അലഞ്ഞുതിരിഞ്ഞ ഇവനെ ഇതിനുശേഷം എന്നാണ് പിന്തിരിപ്പിച്ച് സത്യത്തിലേക്ക് തിരികെ കൊണ്ടുവരാൻ കഴിയുക എന്ന് എന്നോടു പറയുവിൻ. ഇപ്രകാരമുള്ള അയഞ്ഞ മനസ്ഥിതിയിലേക്ക് വഴുതിവീണവനെ ശക്തിമാർഗത്തിലേക്ക് തിരികെ കൊണ്ടുവരുവാൻ നമുക്ക് എന്നു കഴിയും? ഭക്തിനിറഞ്ഞ തിരുവചനം സ്വീകരിച്ചശേഷവും വിഗ്രഹങ്ങളുടെ അമ്പലങ്ങൾ സന്ദർശിച്ചുകൊണ്ടിരുന്ന കൊറിന്തോസുകാരോട് ഭാഗ്യവാനായ പൗലോസ് പറഞ്ഞത് ഇവരോടും പറയുന്നത് ഉചിതമായിരിക്കുകയില്ലേ? "വിഗ്രഹങ്ങളുള്ള സ്ഥലത്ത് നിങ്ങൾ ഭക്ഷണത്തിനിരിക്കുന്നതായി 'അറിവുള്ളയാൾ' കാണാനിടയായാൽ" (1 കൊറി 8:10).

**16.** എന്നാൽ നമുക്ക് ഈ വാചകം അല്പം മാറ്റിപ്പറയാം. കഥയില്ലാത്തതും ഉപദ്രവകരവുമായ ആ യോഗങ്ങളിൽ നിങ്ങൾ ദിവസം മുഴുവൻ ചെലവഴിക്കുന്നത് മതസംബന്ധമായ കാര്യങ്ങളിൽ അറിവുള്ള ഒരു മനുഷ്യൻ കാണാനിടയായാൽ, അത്തരം യോഗങ്ങളിൽ കൂടുതൽ താല്പര്യപൂർവ്വം പങ്കെടുക്കാൻ ഈ ബലഹീന മനുഷ്യന്റെ മനസ്സാക്ഷി അവനെ പ്രേരിപ്പിക്കുകയില്ലേ? മതത്തെപ്പറ്റി അറിവു ലഭിച്ചതിനുശേഷവും വിഗ്രഹങ്ങളുടെ സ്ഥലത്ത് സൂക്ഷ്മതയില്ലാതെ പോകുകയും മറ്റുള്ളവർക്ക് ഇടർച്ച ഉണ്ടാക്കുകയും ചെയ്തവരെ നിയന്ത്രിക്കാനാണ് ഭാഗ്യവാനായ ശ്ലീഹാ ഇതു പറഞ്ഞത്. നിഷിദ്ധമായ യോഗങ്ങളിലേക്ക് ഓടിക്കൂടുകയും, പള്ളിയിലെ നമ്മുടെ ഈ യോഗത്തേക്കാൾ ലൗകിക വെറിക്കൂത്തുകളിൽ തല്പരർ ആയിരിക്കുകയും ചെയ്തവരോട് നാമിപ്പോൾ ഇത് സമയോചിതമായി പറയുന്നു.

**17.** ഇതു കേൾക്കാൻ ബന്ധപ്പെട്ട കുറ്റക്കാർ സന്നിഹിതരല്ലെങ്കിൽ ഈ ആരോപണങ്ങൾ ഇവിടെ ഉന്നയിച്ചിട്ടെന്തുകാര്യം? എങ്കിൽപ്പോലും എന്റെ പ്രബോധനം ലക്ഷ്യരഹിതമല്ല; കാരണം, നിങ്ങളുമായി ബന്ധപ്പെടുന്നതിലൂടെ, ഞാൻ പറഞ്ഞതെല്ലാം

www.malankaralibrary.com



കൃത്യമായി അവർക്കു ഗ്രഹിക്കാൻ കഴിയും; അങ്ങനെ പിശാചിന്റെ കെണികളിൽ നിന്ന് ഓടിയകലാനും ആത്മീയ പോഷണത്തിലേക്ക് തിരിച്ചുവരാനും അവർക്കു കഴിയും. ഇതാണ് വൈദ്യന്മാർ ചെയ്യുന്നത്. അവർ രോഗികളെ പരിശോധിക്കുമ്പോൾ, രോഗശാന്തിക്കുള്ള വഴികൾ രോഗികളുമായി മാത്രമല്ല, അവരുടെ കൂടെ വരുന്ന ആരോഗ്യമുള്ളവരുമായും ചർച്ച ചെയ്യാറുണ്ട്. രോഗികളുടെ ബന്ധുക്കൾക്ക് അവർ നിർദ്ദേശം നൽകുന്നു; അവ നടപ്പാക്കാൻ അവരെ ചുമതലപ്പെടുത്തുന്നു. എന്നിട്ട് തങ്ങൾ എല്ലാം ശരിയായി ചെയ്തു എന്ന നിലയിൽ അവരെ പറഞ്ഞുവിടുന്നു. നമ്മുടെ രോഗികൾ ഇവിടെ ഇല്ലെങ്കിലും, ആരോഗ്യമുള്ള നിങ്ങൾക്ക് അവരെ ഞാൻ ഭരമേല്പിക്കുന്നു. നിങ്ങളുടെ തന്നെ അവയവങ്ങളുടെ രക്ഷയ്ക്കായി നിങ്ങൾ കരുതലുള്ളവരായിരിക്കാനും നിങ്ങളുടെ പ്രവൃത്തികളിലൂടെ ശ്ലീഹായുടെ ഉപദേശം പൂർത്തീകരിക്കാനും ഞാൻ എന്റെ ഹൃദയവ്യഥ നിങ്ങൾക്കു വെളിപ്പെടുത്തുന്നു. "നിങ്ങൾ ഭക്ഷിച്ചാലും പാനം ചെയ്താലും മറ്റെന്തെങ്കിലും ചെയ്താലും എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ" (1 കൊറി 10:31).

**18.** നിങ്ങൾ ഇവിടം വിട്ട് പുറത്തുപോയി നിങ്ങളുടെ സഹോദരന്റെ തെറ്റു ചൂണ്ടിക്കാണിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുമ്പോൾ മാത്രമല്ല, ലൗകിക മേളങ്ങളിൽ നിന്നുണ്ടാകുന്ന നാശവും നമ്മുടെ പ്രബോധനത്തിൽ നിന്നു ലഭിക്കുന്ന നേട്ടവും പ്രയോജനവും ചൂണ്ടിക്കാണിച്ചുകൊണ്ട് അവനെ ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമ്പോഴും, നിങ്ങളുടെ സഹോദരന്റെ രക്ഷയുടെ കാര്യത്തിൽ ശ്രദ്ധാലുവാകുമ്പോൾ നിങ്ങൾ എല്ലാം ദൈവമഹത്ത്വത്തിനാണ് ചെയ്യുന്നത്. നിങ്ങൾക്ക് ഇരട്ടി പ്രതിഫലമാണു ലഭിക്കുക; നിങ്ങളുടെ രക്ഷയെപ്രതി നിങ്ങൾ വളരെ നേട്ടം ഉണ്ടാക്കുന്നു; നിങ്ങളുടെ ഒരവയവത്തെ സുഖപ്പെടുത്താൻ നിങ്ങൾ തല്പരരായതിനുള്ള പ്രതിഫലം അതിനും പുറമെ. ഇതാണ് സഭയുടെ മഹത്ത്വം, ഇതാണ് നമ്മുടെ രക്ഷകന്റെ കല്പന. അതായത്, സ്വന്തനേട്ടം മാത്രം തേടാതെ, അയല്ക്കാരന്റെ കാര്യത്തിലും ശ്രദ്ധിക്കുക.

**19.** തന്റെ സഹോദരന്റെ രക്ഷ വളരെ പ്രധാനപ്പെട്ട സംഗതിയായി പരിഗണിക്കുന്നയാൾ എത്ര ഉന്നതമായ സ്ഥാനത്തേക്കാണ് തന്നെത്തന്നെ ഉയർത്തുന്നത് എന്ന് പരിഗണിക്കുവിൻ. മാനുഷിക പരിധിയിൽ വരുന്നപ്രകാരം, അങ്ങനെയുള്ളയാൾ ദൈവത്തെ അനുകരിക്കുകയാണ്. പ്രവാചകനിലൂടെ ദൈവം സംസാരിക്കുന്നത് എന്തെന്നു



കേൾക്കൂ: "അർഹരായവരെ ദുഷ്ടതയിൽ നിന്നു വേർതിരിക്കുന്നവൻ എന്റെ വായ്പോലെ ആയിരിക്കും" (ജറ 15:19). തെറ്റായ വഴികളിൽ പെട്ടുപോയ സഹോദരനെ രക്ഷിക്കാൻ തല്പരനായവൻ, പിശാചിന്റെ ദംഷ്ട്രങ്ങൾക്കിടയിൽ നിന്ന് തന്റെ സഹോദരനെ പിടിച്ചെടുക്കാൻ തിടുക്കം കൂട്ടുന്നവൻ, മാനുഷികപരിധിയിൽ വരുന്നവിധം എന്നെ അനുകരിക്കുകയാണ് എന്നാണ് അവൻ പറയുന്നത്. അതിനു തുല്യമായി എന്താണുള്ളത്? ഇത് എല്ലാ സത്പ്രവൃത്തികളേക്കാൾ വലുതാണ്. ഇതാണ് എല്ലാ സുകൃതങ്ങളുടെയും അഗ്രാകാരം.

**20.** ഇത് എല്ലാത്തരത്തിലും ശരിയാണ്. ക്രിസ്തു തന്റെ രക്തം നമ്മുടെ രക്ഷയ്ക്കായി ചൊരിഞ്ഞതിനാൽ, ഇടർച്ച നൽകുന്നവർക്കും അവരുടെ ദുഷ്പ്രവൃത്തി കാണുന്നവരുടെ മനസ്സാക്ഷിയെ വ്രണപ്പെടുത്തുന്നവർക്കും എതിരായി വിശുദ്ധ പൗലോസ് ഇപ്രകാരം വിളിച്ചു പറഞ്ഞു: "ക്രിസ്തു ആർക്കുവേണ്ടി മരിച്ചുവോ, ആ ബലഹീന സഹോദരന് നിന്റെ അറിവ് നാശകാരണമായിത്തീരുന്നു" (1 കൊറി 8:11). അതുകൊണ്ട് നിന്റെ നാഥൻ തന്റെ രക്തം നിന്റെ സഹോദരനു വേണ്ടി ചിന്തിയെങ്കിൽ, നമ്മളോരോരുത്തരും കുറഞ്ഞപക്ഷം നമ്മുടെ വാക്കുകളാൽ അവനെ പ്രോത്സാഹിപ്പിക്കണം; തങ്ങളുടെ അശ്രദ്ധയാൽ പിശാചിന്റെ കെണികളിൽപ്പെട്ടുപോയ നമ്മുടെ സഹോദരങ്ങൾക്ക് സഹായഹസ്തം നീട്ടിക്കൊടുക്കുക തികച്ചും ഉചിതമാണ്. നിങ്ങൾ നിശ്ചയമായും ഇപ്രകാരം ചെയ്യും എന്ന് എനിക്ക് പൂർണമായും ഉറപ്പുണ്ട്; കാരണം നിങ്ങളുടെ സഹോദരങ്ങളോടു നിങ്ങൾക്ക് ആഴമായ താല്പര്യമുണ്ട്. നിങ്ങളുടെ സഹോദരങ്ങളെ നമ്മുടെ പൊതുമാതാവിന്റെ പക്കലേക്ക് നിങ്ങൾ എത്രയും വേഗം തിരികെ കൊണ്ടുവരും എന്ന് എനിക്കറിയാം; എനിക്കു തികഞ്ഞ ബോധ്യവുമുണ്ട്. കാരണം, ദൈവകൃപയാൽ മറ്റുള്ളവരെ ഉപദേശിക്കേണ്ടതെങ്ങനെയെന്ന് നിങ്ങൾക്കറിയാം; അതിനു നിങ്ങൾക്കു കഴിയുകയും ചെയ്യും എന്ന് എനിക്കറിയാം.

## പുതുതായി സ്നാനം സ്വീകരിച്ചവർ ജീവിതകാലം മുഴുവൻ നവജാതരായി കഴിയണം

**21.** ഇനിയുമുള്ള സമയം പുതുതായി സ്നാനം സ്വീകരിച്ചവരോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആത്മാവിന്റെ ദാനത്തിന് ഇപ്പോൾ അർഹരായവരെ മാത്രമല്ല, ഒന്നോ രണ്ടോ വർഷത്തിനകം സ്വീകരിച്ചവരെയും പുതുതായി സ്നാനം സ്വീകരിച്ചവർ എന്ന ഗണത്തിൽ ഞാൻ ഉൾപ്പെടുത്തുന്നു. കാരണം, അവർക്കു

www.malankaralibrary.com



സന്മനസ്സുണ്ടെങ്കിൽ അവരും ഈ സംജ്ഞയ്ക്ക് തുടർച്ചയായി അർഹരാണ്. ഈ നവീനത്വത്തിനു പ്രായപരിധിയില്ല, അത് രോഗത്തിനു വിധേയവുമല്ല. നൈരാശ്യം കൊണ്ട് അത് കീഴടക്കപ്പെടുന്നില്ല; കാലപ്പഴക്കത്തിൽ മന്ദീഭവിച്ചുപോകുന്നുമില്ല. അത് ഒന്നിനും കീഴ്പ്പെടുന്നില്ല; പാപമൊഴികെ മറ്റൊന്നും അതിനെ കീഴടക്കുന്നില്ല. പാപമാണ് അതിന് വർഷങ്ങളുടെ ഭാരം!

22. ഏറ്റവും ഭാരമുള്ളത് പാപമാണെന്ന് അറിയാനായി പ്രവാചകനെ ശ്രവിക്കൂ. അവൻ പറയുന്നു: "വലിയ ചുമടുപോലെ എന്റെ തിന്മകൾ എന്നെ ഭാരപ്പെടുത്തുന്നു" (സങ്കീ 38:4). പാപം വലിയ ഭാരമാണ് എന്നു മാത്രമല്ല, അത് ദുർഗന്ധപൂരിതവുമാണ്. എന്തുകൊണ്ടെന്നാൽ പ്രവാചകൻ കുട്ടിച്ചേർക്കുന്നു: "എന്റെ വ്രണങ്ങൾ ചീഞ്ഞുനാറി" (38:5). പാപം ഭാരമുള്ളതും ചീഞ്ഞുനാറുന്നതുമാണെന്ന് നിങ്ങൾ കാണുന്നില്ലേ? അത് ഏത് ഉറവിടത്തിൽ നിന്നാണ് ഉടലെടുക്കുന്നതെന്ന് ബാക്കിയുള്ള വാചകത്തിൽ നിന്ന് ഗ്രഹിച്ചാലും. അവൻ പറയുന്നു: "എന്റെ ഭോഷത്തത്തിൽ നിന്ന്" (38:5). അതുകൊണ്ട് തങ്ങളുടെ എല്ലാ തിന്മകളുടെയും കാരണം ഭോഷത്തമാണ്. അപ്പോൾ, ശാരീരികമായി വൃദ്ധനായവന് കൃപാസമൃദ്ധികൊണ്ട് യുവാവും നവജാതനുമായിരിക്കാൻ കഴിയും. അതുപോലെ പ്രായം കുറഞ്ഞ ഒരുവന് വൃദ്ധനും തന്റെ നിരവധി പാപങ്ങളാൽ കുനിഞ്ഞവനുമാകാൻ കഴിയും. കാരണം, പാപം ഒരു പ്രവേശന കവാടം കണ്ടെത്തിയാൽ, അത് നിരവധി കറകളും നിരവധി ചുളിവുകളും ഉണ്ടാക്കുന്നു.

23. അതുകൊണ്ടാണ് അടുത്തിട സ്നാനത്തിന് അർഹരായവരെയും, ഈ ദാനം നേരത്തെ സ്വീകരിച്ചവരെയും ഞാൻ ഉപദേശിക്കുന്നത്. വളരെ നേരത്തെ സ്നാനം സ്വീകരിച്ചവർ ഏറ്റുപറച്ചിലും കണ്ണുനീരും ഏറ്റവും കൃത്യമായ അനുതാപവും വഴി തങ്ങളിൽ കടന്നുകൂടിയ അഴുക്ക് കഴുകിക്കളയാൻ ഞാൻ ഉദ്ബോധിപ്പിക്കുന്നു. പുതുതായി സ്നാനം സ്വീകരിച്ചവരാകട്ടെ, തങ്ങളെ അശുദ്ധരാക്കാൻ കഴിയുന്ന യാതൊരു കളങ്കവും തങ്ങളിൽ പറ്റാതിരിക്കാൻ, തങ്ങളുടെ മഹനീയശോഭ സംരക്ഷിക്കണമെന്നും തങ്ങളുടെ ആത്മാക്കളുടെ സൗന്ദര്യത്തിന്മേൽ ശ്രദ്ധാലുക്കളായിരിക്കണമെന്നും ഞാൻ ഉപദേശിക്കുന്നു. തിളങ്ങുന്ന തൂവെള്ള വസ്ത്രധാരി ചന്തസ്ഥലത്തുകൂടെ നടന്നുപോകുമ്പോൾ, തന്റെ ആത്മാവിന് യാതൊരുപദ്രവവും വരുത്തിവയ്ക്കുന്നില്ലെങ്കിൽ പോലും, തന്റെ വസ്ത്രത്തിന്റെ ശോഭ കെടുത്തുന്ന ചെളി തെറിക്കാതിരിക്കാൻ എത്രമാത്രം കരുതൽ എടുക്കുന്നു



എന്ന് നിങ്ങൾ കാണുന്നില്ലേ? വസ്ത്രം കാലപ്പഴക്കത്തിൽ പൊടിഞ്ഞുപോകാം; അല്ലെങ്കിൽ കീടങ്ങൾ അതിനെ നശിപ്പിക്കാം. കൂടാതെ, അതിൽ അഴുക്കു പറ്റിയാൽ, വെള്ളം കൊണ്ട് അത് കഴുകി വെടിപ്പാക്കാൻ കഴിയും. എന്നാൽ ആത്മാവിന്റെ കാര്യത്തിലാകട്ടെ – അങ്ങനെ സംഭവിക്കാതിരിക്കട്ടെ – അങ്ങനെ സംഭവിച്ചാൽ, വിചാരത്താലോ വചനത്താലോ ആത്മാവിൽ എന്തെങ്കിലും കറപറ്റാൻ ഇടയായാൽ, ആത്മാവ് നിന്ദ്യമായി തീരുന്നു, ആത്മാവിൽ വലിയ ഭാരവും ദുർഗന്ധവും ഉണ്ടാകുന്നു.

24. അതുകൊണ്ടാണ് നിങ്ങളുടെ വിവാഹ വസ്ത്രത്തോടുകൂടെ നിങ്ങൾ ഈ ആത്മീയ വിവാഹത്തിലേക്ക് എന്നേക്കുമായി കടക്കാൻ, വിവാഹവസ്ത്രം അവികലമായി കാത്തുസൂക്ഷിക്കുവിൻ എന്ന് ശത്രുവിന്റെ കെണികളെപ്പറ്റി എനിക്കുള്ള ഭയത്തിൽ ഞാൻ നിങ്ങളെ നിരന്തരം ഉപദേശിക്കുന്നത്. ഇവിടെ സംഭവിക്കുന്നത് ആത്മീയ വിവാഹമാണ്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള വിവാഹത്തിൽ വിവാഹാഘോഷം ഏഴു ദിവസം നീണ്ടുനില്ക്കുന്നു; നാമും എണ്ണമറ്റ നല്ല വസ്തുക്കൾ നിറച്ച ദിവ്യരഹസ്യങ്ങളുടെ മേശ നിങ്ങളുടെ മുമ്പിൽ ഒരുക്കിക്കൊണ്ട് നിങ്ങളുടെ വിവാഹവിരുന്നിനും അത്രയും ദിവസം നീക്കിവച്ചിരിക്കുന്നതു കാണുവിൻ. ഏഴുദിവസം എന്ന് ഞാൻ എന്തിനാണു പറയുന്നത്? മാന്യമായി ജീവിക്കാനും ശ്രദ്ധയുള്ളവരായിരിക്കാനും നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ, നിങ്ങളുടെ വിവാഹവസ്ത്രം കളങ്കരഹിതമായും ശോഭായമാനമായും കാത്തുസൂക്ഷിക്കുമെങ്കിൽ, ഈ വിവാഹവിരുന്ന് എല്ലാ സമയത്തേക്കും നീട്ടിയിരിക്കുകയാണ്.

25. കാരണം, ഈ രീതിയിൽ കൂടുതൽ ആഴമായ സ്നേഹത്തിന് വരനെ നിങ്ങൾ ആകർഷിക്കും; സമയത്തിന്റെ പൂർണതയിൽ കൂടുതൽ ശോഭയോടെ നിങ്ങൾ തിളങ്ങി പ്രകാശിക്കും. എന്തുകൊണ്ടെന്നാൽ, നാം ചെയ്യുന്ന സത്പ്രവൃത്തികളോടുകൂടി കൃപ കൂടുതൽ കൂടുതൽ വർദ്ധിക്കുന്നു. നാമെല്ലാവരും, ഏകജാതനായ നമ്മുടെ കർത്താവേശുക്രിസ്തുവിന്റെ കൃപയാലും കാരുണ്യത്താലും, നൽകപ്പെട്ട ദാനങ്ങൾക്കനുസൃതമായി കരുതലുള്ളവരായിരിക്കുകയും, ഉന്നതത്തിൽ നിന്നുവരുന്ന കരുണാമസൃണമായ സ്നേഹത്തിന് അർഹരാകുകയും ചെയ്യട്ടെ. അവനോടുകൂടെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വവും ശക്തിയും ബഹുമാനവും ഇപ്പോഴും എന്നും എന്നേക്കും അനന്തലോകത്തിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## ഏഴാം പ്രസംഗം

# നവജാതർക്കുള്ള ഉപദേശം

***വിശുദ്ധ രക്തസാക്ഷികളുടെ തിരുശേഷിപ്പ് വലിയ അനുഗ്രഹത്തിന്റെ ഹേതുവാണ്. എല്ലാ ലൗകിക വസ്തുക്കളോടും വിരക്തി പാലിക്കണം. ആത്മീയ കാര്യങ്ങളോടു നാം നമ്മെത്തന്നെ ബന്ധിക്കണം. നല്ല പ്രാർത്ഥനയും ദാനധർമവും എത്ര മഹത്തരമാണ്.***

### നവജാതർ രക്തസാക്ഷി മണ്ഡപത്തിൽ ഒന്നിച്ചുകൂടുന്നു

**1.** മനുഷ്യവംശത്തോട് തനിക്കുള്ള മഹനീയവും ബഹുവിധവുമായ പരിപാലന പ്രസ്പഷ്ടമാക്കാൻ, ദൈവം തന്റെ കാരുണ്യാതിരേകത്താൽ സൃഷ്ടി മുഴുവനെയും നിർമിച്ചു. അവിടുന്ന് ആകാശത്തെ വിരിച്ചു; കടലിനെ വ്യാപിപ്പിച്ചു. അവിടുന്ന് സൂര്യനാകുന്ന വിളക്കു കൊളുത്തി, ചന്ദ്രനെയും പ്രകാശിപ്പിച്ചു. നമ്മുടെ വാസസ്ഥലമായി ധരയെ നൽകി; നമ്മുടെ ശരീരസന്ധാരണാർത്ഥം അതിലെ വസ്തുവകകളും നൽകി. അവിടുന്ന് രക്തസാക്ഷികളുടെ ശരീരങ്ങളും നമുക്കു നൽകി. "നീതിമാന്മാരുടെ ആത്മാക്കൾ ദൈവത്തിന്റെ കൈകളിലാകുന്നു" എന്ന് അവിടുന്നു പറയുന്നതനുസരിച്ച് (വിജ്ഞാനം 3:1) അവരുടെ ആത്മാക്കളെ അവൻ തന്നിലേക്ക് വിളിച്ചു. എന്നാൽ നമുക്കാവശ്യമായ ഉപദേശവും പ്രേരണയും നൽകാൻ ഇന്നുവരെ



അവൻ അവരുടെ ശരീരങ്ങളെ നമുക്ക് അവശേഷിപ്പിച്ചു. അതുകൊണ്ട്, ഈ വിശുദ്ധരുടെ കല്ലറകളുടെ മുമ്പിൽ നില്ക്കുന്ന ഈയവസരം അവരെ അനുകരിക്കാനുള്ള തീക്ഷ്ണതയാൽ നമുക്കു നമ്മെത്തന്നെ ഉത്തേജിപ്പിക്കാം. അവരുടെ കല്ലറകളെ നോക്കിനിൽക്കുമ്പോൾ, അവർ വിജയമകുടം ചൂടിയ കർമങ്ങളെ അനുസ്മരിക്കാം; അവരുടേതുപോലെയുള്ള വിജയത്തിന് കരുതിവച്ചിരിക്കുന്ന പ്രതിഫലത്തെപ്പറ്റി നമുക്കു ചിന്തിക്കാം.

**2.** നാം വിവേകമതികളാണെങ്കിൽ, അവരുടെ ദൃഷ്ടാന്തത്തിൽനിന്ന് നിരവധി നന്മകൾ നമ്മുടെ ആത്മാക്കളിൽ കുന്നുകൂടും. കാരണം, ഈ രക്തസാക്ഷികളുടെ പീഡനങ്ങൾ പോലെ എന്റെ യാതൊരു പ്രസംഗവും നിങ്ങളെ സത്യപ്രബോധനം പഠിപ്പിക്കാനും അതിലേക്കാനയിക്കാനും ഈ വർത്തമാനകാല ജീവിതത്തെ നിസ്സംഗതയോടെ വീക്ഷിക്കാനും സഹായിക്കുകയില്ല. അവരുടെ പീഡനങ്ങൾ കുഴൽവാദ്യത്തേക്കാൾ വ്യക്തമായി മുഴങ്ങുന്ന ശബ്ദം പുറപ്പെടുവിക്കുന്നു. തങ്ങളുടെ വേദനകളാൽ അവർ നേടിയെടുത്ത വലിയ പ്രതിഫലവും അവർക്കു ലഭിച്ച ശ്രേഷ്ഠമായ സമ്മാനവും തങ്ങളുടെ അത്ഭുത കർമങ്ങളാൽ അവർ സകലരെയും കാണിക്കുന്നു. പ്രവൃത്തി, വാക്കിനേക്കാൾ ശ്രേഷ്ഠമായിരിക്കുന്നതുപോലെ, തങ്ങളുടെ കർമങ്ങളിലൂടെ ഈ വിശുദ്ധർ നമ്മെ പഠിപ്പിച്ചവ എന്റെ വാക്കുകളേക്കാൾ മഹനീയമാണ്.

**3.** വത്സലരേ, ഈ മണൽത്തരികളിൽ സ്പർശിക്കുന്നതിനും കല്ലറകളിൽ നിന്നു വരുന്ന അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിനും ഇവിടെ ഓടിക്കൂടുവാൻ ഈ വലിയ സമൂഹം തിടുക്കം കൂട്ടിയല്ലോ എന്ന് ഈ കല്ലറകൾക്കടുത്തു നിന്നുകൊണ്ട് നിങ്ങൾ പരിഗണിക്കുമ്പോൾ, ഇതേ പ്രതിഫലത്തിന് നിങ്ങളും യോഗ്യരായി ഗണിക്കപ്പെടുന്നതിന് നിങ്ങളുടെ മനസ്സ് എങ്ങനെ ഉയർത്തപ്പെടാതിരിക്കും? രക്തസാക്ഷിയെപ്പോലെ അതേ തീക്ഷ്ണത പ്രദർശിപ്പിക്കാൻ നിങ്ങൾ എങ്ങനെ തല്പരർ ആകാതിരിക്കും? അവരുടെ സഹജീവികളായ നാം അവരെ ഇത്രമാത്രം ബഹുമാനിക്കുന്നെങ്കിൽ, സൂര്യകിരണങ്ങളേക്കാൾ ശോഭയോടെ അവർ പ്രകാശപൂരിതരാകാൻ പോകുന്ന ആ ഭീകര ദിവസത്തിൽ സംസാരിക്കാനുള്ള സ്വാതന്ത്ര്യം നാഥനിൽ നിന്ന് എന്തു തരത്തിലും എത്ര മഹനീയമായുമാണ് അവർ അനുഭവിക്കാൻ പോകുന്നത്. "നീതിമാന്മാർ സൂര്യനെപ്പോലെ പ്രശോഭിക്കും" എന്ന് അവൻ പറയുന്നു (മത്താ 13:43).

www.malankaralibrary.com



4. സംസാരിക്കാൻ അവർക്കുള്ള വലിയ സ്വാതന്ത്ര്യം മനസ്സിലാക്കിക്കൊണ്ട് നമുക്ക് എപ്പോഴും അവരുടെ പക്കലണയുകയും അവർ നൽകുന്ന സഹായം സ്വീകരിക്കുകയും ചെയ്യാം. ഭൗമിക രാജാവിനോട് സംസാരിക്കാൻ സ്വാതന്ത്ര്യമുള്ളവർ, തങ്ങളുടെ പക്കൽ അണയുന്നവർക്കുവേണ്ടി നിരവധി നന്മകൾ നേടിക്കൊടുക്കുന്നു. നാം നമ്മുടെ പങ്കു നിർവഹിക്കുമെങ്കിൽ, തങ്ങളുടെ പീഡകളാൽ സ്വർഗീയ രാജാവിനോടു സംസാരിക്കാൻ സ്വാതന്ത്ര്യം നേടിയ ഭാഗ്യവാന്മാരായ ഈ രക്തസാക്ഷികൾ, അതിശ്രേഷ്ഠദാനങ്ങൾ നമുക്കു നേടിത്തരാൻ കൂടുതൽ കഴിവുറ്റവരാണ്. നാം അയഞ്ഞ മനസ്ഥിതി കാട്ടാതിരുന്നാൽ, നാഥന്റെ കാരുണ്യം ലഭിക്കാൻ നമ്മുടെ ജീവിതം സംബന്ധിച്ച് തല്പരരാണെന്ന് നമ്മുടെ അതീവ ശ്രദ്ധകൊണ്ടും നിശ്ചയധാർഢ്യം കൊണ്ടും നാം തെളിയിച്ചാൽ, തങ്ങളുടെ മാധ്യസ്ഥ്യത്താൽ നമ്മെ സഹായിക്കാൻ അവർക്ക് സാധിക്കും.

## ആത്മാവിന്റെയും ശരീരത്തിന്റെയും രോഗങ്ങൾ സൗഖ്യമാക്കുന്ന ആത്മീയ വൈദ്യരാണ് രക്തസാക്ഷികൾ

5. ആത്മാക്കളുടെ വൈദ്യന്മാർ എന്ന നിലയിൽ നമുക്ക് നിരന്തരം അവരുടെ പക്കൽ അണയാം. ഇതിനാണ് നല്ല നാഥൻ അവരുടെ ശരീരങ്ങൾ നമുക്കായി അവശേഷിപ്പിച്ചത്. നാം അവരുടെ കല്ലറകളുടെ സമീപത്തു നിന്നുകൊണ്ട് നമ്മുടെ ആത്മാക്കളുടെ സർവശക്തിയോടും കൂടെ അവരെ മുറുകെ പിടിക്കുന്നതിനും, നമ്മുടെ ആത്മശരീരങ്ങളുടെ സൗഖ്യത്തിന് ഈ രീതിയിൽ അവരിൽ നിന്ന് ഏറ്റവും വലിയ സൗഖ്യം പ്രാപിക്കുന്നതിനുമാണിത്. നമ്മുടെ രോഗം ശരീരത്തിന്റേതോ ആത്മാവിന്റേതോ ആയിക്കൊള്ളട്ടെ, വിശ്വാസപൂർവം നാം അവരുടെ സമീപത്തു നില്ക്കുമ്പോൾ, നമുക്കാവശ്യമായ സൗഖ്യം ലഭിക്കാതെ നാം അവരുടെ കല്ലറയിൽ നിന്ന് പോകുന്നില്ല.

6. ശാരീരിക രോഗങ്ങളെ സംബന്ധിച്ച്, വൈദ്യസഹായം ലഭിക്കാൻ മിക്കപ്പോഴും വീട്ടിൽ നിന്ന് വളരെ അകലെ പോകേണ്ടതായി വരുന്നു; തന്റെ വൈദ്യശാസ്ത്രപരമായ അറിവുപയോഗിച്ച് രോഗത്തിനു പ്രതിവിധി കണ്ടെത്താൻ പണം കൊടുക്കുകയും മറ്റു പലരീതികളിൽ അയാളെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. എന്നാൽ ഇവിടെയാകട്ടെ ഇവയൊന്നും ആവശ്യമില്ല; നീണ്ട യാത്രയോ, ക്ലേശങ്ങളോ, പല പ്രാവശ്യത്തെ പോക്കുവരവോ, പണമോ, വേണ്ടിവരുന്നില്ല. ആത്മശരീരസൗഖ്യം ലഭിക്കാൻ അടിയുറച്ച വിശ്വാസവും ചുടുകണ്ണുനീർ ചൊരിയലും കളങ്കരഹിതമായ ആത്മാവും മാത്രം മതി.



7. നമ്മുടെ വൈദ്യന്മാരുടെ ശക്തി നിങ്ങൾക്കു മനസ്സിലായോ? അവരുടെ ഔദാര്യം നിങ്ങൾ കാണുന്നില്ലേ? രോഗത്തിന് കീഴ്പ്പെടുത്താനാവാത്ത അവരുടെ വൈദഗ്ദ്ധ്യം നിങ്ങൾ കാണുന്നില്ലേ? ശാരീരിക രോഗങ്ങൾ വൈദ്യന്മാരുടെ കഴിവിന്റെ പരിധിക്കപ്പുറത്തായി പലപ്പോഴും കാണപ്പെടുന്നുണ്ടെങ്കിലും, അങ്ങനെ ഒരു കുറവിനെപ്പറ്റി ഇവിടെ സംശയിക്കാനില്ല. നാം വിശ്വാസപൂർവം രക്തസാക്ഷികളെ സമീപിച്ചാൽ, ഉടനടി അവരുടെ സഹായം നമുക്കു ലഭിക്കും. എന്റെ വത്സലരേ, ഇതിൽ നിങ്ങൾ ആശ്ചര്യപ്പെടേണ്ട. രക്തസാക്ഷികൾ പീഡകൾ സഹിച്ചത് നാഥനുവേണ്ടിയും തന്നിലുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനുവേണ്ടിയുമാണ്. അവനുവേണ്ടിയാണ് അവർ പോർക്കളത്തിൽ വസ്ത്രം ഉരിഞ്ഞത്. അവനുവേണ്ടിയാണ് രക്തം ചിന്താൽവരെ അവർ പാപത്തിനെതിരെ പോരാടിയത്. ഇപ്രകാരം തങ്ങളുടെ രക്തം ചിന്തിയതിന് അവർ കൂടുതൽ ശോഭയോടെ പ്രശോഭിക്കുവാൻ തന്റെ കരുണയിൽ നാഥൻ ആഗ്രഹിക്കുന്നു. ഈ നശ്വരലോകത്തിൽ പോലും അവരുടെ മഹത്ത്വം വർദ്ധിപ്പിക്കുന്നതിനും അവരെ ബഹുമാനിക്കുന്നതിനും അവിടുന്ന് ആഗ്രഹിക്കുന്നു; വിശ്വാസപൂർവം തന്റെ രക്തസാക്ഷികളെ സമീപിക്കുന്നവർക്ക് തന്റെ ദാനങ്ങൾ നൽകാൻ അവിടുന്ന് അതീവ തല്പരനാണ്.

8. ഞാൻ പാഴ്വാക്കുകൾ ഉരുവിടുകയല്ല. അവരുടെ സത്യത്തിന് അനുഭവങ്ങൾ സാക്ഷ്യം നൽകുന്നു. നിങ്ങളും അതിനു സാക്ഷ്യം വഹിച്ച് സംസാരിക്കുമെന്ന് എനിക്കു നന്നായറിയാം. ഭർത്താവ് വളരെ അകലെ ആയിരുന്നതിനാൽ, അവന്റെ വേർപാടിൽ വേദനിച്ചിരുന്നത് ഏതു സ്ത്രീയാണ്? അവൾ ഇവിടെ വരികയും രക്തസാക്ഷികളുടെ മാധ്യസ്ഥ്യത്തിലൂടെ എല്ലാറ്റിന്റെയും നാഥനോടു പ്രാർത്ഥിക്കുകയും വിദൂര സ്ഥലത്തു നിന്നു തന്റെ ഭർത്താവിനെ തിരികെ കൊണ്ടുവരികയും ചെയ്തില്ലേ? വീണ്ടും, മാരകരോഗത്തിനു വിധേയമായ ശിശു ഉണ്ടായിരുന്ന മറ്റൊരു സ്ത്രീയെ അറിയില്ലേ? അവൾ ദുഃഖാർത്തയായി കരഞ്ഞുനിലവിളിച്ചുകൊണ്ട് ഇവിടെ വരികയും അഗാധമായി കണ്ണീരൊഴുക്കുകയും അവൾക്കുവേണ്ടി ക്രിസ്തുവിനോട് അപേക്ഷിക്കാൻ ക്രിസ്തുവിന്റെ ധീരസേനാനികളായ ഈ വിശുദ്ധ രക്തസാക്ഷികളെ ഉത്തേജിപ്പിക്കുകയും ചെയ്തു. അവൾ രോഗത്തെ പാടേ ഓടിച്ചുകളയുകയും രോഗഗ്രസ്തമായ ശിശുവിന് ആരോഗ്യം തിരികെ കൊടുക്കുകയും ചെയ്തില്ലേ?

www.malankaralibrary.com



**9.** അപകടങ്ങളിൽ പെട്ടവരും തങ്ങളുടെ തലയ്ക്കുമീതേ അസഹനീയമായ അപകടങ്ങൾ ഉരുണ്ടുകൂടുന്നതു കണ്ടവരുമായ അനേകർ ഇവിടെയെത്തുകയും തങ്ങളുടെ നിരന്തര പ്രാർത്ഥനയാൽ ഭീതികരമായ ഈ പരീക്ഷണങ്ങളിൽ നിന്നെല്ലാം രക്ഷപെടുകയും ചെയ്തു. ഞാൻ എന്തിന് ശാരീരിക രോഗങ്ങളെ പറ്റിയും ദൗർഭാഗ്യങ്ങളെ പറ്റിയും പറയുന്നു? പിശാചിനാൽ പീഡിപ്പിക്കപ്പെടുകയും ആത്മീയരോഗങ്ങളാൽ അലട്ടപ്പെടുകയും ചെയ്ത അനേകർ ആത്മീയവൈദ്യരായ ഈ രക്തസാക്ഷികളുടെ പക്കൽ എത്തുകയുണ്ടായി. അവർ തങ്ങളുടെ വ്യക്തിപരമായ പാപങ്ങൾ അനുസ്മരിക്കയും, അവരുടെ മുറിവുകൾ വെളിപ്പെടുത്തുകയും ചെയ്തു. ഈ ഏറ്റുപറച്ചിലിൽ നിന്ന് അവർക്ക് സമാശ്വാസം ലഭിച്ചു. അവരുടെ മനസ്സാക്ഷിയുടെ ഭാരം കുറഞ്ഞതായി ഉടനെ അവർക്ക് അനുഭവപ്പെടുകയും ഉറപ്പോടുകൂടി തങ്ങളുടെ ഭവനങ്ങളിലേക്ക് പോകുകയും ചെയ്തു.

**10.** സമൃദ്ധമായി ജലം പുറപ്പെടുവിക്കാൻ കഴിവുള്ള ഉറവകളായി രക്തസാക്ഷികളുടെ കല്ലറകളെ കൃപാപൂർവം നാഥൻ നമുക്കു നൽകിയിരിക്കുന്നു. വെള്ളം കോരിയെടുക്കാൻ ആഗ്രഹമുള്ളവർക്കായി, സ്വാഭാവിക ഉറവകൾ ധാരാളമായുണ്ട്. തന്റെ പാത്രത്തിൽ കൊള്ളുന്നത്രയും കോരിയെടുത്തുകൊണ്ട് ആവശ്യക്കാരൻ കടന്നുപോകുന്നു. ഈ ആത്മീയ ഉറവകളുടെ കാര്യത്തിലും, നിങ്ങൾ കാണുന്നതുപോലെ, ഇപ്രകാരം തന്നെയാണ്. ഈ ഉറവകൾ തങ്ങളുടെ ജലം എല്ലാവർക്കും നൽകുന്നു; അവ ആളുകളുടെ വ്യത്യാസം പരിഗണിക്കുന്നതേയില്ല. ഒരാൾ ധനവാനോ ദരിദ്രനോ സ്വതന്ത്രനോ അടിമയോ സ്ത്രീയോ പുരുഷനോ ആയിക്കൊള്ളട്ടെ, തന്റെ തീക്ഷ്ണതയ്ക്കനുസൃതമായും തന്റെ പങ്ക് നിർവഹിക്കാനുള്ള താല്പര്യത്തിന് അനുസൃതമായും ഈ ദിവ്യ ഉറവയിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു.

**11.** സ്വാഭാവികമായ ഉറവകളിൽ നിന്നു കോരിയെടുക്കുന്ന വെള്ളം പാത്രങ്ങൾകൊണ്ട് അളന്നെടുക്കാനാവും. എന്നാൽ ആത്മീയ ഉറവകളിൽ നിന്നുള്ള ജലം നമ്മുടെ ബുദ്ധികൊണ്ടും തീക്ഷ്ണമായ ആഗ്രഹം കൊണ്ടും അവയെ സമീപിക്കുന്നതിൽ നമുക്കുള്ള താല്പര്യം കൊണ്ടുമാണ് അളക്കപ്പെടുക. ഈ മനോഭാവത്തോടുകൂടി വരുന്നയാൾ എണ്ണമറ്റ അനുഗ്രഹങ്ങൾ നേരേ എടുത്തുകൊണ്ടുപോകുന്നു. അദൃശ്യമായി പ്രവർത്തിക്കുന്ന ദൈവകൃപ അവന്റെ മനസ്സാക്ഷിയുടെ ഭാരം കുറയ്ക്കുകയും അവന് സമൃദ്ധമായ ഉറപ്പ് നൽകുകയും ധരയുടെ തീരത്തുനിന്നു നീക്കി സ്വർഗത്തിൽ നങ്കൂരമിടാൻ അപ്പോൾ മുതൽ അവനെ ഒരുക്കുകയും ചെയ്യുന്നു. കാരണം, ശരീരത്തിലായിരിക്കെത്തന്നെ ഭൗമികമായവയെ കാംക്ഷിക്കാതെ, സ്വർഗീയ സന്തോഷങ്ങളിൽ കണ്ണുനട്ട് അവയെ നിരന്തരം ധ്യാനിക്കാൻ മനുഷ്യനു കഴിയും.



## സ്വർഗീയമായ നല്ല കാര്യങ്ങൾ മാത്രം ആഗ്രഹിക്കുക

**12.** അതുകൊണ്ടാണ്, "ഉന്നതത്തിലുള്ളവ അന്വേഷിക്കുക" എന്ന് പൗലോസ് കൊളോസ്യർക്കെഴുതിയത്. ഈ ലോകത്തിൽ ജീവിക്കുകയും ഭാര്യയുടെയും മക്കളുടെയും കാര്യത്തിൽ ശ്രദ്ധിക്കുകയും ചെയ്തുകൊണ്ട്, ജഡത്തിൽ ജീവിച്ച മനുഷ്യരോടാണ് അവനിതു പറഞ്ഞത്. ഈ ഉപദേശത്തിന്റെ അർഥം ഗ്രഹിക്കുന്നതിനും 'ഉന്നതത്തിലുള്ളവ അന്വേഷിക്കുക' (കൊളോ 3:1) എന്നതിന്റെ അർഥം അറിയുന്നതിനുമായി തുടർന്നും അവൻ പറയുന്നു: "ദൈവത്തിന്റെ വലത്തുഭാഗത്ത് ക്രിസ്തു ഇരിക്കുന്നിടമായ" (3:1). നിങ്ങളുടെ ചിന്തകളെ സ്വർഗത്തിലേക്കുയർത്തുന്നതും ലൗകിക വ്യവഹാരങ്ങളിൽ നിന്ന് നിങ്ങളെ പിൻതിരിപ്പിക്കുന്നതുമായ കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു എന്ന് അവൻ പറയുന്നു. "എന്തുകൊണ്ടെന്നാൽ നിങ്ങളുടെ പൗരത്വം സ്വർഗത്തിലാകുന്നു" (ഫിലി 3:20). പൗരന്മാരായി നിങ്ങൾ പേരെഴുതപ്പെട്ടിരിക്കുന്ന രാജ്യത്തിലെ കാര്യത്തിൽ പൂർണമായി ശ്രദ്ധിക്കുവാൻ തിടുക്കം കൂട്ടുകയും സ്വർഗീയ പൗരത്വത്തിന് നിങ്ങൾ തികച്ചും അർഹരാണെന്ന് കാണിക്കുന്ന പ്രവൃത്തികൾ ചെയ്യാൻ തീരുമാനിക്കുകയും ചെയ്യുക എന്ന് അവൻ പറയുന്നു.

**13.** അസാധ്യമായവയും നമ്മുടെ പ്രകൃതിക്കതീതമായവയുമാണ് അവൻ കല്പിക്കുന്നതെന്ന് നാം ചിന്തിക്കാതിരിക്കാൻ പൗലോസ് വീണ്ടും തന്റെ ഉപദേശം ആവർത്തിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "ഭൗമിക കാര്യങ്ങളല്ല, മുകളിലുള്ള കാര്യങ്ങളിൽ ശ്രദ്ധിപ്പിൻ" (കൊളോ 3:2). നമ്മെ പഠിപ്പിക്കാൻ അവൻ ഉദ്ദേശിക്കുന്ന പാഠം എന്താണ്? ഈ ലോകത്തിന് അനുസൃതമായ കാര്യങ്ങൾ ശ്രദ്ധിക്കരുതെന്നാണ് അവൻ പറയുന്നത്. ഈ ലോകത്തിന് അനുസൃതമായ കാര്യങ്ങൾ ഏവയാണ്? അസ്ഥിരമായവ, കാണപ്പെടുന്നതിനു മുമ്പുതന്നെ പറന്നുപോകുന്നവ, ഉറപ്പും വ്യതിയാനരാഹിത്യവും ഇല്ലാത്തവ, വർത്തമാനകാലത്തോടൊപ്പം നശിച്ചുപോകുന്നവ, വിരിയുന്നതിനു

www.malankaralibrary.com



മുമ്പ് വാടിപ്പോകുന്നവ, ജീർണതയ്ക്കു വിധേയമായവ. സമ്പത്ത്, അധികാരം, മഹത്ത്വം, ശാരീരിക സൗന്ദര്യം, ഈ ജീവിതത്തിലെ മറ്റു നന്മകൾ എന്നു തുടങ്ങിയ എല്ലാ മാനുഷിക കാര്യങ്ങളും അത്തരത്തിൽ പെട്ടവയാണ്.

**14.** ഈ വസ്തുക്കൾ എത്രമാത്രം വിലയില്ലാത്തതും നിന്ദ്യവുമാണെന്ന് ചൂണ്ടിക്കാണിക്കാനായി ആഗ്രഹിച്ചതുകൊണ്ട്, "ഭൂമി" എന്ന പദം അവൻ ഉപയോഗിച്ചുകൊണ്ടു പറഞ്ഞു: "ഭൗമികമായ കാര്യങ്ങളിലല്ല". അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ശ്രദ്ധിക്കേണ്ട; മറിച്ച്, ഉന്നതത്തിലുള്ളവ അന്വേഷിക്കുവിൻ. വിലയില്ലാത്തതും വേഗം കടന്നുപോകുന്നതുമായ ഭൗമിക കാര്യങ്ങൾക്കു പകരം മുകളിലുള്ളവ, സ്വർഗീയമായവ, നശിപ്പിക്കാൻ കഴിയാത്തവ, നിത്യമായവ, വിശ്വാസനയനങ്ങളാൽ കാണപ്പെടുന്നവ, അവസാനിക്കാത്തതും ഒന്നിനു പിറകെ മറ്റൊന്നായി വരാത്തതുമായവ, അതിർത്തിയില്ലാത്തവ, അന്വേഷിക്കുവിൻ എന്ന് അവൻ പറയുന്നു. ഈ വസ്തുക്കളിൽ സ്ഥിരമായി മനസ്സുറപ്പിക്കണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അവയെപ്പറ്റിയുള്ള താല്പര്യം നമ്മെ ഭൂമിയിൽ നിന്നു സ്വതന്ത്രരാക്കി, സ്വർഗത്തിലേക്കു സംവഹിക്കുന്നു.

**15.** അതുകൊണ്ടാണ് "ഒരുവന്റെ നിക്ഷേപം എവിടെയോ, അവിടെയാണ് അവന്റെ ഹൃദയം" എന്ന് ക്രിസ്തു പറഞ്ഞത് (മത്താ 6:21). അവാച്യമായ സ്വർഗീയ നന്മകളെപ്പറ്റിയുള്ള അറിവ് ആത്മാവിനു ലഭിക്കുമ്പോൾ, അത് ജഡബന്ധങ്ങളിൽനിന്ന് വിമുക്തമായി ഉന്നതത്തിലേക്ക് ഉയർത്തപ്പെടുന്നു. ഈ നന്മകൾ അനുഭവിക്കുന്നതായി അനുദിനം അതു മനസ്സിൽ കാണുകയും ഭൗമിക കാര്യങ്ങളെപ്പറ്റിയുള്ള ചിന്ത തള്ളിക്കളയുകയും ചെയ്യുന്നു. സ്വപ്നങ്ങളും നിഴലുകളുമായി കരുതി ഭൂതകാലഭൗമിക സംഗതികളെ അത് തൂത്തെറിയുകയും മനസ്സിനെ നിരന്തരം സ്വർഗത്തിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ഉന്നതത്തിൽനിന്നുള്ള നന്മകൾ മാത്രം കാണുന്നതിനും ഓരോ നിമിഷവും അത് അനുഭവിക്കുന്നതിൽ ശ്രദ്ധാലുവായിരിക്കുന്നതിനും അത് വിശ്വാസപൂർവം എല്ലാറ്റിനെയും പരിഗണിക്കുന്നു.

**16.** അതുകൊണ്ട്, ഭാഗ്യവാനും ലോകം മുഴുവന്റെയും അത്ഭുതാവഹ ഗുരുവും നല്ല അധ്യാപകനും നമ്മുടെ ആത്മാക്കളുടെ തോട്ടക്കാരനുമായ ഈ ആളിനെ നമുക്കു ശ്രവിക്കുകയും അവൻ നൽകിയ ഉപദേശത്തെ ധ്യാനിക്കുകയും ചെയ്യാം. ഈ രീതിയിൽ



വർത്തമാനകാല നന്മകൾ അനുഭവിക്കാനും ഭാവിനന്മകൾ സ്വന്തമാക്കാനും നമുക്കു സാധിക്കും. എന്തുകൊണ്ടെന്നാൽ, ആദ്യം നാം സ്വർഗീയ നന്മകൾ തേടിയാൽ, അവയോട് കൂട്ടിച്ചേർത്ത് ഈ ലോക നന്മകളും നമുക്കു ലഭിക്കും. കാരണം, "നിങ്ങൾ ആദ്യം ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും അന്വേഷിക്കുവിൻ. അവയോടു ചേർത്ത് ഇവയെല്ലാം നിങ്ങൾക്കു നൽകപ്പെടും" എന്ന് ക്രിസ്തു അരുളിച്ചെയ്യുന്നു (മത്താ 6:33). അതുകൊണ്ട്, കൂട്ടിച്ചേർത്തു നൽകുമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തവ നമുക്ക് ആദ്യമേ തേടാതിരിക്കാം. നാഥന്റെ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിച്ചാൽ, നമുക്കു രണ്ടും നഷ്ടമായേക്കാം. തന്റെ ദാനങ്ങൾ നമുക്കു നൽകുന്നതിന് നാം ഓർമിപ്പിക്കുന്നതിനായി നാഥൻ കാത്തിരിക്കാറില്ല, അങ്ങനെയാണോ? നാം ചോദിക്കുന്നതിനു മുമ്പുതന്നെ നമ്മുടെ ആവശ്യങ്ങൾ അവിടുന്ന് അറിയുന്നു. അപ്പോൾ, നാം നിത്യദാനങ്ങൾക്ക് തല്പരരെന്ന് കണ്ടാൽ, അവ അനുഭവിക്കാൻ അവിടുന്നു നമുക്കിടയാക്കും; കൂടാതെ, കൂട്ടിച്ചേർത്ത് സൗജന്യമായി നൽകും എന്ന് വാഗ്ദാനം ചെയ്ത മറ്റു ദാനങ്ങൾ സമൃദ്ധമായി നൽകുക കൂടി ചെയ്യും. നമുക്കാദ്യം ആത്മീയകാര്യങ്ങൾ അന്വേഷിക്കാം, ഭൗമികമായവയിലല്ല, ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിക്കാം എന്നു ഞാൻ ഉപദേശിക്കുന്നു. അങ്ങനെ നമുക്ക് ഉന്നതത്തിലുള്ളവ ലഭിക്കും, ഭൗമികമായവ നാം അനുഭവിക്കുകയും ചെയ്യും.

## രക്തസാക്ഷികളെപ്പോലെ ഉന്നതത്തിലുള്ളവ നമുക്കന്വേഷിക്കാം

**17.** ഈ വിശുദ്ധ രക്തസാക്ഷികൾ ഭൗമികവസ്തുക്കളെ നിന്ദിച്ചുകൊണ്ടും ഉന്നതത്തിലുള്ളവയെ അന്വേഷിച്ചുകൊണ്ടും നിത്യനന്മകൾ തേടി. അതുകൊണ്ട്, അവ അവർക്കു സമൃദ്ധമായി ലഭിച്ചു. ബഹുമാനത്തെ ഒരിക്കൽ പൂർണമായി നിന്ദിച്ച അവർക്ക്, ബഹുമാനം ആവശ്യമായില്ലെങ്കിൽ തന്നെയും, ഈ സ്ഥലത്ത് അവർക്കു ലഭിക്കുന്ന ബഹുമാനം ഓരോ ദിവസവും അവർ അനുഭവിക്കുന്നു. നാം നൽകുന്ന ബഹുമാനം അവർക്കാവശ്യമില്ലെങ്കിലും, നമ്മെ സഹായിക്കാനായി അവർ സ്വീകരിക്കുന്നു. അവരിൽ നിന്നു വരുന്ന അനുഗ്രഹത്തിന്റെ പ്രയോജനം കൊയ്തെടുക്കാൻ നമുക്കു കഴിയുന്നതിനുവേണ്ടിയാണിത്.

**18.** എന്റെ വത്സലരേ, അനശ്വരമായ നല്ല വസ്തുക്കൾ ലഭിക്കാനായി അവർ എപ്രകാരം വർത്തമാനകാല ജീവിതത്തിലെ സമസ്ത

www.malankaralibrary.com



വസ്തുക്കളെയും നിന്ദിച്ചു എന്ന് നിങ്ങൾ അറിയണം. പല്ലു കടിക്കുകയും ക്രൂരസിംഹത്തേക്കാൾ ക്രൂരമായി അലറിയടുക്കുകയും ദോശക്കല്ലും കുട്ടകവും വയ്ക്കാനുള്ള അഗ്നി സജ്ജമാക്കുകയും അവരുടെ ബുദ്ധിയെ കീഴ്പ്പെടുത്തി തകിടം മറിക്കാനായി എന്തും ചെയ്യുകയും ചെയ്യുന്ന തങ്ങളുടെ അഗ്നിനിശ്വാസകനായ സ്വേച്ഛാധിപതിയെ അവർ തങ്ങളുടെ ശാരീരിക നയനങ്ങൾ കൊണ്ട് കണ്ടു. എന്നാൽ അവർ എല്ലാക്കാര്യങ്ങളും ഭൂമിയിൽ ഇട്ടെറിഞ്ഞിട്ട്, വിശ്വാസനയനങ്ങളാൽ സ്വർഗീയ രാജാവിനെയും അവന്റെ മുമ്പിൽ നില്ക്കുന്ന മാലാഖമാരുടെ ഗണങ്ങളെയും ഉറ്റുനോക്കിക്കൊണ്ടിരുന്നു. അവർ സ്വർഗവും അതിന്റെ അവാച്യാനുഗ്രഹങ്ങളും മനസ്സിൽ കണ്ടു. ഈ കാര്യം നിങ്ങൾ ചിന്തിക്കുകയും പരിഗണിക്കുകയും ചെയ്യുവിൻ.

**19.** അവർ തങ്ങളുടെ ചിന്തകൾ സ്വർഗത്തിലേക്കുയർത്തി; തങ്ങളുടെ ശാരീരിക നയനങ്ങൾകൊണ്ട് കാണാവുന്ന യാതൊന്നിനെയും പിന്നീട് അവർ ശ്രദ്ധിച്ചില്ല. തങ്ങളുടെ മാംസം പിച്ചിച്ചീന്തുന്ന ആരാച്ചാരന്മാരുടെ കൈകൾ അവർ കണ്ടെങ്കിലും, ഭൗമികാഗ്നി ഉഗ്രമായി കത്തുന്നതും അതിൽ നിന്ന് തീപ്പൊരികൾ പറക്കുന്നതും കണ്ടെങ്കിലും, നരകത്തിലെ അഗ്നി അവർ ഭാവനയിൽ കാണുകയും തങ്ങളുടെ ബുദ്ധിയെ ബലപ്പെടുത്തുകയും ചെയ്തു. പിന്നീട് അവർ തങ്ങളുടെ പീഡനങ്ങളെ സന്തോഷത്തോടെ ഇറങ്ങിച്ചെന്നാശ്ലേഷിച്ചു. തങ്ങളുടെ ശരീരത്തിൽ അനുഭവപ്പെട്ട താല്കാലിക വേദന കാര്യമാക്കയെടുക്കാതെ, നിത്യവിശ്രമത്തിനായി ഓടിയടുത്തു. ഭാഗ്യവാനായ ശ്ലീഹായുടെ ഉപദേശാനുസൃതം പ്രവർത്തിച്ചുകൊണ്ടും ഉന്നതത്തിലുള്ളവയിൽ ശ്രദ്ധിച്ചുകൊണ്ടും ദൈവത്തിന്റെ വലത്തുവശത്ത് ക്രിസ്തു ഇരിക്കുന്ന സ്വർഗത്തിൽ അവയെ തേടിക്കൊണ്ടിരുന്നു. ദൃശ്യവസ്തുക്കളൊന്നും അവരെ അലട്ടിയതേയില്ല; അവ സ്വപ്നങ്ങളും നിഴലുകളുമാണെന്ന് കരുതിയതിനാലും വരാനിരിക്കുന്നവയെപ്പറ്റിയുള്ള ആഗ്രഹം അവരിൽ നിറഞ്ഞുനിന്നതിനാലും അവർ അവയെ പരിഗണിക്കാതെ കടന്നുപോയി.

## നമുക്ക് ഉന്നതത്തിലുള്ളവ തേടാം. സ്നാനപ്പെട്ടവൻ ലോകത്തിനു മരിച്ചവനാണ്

**20.** അതുകൊണ്ടാണ്, "ദൈവത്തിന്റെ വലത്തുഭാഗത്ത് ക്രിസ്തു ഇരിക്കുന്ന ഉന്നതത്തിലുള്ള കാര്യങ്ങൾ ശ്രദ്ധിക്കുവിൻ" എന്ന്, അത്തരം ഉപദേശത്തിന്റെ ശക്തി മനസ്സിലാക്കിയ ഭാഗ്യവാനായ ശ്ലീഹാ



നമ്മോടു പറഞ്ഞത് (കൊളോ 3:1). നമ്മുടെ ഗുരുവിന്റെ കൂർമബുദ്ധി കാണുവിൻ; തന്നെ ശ്രദ്ധിക്കുന്നവരെ അവൻ ഒറ്റയടിക്ക് എത്ര ഉന്നതത്തിലേക്കാണ് ഉയർത്തുന്നതെന്നും കാണുവിൻ. എല്ലാ മാലാഖമാരുടെയും പ്രധാന മാലാഖമാരുടെയും സിംഹാസനങ്ങളുടെയും ആധിപത്യങ്ങളുടെയും ശക്തികളുടെയും അധികാരങ്ങളുടെയും എല്ലാ അദൃശ്യശക്തികളുടെയും ക്രോബേന്മാരുടെയും സ്രോപ്പേന്മാരുടെയും ഇടയിലൂടെ അവൻ ആ പാത തെളിക്കുകയും രാജാവിന്റെ സിംഹാസനത്തിന്റെ മുൻപാകെ തന്നെ വിശ്വാസികളുടെ ചിന്തകളെ ഉറപ്പിക്കുകയും ചെയ്തു. ശരീരത്തിന്റെ ബന്ധങ്ങൾ വെട്ടിമുറിക്കാനും, ഓടിയകന്ന് എല്ലാറ്റിന്റെയും നാഥന്റെ വശത്ത് ആത്മാവിൽ നില്ക്കാനും ഭൂമിയിൽ ജീവിക്കുന്നവരെ അവൻ തന്റെ പ്രബോധനത്താൽ പ്രേരിപ്പിക്കുന്നു.

**21.** തന്റെ ഉപദേശം ശ്രോതാക്കളുടെ ശക്തിക്ക് അതീതമാണെന്നോ, താൻ കല്പിക്കുന്നത് അസാദ്ധ്യമായ കാര്യമാണെന്നോ, ഉന്നതമായ ലക്ഷ്യം ഉന്നം വയ്ക്കുന്നത് മനുഷ്യപ്രകൃതിക്ക് അതീതമാണെന്നോ തന്റെ ശ്രോതാക്കൾ കരുതരുതെന്ന് പൗലോസിന് ആഗ്രഹം ഉണ്ടായിരുന്നു. അതുകൊണ്ട് "ഭൗമികമായവയല്ല, ഉന്നതത്തിലുള്ളവ ശ്രദ്ധിക്കുവിൻ" എന്നു പറഞ്ഞശേഷം, "എന്തുകൊണ്ടെന്നാൽ, നിങ്ങൾ മരിച്ചിരിക്കുന്നു" എന്ന് അവൻ കൂട്ടിച്ചേർക്കുന്നു (കൊളോ 3:3). എത്ര മാത്രം ജ്വലിക്കുന്ന ഒരാത്മാവായിരുന്നു അവൻ! ദൈവത്തിനുവേണ്ടി അവൻ എത്രയധികമായി ദാഹിച്ചിരുന്നു! "എന്തുകൊണ്ടെന്നാൽ, നിങ്ങൾ മരിച്ചിരിക്കുന്നു" എന്ന് അവൻ പറയുന്നു. അതിന്റെ അർഥം ഇതാണ്: വർത്തമാനകാല ജീവിതവുമായി ഇപ്പോൾ നിങ്ങൾക്ക് എന്താണ് പൊതുവായിട്ടുള്ളത്? ഈ ഭൂമിയിലുള്ള വസ്തുക്കളുടെ പിന്നാലെ നിങ്ങൾ എന്തിനു പരക്കം പായുന്നു? നിങ്ങൾ മരിച്ചിരിക്കുന്നു. അതായത്, പാപത്തെ സംബന്ധിച്ച് നിങ്ങൾ ജഡമാണ്. നിങ്ങൾ എന്നേക്കുമായി ഈ ലോകജീവിതത്തെ ഉപേക്ഷിച്ചവരാണ്.

**22.** "നിങ്ങൾ മരിച്ചിരിക്കുന്നു" എന്നു കേട്ട് അവരെ ഭയപ്പെടുത്താൻ അവൻ ആഗ്രഹിച്ചില്ല, അതുകൊണ്ട് "നിങ്ങളുടെ ജീവിതം ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു" എന്ന് പെട്ടെന്ന് അവൻ കൂട്ടിച്ചേർത്തു (കൊളോ 3:3). മേലിൽ നിങ്ങളുടെ ജീവിതം കാണപ്പെടുന്നതല്ല, കാരണം, അത് മറഞ്ഞിരിക്കുന്നു. അതുകൊണ്ട്, ജീവനുള്ളവരാണ് എന്ന രീതിയിൽ ഈ ജീവിത സംഗതികളിൽ പങ്കെടുക്കരുത്; മറിച്ച്, നിങ്ങൾ മരിച്ചവരാണെന്നും ജഡങ്ങളാണെന്നും

www.malankaralibrary.com



കരുതുവിൻ. കാരണം, എന്നോട് ഇതു പറയുവിൻ. ഈ ജീവിതത്തെ സംബന്ധിച്ച് മരിച്ചവന്, ഈ ജീവിത സംബന്ധമായവയിൽ അതിനു ശേഷം സജീവമായി പങ്കെടുക്കാൻ കഴിയുമോ? നിശ്ചയമായും ഇല്ല. നിങ്ങളെ സംബന്ധിച്ചും അപ്രകാരമാണ് എന്ന് അവൻ പറയുന്നു. നിങ്ങളുടെ സ്നാനത്താൽ നിങ്ങൾ മരിക്കുകയും എന്നേക്കുമായി പാപത്തിന് മൃതരാകുകയും ചെയ്തശേഷം, ജഡികവികാരങ്ങളുമായും ലൗകികവ്യാപാരങ്ങളുമായും, നിങ്ങൾക്ക് യാതൊരു വേഴ്ചയും ഉണ്ടായിരിക്കരുത്. "എന്തുകൊണ്ടെന്നാൽ നമ്മുടെ പഴയമനുഷ്യൻ സ്നാനത്തിലൂടെ ക്രൂശിക്കപ്പെടുകയും സംസ്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു" എന്ന് അവൻ പറയുന്നു (റോമ 6:6). അതുകൊണ്ട്, ഭൂമിയിലുള്ള വസ്തുക്കളൊന്നും സ്വന്തമാക്കരുത്, ഈ ജീവിത വ്യാപാരങ്ങളിൽ സജീവമായി പങ്കെടുക്കയുമരുത്. കാരണം ഇപ്പോൾ നിങ്ങളുടെ ജീവിതം മറഞ്ഞിരിക്കുന്നതും അവിശ്വാസികൾക്ക് അദൃശ്യവുമാണ്, എന്നാൽ അത് വെളിപ്പെടുന്ന സമയം വരുന്നു. എന്നാൽ ഇപ്പോൾ നിങ്ങളുടെ സമയമല്ല. നിങ്ങൾ എന്നേക്കുമായി മരിച്ചതുകൊണ്ട്, ഭൗമികമായവയിൽ ശ്രദ്ധിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. പ്രത്യേകമായി, നിങ്ങൾ ജഡമോഹങ്ങളെ കീഴടക്കുകയും ഈ ജീവിതത്തിന് മരിച്ചവരെപ്പോലെ ലോകത്തിലെ നല്ല വസ്തുക്കളെ സംബന്ധിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ സുകൃതത്തിന്റെ മഹനീയത സ്പഷ്ടമായി കാണപ്പെടും.

**23.** സ്നാനത്തിന്റെ ദാനത്തിന് ഇപ്പോൾ യോഗ്യരായി ഗണിക്കപ്പെട്ട നിങ്ങളും, നേരത്തെ തന്നെ ഈ കൃപയിൽ പങ്കുപറ്റിയ ഞങ്ങളെല്ലാവരും ഒരുപോലെ ഈ സത്യം ശ്രവിക്കണം. സമസ്തലോകത്തിന്റെയും ഗുരുവായ പൗലോസിന്റെ ഉപദേശം നമുക്കു സ്വീകരിക്കാം. അവാച്യരഹസ്യങ്ങളിൽ എന്നേക്കുമായി പങ്കുപറ്റിയവർക്കുള്ള മനോഭാവം എന്തായിരിക്കണം എന്നാണ് അവൻ ആഗ്രഹിക്കുന്നതെന്ന് നമുക്ക് പരിഗണിക്കാം. ഈ ഭൗമികജീവിതത്തിന് അവർ എങ്ങനെ അന്യരായിരിക്കാനാണ് അവൻ ആഗ്രഹിക്കുന്നതെന്ന് നമുക്കു പരിഗണിക്കാം. ഈ ലോകത്തിൽ നിന്ന് വളരെ അകലെ അവർ കുടിയേറുക എന്നതല്ല അവന്റെ ഉദ്ദേശ്യം; മറിച്ച്, അവർ ഈ ലോകത്തിൽ വ്യാപരിക്കുമ്പോൾ, അപരിചിതരേപ്പോലെ വർത്തിക്കണം; അവർ നക്ഷത്രങ്ങളെപ്പോലെ പ്രശോഭിക്കണമെന്നും മറ്റൊരു രാജ്യത്തിലെ പൗരന്മാരായിത്തീർന്നു എന്നും ഈ ഭൂമിയുമായിട്ടോ, ഭൂമിയിലുള്ള വസ്തുക്കളുമായിട്ടോ അവർക്ക് പൊതുവായി ഒന്നുമില്ല എന്നും തങ്ങളുടെ പ്രവൃത്തികളിലൂടെ അവിശ്വാസികൾക്ക് തെളിയിച്ചുകൊടുക്കണമെന്നും അവൻ ആഗ്രഹിക്കുന്നു.



## ജ്ഞാനസ്നാനവസ്ത്രം പ്രശോഭിതമായി സംരക്ഷിക്കാൻ പ്രാർത്ഥനയും ദാനധർമവും ശക്തമായ ഉപാധികളാണ്.

**24.** നിങ്ങളെ ദർശിക്കുന്ന സകലരിലും നിങ്ങളുടെ ശുഭ്രവസ്ത്രം ഇപ്പോൾ ബഹുമാനം ഉളവാക്കുന്നു. നിങ്ങൾ എല്ലാത്തരം കളങ്കങ്ങളിൽ നിന്നും വിമുക്തരാണെന്ന് നിങ്ങളുടെ വസ്ത്രത്തിന്റെ തിളക്കം തെളിയിക്കുന്നു. ഭാവിയിൽ നിങ്ങളെല്ലാവരും – ദാനത്തിന് ഇപ്പോൾ അർഹരായവരും അവന്റെ ഔദാര്യത്തിന്റെ ഫലം നേരത്തെ കൊയ്തെടുത്തവരും – നിങ്ങളുടെ പെരുമാറ്റത്തിന്റെ ശ്രേഷ്ഠത എല്ലാവർക്കും ദൃശ്യമാക്കണം; നിങ്ങളെ നോക്കുന്നവരെ ടോർച്ചുപോലെ പ്രകാശിപ്പിക്കുകയും വേണം. ഈ ആത്മീയ വസ്ത്രത്തിന്റെ ശോഭ കാത്തുസൂക്ഷിക്കാൻ നാം തല്പരർ ആണെങ്കിൽ, കാലത്തികവിൽ കൂടുതൽ ശോഭയേറിയ പ്രകാശവും തിളക്കമേറിയ കിരണങ്ങളും അതു പുറപ്പെടുവിക്കും. ഭൗമിക വസ്ത്രങ്ങൾക്ക് സാധിക്കാത്ത ഒരു സംഗതിയാണിത്. കാരണം, നാം നമ്മുടെ ശാരീരിക വസ്ത്രങ്ങളെ സംബന്ധിച്ചുള്ള പരിപാലന എത്ര വർദ്ധിപ്പിച്ചാലും കാലപ്പഴക്കത്തിൽ അവ പൊടിഞ്ഞുപോകും; അവ പഴകിയാൽ പിന്നെ ഒന്നിനും കൊള്ളുകില്ല. നാം എവിടെയെങ്കിലും സൂക്ഷിച്ചുവച്ചാലോ? കീടം കയറി കരണ്ടുതിന്നും. അല്ലെങ്കിൽ, ശാരീരിക വസ്ത്രങ്ങളെ നശിപ്പിക്കുന്ന മറ്റനേകം സംഗതികളാൽ അവ പാഴായിപ്പോകും. എന്നാൽ നമ്മുടെ പങ്ക് ചെയ്യാൻ നാം തല്പരർ എങ്കിൽ, സുകൃതവസ്ത്രം മുഷിഞ്ഞുപോകുകയോ, കാലപ്പഴക്കത്താൽ കേടാകുകയോ ചെയ്യുന്നില്ല. മറിച്ച്, കാലം കഴിയുന്തോറും കൂടുതൽ കൂടുതലായി സൗന്ദര്യശോഭയും ഉജ്ജ്വലപ്രകാശവും പുറപ്പെടുവിക്കും.

**25.** ഈ വസ്ത്രത്തിന്റെ ശക്തി നിങ്ങൾ കാണുന്നില്ലേ? കാലത്തിനു സ്പർശിക്കാനോ, പ്രായത്തിന് മങ്ങൽഏൽപിക്കാനോ കഴിയാത്ത ഈ വസ്ത്രത്തിന്റെ ശോഭ നിങ്ങൾ കാണുന്നില്ലേ? അതിന്റെ അഭൗമസൗന്ദര്യം നിങ്ങൾ കാണുന്നില്ലേ? അതിന്റെ സൗന്ദര്യം അതിന്റെ തികവിൽ കാത്തുസൂക്ഷിക്കാൻ തല്പരർ ആയിരിക്കുന്നതിന് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു; അതിനെ ശോഭയോടെ സംരക്ഷിക്കാൻ എന്തു ചെയ്യണമെന്നും നമുക്കു പഠിക്കാം. എന്തിന് അത് കഴിയും? ഒന്നാമതായി, പ്രാർത്ഥിക്കുകയും ദൈവം നമുക്ക് നൽകിയവയ്ക്ക് നന്ദിയുള്ളവരായിരിക്കുകയും ഈ ദാനങ്ങൾ സുരക്ഷിതമായി കാത്തുസൂക്ഷിക്കാൻ നമ്മെ സഹായിക്കണമെ എന്ന് അപേക്ഷിക്കുകയും

www.malankaralibrary.com



ചെയ്യുക. ഇതാണ് നമ്മുടെ രക്ഷ, ഇതാണ് നമ്മുടെ ആത്മാക്കൾക്കുള്ള പ്രത്യൗഷധം, ഇതാണ് നമ്മിൽ ഉടലെടുക്കുന്ന വികാരങ്ങൾക്കുള്ള പ്രത്യൗഷധം. പ്രാർത്ഥന വിശ്വാസികളുടെ കോട്ടയാണ്, പ്രാർത്ഥന നമ്മുടെ അഭേദ്യമായ ആയുധമാണ്, പ്രാർത്ഥന നമ്മുടെ ആത്മാക്കളുടെ ശുദ്ധീകരണമാണ്, പ്രാർത്ഥന നമ്മുടെ പാപങ്ങൾക്കുള്ള മറുവിലയാണ്, പ്രാർത്ഥന എണ്ണമറ്റ അനുഗ്രഹങ്ങളുടെ അടിസ്ഥാനവും ഉറവിടവുമാണ്. കാരണം, പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണവും എല്ലാറ്റിന്റെയും നാഥനുമായുള്ള സംസർഗവും അല്ലാതെ മറ്റൊന്നുമല്ല. നാഥനുമായി നിരന്തരം സംസർഗത്തിന് അർഹനായി തീരുക എന്നതിനേക്കാൾ മനുഷ്യനുള്ള സൗഭാഗ്യം എന്താണ്?

**26.** ഇത് എത്ര വലിയ നന്മയാണ് എന്ന് നിങ്ങൾ അറിയുന്നതിന്, ഈ ലോകജീവിതസംബന്ധമായ കാര്യങ്ങളിൽ അതീവ തല്പരരായവരെ നോക്കുവിൻ. അവർ നിഴൽപോലെയാണ്, കഥയില്ലാത്തവരുമാണ്. ഒരു ഭൗമികാധികാരിയോട് ഒരാൾ തുടർച്ചയായി സംസാരിക്കുന്നതായി കണ്ടാൽ, അയാൾ എത്ര മഹാനാണ് എന്ന് അവർ വിധികല്പിക്കും. ഏറ്റവും സന്തുഷ്ടനായ മനുഷ്യൻ എന്ന് അയാളെപ്പറ്റി പറയും, അവനെ ആരാധ്യനായി കരുതുന്നു. തന്റെ മനുഷ്യസ്വഭാവമുള്ള മറ്റൊരു മനുഷ്യനോടാണ് അവൻ സംസാരിക്കുന്നത്. അവൻ സംസാരിക്കുന്നത് ലൗകികവും മർത്ത്യവുമായ സംഗതികളാണ്; എങ്കിലും അയാളെ ഒരത്ഭുത വസ്തുവിനെ പോലെയും അതീവ ബഹുമാനത്തിന് അർഹൻ എന്നവണ്ണവും പരിഗണിക്കുന്നു. എന്നാൽ ദൈവവുമായി സംസാരിക്കാൻ യോഗ്യത ലഭിച്ച മനുഷ്യനെപ്പറ്റി നിങ്ങളെന്തു പറയും? ഭൗമിക സംഗതികളല്ല അവൻ സംസാരിക്കുക. പിന്നെയോ, പാപമോചനത്തെപ്പറ്റിയും തന്റെ കുറ്റങ്ങൾ ക്ഷമിക്കുന്നതിനെപ്പറ്റിയും ലഭിച്ചവ സംരക്ഷിക്കുന്നതിനെപ്പറ്റിയും ലഭിക്കാൻ പോകുന്നവയെപ്പറ്റിയും നിത്യതയിലെ അനുഗ്രഹങ്ങളെപ്പറ്റിയുമാണ് അവിടുത്തെ സംസാരം! തന്റെ പ്രാർത്ഥനവഴി സ്വർഗീയ സഹായം അവനു ലഭിക്കുന്നെങ്കിൽ, കിരീടധാരിയായ രാജാവിനേക്കാൾ അവൻ സന്തുഷ്ടനായിരിക്കും!

**27.** എല്ലാറ്റിനും ഉപരി, ഈ ആത്മീയ വസ്ത്രത്തിന്റെ തിളക്കം നിരന്തരം കാത്തുസൂക്ഷിക്കാൻ പ്രാർത്ഥനയ്ക്കു കഴിയും. പ്രാർത്ഥനയോടുകൂടെ ദാനധർമത്തിനുള്ള ഔദാര്യം ചേർന്നുപോകുന്നു. അത് നമ്മുടെ സത്കർമങ്ങളുടെ മകുടവും നമ്മുടെ ആത്മാക്കൾക്കു



രക്ഷയ്ക്കുള്ള വഴിയുമാണ്. ദാനധർമങ്ങളോടുകൂടിയ പ്രാർത്ഥന ഉന്നതത്തിൽ നിന്ന് നമുക്ക് എണ്ണമറ്റ നല്ല വസ്തുക്കൾ നേടിത്തരും. നമ്മുടെ ആത്മാക്കളിലുള്ള പാപത്തിന്റെ അഗ്നിയെ കെടുത്താൻ അവയ്ക്ക് കഴിയും; അവ നമുക്കു വലിയ സ്വാതന്ത്ര്യം പ്രദാനം ചെയ്യുകയും ചെയ്യും. കൊർണേലിയൂസ് ഈ രണ്ട് സുകൃതങ്ങളും അഭ്യസിക്കുകയും തന്റെ പ്രാർത്ഥനകൾ സ്വർഗത്തിലേക്ക് അയയ്ക്കുകയും ചെയ്തു. ഈ രണ്ട് സുകൃതങ്ങൾ നിമിത്തം മാലാഖ പറയുന്നതായി അവൻ ഇപ്രകാരം കേട്ടു: "നിന്റെ പ്രാർത്ഥനകളും ദാനധർമങ്ങളും ഉയരത്തിലേക്ക് കടക്കുകയും ദൈവതിരുമുമ്പാകെ അനുസ്മരിക്കുകയും ചെയ്തിരിക്കുന്നു" (നട 10:4).

## ശതാധിപനായ കൊർണേലിയൂസിന്റെ ദൃഷ്ടാന്തം

**28.** തന്റെ ജീവിതകാലം മുഴുവൻ പട്ടാളക്കാരന്റെ വേഷവും ബൽറ്റും ധരിച്ച ഈ മനുഷ്യന് പ്രാർത്ഥനകളിലൂടെയും ദാനധർമങ്ങളിലൂടെയും എന്തുറപ്പാണ് ലഭിച്ചതെന്ന് നിങ്ങൾ കാണുന്നില്ലേ? സൈന്യത്തിൽ ചേർന്നവർ ഇതു ശ്രവിക്കട്ടെ; മാന്യമായി വ്യാപരിക്കാൻ താല്പര്യമുള്ളവന് സൈന്യസേവനം സുകൃതജീവിതത്തിന് തടസ്സമേയല്ല എന്ന് അവർ പഠിക്കട്ടെ. പട്ടാളവേഷവും ബൽറ്റും ധരിച്ചിരുന്നാലും, ഭാര്യയും മക്കളും ഭവനകാര്യങ്ങളും ഉള്ളവനായിരുന്നാലും, പൊതുക്കാര്യ പ്രസക്തനായിരുന്നാലും ശരി, സുകൃതജീവിതത്തിൽ വളരാൻ കഴിയും എന്ന് അവർ ഗ്രഹിക്കട്ടെ. ഈ ശ്രേഷ്ഠവ്യക്തിയെ നോക്കുക; അവൻ പട്ടാളവേഷം ധരിക്കുകയും സൈന്യത്തെ നയിക്കുകയും ചെയ്തിരുന്നു, കാരണം, അവൻ ശതാധിപനായിരുന്നു. അവന്റെ സന്മനസ്സും മാന്യതയും ജാഗരണവും നിമിത്തം സ്വർഗീയമായ പ്രത്യേക പരിപാലനയ്ക്ക് അവൻ അർഹനായിത്തീർന്നു.

നാം നമ്മുടെ പങ്ക് ആദ്യമേ നിർവഹിച്ചെങ്കിലേ കൃപ ഉന്നതത്തിൽ നിന്ന് പറന്ന് നമ്മുടെ പക്കൽ എത്തുകയുള്ളൂ എന്നത് നിങ്ങൾ വ്യക്തമായി ഗ്രഹിക്കാനായി ഈ കഥ തന്നെ കേൾക്കൂ. തന്റെ തുടരെത്തുടരെയുള്ളതും മനസ്സു തുറന്നതുമായ ദാനധർമം എന്ന ആദ്യപടിക്കുശേഷം, അവൻ തീക്ഷ്ണതാപൂർവം പ്രാർത്ഥനയിലേക്കു തിരിഞ്ഞു. ഒൻപതാം മണിക്ക് അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ദൂതൻ അവന്റെ അടുത്തുവന്നു നിന്നുകൊണ്ട്, "കൊർണേലിയൂസ്, നിന്റെ പ്രാർത്ഥനകളും ദാനധർമങ്ങളും ഉയരത്തിലേക്കു കരേറി ദൈവതിരുമുമ്പാകെ അനുസ്മരിക്കപ്പെട്ടിരിക്കുന്നു" എന്ന് പറഞ്ഞതായി തിരുലിഖിതം സാക്ഷിക്കുന്നു (നട 10:1–4).

www.malankaralibrary.com



**29.** ഈ വാക്കുകൾ വെറുതെ കടത്തിവിടാതെ, ഈ മനുഷ്യന്റെ സുകൃതത്തെപ്പറ്റി നമുക്കു ശ്രദ്ധാപൂർവം പരിഗണിക്കാം. അപ്പോൾ നാഥൻ എത്ര സ്നേഹനിധിയും കരുണാമസൃണനും ആണെന്നും അവിടുന്ന് ആരെയും അവഗണിക്കുന്നില്ലെന്നും നമുക്കു മനസ്സിലാകും. മാന്യമായ ആത്മാവിനെ കാണുന്നിടത്ത് അവന്റെമേൽ അവിടുന്നു തന്റെ കൃപകൾ വർഷിക്കുന്നു. ഈ പട്ടാളക്കാരന് മതകാര്യങ്ങളിൽ പാണ്ഡിത്യം ഇല്ലായിരുന്നു, അവൻ ഭൗമിക കാര്യങ്ങളിൽ മുഴുകിക്കഴിഞ്ഞു, അനുദിനം പതിനായിരം കാര്യങ്ങൾ അവനെ അലട്ടിക്കൊണ്ടിരുന്നു. എന്നാൽ അവൻ തന്റെ സമയം വിരുന്നുശാലകളിലും മദ്യത്തിലും ഭോജനപ്രിയത്തിലും പാഴാക്കാതെ, പ്രാർത്ഥനയിലും ദാനധർമത്തിലും ചെലവഴിച്ചിരുന്നു. അത്തരം ഒരു ദർശനത്തിന് അർഹനാകത്തക്കവണ്ണം അവൻ തനിയെ ഇത്രയും താല്പര്യം കാണിച്ചിരുന്നു. അവൻ നിരന്തരമായി പ്രാർത്ഥിക്കുകയും ഉദാരമായി ദാനം ചെയ്യുകയും ചെയ്തിരുന്നു.

**30.** വിരുന്നിനുമുൻപ് ഒരു പ്രാർത്ഥന അർപ്പിക്കാതെയും വിരുന്നിനുശേഷം കൃതജ്ഞതാപ്രാർത്ഥന കൂടാതെയും വിഭവസമൃദ്ധമായ മേശ ഒരുക്കിയവരും സമൃദ്ധമായി വീഞ്ഞു പകർന്നവരും വിരുന്നുശാലകളിൽ തങ്ങളുടെ സമയം ചെലവാക്കിയവരും ഇന്നെവിടെയാണ്? തങ്ങൾ പൊതുപ്രവർത്തകർ ആയതിനാലും സൈന്യസേവനത്തിൽ ആയതിനാലും പട്ടാളവസ്ത്രവും ബൽറ്റും ധരിച്ചിരിക്കുന്നതിനാലും, ഭയരഹിതമായി തങ്ങൾക്കെന്തും ചെയ്യാം എന്ന് അവർ കരുതി. അവർ ഈ മനുഷ്യനെ നോക്കട്ടെ; അവൻ എപ്രകാരം പ്രാർത്ഥനയിൽ സ്ഥിരതയോടിരുന്നു എന്നു കാണട്ടെ. അവന്റെ ദാനശീലം കണ്ട് ലജ്ജിച്ച് തലമൂടട്ടെ.

**31.** എന്നാൽ അവൻ പട്ടാളക്കാർക്കു മാത്രമല്ല, നമുക്കെല്ലാവർക്കും – സന്യാസികൾക്കും, സഭാശുശ്രൂഷയ്ക്കു സമർപ്പിച്ചിരിക്കുന്നവർക്കുമെല്ലാം – വിശ്വസനീയ പ്രബോധകനാണ്. കാരണം, കൊർണേലിയൂസിനു ലഭിച്ച ദർശനത്തിന് അർഹനാകാൻ തക്കവണ്ണം, നമ്മിലാർക്ക് പ്രാർത്ഥനയിൽ സ്ഥിരതയുള്ളവനും ദാനധർമത്തിൽ ഉദാരനും ആണെന്ന് പറയാൻ കഴിയും? ഇതു നിമിത്തമാണ് ഞാൻ നിങ്ങളെ ഉദ്ബോധിപ്പിക്കുന്നത്. നാം മുമ്പ് ഇപ്രകാരം ചെയ്തിട്ടില്ലെങ്കിൽ പോലും, പട്ടാളക്കാരും സാധാരണ പൗരന്മാരുമായി ഈ മഹാദാനങ്ങൾ സ്വീകരിച്ച നമുക്കെല്ലാവർക്കും ഒരുപോലെ കൊർണേലിയൂസിനെ അനുകരിക്കാം; പട്ടാളക്കാരന്റെ വേഷം ധരിച്ച അവൻ



കാണിച്ചതിൽ ഒട്ടും കുറയാതെ സുകൃതം അഭ്യസിക്കാം. നാം ഇപ്രകാരം ചെയ്താൽ നമ്മുടെ ആത്മീയ വസ്ത്രം അതിന്റെ സൗന്ദര്യത്തികവിൽ കാത്തുസൂക്ഷിക്കാൻ നമുക്ക് കഴിയും; ഈ സുകൃതങ്ങൾ ഒന്നിച്ച് പ്രദർശിപ്പിക്കാൻ നാം ശ്രദ്ധാലുക്കളായിരിക്കണം എന്നു മാത്രം.

**32.** ഈ വസ്ത്രം അഴിവില്ലാതെ സംരക്ഷിക്കാൻ സഹായിക്കുന്ന മറ്റു സുകൃതക്കൂട്ടുകളും, നിങ്ങൾക്കിഷ്ടമെങ്കിൽ, നമുക്ക് അവയോടു ചേർക്കാം. ആത്മനിയന്ത്രണവും വിശുദ്ധിയും എന്ന സുകൃതങ്ങളാണ് ഞാൻ ഉദ്ദേശിക്കുന്നത്. "സമാധാനത്തിനും വിശുദ്ധിക്കുമായി അധ്വാനിക്കുവിൻ; അതുകൂടാതെ ആർക്കും ദൈവത്തെ കാണാനാവില്ല" എന്നു ശ്ലീഹാ പറയുന്നു (എബ്രാ 12:14). ഓരോ നാഴികയും നമ്മുടെ മനസ്സാക്ഷിയെ പരിശോധിച്ചുകൊണ്ടും, ദുർവിചാരങ്ങളിൽ നിന്നുള്ള കറയും കളങ്കവും നമ്മുടെ ആത്മാവിൽ പറ്റാതെ സംരക്ഷിച്ചുകൊണ്ടും ആ വിശുദ്ധിയെ ശ്രദ്ധാപൂർവ്വം നമുക്ക് അനുധാവനം ചെയ്യാം.

**33.** ഈ രീതിയിൽ നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കുകയും വളരെ താല്പര്യപൂർവം അതിൽ ശ്രദ്ധിക്കുകയും ചെയ്താൽ, നാം നമ്മുടെ വികാരങ്ങളുടെ മേലുള്ള വിജയം കൈവരിക്കും. ഈ രീതിയിൽ, കുറേശ്ശ കുറേശ്ശ നാം സുകൃതസോപാനത്തിൽ എത്തുകയും ചെയ്യും. നമ്മുടെ യാത്രയ്ക്കാവശ്യമായ ആത്മീയമൂലധനം ഈ ഉറവയിൽ നിന്ന് നീക്കിവച്ചിട്ടുണ്ടെങ്കിൽ, തന്നെ സ്നേഹിക്കുന്നവർക്ക് അവിടുന്നു നൽകുന്ന അവാച്യമായ അനുഗ്രഹങ്ങൾക്ക് നാം അർഹരായിത്തീരും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹനിർഭരമായ കാരുണ്യത്താലും കൃപയാലും നമുക്കെല്ലാവർക്കും ഇതു ലഭിക്കാൻ ഇടയാകട്ടെ. അവനോടുകൂടെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വവും ശക്തിയും ബഹുമാനവും ഇപ്പോഴും എന്നേക്കും അനന്തലോകത്തിലും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## എട്ടാം പ്രസംഗം

# നവജാതർക്കുള്ള ഉപദേശം

***സമീപപ്രദേശത്തുനിന്നു വന്നുചേർന്നവരെ പ്രകീർത്തിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ദൃശ്യവാഗ്ദാനങ്ങൾ പ്രാപിച്ച നീതിമാന്മാരെല്ലാം ദൃശ്യനന്മകൾക്കു പകരം അദൃശ്യമായവയിൽ തങ്ങളുടെ മനസ്സുറപ്പിച്ചു. എന്നാൽ അദൃശ്യമായ അനുഗ്രഹങ്ങളുടെ വാഗ്ദാനംപ്രാപിച്ച നാമാകട്ടെ, ദൃശ്യമായവയുടെ പിന്നാലെ ആശ്ചര്യപൂർവ്വം പാഞ്ഞുനടക്കുന്നു. രാവിലെയും വൈകിട്ടും പള്ളിയിൽ ഓടിയെത്തി പ്രാർത്ഥിക്കുകയും വിശ്വാസപ്രഖ്യാപനം നടത്തുകയും ചെയ്യുക ഉചിതമാകുന്നു. നവാഗതർക്കുള്ള അന്ത്യോപദേശം***

**സമീപപ്രദേശത്തു നിന്നു വന്നുചേർന്നവരെ പ്രകീർത്തിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു.**

**1.** ഈ കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങളുടെ ശ്രേഷ്ഠപ്രബോധകർ നിങ്ങളെ നന്നായി ബോധവൽക്കരിച്ചു. വിശുദ്ധ രക്തസാക്ഷികളുടെ തിരുശേഷിപ്പുകളിൽ നിന്നു വരുന്ന സമൃദ്ധമായ അനുഗ്രഹങ്ങളിൽ പങ്കെടുത്തുകൊണ്ട് അവരുടെ നിരന്തരമായ ആത്മീയോപദേശം നിങ്ങൾക്കു ലഭിച്ചു. എന്നാൽ ഇന്ന് സമീപപ്രദേശത്തു നിന്ന് ഈ സഭയിലേക്ക് കടന്നുവന്നവർ നമ്മുടെ സമൂഹത്തെ കൂടുതൽ



ശോഭായമാനമാക്കിയിരിക്കുന്നതിനാൽ, അവർ നമ്മോടു കാണിച്ച വലിയ സ്നേഹത്തിനു തുല്യമായ സ്നേഹത്തിൽ നിറഞ്ഞ, കൂടുതൽ സമൃദ്ധമായ, ഒരു ആത്മീയസദ്യ അതിനുപകരം അവരുടെ മുമ്പിൽ വിളമ്പാം. അവർക്കു ഈ പ്രത്യുപകാരം ചെയ്യാം, അവർക്കു നമ്മോടുള്ള സ്നേഹത്തിനു പകരമായി, കൂടുതൽ ആഴമായ ആതിഥ്യമര്യാദ അവരോടു കാണിക്കാൻ തൽപ്പരരാകാം. തങ്ങളുടെ സാന്നിധ്യത്താൽ നമ്മെ സന്തോഷിപ്പിക്കാനായി ഇത്ര നീണ്ട യാത്ര നടത്താൻ അവർ മടിച്ചില്ലെങ്കിൽ, ഈ ആത്മീയ പോഷണം അവരുടെ മുമ്പിൽ വിളമ്പുക കൂടുതലായി നമ്മുടെ കടമയാണ്. അങ്ങനെ, തങ്ങളുടെ മടക്കയാത്രയ്ക്കാവശ്യമായവ അവർ അതിൽ നിന്ന് എടുക്കാൻ ഇടയാകട്ടെ.

**2.** അവർ നമ്മുടെ സഹോദരങ്ങളും സത്യമായും സഭാഗാത്രത്തിലെ അവയവങ്ങളുമാണ്. നമ്മുടെ ശരീരത്തിലെ അവയവങ്ങളായ അവരെ നമുക്ക് ആലിംഗനം ചെയ്യാം; ഈ രീതിയിൽ അവരോടുള്ള സ്നേഹം നമുക്ക് പ്രദർശിപ്പിക്കാം. അവർ വ്യത്യസ്തമായ ഭാഷ സംസാരിക്കുന്നു എന്നതു നാം പരിഗണിക്കേണ്ടതില്ല. അവരുടെ വ്യത്യസ്ത ഭാഷയല്ല, അവരുടെ സത്യപ്രബോധനമാണ് ശ്രദ്ധാപൂർവം നാം പരിഗണിക്കേണ്ടത്. അവരുടെ സന്മനസ്സ് നാം ഗ്രഹിക്കണം; നാം നമ്മുടെ വാക്കുകളിലൂടെ പഠിപ്പിക്കാൻ പരിശ്രമിക്കുന്ന സത്യപ്രബോധനം അവരുടെ പ്രവൃത്തികളിലൂടെ അവർ കാണിക്കുന്നു. നാം നമ്മുടെ കൈകൾ കൊണ്ട് അധ്വാനിച്ച് നമ്മുടെ അനുദിനാഹാരം സമ്പാദിക്കണം എന്ന ശ്ലൈഹിക കല്പന അവർ പ്രവൃത്തികളിലൂടെ പൂർത്തീകരിക്കുന്നു.

**3.** "ഞങ്ങൾ ഞങ്ങളുടെ കൈകൾ കൊണ്ട് ജോലിചെയ്ത് ജീവിക്കുന്നു" എന്നും, "എന്റെയും എന്റെ സഖികളുടെയും ആവശ്യങ്ങൾക്കുള്ളവ എന്റെ ഈ കൈകൾ അധ്വാനിച്ചുണ്ടാക്കുന്നു" എന്നും പൗലോസ് പറഞ്ഞത് (1 കൊറി 4:12; നട 20:34) അവർ കേട്ടു. തങ്ങൾ ചെയ്യുന്ന ജോലികളാൽ ഈ നിർദ്ദേശങ്ങൾ അനുവർത്തിക്കാൻ പരിശ്രമിക്കുന്നതിലൂടെ, വാക്കുകളേക്കാൾ ശ്രേഷ്ഠമായ ഭാഷയിൽ അവർ സംസാരിക്കുകയും, ക്രിസ്തുവിൽ നിന്നുള്ള അനുഗ്രഹത്തിന് അർഹരാണെന്ന് തങ്ങളുടെ പ്രവൃത്തികളിലൂടെ കാണിക്കുകയും ചെയ്യുന്നു. കാരണം, "എന്റെ കല്പനകൾ അനുസരിക്കുകയും അവ പഠിപ്പിക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ" എന്ന് അവിടുന്നു പറയുന്നു. പ്രവൃത്തികളിലൂടെയുള്ള പ്രബോധനം വഴികാട്ടുമ്പോൾ, വാക്കുകൾകൊണ്ടുള്ള പ്രബോധനത്തിന്റെ ആവശ്യമില്ല. എങ്കിലും

www.malankaralibrary.com



ഈ മനുഷ്യർ ഇവ രണ്ടിലും ഏർപ്പെട്ടിരിക്കുന്നതായി നിങ്ങൾക്കു കാണാൻ കഴിയും. ഒരവസരം ദിവ്യനിയമങ്ങൾ വായിച്ചുകൊണ്ടും തങ്ങളുടെ ശ്രോതാക്കളെ പ്രബോധിപ്പിച്ചുകൊണ്ടും വിശുദ്ധ ബലിപീഠത്തിനു സമീപം അവർ നിൽക്കുകയായിരിക്കും. മറ്റൊരവസരം, കലപ്പ പിടിച്ച് നിലം ഉഴുതുമറിച്ചും ചാലുകീറി വിത്തുവിതച്ചും അവ മണ്ണിട്ടു മൂടിയും ഭൂമിയിൽ അധ്വാനിക്കുകയായിരിക്കാം. വേറൊരവസരം, പ്രബോധനമാകുന്ന കലപ്പ കയ്യിലേന്തി ശിഷ്യരുടെ ആത്മാക്കളിൽ ദിവ്യപ്രബോധനം ആകുന്ന വിത്തു വിതയ്ക്കുകയായിരിക്കാം.

**4.** അതുകൊണ്ട്, അവരുടെ ജീവിതവിശുദ്ധി പരിഗണിക്കാതെ, അവരുടെ രൂപവും അവർ സംസാരിക്കുന്ന ഭാഷയും പരിഗണിക്കരുത്. അവർ നയിക്കുന്ന മാലാഖമാർക്കടുത്ത ജീവിതവും തങ്ങളുടെ ജീവിതരീതിയിലൂടെ കാണിക്കുന്ന വിജ്ഞാനത്തോടുള്ള സ്നേഹവും നമുക്കു ശ്രദ്ധാപൂർവം പഗിഗണിക്കാം. അവർ തങ്ങളുടെ ജീവിതത്തിൽ നിന്ന് സുഖഭോഗവസ്തുക്കളും ഭക്ഷണാർത്തിയും ദൂരെ അകറ്റിയവരാണ്. ഇവ മാത്രമല്ല, നഗരങ്ങളിൽ പൊതുവേ കണ്ടുവരുന്ന എല്ലാ അയഞ്ഞ മനസ്ഥിതിയും ദൂരെ അകറ്റിയിരിക്കുന്നു. തങ്ങളുടെ ജീവൻ നിലനിർത്താൻ ആവശ്യമായവ മാത്രമേ അവർ ഭക്ഷിക്കാറുള്ളൂ; ബാക്കിയുള്ള സമയമത്രയും മാലാഖമാരുടെ ജീവിതരീതിയെ അനുകരിച്ചുകൊണ്ട്, കീർത്തനങ്ങളിലും നിരന്തര പ്രാർത്ഥനകളിലും അവർ ചെലവഴിക്കുന്നു.

**5.** എല്ലാറ്റിന്റെയും സ്രഷ്ടാവിന്റെ സ്തുതികൾ എല്ലാ തരത്തിലും ആലപിക്കുക എന്ന ഒറ്റ ദൗത്യമേ അഭൗമശക്തികൾക്കുള്ളൂ. അതുപോലെ, ഈ ശ്രേഷ്ഠവ്യക്തികൾ ജഡത്തിൽ ബന്ധിതരായിരിക്കുന്നതു കൊണ്ടുമാത്രമാണ് ശാരീരികാവശ്യങ്ങൾ നിറവേറ്റുന്നത്; ബാക്കിയുള്ള സമയമത്രയും അവർ പ്രാർത്ഥനകളിലും കീർത്തനങ്ങളിലും ചെലവഴിക്കുന്നു. ഈ ലോകജീവിതത്തിലെ ആഡംബരങ്ങളോട് അവർ പണ്ടേ വിടപറഞ്ഞവരാണ്. തങ്ങളുടെ ശ്രേഷ്ഠമായ ജീവിതമാതൃകയിലൂടെ തങ്ങളെ അനുകരിക്കാൻ അനുയായികളെ അവൻ ഉത്തേജിപ്പിക്കുന്നു. ഭാഗ്യവാന്മാർ എന്ന് എണ്ണപ്പെടേണ്ട അവരെ ഭാഗ്യവാന്മാർ എന്ന് പറയാതിരിക്കാൻ ആർക്കു കഴിയും! ഈ ലോകത്തിന്റെ പ്രബോധനവുമായി അവർക്കൊരു പങ്കുമില്ല; അവർ സത്യപ്രബോധനം പഠിച്ചിരിക്കുന്നു: "ദൈവത്തിന്റെ ഭോഷത്തം മനുഷ്യരുടെ വിജ്ഞാനത്തേക്കാൾ ശ്രേഷ്ഠമാണ്" എന്ന ശ്ലൈഹികവചനം (1 കൊറി 1:25) പ്രവൃത്തിയിലൂടെ അവർ പൂർത്തീകരിച്ചിരിക്കുന്നു.



**6.** നിലം ഉഴാനും ഭൂമിയിൽ അധ്വാനിക്കാനും മാത്രം അറിയാവുന്ന ഈ സാധാരണ മനുഷ്യനെ നിങ്ങൾ കാണുന്നില്ലേ? എന്നാൽ അവൻ ഈ ലോകകാര്യങ്ങളിലൊന്നും ശ്രദ്ധിക്കാറില്ല; പിന്നെയോ സ്വർഗത്തിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന നല്ലവസ്തുക്കളിൽ തന്റെ ചിന്തകേന്ദ്രീകരിക്കുന്നു; അവാച്യമായ ആ അനുഗ്രഹങ്ങളെ സംബന്ധിച്ച് എങ്ങനെ വിജ്ഞാനി ആയിരിക്കണമെന്നും അയാൾ അറിയുന്നു. തങ്ങളുടെ താടിയിലും വടിവിലും അഭിമാനം കൊള്ളുന്ന താത്വികർക്ക് ഒരിക്കലും വിഭാവന ചെയ്യാൻ കഴിയാത്തവയെപ്പറ്റി കൃത്യമായ അറിവ് ഈ ആളിനുണ്ട്. ഇത് ദൈവികശക്തിക്കുള്ള വ്യക്തമായ തെളിവല്ലേ? സുകൃതസംബന്ധമായ ആഴമേറിയ തത്വശാസ്ത്രവും ഉറച്ചതീരുമാനവും ഈ സാധാരണ മനുഷ്യർക്ക് മറ്റെവിടെ നിന്നാണ് ലഭിക്കുക? അവർ ദൃശ്യവസ്തുക്കളെ ശ്രദ്ധിക്കാറില്ല; തങ്ങളുടെ കണ്ണുകൊണ്ടു കാണുകയും കൈകൾ കൊണ്ട് സ്പർശിക്കുകയും ചെയ്യുന്നവയേക്കാൾ അദൃശ്യവും കാണപ്പെട്ടിട്ടില്ലാത്തവയുമായ വസ്തുക്കളെ അവർ കാംക്ഷിക്കുകയും അവയ്ക്കായി പ്രത്യാശിക്കുകയും ചെയ്യുന്നു. കാണപ്പെടുന്നവയും കണ്ണുകൾക്കു മുമ്പിൽ കിടക്കുന്നവയുമായ സംഗതികളേക്കാൾ, ശാരീരിക നയനങ്ങൾ കൊണ്ട് കാണാൻ സാധ്യമല്ലെങ്കിലും ദൈവം വാഗ്ദാനം ചെയ്തവ കുടുതൽ വിശ്വസനീയമാണ് എന്ന് വിധിക്കുന്ന ആ മനുഷ്യന് വിശ്വാസം ഉണ്ട്.

## ആത്മീയനന്മകൾ കാംക്ഷിക്കുക.
## അബ്രഹാമിന്റെ ദൃഷ്ടാന്തം.

**7.** ഈ രീതിയിൽ എല്ലാ നീതിമാന്മാരും പ്രകീർത്തിക്കപ്പെട്ടു; അവരൊക്കെ അവാച്യമായ ഈ അനുഗ്രഹങ്ങൾക്ക് അർഹരായിത്തീർന്നു. ഇതു നിമിത്തം അബ്രഹാം നീതിമാനാണെന്ന് നാഥൻ പ്രഖ്യാപിച്ചു. തന്റെ മനുഷ്യപ്രകൃതിയുടെ ബലഹീനതയെ ജയിച്ചുകൊണ്ട്, വാഗ്ദാനം ചെയ്തവന്റെ ശക്തിയുടെ പിന്നാലെ പൂർണമനസ്സോടെ അവൻ നടന്നു. അതുകൊണ്ടാണ്, "അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവന് നീതിക്കായി ഗണിക്കപ്പെട്ടു" എന്ന് തിരുലിഖിതം സാക്ഷിക്കുന്നത് (റോമ 4:3). അതുകൊണ്ട് "നീ നിന്റെ നാട്ടിൽ നിന്നും നിന്റെ ബന്ധുജനങ്ങളിൽ നിന്നും നിന്റെ പിതൃഭവനത്തിൽ നിന്നും പുറപ്പെട്ട്, ഞാൻ കാണിച്ചുതരാനിരിക്കുന്ന ദേശത്തേക്ക് പോകുക" എന്ന് അവന് ആദ്യം നിർദേശം ലഭിച്ചപ്പോൾ, അവൻ താല്പര്യപൂർവം അത് അനുസരിക്കുകയും, കല്പിച്ചതുപോലെ

www.malankaralibrary.com



പ്രവർത്തിക്കുകയും, താൻ കൂടാരമടിച്ചിരുന്ന സ്വന്തം നാടുവിടുകയും എവിടെ അവസാനിപ്പിക്കണം എന്നറിയാതെ ഇറങ്ങി പുറപ്പെടുകയും ചെയ്തു (ഉല്പ 12:1). സുവ്യക്തവും പൊതുവേ സ്വീകാര്യവുമായതിനേക്കാൾ, നാഥൻ കല്പിച്ചത് അവൻ തെരഞ്ഞെടുത്തു. അവൻ കല്പനയെ ചോദ്യം ചെയ്യുകയോ, അതേപ്പറ്റി ഓർത്ത് മനസ്സിൽ ക്ലേശിക്കുകയോ ചെയ്തില്ല. കല്പന നൽകിയവന്റെ ഔന്നത്യത്തിൽ മാത്രം അവൻ ശ്രദ്ധിച്ചു; മാനുഷിക തടസ്സങ്ങളെ ഒക്കെ മറികടന്നു. കല്പിക്കപ്പെട്ടവയൊന്നും ചെയ്യാതെ വിട്ടുകളയരുത് എന്ന ഒറ്റക്കാര്യത്തിൽ മാത്രം അവൻ ശ്രദ്ധ ചെലുത്തി.

**8.** ആ നീതിമാനു വേണ്ടി മാത്രമോ, അവന്റെ വിശ്വാസം എത്ര ആഴമുള്ളതാണെന്നു കാണിക്കാനോ അല്ല ദൈവം ഈ കല്പന നൽകിയത്. ആ പൂർവപിതാവിനെ നാം അനുകരിക്കുന്നതിനാണ് ദൈവം അപ്രകാരം ചെയ്തത്. കാരണം, ദൈവം അബ്രഹാമിന്റെ സന്മനസ്സും അദൃശ്യമായ ടോർച്ചുപോലെ നിഗൂഢമായിരിക്കുന്ന അവന്റെ ആത്മാവിന്റെ പ്രകാശവും കണ്ടപ്പോൾ, അവനെ കനാനിലേക്കു മാറ്റാൻ തീരുമാനിച്ചു. അവിടെ അജ്ഞതയാകുന്ന ഇരുട്ടുകൊണ്ട് അന്ധരായിരിക്കുകയും അലഞ്ഞുകഴിയുകയും ചെയ്തവരുടെ ആത്മാക്കളെ സുകൃതപാതയിലേക്കു തിരികെ കൊണ്ടുവരേണ്ടതുണ്ടായിരുന്നു. വാസ്തവത്തിൽ ഇതു സംഭവിക്കുക തന്നെ ചെയ്തു. പലസ്തീനായിൽ താമസിച്ചവർ മാത്രമല്ല, അതിനുശേഷം ഈജിപ്തിൽ ഉള്ളവരും അവനോടുകൂടെ ഉണ്ടായിരുന്ന ദൈവപരിപാലനയും ആ നീതിമാന്റെ സുകൃതവും അവനിലൂടെ അറിയാൻ ഇടയായി. അവന്റെ ആത്മാവിന്റെ മഹനീയതയുടെ ആഴം കാണുവിൻ. ദൈവത്തിനു വേണ്ടിയുള്ള അവന്റെ ദാഹം അവന് ചിറകുമുളപ്പിച്ചു. ദൃശ്യവസ്തുക്കളിൽ അവൻ തന്റെ പറക്കൽ അവസാനിപ്പിച്ചില്ല, തന്നോടു വാഗ്ദാനം ചെയ്ത അനന്തരാവകാശിയിലും അവൻ ശ്രദ്ധചെലുത്തിയില്ല, പിന്നെയോ, വരാനിരിക്കുന്നതിൽ അവൻ തന്റെ ദൃഷ്ടിയുറപ്പിച്ചു. "നീ നിന്റെ രാജ്യം വിട്ട്, ഞാൻ കാണിച്ചുതരാനിരിക്കുന്ന ദേശത്തേക്കു പോകുക" എന്ന് പറഞ്ഞുകൊണ്ട് തന്റെ നാടിനു പകരം മറ്റൊരു നാട് ദൈവം അവനു വാഗ്ദാനം ചെയ്തപ്പോൾ, അവൻ ദൃശ്യവസ്തുക്കളുപേക്ഷിക്കുകയും, ആത്മീയമായവയ്ക്കു പകരം അവയെ കൈവിടുകയും ചെയ്തു.

**9.** ഞാൻ ഉപമാമയമായി സംസാരിച്ചെന്നാണോ നിങ്ങൾ കരുതുന്നത്? അങ്ങനെ ചിന്തിച്ച് ക്ലേശിക്കേണ്ട. ദൃശ്യനന്മകളുടെ വാഗ്ദാനം ലഭിച്ചശേഷവും നീതിമാൻ എപ്രകാരം ആത്മീയ വസ്തുക്കളെ



കാംക്ഷിച്ചിരുന്നു എന്നു നിങ്ങൾ അറിവാൻ ഞാൻ വിശദീകരണം തരട്ടെ. ഇതേപ്പറ്റിയുള്ള കൃത്യമായ അറിവ് നമുക്ക് എങ്ങനെ കിട്ടും? നമുക്ക് അബ്രഹാമിനെ, അഥവാ, ലോകം മുഴുവന്റെയും പ്രബോധകനും ഭാഗ്യവാനുമായ പൗലോസിനെ, ശ്രവിക്കാം. അബ്രഹാമിനെ പറ്റിയും അവനോടുകൂടി മറ്റെല്ലാ നീതിമാന്മാരെപ്പറ്റിയും പറഞ്ഞപ്പോൾ അവൻ ഈ സംഗതികൾ വ്യക്തമായി മനസ്സിലാക്കിയിരുന്നു. അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരെപ്പോലെയുള്ള നീതിമാന്മാരുടെ പട്ടിക നൽകാൻ ഒരു ദിവസം ആഗ്രഹിച്ചപ്പോൾ അവൻ ഇപ്രകാരം പറഞ്ഞു: "വാഗ്ദാനം പ്രാപിക്കാതെ ദൂരെനിന്ന് കണ്ടുകൊണ്ടു മാത്രം വിശ്വാസത്തിൽ ഇവരെല്ലാം മരിച്ചു. തങ്ങൾ ധരയിൽ പരദേശികളും തീർഥകരും ആണെന്ന് അവർ പ്രഖ്യാപിക്കുകയും ഏറ്റു പറയുകയും ചെയ്തു (എബ്രാ 11:13).

**10.** ഭാഗ്യവാനായ പൗലോസേ, അങ്ങ് എന്താണ് അർഥമാക്കുന്നത്? വാഗ്ദാനം ചെയ്യപ്പെട്ടവ അവർക്കു ലഭിച്ചില്ലേ? അവർക്കു പലസ്തീനാ മുഴുവൻ കിട്ടിയില്ലേ? അവർ നാടിന്റെ അധിപന്മാർ ആയില്ലേ? അതേ, അവർക്കു പലസ്തീനാ കിട്ടി, നാട് അവർ സ്വന്തമാക്കി, എന്നാൽ വിശ്വാസത്തിന്റെ നയനങ്ങൾ കൊണ്ട് മറ്റ് വസ്തുക്കളിൽ തങ്ങളുടെ ആഗ്രഹം അവർ ഉറപ്പിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് പൗലോസ് തുടർന്നു പറയുന്നു: "ഇപ്രകാരം പറയുന്നവർ, തങ്ങൾ പിതൃദേശത്തെയാണ് അന്വേഷിക്കുന്നതെന്നു വ്യക്തമാക്കുന്നു. തങ്ങൾ വിട്ടുപോന്ന സ്ഥലത്തേക്കുറിച്ചാണ് അവർ ചിന്തിച്ചിരുന്നതെങ്കിൽ അവിടേക്കു തന്നെ മടങ്ങിച്ചെല്ലാൻ അവസരം ഉണ്ടാകുമായിരുന്നു. എന്നാൽ അവർ അതിനേക്കാൾ ശ്രേഷ്ഠവും സ്വർഗീയവുമായ രാജ്യത്തെ ലക്ഷ്യം വയ്ക്കുന്നു" (11:14-16). അവർ എന്തിനെയാണ് നോക്കിപ്പാർത്തതെന്ന് നിങ്ങൾ കാണുന്നില്ലേ? അവർ എന്താണ് ആഗ്രഹിച്ചതെന്ന് നിങ്ങൾ കാണുന്നില്ലേ? ദൈവം ഭൂമിയെപ്പറ്റി സംസാരിക്കുകയും, എല്ലായിടത്തും ദൃശ്യമായ നന്മകൾ വാഗ്ദാനം ചെയ്യുകയും ചെയ്തെങ്കിലും, അവർ എപ്രകാരം സ്വർഗത്തിലെ പിതൃരാജ്യം അന്വേഷിക്കുകയും അതിനെ തേടുകയും ചെയ്തു എന്നത് നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ടാണ്, "അതിന്റെ നിർമാതാവും പണിക്കാരനും ദൈവമാണ്" എന്ന് പൗലോസ് കൂട്ടിച്ചേർത്തത് (11:10). അവർ എപ്രകാരം ആത്മീയനന്മകൾക്കായി കാത്തിരുന്നു എന്നും, ശാരീരിക നയനങ്ങൾക്കു കാണാൻ കഴിയാത്തതും എന്നാൽ വിശ്വാസത്താൽ മാത്രം സുഗ്രാഹ്യവുമായ വസ്തുക്കളെ തങ്ങളുടെ മനസ്സിൽ കണ്ടുകൊണ്ടിരുന്നു എന്നും നിങ്ങൾ കാണുന്നില്ലേ?

www.malankaralibrary.com



## ലൗകികനന്മകളുടെ അസ്ഥിരത

**11.** ഇവയുടെയെല്ലാം എതിർദിശയിലേക്കാണ് നാം പോകുന്നത് എന്ന് ഞാൻ കാണുമ്പോൾ ഇവിടെ എന്റെ ചിന്ത പതറുകയും എന്റെ മനസ്സ് ക്ലേശിക്കുകയും ചെയ്യുന്നു. ഈ നീതിമാന്മാർ ദൃശ്യനന്മകളുടെ വാഗ്ദാനം പ്രാപിച്ചു, എന്നാൽ അവർ ആത്മീയമായവയെ കാംക്ഷിച്ചു കൊണ്ടിരുന്നു. ആത്മീയനന്മകളുടെ വാഗ്ദാനം പ്രാപിച്ച നാമാകട്ടെ, ദൃശ്യവസ്തുക്കളെ സംബന്ധിച്ച് അതീവതല്പരർ ആയിത്തീരുകയും ഭാഗ്യവാനായ പൗലോസ് പറയുന്നത് കേൾക്കാൻ കൂട്ടാക്കാതിരിക്കുകയും ചെയ്യുന്നു: "ദൃശ്യമായവ കാലികമാണ്; എന്നാൽ അദൃശ്യമായവ നിത്യമാണ്" എന്ന് അവൻ പറയുന്നു (2 കൊറി 4:18). തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം ഒരുക്കിയിരിക്കുന്നത് എന്തുതരം അനുഗ്രഹങ്ങളാണ് എന്നു കാണിച്ചുകൊണ്ട് മറ്റൊരിടത്ത് അവൻ പറയുന്നു: "അവ കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യഹൃദയത്തിൽ തോന്നിയിട്ടുമില്ല" (1 കൊറി 2:9).

എന്നാൽ നാം ലൗകിക വസ്തുക്കളുടെ പിന്നാലെ പരക്കം പായുകയാണ്. അതായത്, ധനം, ഈ ജീവിതത്തിന്റെ മഹത്ത്വം, സുഖസൗകര്യങ്ങൾ, മനുഷ്യർ നൽകുന്ന ബഹുമാനം എന്നിത്യാദിയാണ് ഞാൻ അർഥമാക്കുന്നത്. കാരണം, ഈ വർത്തമാനകാല ജീവിതത്തെ ശോഭായമാനമാക്കുന്നത് ഇവയൊക്കെയാണ് എന്നു തോന്നിപ്പോകും. അവ വെറും നിഴലുകളും സ്വപ്നങ്ങളുമായതിനാലാണ് "തോന്നിപ്പോകും" എന്നു ഞാൻ പറഞ്ഞത്.

**12.** ധനം തന്റെ കൈവശത്തിലുണ്ട് എന്നു കരുതുന്നവർക്ക് സന്ധ്യ വരെ പലപ്പോഴും സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്നില്ല; മറിച്ച്, പിടലി കടുത്ത അടിമയെപ്പോലെ അത് ഓടിപ്പോകുകയും, ഒരു യജമാനനിൽ നിന്ന് മറ്റൊരാളിലേക്ക് മാറുകയും, അതിനെ ബഹുമാനപൂർവം കൈകാര്യം ചെയ്യാൻ തല്പരരായിരുന്നവരെ നഗ്നരായും വെറും കയ്യോടെയും പറഞ്ഞയയ്ക്കുകയും ചെയ്യുന്നു. ധനാസക്തിയുള്ളവരെ അവർക്കെതിരിടാൻ കഴിയാത്ത അപകടങ്ങൾ ചുറ്റുന്നു എന്ന് ബിസിനസ്സ് കാര്യങ്ങളുടെ അനുഭവം എല്ലാവരെയും പഠിപ്പിക്കുന്നു. മാനുഷിക ബഹുമാനവും ഏതാണ്ട് ഇതുപോലെയാണ്. ഇന്ന് വളരെ കേമനായി വിരാജിക്കുകയും മാനുഷിക ദൃഷ്ടിയിൽ കീർത്തിമാൻ എന്നു കരുതപ്പെടുകയും ചെയ്യുന്നയാൾ പെട്ടെന്ന് അവമാനിതനാകുകയും എല്ലാവരും അവനെ നിന്ദിക്കുകയും ചെയ്യാറുണ്ടല്ലോ.



**13.** ഇവയേക്കാൾ കഥയില്ലാത്തതായി മറ്റെന്താണുള്ളത്? കാണപ്പെടുന്നതിനു മുമ്പുതന്നെ അപ്രത്യക്ഷമാകുന്നതും ഒരിക്കലും സ്ഥിരമായി നിൽക്കാത്തതും വികാരങ്ങൾ ഉണർത്തി നഗ്നരാക്കിയിട്ട് കടന്നുപോകുന്നതുമായ ആ വസ്തുക്കളെപ്പറ്റിയാണു ഞാൻ പറയുന്നത്. കറങ്ങുന്ന ചക്രം ഒരിക്കലും സ്ഥിരമായി നിൽക്കുന്നില്ല; അത് മുകളിലേക്കും താഴേക്കും എപ്പോഴും കറങ്ങിക്കൊണ്ടിരിക്കും. ഭാഗ്യചക്രവും ഇതിൽ നിന്ന് വ്യത്യസ്തമല്ല. മാനുഷികസൗഭാഗ്യം പെട്ടെന്ന്, തിരിഞ്ഞുമറിഞ്ഞുവരും, അവയുടെ മാറ്റം പെട്ടെന്നാണ്, ഒന്നും ഉറച്ചുനില്ക്കുന്നില്ല, ഒന്നും സ്ഥിരമായി നില്ക്കുന്നുമില്ല. എല്ലാം പെട്ടെന്ന് മാറി മറിഞ്ഞുവരാം; എതിർദിശയിലേയ്ക്കു പോകാനുള്ള ശക്തിയായ പ്രേരണ എല്ലാറ്റിനുമുണ്ട്. അപ്പോൾ, വർത്തമാനകാല ജീവിതത്തിലെ നന്മകളുടെ പിന്നാലെ പരക്കം പായുകയും അതിനോട് സ്വയം ബന്ധിക്കുകയും എന്നേക്കും നിലനില്ക്കുന്ന നിത്യമായവയേക്കാൾ അവയെ മാന്യമായി കരുതണം എന്ന് വിധിക്കുകയും ചെയ്യുന്നവനേക്കാൾ വലിയ പമ്പര വിഡ്ഢിയുണ്ടോ?

**14.** ഭൗതികനന്മകളിൽ അഹങ്കരിക്കുന്നവരെ ഇതു നിമിത്തമാണ് പ്രവാചകൻ ശക്തിയായി ശകാരിക്കുന്നത്: "അവ നിലനില്ക്കുന്നവയാണെന്ന് അവർ കരുതുന്നു, എന്നാൽ അവ പറന്നുപോകുന്നവയാണ്" (ആമോസ് 6:5). ഒറ്റവാചകത്തിൽ ഇവയുടെ നിസ്സാരത വ്യക്തമാക്കാൻ അവൻ ആഗ്രഹിക്കുന്നതു കാണുവിൻ. "കടന്നുപോകുന്നവ" എന്നോ, "മാറ്റത്തിനുവിധേയമാകുന്നവ" എന്നോ, "വഴുതിപ്പോകുന്നവ" എന്നോ അല്ല അവൻ പറഞ്ഞത്, പിന്നെ അവൻ എന്തു പറഞ്ഞു? "പറന്നുപോകുന്നവ" കാരണം, അവയുടെ വേഗതയും കൂടെക്കൂടെയുള്ളതും പെട്ടെന്നുള്ളതുമായ അവയുടെ മാറ്റങ്ങളും ചൂണ്ടിക്കാണിക്കാനും ദൃശ്യവസ്തുക്കളോട് ഒരിക്കലും പറ്റിച്ചേരരുതെന്നും ദൈവം വാഗ്ദാനം ചെയ്തവ മാത്രം വിശ്വസിക്കുകയും അവയിലാശ്രയിക്കുകയും ചെയ്യണമെന്നും നമ്മെ പ്രബോധിപ്പിക്കാനും അവൻ ആഗ്രഹിച്ചു.

**15.** പാതയിൽ പതിനായിരം തടസ്സങ്ങൾ പതിയിരുന്നാലും, ദൈവത്തിന്റെ വാഗ്ദാനങ്ങൾ പരാജയപ്പെടുകയില്ല. അവിടുന്ന് മാറ്റമില്ലാത്തവനും വ്യതിയാനാതീതനും എപ്പോഴും എന്നേക്കും നിലനില്ക്കുന്നവനും ആകയാൽ, തന്റെ വാഗ്ദാനങ്ങളും മാറ്റമില്ലാത്തവയും തെറ്റു പറ്റാത്തവയുമാണ്. അവ യാഥാർഥ്യമാകാൻ നാം തടസ്സം ഒന്നും സൃഷ്ടിക്കരുതെന്നു മാത്രം. മാനുഷിക വ്യാപാരങ്ങളിൽ

www.malankaralibrary.com



ഇതിനെതിരായിട്ടുള്ളതാണ് ശരി. മനുഷ്യപ്രകൃതി ജീർണതയ്ക്കും മരണത്തിനും വിധേയമാകയാൽ, മനുഷ്യന്റെ ദാനങ്ങളും ജീർണതയ്ക്കു വിധേയവും നശിച്ചുപോകുന്നവയുമാണ്. ഇത് ഇങ്ങനെ മാത്രമേ സംഭവിക്കുകയുള്ളു. കാരണം, നാമെല്ലാം ജീർണതയ്ക്കു വിധേയരായ മനുഷ്യരാണ്. മാനുഷിക ദാനങ്ങൾ മനുഷ്യസ്വഭാവത്തിനു ചേർന്ന രീതിയിൽ ഉള്ളവയാണ്. ദൈവത്തിന്റെ വാഗ്ദാനങ്ങളെ സംബന്ധിച്ച് നമുക്ക് ഇപ്രകാരമൊന്നും സംശയിക്കാൻ സാധ്യമല്ല. അവിടുന്നു വാഗ്ദാനം ചെയ്യുന്നു; അവിടുത്തേതു മാത്രം നിലനിൽക്കുന്നതും ഉറപ്പുള്ളതും മാറ്റമില്ലാത്തതും അഴിവില്ലാത്തതുമാണ്.

### നവജാതരുടെ അനുദിന പരിപാടി

**16.** അതുകൊണ്ട് ഞാൻ നിങ്ങളെ ഉപദേശിക്കുന്നു; എന്നും നിലനില്ക്കുന്നതും ഒരിക്കലും മാറ്റമില്ലാത്തതുമായ കാര്യങ്ങൾ നമുക്കന്വേഷിക്കുവിൻ. ഞാൻ ഈ വിഷയം അവതരിപ്പിച്ചതും നിങ്ങളെല്ലാവരെയും – നവജാതരേയും നേരത്തെ ആനീതരായവരെയും – ഒന്നിച്ച് ഉപദേശിച്ചതും ഉചിതമത്രേ. വിശുദ്ധ രക്തസാക്ഷികളുടെ കബറിടങ്ങളിൽ നാം തുടർച്ചയായി സന്നിഹിതരായിരുന്ന ദിവസങ്ങളിൽ, ഈ വിശുദ്ധരിൽ നിന്ന് സമൃദ്ധമായ അനുഗ്രഹം നമുക്കു ലഭിച്ചു; അവരുടെ പ്രബോധനത്തിന്റെ വലിയ പ്രയോജനം അനുഭവിക്കുകയും ചെയ്തു. മേലിൽ ഈ തുടർച്ചയായ യോഗങ്ങൾ ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട്, ആ രക്തസാക്ഷികൾ നൽകിയ വിശിഷ്ടോപദേശത്തിന്റെ ഓർമ നിങ്ങളുടെ കാതുകളിൽ മുഴങ്ങിക്കൊണ്ടിരിക്കട്ടെ എന്ന് നിങ്ങളുടെ സ്നേഹം നിറഞ്ഞ സമൂഹത്തെ ഞാൻ അനുസ്മരിപ്പിക്കുന്നു; അതുപോലെ ഈ ലോകവസ്തുക്കളേക്കാൾ പ്രധാനപ്പെട്ടതായി ആത്മീയകാര്യങ്ങൾ പരിഗണിക്കുകയും വേണം.

**17.** എല്ലാറ്റിന്റെയും ദൈവത്തോടു പ്രാർത്ഥിക്കാനും ഏറ്റുപറച്ചിൽ നടത്താനും അവിടുന്നു തന്ന ദാനങ്ങൾക്കു നന്ദിപറയാനും പ്രഭാതത്തിൽ ഇവിടെ ദേവാലയത്തിൽ ഒന്നിച്ചുകൂടാൻ വലിയ തീക്ഷ്ണത കാണിക്കണം എന്ന് നിങ്ങളെ ഞാൻ നിർബന്ധിക്കുന്നു. ഈ നിക്ഷേപം സംരക്ഷിക്കാനുള്ള തന്റെ ശക്തമായ സഹായം ഇപ്പോൾ മുതൽ നിങ്ങൾക്ക് അയച്ചുതരാൻ കനിവുണ്ടാകണം എന്ന് നാം അവിടുത്തോട് അപേക്ഷിക്കുന്നു. ഈ സഹായം കൊണ്ട് ബലംപ്രാപിച്ച്, ഓരോരുത്തരും അനുദിന ജോലികൾ ചെയ്യാൻ ദേവാലയത്തിൽ നിന്നു പുറപ്പെടട്ടെ: ഒരാൾ കൈകൊണ്ട് ജോലി ചെയ്യാനായിരിക്കാം



ഓടിപ്പോകുന്നത്, മറ്റൊരാൾ മിലിട്ടറി സേവനത്തിനായിരിക്കാം, വേറൊരാൾ സർക്കാർ ജോലിക്കായിരിക്കാം. എന്നാൽ ഓരോരുത്തരും ഉത്സാഹത്തോടും താല്പര്യത്തോടുംകൂടെ തന്റെ അനുദിന ജോലിയെ സമീപിക്കട്ടെ; സായാഹ്നത്തിൽ ഈ പള്ളിയിൽ തിരികെയെത്തി ദിവസം മുഴുവനെയും സംബന്ധിച്ച് നാഥനു കണക്കു കൊടുക്കുകയും തന്റെ തെറ്റുകൾക്കു മാപ്പപേക്ഷിക്കുകയും വേണം എന്ന അറിവോടുകൂടി വേണം തന്റെ ജോലി ചെയ്യാൻ. കാരണം നാം എത്ര മുൻകരുതൽ എടുത്താലും ബഹുലവും വൈവിധ്യവുമായ തെറ്റുകൾക്ക് കണക്കു കൊടുക്കാതിരിക്കാൻ നമുക്കു പറ്റില്ല. ഒന്നുകിൽ തെറ്റായ നേരത്ത് നാം എന്തെങ്കിലും പറഞ്ഞിട്ടുണ്ടാകും, അല്ലെങ്കിൽ പാഴ്വാക്കുകൾ ശ്രദ്ധിച്ചിട്ടുണ്ടാകും, അല്ലെങ്കിൽ ദുർവിചാരങ്ങൾ കടന്നുകൂടിയിരിക്കും, അതുമല്ലെങ്കിൽ കണ്ണുകളെ നിയന്ത്രിച്ചില്ലായിരിക്കാം, അല്ലെങ്കിൽ നാം ചെയ്യേണ്ടിയിരുന്നതുമായി യാതൊരു ബന്ധവുമില്ലാത്ത വ്യർഥവും കഥയില്ലാത്തതുമായ കാര്യങ്ങൾക്കായി സമയം പാഴാക്കിയിരിക്കാം.

**18.** അതുകൊണ്ടാണ്, ഈ തെറ്റുകൾക്കെല്ലാം ഓരോ സായാഹ്നത്തിലും നാം നാഥനോട് മാപ്പിരക്കുന്നത്. അതുകൊണ്ടാണ്, ദൈവത്തിന്റെ സ്നേഹനിർഭരമായ കാരുണ്യത്തെ സമീപിച്ച് തന്നോടപേക്ഷിക്കുന്നത്. പിന്നീട് നാം രാത്രിയാമങ്ങൾ മാന്യമായി ചെലവഴിക്കണം; ഈ രീതിയിൽ പ്രഭാതത്തിലെ പ്രാർത്ഥനകൾക്കായി ഒന്നിച്ചുകൂടണം. നാമോരോരുത്തരും ഈ രീതിയിൽ ജീവിതം ക്രമീകരിച്ചാൽ അപകടം കൂടാതെ ഈ ജീവിതനൗക മുന്നോട്ടു കൊണ്ടുപോകാനും നാഥന്റെ സ്നേഹനിർഭരമായ കാരുണ്യത്തിന് അർഹരാകുവാനും കഴിയും. സഭയിൽ ഒന്നിച്ചുകൂടാനുള്ള നാഴിക അടുക്കുമ്പോൾ, മറ്റെന്തിനേക്കാളും ഉപരിയായി ഈ യോഗത്തെയും ആത്മീയ കാര്യങ്ങളെയും പരിഗണിക്കണം. ഈ രീതിയിൽ, നമ്മുടെ പക്കലുള്ള നന്മകൾ നമുക്കു കൈകാര്യം ചെയ്യുകയും സുരക്ഷിതമായി കാത്തുസൂക്ഷിക്കുകയും ചെയ്യാം.

### അവസാന പാഠം: ആദ്യം ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധിക്കണം; നമ്മുടെ ഭൗതിക കാര്യങ്ങൾ ദൈവത്തിനു വിട്ടുകൊടുക്കണം.

**19.** ദൈവത്തിന്റെ സ്നേഹനിർഭരമായ കാരുണ്യം ഭൗതിക കാര്യങ്ങളിൽ സമൃദ്ധമായ സമാശ്വാസം പ്രദാനം ചെയ്യുന്നതിനാൽ, നാം ആത്മീയകാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്താൽ,

www.malankaralibrary.com



ഭൗതികകാര്യങ്ങളിൽ നമുക്കൊരു ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ല. എന്നാൽ നാം ആത്മീയകാര്യങ്ങളിൽ അശ്രദ്ധരായി തീരുകയും ഭൗതികകാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുകയും ആത്മാവിനെപ്പറ്റി ഒട്ടും പരിഗണിക്കാതിരിക്കുകയും അനുദിന വ്യാപാരങ്ങളിൽ നിരന്തരം മുഴുകിക്കഴിയുകയും ചെയ്താൽ, ഭൗതികകാര്യങ്ങളിൽ വലിയ നേട്ടമൊന്നും ഉണ്ടാക്കാതെ ആത്മീയകാര്യങ്ങൾ നമുക്കു നഷ്ടപ്പെടും. അതുകൊണ്ട്, ശരിയായ ക്രമീകരണം നമുക്കു തകിടം മറിക്കാതിരിക്കാം. നമ്മുടെ നാഥൻ നല്ലവനാണെന്ന് നമുക്കറിയാവുന്നതിനാൽ, എല്ലാക്കാര്യങ്ങളിലും അവനു വിധേയരായിരിക്കാം; ഈ ജീവിതത്തെ സംബന്ധിച്ച് പരക്കം പായാതിരിക്കാം. തന്റെ സ്നേഹനിർഭരമായ കാരുണ്യത്താൽ ഇല്ലായ്മയിൽ നിന്ന് ഉണ്മയിലേക്ക് നമ്മെ കൊണ്ടുവന്നവൻ, അസ്തിത്വം നൽകിയശേഷം നമ്മുടെ സുസ്ഥിതിക്കാവശ്യമായവ പ്രദാനം ചെയ്യാൻ തീർച്ചയായും തൽപ്പരനായിരിക്കും. "നിങ്ങൾ ചോദിക്കുന്നതിനു മുൻപുതന്നെ ഇവയെല്ലാം നിങ്ങൾക്കാവശ്യമാണെന്ന് നിങ്ങളുടെ സ്വർഗസ്ഥനായ പിതാവിനറിയാം" എന്ന് നമ്മുടെ കർത്താവ് അരുളിച്ചെയ്യുന്നു (മത്താ 6:32.8).

**20.** അതുകൊണ്ടാണ്, ലൗകിക വ്യഗ്രതകളിൽ നിന്നു നാം നമ്മെത്തന്നെ വിമുക്തരാക്കി, നമ്മുടെ ഒഴിവുസമയം മുഴുവൻ ആത്മീയകാര്യങ്ങളിൽ ചെലവഴിക്കണമെന്ന് അവിടുന്ന് ആഗ്രഹിക്കുന്നത്. നിങ്ങൾ ആത്മീയകാര്യങ്ങൾ തേടുവിൻ, എല്ലാ ലൗകികവസ്തുക്കളും നിങ്ങൾക്കു ഞാൻ സമൃദ്ധമായി നൽകും എന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു. ഈ രീതിയിലാണ് നീതിമാന്മാരെല്ലാം നീതിയുടെ കിരീടം പ്രാപിച്ചത്, അവരുടെ സുകൃതത്തെപ്പറ്റി സംസാരിച്ചുകൊണ്ടാണ് ഞാൻ എന്റെ പ്രസംഗം ആരംഭിച്ചത്. അവർക്ക് ദൃശ്യവസ്തുക്കളുടെ വാഗ്ദാനം ലഭിച്ചെങ്കിലും, അവർ ആത്മീയവസ്തുക്കൾ തേടി. നാം അതിനു നേരേ വിപരീതമായവ ചെയ്യുന്നു; നാം ആത്മീയകാര്യങ്ങളുടെ വാഗ്ദാനം പ്രാപിച്ചു; എന്നാൽ ദൃശ്യമായവയുടെ പിന്നാലെ പരക്കം പായുന്നു.

21. അതുകൊണ്ടാണ് ഞാൻ നിങ്ങളെ നിർബന്ധിക്കുന്നത്. നാമിപ്പോൾ ദൈവസ്നേഹത്തിലാണ്. സുകൃതകൊടുമുടിയുടെ മുകളിലെത്തുന്നതിൽ മറ്റുള്ളവരേക്കാൾ മുന്നിലെത്തിയ ആ മനുഷ്യരെ നമുക്ക് അനുകരിക്കാം. എഴുതപ്പെട്ട നിയമം അനുശാസിച്ചതിനാലല്ല, പിന്നെയോ, തങ്ങളുടെ കഴിവുകളും, തങ്ങളുടെ പ്രകൃതിയിൽ ഉൾക്കൊണ്ടിരുന്ന പ്രബോധനവും ഉപയോഗിച്ചാണ് അവർ ഇതു ചെയ്തത്.



അവരെപ്പോലെ, നമ്മുടെ ആത്മാവിന്റെ കാര്യത്തിൽ ശ്രദ്ധിക്കാൻ നമുക്ക് തീക്ഷ്ണമായി പരിശ്രമിക്കാം. നമുക്ക് നമ്മുടെ ഉൽക്കണ്ഠകളും ആകുലതകളും അവനിൽ സമർപ്പിക്കാം. ആത്മാവിന്റെ കാര്യം സർവ പ്രധാനമാകയാൽ, അതിൽ നമുക്കു ശ്രദ്ധിക്കാം. ശരീരസംബന്ധമായ താല്പര്യങ്ങളും ഭാരങ്ങളും നമ്മുടെ പൊതുനാഥനു സമർപ്പിക്കാം.

**22.** കൂടുതൽ പ്രധാനപ്പെട്ട സംഗതി, അതായത്, ആത്മാവിന്റെ കാര്യം, അവിടുന്ന് നമ്മെ ഏല്പിച്ചത് തന്റെ ജ്ഞാനത്തിന്റെയും അവാച്യമായ കാരുണ്യത്തിന്റെയും ഉത്തമദൃഷ്ടാന്തമാണ്. അവിടുന്ന് നമ്മെ സ്വതന്ത്രരായി സൃഷ്ടിച്ചുവെന്നും, സുകൃതം തെരഞ്ഞെടുക്കുന്നതിനോ, സ്വേച്ഛയാ തിന്മയുടെ ഭാഗം തെരഞ്ഞെടുക്കുന്നതിനോ, ഉള്ള സ്വാതന്ത്ര്യം നമ്മുടെ ഇച്ഛയ്ക്കു വിട്ടുതന്നുവെന്നും, അവിടുന്ന് പ്രവർത്തിക്കുന്ന രീതികൊണ്ട് നമ്മെ പഠിപ്പിക്കുന്നു. എന്നാൽ നമ്മുടെ ശാരീരികാവശ്യങ്ങൾക്കുള്ളതെല്ലാം താൻതന്നെ നൽകുമെന്ന് അവിടുന്ന് വാഗ്ദാനം ചെയ്തിരിക്കുന്നു. മനുഷ്യർ സ്വശക്തിയിൽ ആശ്രയിക്കരുതെന്നും ഈ ലോകജീവിതം നയിക്കാൻ ആവശ്യമായവ തന്റെ കൈക്കുമ്പിളിൽ ഉണ്ടെന്ന് കരുതരുതെന്നും ഇതിലൂടെ മനുഷ്യരെ പഠിപ്പിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നു.

**23.** അതുകൊണ്ടാണ്, പ്രത്യേക പരിഗണനയ്ക്കർഹരായി തീർന്നവരും തന്നിൽ നിന്ന് ബുദ്ധിശക്തി ലഭിച്ചവരുമായ നാം ബുദ്ധിയില്ലാത്ത സൃഷ്ടികളെ അനുകരിക്കാൻ അവിടുന്നു നമ്മെ പ്രേരിപ്പിക്കുന്നത്: "ആകാശപ്പറവകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ ശേഖരിക്കുന്നുമില്ല, എങ്കിലും, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ പോറ്റുന്നു" എന്ന് അവിടുന്ന് അരുളിച്ചെയ്യുന്നു (മത്താ 6:26). ബുദ്ധിയില്ലാത്ത പറവകൾക്ക് ആവശ്യമായവയെല്ലാം വിതയും കൊയ്ത്തും കൂടാതെ നൽകുന്നതിൽ ഞാൻ ശ്രദ്ധിക്കുന്നെങ്കിൽ ശാരീരിക സംഗതികളേക്കാൾ ആത്മീയമായവയെ ഉയർത്തിപ്പിടിച്ചാൽ ബുദ്ധിശക്തിയുള്ള നിങ്ങളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കാണിക്കുക തന്നെ ചെയ്യും എന്നു പറയുന്നതുപോലെയാണിത്. കാരണം, ഇവയും ഈ പ്രപഞ്ചം മുഴുവനും ഞാൻ സൃഷ്ടിച്ചത് നിങ്ങൾക്കു വേണ്ടിയാണ്, പറവകളെ ഞാൻ പരിപാലിക്കുന്നെങ്കിൽ, നിങ്ങൾക്കു വേണ്ടി ഇവയെല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കെ, നിങ്ങൾ കൂടുതൽ പരിഗണനയ്ക്ക് അർഹരാണെന്ന് ഞാൻ കരുതുകയില്ലേ.

www.malankaralibrary.com



**24.** അതുകൊണ്ട്, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ നമുക്കു വിശ്വസിക്കാം. ആത്മീയനന്മകൾക്കായി സർവാത്മനാ പരിശ്രമിക്കാം. ഭാവി ജീവിതത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിക്കുന്നത് ഐഹിക ജീവിത സംബന്ധമായ എല്ലാറ്റിനെക്കാളും ഉന്നതമായി കരുതാം. അപ്പോൾ നമുക്ക് വർത്തമാനകാല നന്മകൾ സമൃദ്ധമായി ലഭിക്കും; തന്നോടു വാഗ്ദാനം ചെയ്ത നന്മകൾക്കു നാം അർഹരാകും; നരകശിക്ഷയിൽ നിന്നു നാം വിമുക്തരാകുകയും ചെയ്യും. നിങ്ങളുടെ ദിവസം മുഴുവൻ അലസതയിലും കഥയില്ലാത്ത കൂത്തുകളിലും ഉപദ്രവകരമായ യോഗങ്ങളിലും വിരുന്നുകളിലും അനുദിന മദ്യപാനത്തിലും ചെലവഴിക്കരുതെന്ന് ഞാൻ വീണ്ടും നിങ്ങളോട് അപേക്ഷിക്കുന്നു. നാം നേടിയവ നമ്മുടെ പില്ക്കാല കരുതലില്ലായ്മ നിമിത്തം വഴുതിപ്പോകാൻ ഇടയാക്കരുത്; പിന്നെയോ ദൈവത്തിന്റെ കാരുണ്യാതിരേകത്താൽ നമുക്കു ലഭിച്ച ദാനങ്ങളെല്ലാം സുരക്ഷിതമായി സംരക്ഷിക്കാൻ അതീവ തല്പരർ ആയിരിക്കണം.

**25.** അടുത്തയിട ക്രിസ്തുവിനെ ധരിക്കുകയും പരിശുദ്ധാത്മാവിന്റെ ആവാസം സ്വീകരിക്കുകയും ചെയ്തവരെ പ്രത്യേകമായി ഞാൻ ഉപദേശിക്കുന്നു. അനുചിത വാക്കുകൾ കൊണ്ടോ, വ്യർഥഭാഷണ ശ്രവണം കൊണ്ടോ, ദുർവിചാരങ്ങൾ കൊണ്ടോ, നയനഭ്രംശം കൊണ്ടോ ഒരിക്കലും കറയോ ചുളിവോ ഉണ്ടാകാതെ നിങ്ങളുടെ വസ്ത്രത്തിന്റെ ശോഭ ഓരോ ദിവസവും കാത്തുസൂക്ഷിക്കണം. നമുക്കു ചുറ്റും നമുക്കൊരു കോട്ടകെട്ടാം; ആ ഭീകരദിനം എപ്പോഴും കൺമുമ്പിൽ കാണാം. അങ്ങനെ നാം നമ്മുടെ ശോഭയുള്ള പ്രകാശത്തിൽ വസിക്കും, നമ്മുടെ അമർത്യതയുടെ വസ്ത്രം കറയും കളങ്കവും കൂടാതെ സംരക്ഷിക്കും, ആ അവാച്യ നന്മകൾക്ക് നാം അർഹരായി തീരുകയും ചെയ്യും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹനിർഭരമായ കാരുണ്യത്താൽ നാമെല്ലാവരും ഈ നന്മകൾ പ്രാപിക്കട്ടെ. അവനോടുകൂടെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്ത്വവും ശക്തിയും ബഹുമാനവും ഇപ്പോഴും എപ്പോഴും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## ഒൻപതാം പ്രസംഗം

# സ്നാനാർഥികൾക്കുള്ള ഉപദേശം

***സ്നാനാർഥികൾക്കുള്ളത്. പാപമോചനസ്നാനം എന്നു പറയാതെ പുനർജന്മസ്നാനം എന്ന് ഇതിനെ വിളിക്കുന്നത് എന്തുകൊണ്ട്? അസത്യമായി ആണയിടുന്നതു മാത്രമല്ല, സത്യമാണെങ്കിൽ പോലും ആണയിടുന്നത് അപകടകരമാണ്.***

**1.** എന്റെ പുതിയ സഹോദരരുടെ സമൂഹത്തെ ഞാൻ എങ്ങനെ സ്നേഹിക്കുകയും നോക്കിപ്പാർത്തുകൊണ്ടിരിക്കുകയും ചെയ്യുകയായിരുന്നു എന്നോ! നിങ്ങളുടെ ജനന നാഴികയ്ക്കു മുമ്പു തന്നെ ഞാൻ നിങ്ങളെ സഹോദരർ എന്നു വിളിക്കുന്നു. നിങ്ങൾ ഇപ്പോഴും വീണ്ടും ജനിച്ചിട്ടില്ലെങ്കിലും, നാം തമ്മിലുള്ള ബന്ധത്തിൽ ഞാൻ സന്തോഷിക്കുന്നു. നിങ്ങൾ എത്ര വലിയ ബഹുമാനത്തിലേക്കും എത്ര വലിയ തലത്തിലേക്കുമാണ് ആനീതരാക്കപ്പെടാൻ പോകുന്നതെന്ന് എനിക്കു നന്നായറിയാം. അതുകൊണ്ട്, ഒരാൾ അധികാരസ്ഥാനം പ്രാപിക്കാൻ ഒരുങ്ങുമ്പോൾ ജനങ്ങൾ സാധാരണ ചെയ്യാറുള്ളതു ഞാനും ചെയ്യുന്നു. തങ്ങൾക്ക് അയാളിൽ നിന്ന് പ്രയോജനം ഉണ്ടാകണം എന്ന് ആഗ്രഹിക്കുന്നവർ, അയാൾ അധികാരത്തിൽ പ്രവേശിക്കുന്നതിനു മുൻപു തന്നെ അയാളെ ചുറ്റിപ്പറ്റി നിന്ന് ബഹുമാനിക്കുന്നു. ഞാനും ഇപ്പോൾ അതുതന്നെ ചെയ്യട്ടെ; കാരണം, നിങ്ങൾ നിസ്സാരതലത്തിലേക്കല്ല ആനീതരാക്കപ്പെടാൻ പോകുന്നത്; പിന്നെയോ,

www.malankaralibrary.com



രാജ്യത്തിലേക്കു തന്നെയാണ്; ഏതെങ്കിലും ഒരു രാജ്യത്തിലേക്കല്ല, സ്വർഗരാജ്യത്തിലേക്കു തന്നെയാണ്. അതുകൊണ്ട്, നിങ്ങൾ ആ രാജ്യത്തിൽ എത്തുമ്പോൾ എന്നെ ഓർക്കണമെന്ന് നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു.

2. "നിനക്ക് നന്മ ഉണ്ടാകുമ്പോൾ, എന്നെ ഓർക്കണമേ" എന്ന് പൊത്തിപ്പേറിന്റെ പാനപാത്രവാഹകനോട് യൗസേപ്പ് പറഞ്ഞതുപോലെ (ഉല്പ 40:14), ഞാൻ നിങ്ങളോടും പറയുന്നു: "നിങ്ങൾക്കു നന്മ ഉണ്ടാകുമ്പോൾ എന്നെയും അനുസ്മരിക്കുക. ഒരു സ്വപ്നം വ്യാഖ്യാനിച്ചു കൊടുത്തതിനു പ്രതിഫലമായി യൗസേപ്പ് പറഞ്ഞതുപോലെയല്ല ഞാൻ അപേക്ഷിക്കുന്നത്. സ്വപ്നങ്ങൾ വ്യാഖ്യാനിക്കാനല്ല ഞാൻ വന്നിരിക്കുന്നത്; പിന്നെയോ സ്വർഗീയ കാര്യങ്ങൾ വിവരിക്കാനും, 'കണ്ണു കണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും മനുഷ്യമനസ്സിൽ തോന്നിയിട്ടില്ലാത്തതുമായ' അനുഗ്രഹങ്ങളുടെ സദ്വാർത്ത അവതരിപ്പിക്കാനുമാണ് ഞാൻ നില്ക്കുന്നത് (1 കൊറി 2:9). തന്നെ സ്നേഹിക്കുന്നവർക്കായി ദൈവം ഒരുക്കിയിരിക്കുന്നത് അത്തരത്തിൽ പെട്ടവയാണ്. "മൂന്നു ദിവസങ്ങൾക്കുശേഷം ഫറവോൻ നിന്നെ തന്റെ പ്രധാന പാനപാത്രവാഹകനായി പുനരവരോധിക്കും" എന്ന് യൗസേപ്പ് ഈജിപ്തിലെ പാനപാത്രവാഹകനോടു പറഞ്ഞു. 'മൂന്നു ദിവസങ്ങൾക്കുശേഷം നിങ്ങൾ രാജാവിന്റെ പാനപാത്രവാഹകരാകും' എന്നു ഞാൻ നിങ്ങളോടു പറയുന്നില്ല. പിന്നെയോ, മുപ്പതു ദിവസങ്ങൾക്കുശേഷം, ഫറവോനല്ല, സ്വർഗീയ രാജാവ് നിങ്ങളെ സ്വതന്ത്ര ജറുസലേമിൽ സ്വർഗീയ നഗരത്തിൽ നിങ്ങളുടെ യഥാർഥ രാജ്യത്തിൽ പുനപ്രതിഷ്ഠിക്കും എന്നാണു ഞാൻ പറയുക: "നീ ഫറവോന്റെ കൈയിലേക്കു പാനപാത്രം നൽകും" എന്ന് യൗസേപ്പ് പറഞ്ഞു. നിങ്ങൾ രാജാവിന്റെ കൈയിലേക്കു പാനപാത്രം നൽകും എന്ന് ഞാൻ പറയുന്നില്ല. പിന്നെയോ, സമൃദ്ധമായ ശക്തി നിറഞ്ഞിരിക്കുന്നതും ഏതു സൃഷ്ടിയേക്കാളും അമൂല്യമായ ശക്തി നിറഞ്ഞിരിക്കുന്നതും ഏതു സൃഷ്ടിയേക്കാളും അമൂല്യവുമായ ഭീതികരമായ പാനപാത്രം രാജാവുതന്നെ നിങ്ങളുടെ കൈകളിൽ വച്ചുതരും എന്നാണു ഞാൻ പറയുക.

3. ഈ പാനപാത്രത്തിന്റെ ശക്തി എന്താണെന്ന് ആനീതരായവർക്ക് അറിയാം; അല്പം കഴിഞ്ഞ് നിങ്ങളും അതു ഗ്രഹിക്കും. നിങ്ങൾ ആ രാജ്യത്തിൽ എത്തുമ്പോൾ, നിങ്ങൾ രാജകീയ വസ്ത്രം സ്വീകരിക്കുമ്പോൾ, നാഥന്റെ രക്തത്തിൽ മുക്കിയ പട്ടുവസ്ത്രം



ധരിച്ചിരിക്കുമ്പോൾ, സുര്യകിരണങ്ങളെ വെല്ലുന്ന ശോഭയോടെ എല്ലായിടത്തേക്കും പ്രകാശകിരണങ്ങൾ അയയ്ക്കുന്ന കിരീടം നിങ്ങളുടെ ശിരസ്സുകളിൽ നിങ്ങൾ അണിയുമ്പോൾ എന്നെയും ഓർക്കണമെ. കാരണം, അത്തരത്തിലുള്ളവയാണ് മണവാളന്റെ ദാനങ്ങൾ. അവ നാം അർഹിക്കുന്നതിന് ഉപരിസ്ഥമാണെങ്കിലും തന്റെ സ്നേഹനിർഭരമായ കാരുണ്യത്തിന് അനുസൃതമാണ്.

## മരണ നാഴികയിലേക്ക് സ്നാനം നീക്കിവയ്ക്കുന്നവരെപ്പറ്റി

4. അതുകൊണ്ട്, പാവനമായ മണവറയിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുതന്നെ ഞാൻ നിങ്ങളെ ഭാഗ്യമുള്ളവർ എന്ന് കരുതുന്നു. നിങ്ങളെ ഭാഗ്യമുള്ളവർ എന്നു കരുതുക മാത്രമല്ല, നിങ്ങളുടെ സന്മനസ്സിനെ ശ്ലാഘിക്കുക കൂടി ചെയ്യുന്നു; കാരണം, അയഞ്ഞ മനസ്ഥിതിക്കാരെപ്പോലെ നിങ്ങൾ അവസാന നാഴികയിലേക്ക് നിങ്ങളുടെ സ്നാനം നീക്കിവയ്ക്കുന്നില്ല. വളരെ താല്പര്യപൂർവം യജമാനനെ അനുസരിക്കാൻ തയ്യാറുള്ളവരും വിധേയത്വമുള്ളവരുമായ ദാസരെപ്പോലെ, നിങ്ങളുടെ ആത്മാക്കളുടെ കഴുത്തുകൾ നുകത്തിനു കീഴ്പ്പെടുത്താൻ വലിയ സുകൃതവും ഉത്സാഹവും നിങ്ങൾ കാണിച്ചു. നിങ്ങൾ നല്ല നുകമാണ് സ്വീകരിച്ചിരിക്കുന്നത്; ലഘുവായ ഭാരമാണ് നിങ്ങൾ എടുത്തിരിക്കുന്നത്.

5. നിങ്ങൾക്കും മരണക്കിടക്കയിൽ ആനീതരാകുന്നവർക്കും ഒരേ കൃപയാണ് ലഭിക്കുന്നതെങ്കിലും, തെരഞ്ഞെടുപ്പും ഒരുക്കവും ഒരുപോലെയല്ല. അവർ മരണക്കിടക്കയിൽ സ്നാനം സ്വീകരിക്കുന്നു; നിങ്ങളാകട്ടെ, എല്ലാവരുടെയും പൊതുമാതാവായ സഭയുടെ മടിത്തട്ടിൽ സ്നാനം സ്വീകരിക്കുന്നു. അവർ കണ്ണുനീരിന്റെയും നിലവിളിയുടെയും ഇടയ്ക്ക് സ്നാനം സ്വീകരിക്കുന്നു; നിങ്ങളാകട്ടെ, സന്തോഷത്തോടും ആനന്ദത്തോടുംകൂടെ അതു സ്വീകരിക്കുന്നു. അവർ നെടുവീർപ്പിടുമ്പോൾ, നിങ്ങൾ നന്ദിപറയുന്നു. അവരുടെ കടുത്ത പനി അവരെ അർദ്ധപ്രജ്ഞരാക്കുന്നു; നിങ്ങളാകട്ടെ, സമൃദ്ധമായ ആത്മസന്തോഷത്താൽ നിറയുന്നു.

6. നിങ്ങളുടെ കാര്യത്തിൽ, എല്ലാം ദാനത്തിന് അനുസൃതമാണ്, എന്നാൽ അവരുടെ കാര്യത്തിലാകട്ടെ, എല്ലാം അതിനെതിരായിട്ടുള്ളതത്രെ. മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യൻ തന്റെ സ്നാനാവസരം കരഞ്ഞു നിലവിളിക്കുന്നു, അയാളുടെ മക്കൾ കണ്ണീരൊഴുക്കിക്കൊണ്ട് ചുറ്റും നിൽക്കുന്നു, അയാളുടെ ഭാര്യ നഖം കൊണ്ട് തന്റെ കവിളിൽ

www.malankaralibrary.com



വരയുന്നു; സ്നേഹിതർ ദുഃഖാർത്തരാകുന്നു. ദാസരുടെ കൺപോള കൾ കരഞ്ഞ് വീർത്തിരിക്കുന്നു; ആ ഭവനം മുഴുവൻ ദുഃഖാർത്തമായ ശീതകാല ദിവസത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു.

**7.** എന്നാൽ മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യന്റെ ഉള്ളു തുറന്നാൽ, ചുറ്റും നില്ക്കുന്നവരുടേതിനേക്കാൾ ശോകമൂകമായി നിങ്ങൾക്കു കാണപ്പെടും. വിവിധ ദിശകളിൽ നിന്ന് ഉഗ്രവേഗത്തിൽ പരസ്പരം ആഞ്ഞടിക്കുന്ന കാറ്റുകൾ കടലിൽ വലിയ തിരമാലകൾ ഉയർത്തുന്നതുപോലെ, രോഗിയെ മഥിക്കുന്ന ഭീകര സംഗതികളുടെ ചിന്ത മനസ്സിൽ കടന്നുവരികയും അവന്റെ മനസ്സിനെ നിരവധി പര്യാകുലതകളാൽ പിച്ചിച്ചീന്തുകയും ചെയ്യുന്നു. അവൻ തന്റെ മക്കളെ നോക്കുമ്പോൾ, ഇവർ അനാഥരായി പോകുമല്ലോ എന്ന് ചിന്തിക്കുന്നു, തന്റെ ഭാര്യയെ നോക്കുമ്പോൾ, അവൾ വിധവയാകുമല്ലോ എന്നു കാണുന്നു, തന്റെ ദാസരെ നോക്കുമ്പോൾ, തന്റെ ഭവനം ശൂന്യമാകുമല്ലോ എന്ന് ചിന്തിക്കുന്നു. അവൻ തന്നിലേക്കു തന്നെ തിരിയുമ്പോൾ, വർത്തമാനകാല ജീവിതം മനസ്സിൽ കൂടെ കടന്നുപോകുന്നു; അതിൽ നിന്ന് അവൻ പറിച്ചെടുക്കപ്പെടാൻ പോകുന്നതിനാൽ, നിരാശയുടെ കട്ടിയുള്ള മേഘത്താൽ വിഴുങ്ങപ്പെടുന്നതായി അവന് അനുഭവപ്പെടുന്നു. മരണസമയത്ത് ആനീതമാക്കപ്പെടാൻ പോകുന്ന ആത്മാവിന്റെ അവസ്ഥ ഇതാണ്!

**8.** ഇത്തരം കരച്ചിലിന്റെയും നെടുവീർപ്പിന്റെയും മധ്യത്തിലേക്ക് വൈദികൻ കടന്നുവരുന്നു. അവന്റെ വരവ് പനി കൊണ്ടുണ്ടായതെങ്കിലും കടുത്ത ഭീതി ജനിപ്പിക്കുന്നു. രോഗിയുടെ ബന്ധുക്കൾക്ക് അതു മരണത്തേക്കാൾ കഠിനതരവുമാണ്. രോഗിയുടെ ജീവിതത്തെ സംബന്ധിച്ച് തനിക്കു വലിയ പ്രതീക്ഷയില്ല എന്നു വൈദ്യൻ പറഞ്ഞപ്പോൾ ഉണ്ടായതിനേക്കാൾ കടുത്ത നിരാശയാണ് വൈദികൻ കടന്നുവരുമ്പോൾ അവർക്കുണ്ടാകുക. നിത്യജീവന്റെ പ്രത്യാശയായിരിക്കുന്നവൻ മരണത്തിന്റെ പ്രതീകമായി കാണപ്പെടുന്നു.

**9.** എന്നാൽ ഞാൻ ഈ തിന്മകളുടെ പാരമ്യത്തിൽ ഇതുവരെ എത്തിയില്ല. ബന്ധുമിത്രാദികൾ നിലവിളിക്കുകയും അവന്റെ അന്ത്യത്തിന് തങ്ങളെത്തന്നെ ഒരുക്കുകയും ചെയ്യുന്നതിനിടയിൽ മിക്കപ്പോഴും അവന്റെ ആത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടിട്ടുണ്ടാകും. ശരീരത്തിലായിരുന്നപ്പോൾ അവന്റെ ആത്മാവ് അവരിൽ പലർക്കും സന്തോഷകാരണമായിരുന്നില്ലായിരിക്കാം. സ്നാനപ്പെടാൻ പോകുന്ന



ആൾ അബോധാവസ്ഥയിലായി ഒരു തടിക്കഷണമോ കല്ലോ പോലെ മരിച്ച ശരീരത്തിൽനിന്ന് ഒട്ടും വ്യത്യാസമില്ലാതെ നിശ്ചേഷ്ടനായി കിടക്കുമ്പോൾ, സന്നിഹിതരായവരെ തിരിച്ചറിയാൻ കഴിയാതിരിക്കെ, അവർ പറയുന്നതു കേൾക്കാൻ സാധിക്കാതിരിക്കെ, എല്ലാവരുടെയും പൊതുനാഥനുമായി ഭാഗ്യകരമായ ഉടമ്പടി ഉണ്ടാക്കാനായി മറുപടി പറയാൻ കഴിയാതിരിക്കെ, ഈ ആനീതനാക്കലിലൂടെ അവന് എന്തു പ്രയോജനമാണു ലഭിക്കുക?

**10.** ഈ പാവന കർമങ്ങളെയും ഭീതികരമായ രഹസ്യങ്ങളെയും സമീപിക്കുന്ന വ്യക്തി സദാ ഉണർവുള്ളവനും ജാഗ്രതയുള്ളവനും ആയിരിക്കണം; എല്ലാ ഭൗമിക വ്യഗ്രതകളിൽ നിന്നും വിമുക്തനായിരിക്കണം, മിതത്വവും തീക്ഷ്ണതയുംകൊണ്ട് സമൃദ്ധമായി നിറഞ്ഞിരിക്കണം. ഈ ദിവ്യരഹസ്യങ്ങൾക്ക് അന്യമായ ചിന്തകളെ അയാൾ മനസ്സിൽ നിന്ന് ഓടിച്ചുകളയണം; തന്റെ മേല്ക്കൂരയ്ക്കു കീഴിൽ ചക്രവർത്തിയെ സ്വീകരിക്കാൻ പോകുന്നു എന്ന രീതിയിൽ തന്റെ ഭവനം വെടിപ്പാക്കുകയും എല്ലാത്തരത്തിലും ഒരുങ്ങുകയും വേണം. ഈ രീതിയിലാണ് നിങ്ങൾ നിങ്ങളുടെ മനസ്സിനെ ഒരുക്കേണ്ടത്; ഇത്തരത്തിലുള്ള ചിന്തകളാണ് നിങ്ങൾക്കുണ്ടാകേണ്ടത്; ഇത്തരത്തിലായിരിക്കണം നിങ്ങളുടെ ഇച്ഛയുടെ ലക്ഷ്യം. പിന്നീട് ഈ ഉത്തമ ലക്ഷ്യത്തിന് അർഹിക്കുന്ന പ്രതിഫലം ദൈവത്തിൽ നിന്ന് നേടുക. കാരണം, തന്നെ ശ്രവിക്കാൻ സന്നദ്ധരായവരെ, പ്രതിഫലമായി നൽകുന്ന ഉദാരദാനങ്ങളാൽ അവൻ അമ്പരപ്പിക്കും.

**11.** സഹദാസന്മാർക്ക് അവരുടെ നല്ല പങ്ക് നിർവഹിക്കേണ്ടതുള്ളതിനാൽ നമുക്ക് നമ്മുടെ പങ്ക് നിർവഹിക്കാം. നാം ചെയ്യുന്നത് നമ്മുടേതായിരിക്കുകയില്ല, പിന്നെയോ, നാഥന്റേതായിരിക്കും. കാരണം, "നീ സ്വീകരിച്ചിട്ടില്ലാത്തതായി നിനക്ക് എന്താണുള്ളത്? അതു നീ സ്വീകരിച്ചതാണെങ്കിൽ, സ്വീകരിച്ചിട്ടില്ല എന്ന രീതിയിൽ എന്തിനാണ് വീമ്പടിക്കുന്നത്?" എന്ന് അവൻ ചോദിക്കുന്നു (1 കൊറി 4:7). ഇത് ഒന്നാമതായി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ആണ്ടുവട്ടത്തിലെ മറ്റു കാലങ്ങൾ വിട്ടിട്ട് ഈ കാലത്ത് സഭാമക്കൾ ആനീതരാക്കപ്പെടണം എന്ന് നമ്മുടെ പിതാക്കന്മാർ നിശ്ചയിച്ചത് എന്തുകൊണ്ടാണ്? നാം നിങ്ങൾക്ക് ഉപദേശം നൽകിയശേഷം, ചെരിപ്പും വസ്ത്രങ്ങളും നീക്കി ചെറിയൊരു തുണിക്കഷണം മാത്രം ധരിച്ചുകൊണ്ട് ഭൂതോച്ചാടകന്റെ വാക്കുകൾ കേൾക്കാൻ എന്തിനാണ് നിങ്ങൾ അയയ്ക്കപ്പെടുന്നത്? ഈ കാലവും ഈ വസ്ത്രവും ഇങ്ങനെ

www.malankaralibrary.com



നിശ്ചയിച്ചിരിക്കുന്നത് ലക്ഷ്യമില്ലാതെയോ, ഉദ്ദേശ്യമില്ലാതെയോ അല്ല. ഇവ രണ്ടിനും മിസ്റ്റിക്കും നിഗൂഢവുമായ കാരണമുണ്ട്; ഇത് നിങ്ങളോട് വിശദീകരിക്കാൻ ഞാൻ ആഗ്രഹിച്ചു. എന്നാൽ കുറേക്കൂടി ആവശ്യമായ മറ്റൊരു വിഷയം അവതരിപ്പിക്കേണ്ടതുണ്ടെന്നു ഞാൻ കാണുന്നു. കാരണം, സ്നാനം എന്താണെന്നും, നമ്മുടെ ജീവിതത്തിൽ അതിനുള്ള സ്ഥാനം എന്താണെന്നും, അതുകൊണ്ടുവരുന്ന അനുഗ്രഹങ്ങൾ എത്ര വിലയേറിയവയാണെന്നും നിങ്ങളോട് പറയേണ്ടിയിരിക്കുന്നു.

## പുനർജന്മസ്നാനമാണ് മാമോദീസ

12. നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ, ഈ മിസ്റ്റിക്കൽ ശുദ്ധീകരണത്തിന്റെ വിവിധ പേരുകൾ ഞാൻ നിങ്ങളോട് പറയാം. കാരണം, ഇതിന് ഒരു പേരു മാത്രമല്ല ഉള്ളത്, പിന്നെയോ, പലതരത്തിലും, രീതിയിലും ഇത് അറിയപ്പെടുന്നു. *പുനർജന്മസ്നാനം* എന്ന് ഈ ശുദ്ധീകരണം വിളിക്കപ്പെടുന്നു. "പുനർജന്മസ്നാനത്താലും പരിശുദ്ധാത്മാവിന്റെ നവീകരണത്താലും അവിടുന്ന് നമ്മെ രക്ഷിച്ചു" എന്ന് വിശുദ്ധ പൗലോസ് പറയുന്നു (തീത്തോസ് 3:5). *പ്രകാശിപ്പിക്കൽ* എന്നും ഇത് വിളിക്കപ്പെടുന്നു; വീണ്ടും അതിനെ ഇങ്ങനെ വിളിക്കുന്നതും വി. പൗലോസാണ്: "നിങ്ങൾ പ്രകാശിതരായശേഷം കഷ്ടപ്പാടുകളോട് പൊരുതി നിന്ന കഴിഞ്ഞ കാലങ്ങൾ ഓർക്കുവിൻ" (എബ്രാ 10:32). "വീണ്ടും, ഒരിക്കൽ പ്രകാശം ലഭിക്കുകയും സ്വർഗീയ സമ്മാനം ആസ്വദിച്ചറിയുകയും ചെയ്തവർ വീണു പോകുകയാണെങ്കിൽ, അവരെ അനുതാപത്തിലേക്ക് പുനരാനയിക്കുക അസാധ്യമാണ്" (എബ്രാ 6:4–6). ഇത് *മാമോദീസാ* എന്നും വിളിക്കപ്പെടുന്നു: "എന്തുകൊണ്ടെന്നാൽ, യേശുക്രിസ്തുവിൽ മാമോദീസാ സ്വീകരിച്ച നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ 3:27). ഇതിനെ *കബറടക്കം* എന്നു വിളിക്കുന്നു. "മാമോദീസായിലൂടെ അവനോടുകൂടെ മരണത്തിനു നിങ്ങൾ സംസ്കരിക്കപ്പെട്ടിരിക്കുന്നു" എന്ന് വി. പൗലോസ് പറയുന്നു (റോമ 6:4). ഇതിനെ *പരിച്ഛേദനം* എന്നും വിളിക്കുന്നു: "അവനിൽ നിങ്ങളും പരിച്ഛേദനം സ്വീകരിച്ചിരിക്കുന്നു. കൈകളാൽ നിർവഹിക്കപ്പെടുന്ന പരിച്ഛേദനമല്ല, പിന്നെയോ, ശരീരത്തിന്റെ അധമവാസനകളെ നിർമാർജനം ചെയ്യുന്ന പരിച്ഛേദനമാണ് (കൊളോ 2:11). ഇതിനെ *കുരിശ്* എന്നും വിളിക്കുന്നു: "പാപത്തിന്റെ പഴയ ശരീരം നശിപ്പിക്കപ്പെടാനായി, നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു" (റോമ 6:6).



13. മറ്റ് പല പേരുകളും സൂചിപ്പിക്കാനുണ്ട്. എന്നാൽ ദൈവത്തിന്റെ ഈ കൃപാദാനത്തിന്റെ വിവിധ പേരുകൾ പറഞ്ഞ് സമയം കളയാതെ, ഇവയിലാദ്യത്തെ നാമത്തിലേക്ക് തിരികെ പോയി അതിന്റെ അർഥം പറഞ്ഞ് നമ്മുടെ ചർച്ച അവസാനിപ്പിക്കാം. ആദ്യമായി നമ്മുടെ പ്രബോധനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കട്ടെ. എല്ലാ മനുഷ്യർക്കും പൊതുവായിട്ടുള്ള കഴുകലാണല്ലോ *കുളി*; അത് ശാരീരിക മാലിന്യം കഴുകിക്കളയുന്നു. യഹൂദരുടെ ക്ഷാളനവുമുണ്ട്. അത് കുളിയേക്കാൾ കുറേക്കൂടി ആഘോഷപൂർണമാണ്; എന്നാൽ കൃപയുടെ സ്നാനത്തേക്കാൾ അത് വളരെ താണതാണ്. ഈ ക്ഷാളനം ശാരീരിക മാലിന്യം നീക്കിക്കളയുന്നു; ശാരീരിക മാലിന്യം നീക്കുക മാത്രമല്ല, ബലഹീന മനസ്സാക്ഷിയിൽ പറ്റിയിട്ടുള്ളതുകൂടി നീക്കുന്നു.

14. പ്രകൃത്യാ അശുദ്ധമല്ലാത്ത നിരവധി സംഗതികളുണ്ട്; എന്നാൽ മനസ്സാക്ഷി ബലഹീനമാകയാൽ, അവ അശുദ്ധമായി തീരുന്നു. സ്വഭാവേന ഭയം ജനിപ്പിക്കേണ്ട കാര്യമില്ലാത്ത മുഖംമൂടികളും അതുപോലുള്ള മറ്റെല്ലാ വസ്തുക്കളും, കൊച്ചുകുട്ടികളുടെ ദൃഷ്ടിയിൽ, അവരുടെ സ്വാഭാവികബലഹീനത നിമിത്തം ഭയജന്യങ്ങളാണ്. ഞാൻ സൂചിപ്പിച്ച വസ്തുക്കളുടെ കാര്യവും ഇതുപോലെയാണ്. ഉദാഹരണമായി, ഒരു മൃതശരീരത്തെ തൊട്ടാൽ സ്വഭാവേന അശുദ്ധമാകുന്നില്ല; എന്നാൽ ബലഹീന മനസ്സാൽ സ്പർശിച്ചാൽ അത് അവനെ അശുദ്ധനാക്കുന്നു. നിയമം നൽകിയ മോശതന്നെ യൗസേപ്പിന്റെ അസ്ഥികൾ വഹിക്കുകയും അശുദ്ധനാകാതിരിക്കുകയും ചെയ്തുകൊണ്ട്, മൃതശരീരത്തെ സ്പർശിക്കുക സ്വഭാവത്താലേ അശുദ്ധകർമമല്ല എന്ന് വ്യക്തമാക്കി.

15. സ്വഭാവേനയല്ല, മനസ്സാക്ഷിയിൽ നിന്നു വരുന്ന അശുദ്ധിയെപ്പറ്റി സംസാരിച്ചുകൊണ്ട് പൗലോസും പറയുന്നു: "അശുദ്ധം എന്നു കരുതുന്നവന് അല്ലാതെ, സ്വഭാവേന അശുദ്ധമായി യാതൊന്നുമില്ല" (റോമ 14:14). അശുദ്ധി വസ്തുക്കളുടെ പ്രകൃതിയിൽ നിന്നല്ല, മനസ്സിന്റെ ബലഹീനതയിൽ നിന്നാണ് വരുന്നതെന്ന് നിങ്ങൾ കാണുന്നില്ലേ? വീണ്ടും, "എല്ലാം ശുദ്ധമാണ്; എന്നാൽ ഇടർച്ച വരുത്തിക്കൊണ്ട് ഭക്ഷിക്കുന്നവന് അത് തിന്മയാണ്" (14:20). ഭക്ഷിക്കുന്നതല്ല, ഇടർച്ച വരുത്തിക്കൊണ്ട് ഭക്ഷിക്കുന്നതാണ് അശുദ്ധിക്ക് കാരണം എന്ന് നിങ്ങൾ കാണുന്നില്ലേ?

www.malankaralibrary.com



## യഹൂദരുടെ ക്ഷാളനവും മാമോദീസായും തമ്മിലുള്ള വ്യത്യാസം

16. യഹൂദരുടെ ക്ഷാളനം വഴി ഇത്തരം കറയാണ് കഴുകിക്കളഞ്ഞിരുന്നത്. കൃപയുടെ സ്നാനമാകട്ടെ ഇത്തരം കറ നീക്കാറില്ല, മറിച്ച്, ശരീരത്തിന്റെ യഥാർഥ അഴുക്കും ആത്മാവിൽ പറ്റിപ്പിടിച്ചിരിക്കുന്ന കറയും നീക്കുന്നു. മൃതശരീരത്തെ സ്പർശിച്ചവരെയല്ല, മരണകാരണമായ കർമങ്ങൾ ചെയ്തവരെയാണ് അത് ശുദ്ധീകരിക്കുന്നത്. ഒരാൾ വിഷയാസക്തനോ, വ്യഭിചാരിയോ, വിഗ്രഹാരാധകനോ, കൊടുപാതകം ചെയ്തവനോ, എല്ലാ മാനുഷിക ദുഷ്ടതകളും ഉള്ളവനോ ആയിക്കൊള്ളട്ടെ. സ്നാനജലത്തിലിറങ്ങിക്കഴിഞ്ഞ് സൂര്യകിരണങ്ങളെക്കാൾ വെണ്മയോടെ ദിവ്യജലത്തിൽ നിന്ന് അവൻ പുറത്തേക്കു വരുന്നു.

17. ഞാൻ വെറുതെ വീമ്പടിക്കുകയാണ് എന്ന് നിങ്ങൾ കരുതാതിരിക്കാൻ, ഈ സ്നാനത്തിന്റെ ശക്തിയെക്കുറിച്ച് പൗലോസിന് പറയാനുള്ളത് എന്തെന്ന് നമുക്ക് ശ്രവിക്കാം: "നിങ്ങൾക്ക് വഴി തെറ്റേണ്ട, വിഗ്രഹാരാധകരും, അസന്മാർഗികളും, വ്യഭിചാരികളും, വിഷയാസക്തരും, സ്വവർഗഭോഗികളും, കള്ളന്മാരും, അത്യാഗ്രഹികളും, മദ്യപന്മാരും, പരദൂഷകരും, കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല" (1 കൊറി 6:9–10). നീ പറഞ്ഞതുമായി ഇതിനെന്തു ബന്ധം എന്നു നിങ്ങൾ ചോദിച്ചേക്കാം. ഞങ്ങൾ അന്വേഷിക്കുന്നതിന് തെളിവ് നൽകുക. അതായത്, ഈ സ്നാനത്തിന്റെ ശക്തി ഈ പാപങ്ങളെല്ലാം കഴുകിക്കളയുന്നു എന്നതിനുള്ള തെളിവ്; താഴെപ്പറയുന്ന വാക്യം ശ്രദ്ധിക്കുക. പൗലോസ് പറയുന്നു: "നിങ്ങളിൽ ചിലർ ഇത്തരക്കാരായിരുന്നു. എന്നാൽ, നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും സ്നാനപ്പെടുകയും പവിത്രീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തു" (6:11).

18. ഈ സ്നാനത്തിലേക്ക് പ്രവേശിക്കുന്നവർ എല്ലാവിധ അശുദ്ധിയിൽ നിന്നും ശുദ്ധീകരിക്കപ്പെടുന്നു എന്നു കാണിക്കാം എന്നു ഞാൻ പറഞ്ഞിരുന്നല്ലോ. എന്നാൽ, നമ്മുടെ പ്രസംഗം അതിലും കൂടുതൽ തെളിയിച്ചിരിക്കുന്നു. അതായത്, അവർ ശുദ്ധീകരിക്കപ്പെട്ടുവെന്നു മാത്രമല്ല, വിശുദ്ധരും നീതിമാന്മാരും ആയിത്തീർന്നിരിക്കുന്നു. "നിങ്ങൾ കഴുകപ്പെട്ടു" എന്നു മാത്രമല്ല പൗലോസ് പറഞ്ഞത്, പിന്നെയോ, "നിങ്ങൾ വിശുദ്ധീകരിക്കപ്പെടുകയും നീതീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു" എന്നത്രേ.



19. അധ്വാനമോ, വിയർപ്പോ, സത്പ്രവൃത്തികളോ കൂടാതെ നീതീകരണം ലഭിക്കുക എന്നതിനേക്കാൾ അപ്രതീക്ഷിതമായി എന്താണുള്ളത്? വിയർപ്പ് കൂടാതെ മനുഷ്യരെ നീതീകരിക്കുക എന്നതാണ് ദിവ്യദാനത്തിന്റെ സ്നേഹനിർഭരമായ കാരുണ്യത്തിന്റെ സ്വഭാവം! കുറച്ചു വാക്കുകൾ ഉള്ള ഒരു കത്ത് ചക്രവർത്തിയിൽനിന്ന് വരുന്നെന്നും നിരവധി കുറ്റങ്ങൾ ഉള്ളവരെ കുറ്റവിമുക്തരാക്കുന്നെന്നും മറ്റു ചിലരെ പരമോന്നതസ്ഥാനം നൽകി ബഹുമാനിക്കുന്നെന്നും കരുതുക. എല്ലാം പ്രവർത്തിക്കാൻ കഴിയുന്ന പരിശുദ്ധാത്മാവ് അതിലും അധികമാണ് ചെയ്യുന്നത്. അവിടുന്ന് നമ്മെ എല്ലാവിധ തിന്മകളിൽ നിന്നും വേർതിരിക്കുന്നു, സമൃദ്ധമായ നീതീകരണം പ്രദാനം ചെയ്യുന്നു, നമ്മെ ആത്മവിശ്വാസത്താൽ നിറയ്ക്കുകയും ചെയ്യുന്നു. അലറിയടിക്കുന്ന കടലിലേക്ക് വീഴുന്ന ഉല്ക്ക പെട്ടെന്ന് കത്തിക്കരിഞ്ഞ് കടലിൽ താണ് അപ്രത്യക്ഷമാകുന്നു. അതുപോലെ, ദിവ്യജലത്തിന്റെ സ്നാനത്തിലേക്ക് വീഴുന്ന മാനുഷിക ദുഷ്ടതകളെല്ലാം, ഞാൻ പറഞ്ഞ ഉല്ക്കയേക്കാൾ വേഗത്തിൽ, മുങ്ങിത്താണ് വേഗത്തിലും എളുപ്പത്തിലും അപ്രത്യക്ഷമാകുന്നു.

20. ഈ സ്നാനം നമ്മുടെ പാപം എല്ലാം നീക്കിക്കളയുന്നെങ്കിൽ, പുനർജന്മസ്നാനം എന്നു പറയാതെ, പാപമോചനത്തിന്റെ സ്നാനം എന്നോ, ശുദ്ധീകരണത്തിന്റെ സ്നാനം എന്നോ എന്തുകൊണ്ടാണ് പറയാത്തത് എന്ന് ആരെങ്കിലും ചോദിച്ചേക്കാം. അതിന്റെ കാരണം ഇതാണ്: ഇതു വെറുതെ നമ്മുടെ പാപം മോചിക്കുകയല്ല, നമ്മുടെ തെറ്റുകളിൽ നിന്ന് വെറുതെ നമ്മെ ശുദ്ധീകരിക്കുകയുമല്ല. മറിച്ച്, നാം പുതുതായി ജനിക്കുന്നതുപോലെയാണ് അത് ഇങ്ങനെ ചെയ്യുന്നത്. കാരണം, ഇതു നമ്മെ പുതുതായി സൃഷ്ടിക്കുക തന്നെ ചെയ്യുന്നു, ഇതു നമ്മെ വീണ്ടും രൂപീകരിക്കുന്നു; ഭൂമിയിൽനിന്ന് മണ്ണു കുഴച്ചല്ല, പിന്നെയോ, മറ്റൊരു പദാർത്ഥത്തിൽ നിന്ന്, ജലത്തിന്റെ സ്വഭാവത്തിൽ നിന്ന്, നമ്മെ സൃഷ്ടിച്ചുകൊണ്ടാണ്.

## സ്നാനം നമ്മുടെ സ്വഭാവത്തെ പൂർണമായി നവീകരിക്കുന്നു.

21. ഈ സ്നാനം പാത്രത്തെ ശുദ്ധീകരിക്കുക മാത്രമല്ല, അതിനെ മുഴുവനായി വീണ്ടും ഉരുക്കുകയും ചെയ്യുന്നു. പാത്രം തുടച്ച് ശ്രദ്ധാപൂർവം വെടിപ്പാക്കിയാലും, അതെന്താണോ അതിന്റെ അടയാളങ്ങളും കറയുടെ അവശിഷ്ടങ്ങളും അപ്പോഴും അതിൽ കാണാം. എന്നാൽ

www.malankaralibrary.com



ഉരുക്കുമൂശയിൽ ഇട്ട് ജ്വാലകൊണ്ട് നവീകരിച്ചാൽ, അതിൽ പറ്റിപ്പിടിച്ച കീടം മുഴുവൻ വേർപെടുന്നു; മൂശയിൽ നിന്ന് പുറത്തെടുക്കുമ്പോൾ, പുതുതായി നിർമിച്ച പാത്രം പോലെ അതു തിളങ്ങുന്നു.

**22.** കാലപ്പഴക്കത്തിൽ പുകയും കരിയും അഴുക്കും പറ്റിപ്പിടിച്ച സ്വർണ രൂപം എടുത്ത് ഉരുക്കിയാൽ, അഴുക്കെല്ലാം പോയി പ്രകാശിച്ചുകൊണ്ട് നമുക്ക് തിരികെ കിട്ടുന്നു. അതുപോലെ, പാപക്കറകളാൽ കറപിടിച്ച നമ്മുടെ സ്വഭാവത്തെ ദൈവം എടുത്ത് പുതുതായി രൂപീകരിക്കുന്നു. അത് പാപക്കറകളാൽ തുരുമ്പു പിടിച്ചതായിരുന്നു; കരിനിരകളാൽ നമ്മുടെ തെറ്റുകുറ്റങ്ങൾ അതിനെ മൂടിയിരുന്നു; ആദിയിൽ അതിൽ നിക്ഷേപിച്ചിരുന്ന സൗന്ദര്യം അത് നശിപ്പിച്ചിരുന്നു. ഉരുക്കുമൂശയിൽ എന്നവണ്ണം അവിടുന്ന് അതിനെ വെള്ളത്തിൽ മുക്കുന്നു. ജ്വാലകൾക്കു പകരം പരിശുദ്ധാത്മാവിന്റെ കൃപ അതിൽ വർഷിക്കപ്പെടാൻ അവൻ ഇടയാക്കുന്നു. പിന്നീട്, സൂര്യകിരണങ്ങളെ വെല്ലുന്ന ശോഭയോടെ, പുതുതായുണ്ടാക്കിയ പാത്രങ്ങൾപോലെ, നമ്മെ ഉരുക്കുമൂശയിൽ നിന്ന് പുറത്തെടുക്കുന്നു. അവൻ പഴയമനുഷ്യനെ കഷണങ്ങളായി മുറിച്ചിട്ട്, പഴയതിനേക്കാൾ ശോഭയോടെ പ്രകാശിക്കുന്ന ഒരു പുതിയ മനുഷ്യനെ ഉണ്ടാക്കി.

**23.** "കുശവന്റെ പാത്രം പോലെ നീ അവരെ ഉടയ്ക്കും" എന്ന് പറഞ്ഞപ്പോൾ (സങ്കീ 2:9), ഈ മിസ്റ്റിക് വെടിപ്പാക്കലിനെയും തകർച്ചയെയും പഴയ സങ്കീർത്തകൻ സൂചിപ്പിക്കുകയായിരുന്നു. അതിനു തൊട്ടുമുൻപ് അവൻ പറഞ്ഞതിൽ നിന്ന്, വിശ്വാസികളെപ്പറ്റിയാണിത് എന്ന് വ്യക്തമാണ്: "നീയെന്റെ പുത്രനാകുന്നു, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു.; എന്നോടു ചോദിച്ചുകൊള്ളുക, ഞാൻ നിനക്കു രാജ്യങ്ങളെ നിന്റെ അവകാശമായും ഭൂമിയുടെ അതിർത്തികളെ നിന്റെ സ്വന്തമായും തരും" (2:7-8). അവൻ പുറജാതികളുടെ സഭയെ അനുസ്മരിക്കുന്നതും, ക്രിസ്തുവിന്റെ സഭ ലോകം മുഴുവൻ വ്യാപിക്കുന്ന കാര്യം സംസാരിക്കുന്നതും നിങ്ങൾ കാണുന്നില്ലേ? അവൻ വീണ്ടും പറയുന്നു: "ഇരുമ്പു ദണ്ഡുകൊണ്ട് നീ അവരെ ഭരിക്കും; എന്നാൽ അത് ഭാരമുള്ളതായിരിക്കുകയില്ല; എന്നാൽ ബലമുള്ളതായിരിക്കും; കുശവന്റെ പാത്രം പോലെ നീ അവരെ കഷണങ്ങളായി മുറിക്കും" (2:9).

**24.** സ്നാനത്തെ ഏതാണ്ട് മിസ്റ്റിക്കൽ അർത്ഥത്തിൽ എടുത്തിരിക്കുന്നതു ശ്രദ്ധിക്കുവിൻ; കാരണം, കളിമണ്ണുകൊണ്ട് നിർമിച്ച പാത്രം



എന്നു വെറുതെ പറയുകയല്ല, പിന്നെയോ, "കുശവന്റെ പാത്രം" എന്നത്രെ. ഇതു കാര്യമായി ശ്രദ്ധിക്കുക. കാരണം, ചുട്ടെടുത്ത പാത്രം തട്ടിപ്പൊട്ടിച്ചാൽ വീണ്ടും കൂട്ടിച്ചേർക്കാൻ ഒട്ടും സാധ്യമല്ല; കാരണം, അത് ചുട്ടുപഴുത്ത് കട്ടിപിടിച്ചതായിരുന്നു. കുശവന്റെ പാത്രം ചുട്ടെടുത്തതല്ല, പിന്നെയോ, കളിമണ്ണുകൊണ്ട് നിർമ്മിക്കുക മാത്രം ചെയ്തതത്രേ. തത്ഫലമായി, അത് വിരൂപമായിപ്പോയാൽ, അതിന് മറ്റൊരു രൂപം നൽകാൻ കുശവനു കഴിയും.

**25.** വീണ്ടെടുക്കാൻ പറ്റാത്ത നാശത്തെപ്പറ്റി സംസാരിക്കുമ്പോൾ, തിരുലിഖിതം കുശവന്റെ പാത്രത്തെപ്പറ്റിയല്ല പറയുക, പിന്നെയോ, *ടെറാകോട്ടായെ* പറ്റിയത്രേ. കാരണം നഗരത്തെ പുനരുദ്ധരിക്കാൻ പറ്റാത്ത തകർച്ചയ്ക്ക് താൻ ഏല്പിച്ചുകൊടുത്തു എന്ന് തന്റെ പ്രവാചകനെയും യഹൂദരെയും പഠിപ്പിക്കാൻ ദൈവം ആഗ്രഹിച്ചപ്പോൾ, ഒരു *ടെറാകോട്ടാ* ഭരണി എടുത്ത് ജനത്തിന്റെയെല്ലാം മുൻപാകെ അടിച്ച് പൊട്ടിച്ചിട്ട് ഇപ്രകാരം പറയാൻ നിർദ്ദേശിച്ചു: "ഇപ്രകാരം നഗരം നശിപ്പിക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്യും" (ജറ 19:11).

**26.** എന്നാൽ അവർക്കു പ്രത്യാശ പകരാൻ ദൈവം ആഗ്രഹിച്ചപ്പോൾ, തന്റെ പ്രവാചകനെ കുശവന്റെ ആലയിലേക്കയച്ചു. ചുട്ടെടുത്ത പാത്രമല്ല, കുശവന്റെ കൈയിൽനിന്നു താഴെ വീണ കളിമൺ പാത്രമാണ് അവനെ കാണിച്ചത്. എന്നിട്ട് അവനോടു പറഞ്ഞു: "താഴെ വീണ പാത്രത്തെ കുശവൻ എടുത്ത് പൂർവസ്ഥിതിയിൽ ആക്കിയെങ്കിൽ, നിങ്ങൾ വീണതിനുശേഷം നിങ്ങളെ പൂർവസ്ഥിതിയിലാക്കാൻ എന്നെക്കൊണ്ട് കൂടുതലായി സാധിക്കുകയില്ലേ" (ജറ 18:6). നാം കളിമണ്ണായതിനാൽ, പുനർജന്മസ്നാനത്തിലൂടെ നമ്മെ തിരുത്താൻ മാത്രമല്ല ദൈവത്തിനു കഴിയുക. പിന്നെയോ, ആത്മാവിന്റെ പ്രവർത്തനം സ്വീകരിച്ച ശേഷം നാം വഴുതി വീണുപോയാൽ, ആത്മാർഥമായ അനുതാപത്തിലൂടെ നമ്മുടെ മുൻ അവസ്ഥയിലേക്ക് നമ്മെ തിരികെ കൊണ്ടുവരാനും അവിടുത്തേക്കു സാധിക്കും.

## സ്നാനാർഥികളുടെ പരിശീലന പദ്ധതി

**27.** എന്നാൽ അനുതാപത്തെപ്പറ്റി ഒരു പ്രസംഗം ശ്രവിക്കാനുള്ള സമയമല്ല ഇപ്പോൾ. നിങ്ങൾക്ക് പ്രത്യൗഷധത്തിന് ആവശ്യം വരുന്ന അവസരം ഉണ്ടാകാതിരിക്കട്ടെ. മറിച്ച്, നിങ്ങൾ സ്വീകരിക്കാൻ പോകുന്ന സൗന്ദര്യവും ശോഭയും എപ്പോഴും നിലനില്ക്കുകയും നിങ്ങൾ അതു സംരക്ഷിക്കുകയും ചെയ്യാൻ ഇടയാകട്ടെ. നിങ്ങൾ

www.malankaralibrary.com



അത് എന്നും നിലനിർത്താനായി, നിങ്ങളുടെ പെരുമാറ്റരീതി എങ്ങനെ ആയിരിക്കണമെന്നു ചുരുക്കമായി സംസാരിക്കട്ടെ.

28. യോദ്ധാക്കൾക്ക് അപകടം വരുത്തി വച്ചുകൊണ്ടുള്ളതല്ല കളരിയിലെ ആയോധന പരിശീലനം. ആ കളരിയിൽ പരിശീലനം നേടുന്നവർ തമ്മിലാണ് മല്പിടുത്തം; തങ്ങളുടെ ആശാന്മാരുമായും അവർ പോരാട്ടം നടത്തി പരിശീലിക്കാറുണ്ട്. എന്നാൽ അരങ്ങേറുമ്പോൾ, സ്റ്റേഡിയം തുറന്ന് കാണികൾ ഇരുന്നു കഴിയുമ്പോൾ, മത്സരത്തിന് മാർക്കിടുന്നയാൾ സന്നിഹിതനാകുമ്പോൾ, കഴിവുകെട്ടവർ നാണംകെട്ട് പരാജിതരായി കളിസ്ഥലത്തു നിന്നു പിൻമാറുന്നു; കഴിവുള്ളവർ വിജയികളായി സമ്മാനവും കീരിടവും സ്വീകരിക്കുയും ചെയ്യുന്നു.

29. പരിശീലനക്കളരിയിലെ ശാരീരിക പരിശീലനം പോലെയാണ് നിങ്ങൾക്കും ഈ മുപ്പതുദിവസങ്ങൾ. ദുഷ്ടപിശാചിനെ എങ്ങനെ കീഴടക്കണം എന്ന് ഈ മുപ്പതുദിവസം നാം അഭ്യസിക്കണം. സ്നാനത്തിനു ശേഷം അവനോടുള്ള പോരാട്ടത്തിന് നാം ഉരിയാൻപോകുകയാണ്, നമ്മുടെ മല്പിടുത്തത്തിലും പോരാട്ടത്തിലും അവനാണ് നമ്മുടെ എതിരാളി. അവൻ ഉപയോഗിക്കുന്ന കുടുക്കുകൾ, അവന്റെ ദുഷ്ടതയുടെ ഉറവിടം, എപ്രകാരം അവന് നമ്മെ എളുപ്പത്തിൽ മുറിവേല്പിക്കാൻ കഴിയും എന്നിവ ഈ പരിശീലനകാലത്ത് നമുക്ക് പഠിക്കാം. അപ്പോൾ, പോരാട്ടം വരുമ്പോൾ, സ്വാഭാവികമായി മൽപ്പിടുത്തത്തിന്റെ പുതിയ തന്ത്രങ്ങൾ കാണുമ്പോൾ, അപ്രതീക്ഷിതമായി നാം പിടിക്കപ്പെടുകയോ, ഭയപ്പെട്ടുപോകുകയോ ഇല്ല. നാം നമ്മുടെ ഇടയിൽ തന്നെ പരിശീലിച്ചിട്ടുള്ളതിനാലും അവന്റെ കെണികളെപ്പറ്റി പഠിച്ചിട്ടുള്ളതിനാലും പോരാട്ടത്തിൽ നാം അവനോട് കട്ടയ്ക്കുകട്ട നില്ക്കും.

## സംസാരത്തിലൂടെ വരുന്ന പാപങ്ങളുടെ ആധിക്യവും എണ്ണവും

30. പിശാച് എല്ലാ രീതിയിലും, പ്രത്യേകിച്ച്, നമ്മുടെ നാവിലൂടെയും വായിലൂടെയും നമ്മെ മുറിപ്പെടുത്താൻ ശ്രമിക്കും. ശിക്ഷണരഹിതവും അടച്ചുവയ്ക്കാത്തതുമായ നാവും വായും പോലെ, നമ്മെ വഞ്ചിക്കുന്നതിനും നശിപ്പിക്കുന്നതിനും പറ്റിയ മറ്റൊരു ഉപകരണവും അവന് കണ്ടെത്താൻ കഴിയില്ല. ഈ ഉറവിടങ്ങളിൽ നിന്ന് ധാരാളം നാശനഷ്ടങ്ങളും നമുക്കെതിരെ ഗൗരവമേറിയ ആരോപണങ്ങളും ഉണ്ടാകും. "അനേകർ വാളുകൊണ്ടു നിപതിച്ചു; എന്നാൽ നാവുകൊണ്ടു നിപതിച്ചതിന്റെ അത്രയും ഉണ്ടായിട്ടില്ല" എന്ന് പറഞ്ഞപ്പോൾ, നാവുകൊണ്ടു പാപം ചെയ്യാൻ എത്ര എളുപ്പമാണെന്ന് ഒരു നിവേശിത ഗ്രന്ഥകാരൻ വ്യക്തമാക്കുകയായിരുന്നു (പ്രഭാഷകൻ 28:18).



31. ഇത് എത്ര ഗൗരവമേറിയ തിന്മയാണെന്ന് ചൂണ്ടിക്കാണിച്ചശേഷം അയാൾ തന്നെ ഇപ്രകാരം പറയുന്നു: "നാവിന്റെ പിഴവിനേക്കാൾ, തറയിലുള്ള വഴുവഴുപ്പ്" (പ്രഭാ 20:18). അവൻ അർഥമാക്കുന്നത് ഇതാണ്: "ആത്മാവിനെ നശിപ്പിക്കുന്ന വാക്കുച്ചരിക്കുന്നതിനേക്കാൾ താഴെവീണ് എല്ലൊടിയുന്നതാണ് ഉചിതം". "നിന്റെ വായ്ക്ക് താഴും പൂട്ടും ഉണ്ടാക്കുക" എന്ന് അവൻ പറയുമ്പോൾ (28:25) പാപത്തെപ്പറ്റി മാത്രമല്ല പറയുന്നത്, പിന്നെയോ, വഞ്ചിക്കപ്പെടാതിരിക്കാൻ വലിയ കരുതൽ വേണം എന്ന് ഉപദേശിക്കുക കൂടി ചെയ്യുകയത്രേ. നാം വാച്യാർഥത്തിൽ കതകും ജനലും ഉണ്ടാക്കണമെന്നല്ല അവൻ അർഥമാക്കുന്നത്; പിന്നെയോ, മണ്ടത്തരം പറയാതെ നാവടയ്ക്കാൻ വളരെ ശ്രദ്ധാലുക്കളായിരിക്കണം എന്നത്രേ.

32. ഈ വന്യമൃഗത്തെ നിയന്ത്രിക്കണമെങ്കിൽ, നമ്മുടെ സഹകരണത്തോടുകൂടി ഉന്നതത്തിൽ നിന്നുള്ള സഹായം നമുക്ക് അപരിത്യാജ്യമാണെന്ന് തിരുലിഖിതത്തിലെ മറ്റൊരു ഭാഗം ചൂണ്ടിക്കാണിക്കുന്നു. ദൈവത്തിൻ പക്കലേക്ക് തന്റെ കരങ്ങൾ നീട്ടിക്കൊണ്ട് സങ്കീർത്തകൻ പറയുന്നു: "ഞാൻ കരങ്ങൾ ഉയർത്തുന്നത് സായാഹ്ന ബലി പോലെയായിരിക്കട്ടെ; കർത്താവേ, എന്റെ വായ്ക്ക് കാവലും എന്റെ അധരങ്ങൾക്ക് കവാടവും വയ്ക്കണമെ" (സങ്കീ 141:2-3). നമുക്ക് ആദ്യത്തെ മുന്നറിയിപ്പു തന്ന മറ്റേ പ്രവാചകൻ വീണ്ടും പറയുന്നു: "ആര് എന്റെ വായ്ക്ക് ഒരു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് ഉറപ്പുള്ള മുദ്രയും വയ്ക്കും" (പ്രഭാ 22:27).

33. നാവിന്റെ പാപത്തെ രണ്ടു പ്രവാചകന്മാരും ഭയപ്പെടുന്നതും നാം നമ്മുടെ നാവിനെ നന്നായി നിയന്ത്രിക്കണം എന്ന് അവർ ഉപദേശിക്കുകയും നിലവിളിച്ചപേക്ഷിക്കുകയും ചെയ്യുന്നതും നിങ്ങൾ കാണുന്നില്ലേ? ഈ അവയവം ഇത്രയും നാശം ചെയ്യുന്നെങ്കിൽ, ആരംഭത്തിൽ ദൈവം എന്തിനാണ് ഇത് മനുഷ്യശരീരത്തിൽ നിക്ഷേപിച്ചത് എന്ന് ആരെങ്കിലും ചോദിച്ചേക്കാം. കാരണം, ഇത് വളരെ ഉപയോഗപ്രദമായതിനാലത്രേ. നാം കരുതൽ ഉള്ളവരാണെങ്കിൽ, അതു പദ്രവം ഒന്നും വരുത്തുകയില്ല, നന്മ മാത്രമേ വരുത്തുകയുള്ളൂ. നേരത്തെ നമുക്ക് ഉപദേശം തന്ന പ്രവാചകനെ ശ്രവിക്കൂ:

www.malankaralibrary.com



“നാവിന്റെ ശക്തിയിൽ ജീവനും മരണവും സ്ഥിതിചെയ്യുന്നു” എന്ന് അവൻ പറയുന്നു (സഭാ 18:21). “നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും, നിന്റെ വാക്കുകളാൽ നീ കുറ്റം വിധിക്കപ്പെടുകയും ചെയ്യും” എന്ന് പറഞ്ഞുകൊണ്ട് ക്രിസ്തുവും ഈ കാര്യം വ്യക്തമാക്കുന്നു (മത്താ 12:37).

**34.** രണ്ടുപയോഗത്തിനും തയ്യാറായി നാവ് മധ്യത്തിൽ നില്ക്കുന്നു; അതിന്റെ യജമാനൻ നീയാണ്. വാളും മധ്യത്തിൽ കിടക്കുന്നു; ശത്രുവിനെതിരെ ഉപയോഗിച്ചാൽ, അത് നിന്റെ സുരക്ഷിതത്വത്തിനുള്ള ഉപകരണമാക്കും. എന്നാൽ സ്വയം മുറിവേല്പിക്കാൻ ഉപയോഗിച്ചാൽ, നിന്റെ മരണത്തിന് ഹേതുവാകുന്നത് ഒരു ആയുധമല്ല, നിന്റെ നിയമനിഷേധം തന്നെയാണ്. മധ്യത്തിൽ കിടക്കുന്ന വാളുപോലെ നാവിനെ നമുക്ക് സങ്കല്പിക്കാം. നിന്റെ പാപങ്ങളെപ്പറ്റി നിന്നെ കുറ്റപ്പെടുത്താനായി അതിനു മൂർച്ച കൂട്ടുക; എന്നാൽ നിന്റെ സഹോദരനെ മുറിപ്പെടുത്താൻ അതിനെ ഉപയോഗിക്കരുത്.

**35.** അതുകൊണ്ട്, ഇരട്ടമതിലുകൊണ്ടാണ് ദൈവം നാവിനെ ചുറ്റിയിരിക്കുന്നത് – പല്ലിന്റെ തടസ്സവും ചുണ്ടുകളുടെ വേലിയും – നാവ് അരുതാത്തവ അശ്രദ്ധമായും പെട്ടെന്നും ഉച്ചരിക്കാതിരിക്കാനാണിത്. അത് വായിക്കകത്തു തന്നെ സൂക്ഷിക്കുക. എന്നാൽ അതിന് മനസ്സില്ലെങ്കിലോ? കടിച്ചുകീറാൻ പൊതുആരാച്ചാർക്ക് നൽകുന്നു എന്നവിധം നിന്റെ പല്ലുകൾകൊണ്ട് അതിനെ ശിക്ഷിക്കുക. പാപം ചെയ്യുമ്പോൾ ഇപ്പോൾ അതിനെ ശിക്ഷിക്കുന്നതാണ് അപ്പോൾ ദാഹിച്ചുവരണ്ട് വെള്ളത്തുള്ളിക്കായി കേഴുമ്പോൾ ആ സമാശ്വാസം നിഷേധിക്കപ്പെടുന്ന പിന്നീടുള്ള അവസ്ഥയിലും ഭേദം.

## ആണയിടുന്നതിനെതിരെ

**36.** പല തരത്തിലുള്ള പാപങ്ങൾ ചെയ്തുകൂട്ടുന്ന പ്രകൃതമാണ് നാവിനുള്ളത്. താറടിക്കൽ, ദൈവദൂഷണം, ദുർഭാഷണം, ചെളിവാരി എറിയൽ, ആണയിടൽ, കള്ളസത്യം ചെയ്യൽ. നാവുകൊണ്ടുള്ള എല്ലാം പാപങ്ങളും ഒന്നിച്ചു നിരത്തിവച്ച് ഇന്ന് നിങ്ങളുടെ മനസ്സിനെ ഭാരപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട്, ഒരേ ഒരു നിയമം നിങ്ങളുടെ മുൻപിൽ വയ്ക്കുന്നു– ആണയിടുന്നതിനെതിരെ കരുതൽ ഉള്ളവർ ആയിരിക്കുവിൻ.

**37.** കള്ളസത്യം ചെയ്യൽ മാത്രമല്ല, ശപഥത്തിൽ നിങ്ങൾ നീതീകരിക്കപ്പെടുന്ന ആണയിടീലും ഒഴിവാക്കാതെ, മറ്റൊരു



വിഷയത്തെപ്പറ്റിയും നിങ്ങളോടു ഞാൻ സംസാരിക്കുകയില്ലെന്ന് അറിയിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. നേരത്തെ പഠിച്ചവ തങ്ങളുടെ വിദ്യാർഥികളുടെ മനസ്സിൽ നന്നായി ഉറച്ചശേഷമല്ലാതെ അധ്യാപകർ അടുത്ത പാഠം അവരെ പഠിപ്പിക്കാറില്ലല്ലോ. അപ്പോൾ, നേരത്തെ തന്നവ ഉച്ചരിക്കാൻ നിങ്ങൾക്കു കഴിവില്ലെങ്കിൽ, മറ്റു പാഠങ്ങൾ നിങ്ങൾക്കു നൽകുക ഭോഷത്തമായിരിക്കും. ചോർച്ചയുള്ള തൊട്ടിയിൽ വെള്ളം കോരുന്നതുപോലെ ആയിരിക്കും അത്.

**38.** അപ്പോൾ, നിങ്ങൾക്ക് തുടർന്നുള്ള പ്രബോധനം നൽകുന്നതിൽനിന്ന് എന്റെ നാവിനെ തടയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുവിൻ. ആണയിടുന്നത് ഗൗരവമായ പാപമാണ്; വളരെ ഗൗരവമായ പാപമാണ്. അത് ഗൗരവമുള്ളതല്ല എന്നു തോന്നുന്നതിനാൽ, ഗൗരവമുള്ളതു തന്നെയാണ്; ആരും അതിനെ ഭയപ്പെടാത്തതു തന്നെയാണ്; ആരും അതിനെ ഭയപ്പെടാത്തതുകൊണ്ട് എനിക്കിതിൽ വളരെ ഭയമുണ്ട്. രോഗം രോഗമല്ല എന്നു കരുതപ്പെടുമ്പോൾ സുഖപ്പെടുത്തൽ അസാധ്യമാണ്. വെറുതെ സംസാരിക്കുന്നത് കുറ്റകരമല്ല, അതുകൊണ്ട് ആണയിടുന്നത് കുറ്റകരമല്ല എന്ന് തോന്നാം; ഈ നിയമരഹിതപാതയിൽ സഞ്ചരിക്കാൻ മനുഷ്യർക്ക് യാതൊരു മടിയുമില്ല. ഈ നടപടിയെ ആരെങ്കിലും കുറ്റപ്പെടുത്തിയാൽ, അവർ പൊട്ടിച്ചിരിക്കും! തങ്ങളുടെ പ്രതിജ്ഞയ്ക്ക് കുറപ്പെടുത്തുന്നതിനാലല്ല, പിന്നെയോ, രോഗം സുഖപ്പെടുത്താൻ അവൻ ആഗ്രഹിക്കുന്നതിനത്രേ. അതുകൊണ്ട് ഇതേപ്പറ്റി ഞാൻ വിശദമായി സംസാരിക്കട്ടെ. ആഴത്തിൽ വേരുള്ള ഈ തഴക്കം പിഴുതുകളയാനും സുദീർഘമായി നിലനില്ക്കുന്ന ഈ തിന്മ തുടച്ചുനീക്കാനും ഞാൻ ആഗ്രഹിക്കുന്നു.

**39.** കള്ളശപഥങ്ങളെപ്പറ്റി മാത്രമല്ല, സത്യശപഥങ്ങളെ കുറിച്ചുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. എന്നാൽ, ഇന്നയാൾ നല്ലവനാണ്, വൈദികനാണ്, ഭക്തിയിലും മിതത്വത്തിലുമാണ് അയാൾ ജീവിക്കുന്നത്, എന്നിട്ടും അയാൾ ആണയിടുന്നു എന്ന് ആരെങ്കിലും പറഞ്ഞേക്കാം. നല്ലവനും മിതത്വമുള്ളവനും ഭക്തനുമായ ആ വൈദികനെപ്പറ്റി എന്നോടു പറയേണ്ട. നിങ്ങൾക്കിഷ്ടമെങ്കിൽ അത് പത്രോസോ, പൗലോസോ, സ്വർഗത്തിൽ നിന്നിറങ്ങി വന്ന ഒരു മാലാഖ തന്നെയോ ആയിക്കൊള്ളട്ടെ. അത്തരം സന്ദർഭങ്ങളിൽപോലും ഞാൻ മനുഷ്യരുടെ സ്ഥാനം പരിഗണിക്കുന്നില്ല. ആണയിടുന്ന കാര്യത്തിൽ ഒരു ദാസന്റെയും നിയമം ഞാൻ അംഗീകരിക്കുന്നില്ല, രാജാവിന്റെ നിയമം മാത്രമേ അംഗീകരിക്കുന്നുള്ളൂ.

www.malankaralibrary.com



**40.** രാജാവ് എഴുതിയതു നാം വായിക്കുമ്പോൾ, തന്റെ ദാസൻ എത്ര ഉന്നതോദ്യോഗം വഹിക്കുന്നവനായാലും, നിശ്ശബ്ദനായിരിക്കട്ടെ. ആണയിടാൻ ക്രിസ്തു കല്പിച്ചു എന്നോ, ആണയിട്ടവനെ ക്രിസ്തു ശിക്ഷിച്ചില്ല എന്നോ എന്നോടുപറയാൻ കഴിയുമെങ്കിൽ, എനിക്കതു തെളിയിച്ചുതരിക; ഞാൻ അതംഗീകരിക്കാം. എന്നാൽ ഈ രീതിയിൽനിന്ന് നമ്മെ സംരക്ഷിക്കാനും അതിനെതിരെ മുൻകരുതൽ എടുക്കാനും അവിടുന്നു ശ്രദ്ധിക്കുന്നു; ആണയിടുന്നവനെ പിശാചിന്റെ വശത്താണ് അവിടുന്ന് നിർത്തുന്നത്: "അതേ" എന്നും "അല്ല" എന്നും ഉള്ളതിനപ്പുറത്തുള്ളത് പിശാചിൽ നിന്നു വരുന്നു" (മത്താ 5:37). അങ്ങനെയെങ്കിൽ, ഈ മനുഷ്യന്റെയോ ആ മനുഷ്യന്റെയോ ദൃഷ്ടാന്തം എന്തിനാണു നിങ്ങൾ കൊണ്ടുവരുന്നത്? നിങ്ങളുടെ സഹദാസരുടെ അവഗണനയുടെ പേരു പറഞ്ഞ് ദൈവം നിങ്ങളോടു ക്ഷമിക്കുകയില്ല; മറിച്ച് തന്റെ നിയമവിധികളനുസരിച്ചായിരിക്കും അവിടുന്നു നിന്നെ വിധിക്കുന്നത്.

**41.** അവിടുന്ന് ഇതു കല്പിച്ചിട്ടുണ്ടെങ്കിൽ, നാം അനുസരിക്കണം; അതിനു തടസ്സമായി ഈ മനുഷ്യനെയോ, ആ മനുഷ്യനെയോ ഉപയോഗിക്കരുത്; അഥവാ, മറ്റുള്ളവരുടെ ദുഷ്കർമങ്ങളിൽ പങ്കു ചേരുകയുമരുത്. വലിയ ദാവീദ് ഗൗരവമായ പാപത്തിൽ വീണതുകൊണ്ട്, പാപം ചെയ്യുന്നതിൽ നമുക്കപകടം ഒന്നും ഇല്ലേ എന്ന് എന്നോടു പറയുവിൻ. നാം കരുതലുള്ളവർ ആയിരിക്കുന്നതിനും വിശുദ്ധരുടെ സത്പ്രവൃത്തികൾ മാത്രം അനുകരിക്കുന്നതിനും ഇത് കൂടുതലായി നമ്മെ പ്രേരിപ്പിക്കണം. നിയമത്തോടുള്ള അവഗണനയോ, ലംഘനമോ എവിടെയെങ്കിലും കണ്ടാൽ, അതിൽ നിന്ന് ഓടിയകലാൻ നാം കൂടുതൽ തീക്ഷ്ണത കാണിക്കണം. നമ്മുടെ ജീവിതത്തിന്റെ കണക്ക് സഹദാസന്മാർക്കല്ല, യജമാനനാണു നൽകേണ്ടത്. നമ്മുടെ ജീവിതം മുഴുവൻ പരിശോധനയ്ക്കായി സമർപ്പിക്കേണ്ടിവരും. അതുകൊണ്ട്, നീതിയുടെ ആ കോടതിക്കായി നമുക്ക് ഒരുങ്ങാം. ഒരാൾ പതിനായിരം തവണ മഹാനും അത്ഭുതാവഹനുമായിരുന്നാലും ദൈവത്തിന്റെ നിയമം ലംഘിച്ചാൽ, ഈ ലംഘനത്തിനു നിശ്ചയിച്ചിരിക്കുന്ന ശിക്ഷ അനുഭവിക്കണം. "ദൈവത്തിന്റെ പക്കൽ മുഖം നോട്ടമില്ല" (നട 10:34).

### ആണയിടുന്നത് ഒഴിവാക്കുന്നതെങ്ങനെ?

**42.** ഈ പാപം എങ്ങനെ, ഏതു രീതിയിൽ ഒഴിവാക്കാൻ കഴിയും? ഇതു ഗൗരവമായ പാപമാണെന്നു ചൂണ്ടിക്കാണിക്കുക മാത്രമല്ല, ഇതിൽ നിന്നു മോചനം പ്രാപിക്കാനുള്ള വഴിയും ഞാൻ ഉപദേശിച്ചു തരാം. നിങ്ങൾക്ക് ഒരു ഭാര്യയോ, ദാസനോ, മക്കളോ, സ്നേഹിതനോ, ബന്ധുവോ, അയൽക്കാരനോ ഉണ്ടോ? ഈ പാപങ്ങൾക്കെതിരെ കരുതലുള്ളവരായിരിക്കാൻ അവർ ചെയ്തിട്ടുള്ള സഹായങ്ങൾ കുറിച്ചുവയ്ക്കുക. തഴക്കം പ്രയാസമുള്ള സംഗതിയാണ്, അത് മുറിച്ചുമാറ്റാനും ഒഴിവാക്കാനും പ്രയാസമാണ്. നമ്മുടെ ഇച്ഛയ്ക്കെതിരായും നമ്മുടെ അറിവു കൂടാതെയും അവ നമ്മെ മിക്കപ്പോഴും കടന്നാക്രമിക്കുന്നു.



**43.** അതുകൊണ്ട്, തഴക്കത്തിന്റെ ശക്തി എത്ര നന്നായി മനസ്സിലാക്കുന്നുവോ, അത്രയധികമായി ദുസ്തഴക്കത്തിൽ നിന്ന് വിമോചിതരാവാൻ നിങ്ങൾ തല്പരർ ആയിരിക്കണം; നല്ല തഴക്കത്തിലേക്ക് മാറാനുള്ള സന്മനസ്സും അത്രയധികമായി ഉണ്ടാകണം. ആണയിടുക എന്ന ദുസ്തഴക്കത്തിനെതിരെ താല്പര്യപൂർവം മുൻകരുതൽ എടുക്കുകയും അതിന്റെ അപകടം മനസ്സിലാക്കാൻ ശ്രദ്ധിക്കുകയും ചെയ്താൽ പോലും അത് നിങ്ങളെ വീഴ്ത്തിക്കളയാൻ കഴിവുള്ളതാണ്. അതുപോലെ, ആണയിടാതിരിക്കുക എന്ന നല്ല തഴക്കത്തിലേക്ക് നിങ്ങൾ മാറിയാൽ, നിങ്ങളുടെ ഇച്ഛയ്ക്കെതിരായോ, അവഗണനയാലോ ആണയിടുക എന്ന പാപത്തിൽ നിങ്ങളൊരിക്കലും നിപതിക്കുകയില്ല.

**44.** തഴക്കം യഥാർഥത്തിൽ ഒരു വലിയ സംഗതിയാണ്; അതിന് സ്വഭാവത്തിന്റെ ശക്തിയുണ്ട്. നിരന്തരമായ ഉപദ്രവം ഉണ്ടാകാതിരിക്കാൻ, നമുക്ക് മറ്റൊരു തഴക്കം സൃഷ്ടിക്കാം. നമുക്കു ചുറ്റും ജീവിക്കുകയും നാം ഇടപെടുകയും ചെയ്യുന്നവരോട് നമുക്ക് ഒരു സഹായം ചെയ്യാൻ പറയാം. ആണയിടാതിരിക്കാൻ നമ്മെ ഉപദേശിക്കാനും നിർബന്ധിക്കാനും ആണയിടുന്നതു കണ്ടാൽ കുറ്റപ്പെടാത്താനും പറയാം. നിങ്ങളുടെ മേലുള്ള അവരുടെ നിരീക്ഷണം, ശരിയായി പ്രവർത്തിക്കാൻ അവരെയും ഉപദേശിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യും. ആണയിടുന്നതിനു മറ്റൊരാളെ കുറ്റപ്പെടുത്തുന്നവൻ നാശത്തിന്റെ ആ പടുകുഴിയിൽ അത്ര പെട്ടെന്ന് നിപതിക്കുകയില്ല.

**45.** നിസ്സാര കാര്യങ്ങളിലായാലും പ്രധാനപ്പെട്ട കാര്യങ്ങളിലായാലും, ആണയിടുക എന്ന തഴക്കം നാശത്തിന്റെ പടുകുഴി തന്നെയാണ്; പച്ചക്കറി വാങ്ങുമ്പോൾ രണ്ടു തുട്ടിന്റെ പേരിലും, നമ്മുടെ കോപത്തിൽ ദാസരെ ഭീഷണിപ്പെടുത്തുമ്പോഴും നാം സദാ ദൈവത്തെ സാക്ഷി നിർത്താറുണ്ട്. ഇത്ര നിസ്സാര കാര്യങ്ങൾക്ക്, യാതൊരൗന്നത്യവും ഇല്ലാത്ത സ്വതന്ത്രമനുഷ്യനെപ്പോലും ചന്തസ്ഥലത്ത്

www.malankaralibrary.com



നിങ്ങളുടെ സാക്ഷിയായി വിളിക്കാൻ നിങ്ങൾ ധൈര്യപ്പെടുകയില്ല. അങ്ങനെയെങ്ങാനും ചെയ്യാൻ തുനിഞ്ഞാൽ, അവനെ നിന്ദിച്ചതിന്റെ ശിക്ഷ നിങ്ങൾ അനുഭവിക്കേണ്ടതായി വരും. എന്നാൽ, വില്പനയ്ക്കുള്ള സാധനങ്ങളെക്കുറിച്ചും പണത്തെക്കുറിച്ചും നിസ്സാര കാര്യങ്ങളെക്കുറിച്ചും സംസാരിക്കുമ്പോൾ നിങ്ങളുടെ സാക്ഷിയായി സ്വർഗീയ രാജാവിനെ, മാലാഖമാരുടെ നാഥനെ, വലിച്ചിഴയ്ക്കുന്നു.

**46.** ഇതെങ്ങനെ സഹിക്കാനാവും? ഈ ദുസ്തഴക്കത്തിൽനിന്ന് നമ്മെത്തന്നെ നമുക്ക് എങ്ങനെ വിമുക്തരാക്കാം? നമ്മുടെ തെറ്റു തിരുത്താൻ ഒരു സമയപരിധി വച്ചുകൊണ്ടും, ഞാൻ പറഞ്ഞതുപോലെ നമുക്കു ചുറ്റും നോട്ടക്കാരെ നിർത്തിക്കൊണ്ടും, പ്രസ്തുത സമയപരിധിക്കുള്ളിൽ തിരുത്തിയില്ലെങ്കിൽ ഒരു ശിക്ഷ നിശ്ചയിച്ചുകൊണ്ടും നമുക്കിതു ചെയ്യാനാവും. അതിന് എത്ര സമയം എടുക്കും? നിങ്ങൾ വളരെ മാന്യമായി ജീവിച്ചാൽ, നിങ്ങളുടെ രക്ഷയെപ്പറ്റി അതീവ ശ്രദ്ധയുള്ളവരും തല്പരരും ആണെങ്കിൽ, ആണയിടുന്ന ഈ ദുസ്തഴക്കത്തിൽനിന്ന് പരിപൂർണമായി വിമോചിതരാവാൻ പത്തു ദിവസത്തിൽ കൂടുതൽ ആവശ്യമില്ല എന്ന് എനിക്കു തോന്നുന്നു. എന്നാൽ പത്തു ദിവസങ്ങൾക്കു ശേഷവും ആണയിടുന്നെങ്കിൽ, നമുക്കൊരു ശിക്ഷ നാം തന്നെ നിശ്ചയിക്കണം, നമ്മുടെ തെറ്റിന് തികച്ചും ഗൗരവമായ ശിക്ഷയും വിധിവാചകവും നാം തന്നെ നിശ്ചയിക്കണം. എന്തായിരിക്കും ആ വിധിവാചകം? ഞാനതു നിശ്ചയിക്കുന്നില്ല, അത് നിങ്ങളുടെ തീരുമാനത്തിനു വിടുന്നു.

**47.** ആണയിടുന്ന കാര്യത്തിലും മറ്റ് തെറ്റുകുറ്റങ്ങളുടെ കാര്യത്തിലും എന്നെ സംബന്ധിച്ച് ഞാൻ ഈ രീതിയിലാണ് പ്രവർത്തിക്കുന്നത്. നാം ഈ പാപങ്ങളിൽ വീണ്ടും നിപതിച്ചാൽ, ഏറ്റവും കഠിനമായ ശിക്ഷയ്ക്ക് ഒരു സമയം നമുക്കായി നിശ്ചയിക്കാം; ശുദ്ധമായ കരങ്ങളോടെ നാഥന്റെ സന്നിധിയിലെത്താൻ നമുക്കു കഴിയും; നരകത്തിലെ അഗ്നിയിൽ നിന്നു നാം വിമുക്തരാകും; ആത്മവിശ്വാസത്തോടെ ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ നിൽക്കാൻ നമുക്കു സാധിക്കുകയും ചെയ്യും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാലും സ്നേഹനിർഭരമായ കാരുണ്യത്താലും നമുക്കെല്ലാവർക്കും അതിന് ഇടവരട്ടെ. അവനോടുകൂടെ പിതാവിനും പരിശുദ്ധാത്മാവിനും എന്നുമെന്നേക്കും മഹത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

## പത്താം പ്രസംഗം

# ആണയിടുന്നതിനെപറ്റി

***തെറ്റായിട്ടും ശരിയായിട്ടും ആണയിടരുത്. ക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റത് ഉചിതമായിരുന്നു.***

**1.** ആണയിടുക എന്ന ദുഷ്തഴക്കത്തെ നിങ്ങളുടെ നാവിൽ നിന്ന് ഓടിച്ചുകളഞ്ഞുവോ? നിങ്ങളോട് ഞാൻ പറഞ്ഞതും ഇതേക്കുറിച്ച് നിങ്ങൾ എന്നോടു വാഗ്ദാനം ചെയ്തതും ഞാൻ മറന്നുപോയിട്ടില്ല. ഞാൻ നിങ്ങളോട് സംസാരിക്കുകയും നിങ്ങൾ എന്നോട് വാഗ്ദാനം ചെയ്യുകയും ചെയ്തു. നിങ്ങൾ നിരവധി വാക്കുകളിലൂടെ പറഞ്ഞില്ലെങ്കിലും, ഞാൻ പറഞ്ഞത് അംഗീകരിച്ചതിലൂടെ നിങ്ങൾ വാഗ്ദാനം ചെയ്യുക തന്നെ ചെയ്തു. വാക്കുകളിലൂടെയുള്ള വാഗ്ദാനത്തേക്കാൾ വലുതാണ് ഈ വാഗ്ദാനം. കാരണം, വാക്കുകളിലൂടെ വാഗ്ദാനം ചെയ്യുന്നവൻ പലപ്പോഴും തന്റെ വാക്കുകൊണ്ട് വാഗ്ദാനം ചെയ്യുന്നു, എന്നാൽ മനസ്സുകൊണ്ട് ചെയ്യുന്നില്ല; എന്നാൽ ഞാൻ പറഞ്ഞത് അംഗീകരിക്കുന്നവൻ തന്റെ ഉള്ളിൽ നിന്നാണ് അംഗീകാരം നൽകുന്നത്.

**2.** ഈ കടുത്ത കറയിൽനിന്ന് നിങ്ങളുടെ നാവിനെ നിങ്ങൾ സംശുദ്ധമാക്കിയോ? നിങ്ങളുടെ വിശുദ്ധാത്മാക്കളിൽ നിന്ന് ഈ നിന്ദനം നിങ്ങൾ അകറ്റിയോ? നിങ്ങൾ നിങ്ങളെത്തന്നെ സംശുദ്ധരാക്കി എന്നാണ് ഞാൻ കരുതുക; കാരണം, നിങ്ങൾ മഹാരാജാവിനെ സ്വീകരിക്കാനും, സത്യമായും വിജ്ഞാനികളായ പിതാക്കന്മാരുടെ

www.malankaralibrary.com



പ്രബോധനത്തിൽനിന്ന് സമൃദ്ധമായ ആത്മീയനന്മ പ്രാപിക്കാനും പോകുകയാണ്. ആവശ്യത്തിനു സമയം ഉണ്ടായിരുന്നു, തെറ്റുതിരുത്താൻ നൽകപ്പെട്ട സമയം തീരാറായി. നിങ്ങൾ അനുസരണമുള്ളവരും വിധേയത്വമുള്ളവരുമാണ്. "നിങ്ങളുടെ അധ്യക്ഷന്മാരെ അനുസരിക്കുകയും അവർക്കു വിധേയരായിരിക്കുകയും എല്ലാകാര്യങ്ങളിലും അവരെ ശ്രദ്ധിക്കുകയും ചെയ്യുവിൻ" എന്ന് പൗലോസ് ശ്ലീഹാ പറയുന്നു (എബ്രാ 13:17). ഇവയെല്ലാം അനുസ്മരിക്കുമ്പോൾ, എല്ലാം ക്രമീകരിക്കപ്പെട്ടിരിക്കുന്നു എന്ന് ഞാൻ ഊഹിക്കുന്നു. എങ്കിലും, ഊഹത്തേക്കാൾ ഉപരി, ഉറപ്പായി ഇതേപ്പറ്റി അറിയാൻ ഞാൻ ആഗ്രഹിച്ചു. എനിക്ക് ഉറപ്പുണ്ടായിരുന്നെങ്കിൽ, ആണയിടീലിനെപ്പറ്റിയുള്ള എന്റെ വ്യഗ്രത വിട്ടിട്ട്, ദിവ്യരഹസ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കാൻ ഞാൻ കൂടുതൽ താല്പര്യം കാണിക്കുമായിരുന്നു. ഈ ഭീതികരമായ ദിവ്യരഹസ്യത്തിലേക്ക് നിങ്ങളെ ഞാൻ കൈയ്ക്കുപിടിച്ച് നടത്തുന്നതിന് എനിക്ക് കുറേക്കൂടി ധൈര്യം തോന്നുമായിരുന്നു; ഞാൻ നിങ്ങളെ വിശുദ്ധ സ്ഥലത്തേക്കുതന്നെ ആനയിക്കുമായിരുന്നു; അതിവിശുദ്ധസ്ഥലവും അതിലുള്ള സകലതും ഞാൻ നിങ്ങളെ കാണിക്കുമായിരുന്നു– മന്നാ ഇട്ടുവച്ചിരിക്കുന്ന പാത്രമല്ല, പിന്നെയോ, കർതൃശരീരമാകുന്ന സ്വർഗീയ അപ്പം വച്ചിരിക്കുന്ന പാത്രം. നിയമത്തിന്റെ കല്പലകകൾ വച്ചിരിക്കുന്ന തടികൊണ്ടുള്ള പെട്ടിയല്ല, നിയമദാതാവിന്റെ കറയില്ലാത്തതും പരിശുദ്ധവുമായ ശരീരം വച്ചിരിക്കുന്ന പാത്രം ഞാൻ നിങ്ങളെ കാണിക്കുമായിരുന്നു. അതിനുള്ളിൽ ബലിക്കായി അറുക്കപ്പെട്ട ഊനമില്ലാത്ത കുഞ്ഞാടിനെയല്ല, പിന്നെയോ, കൗദാശികബലിയിൽ അർപ്പിക്കപ്പെട്ടതും മാലാഖമാർ പോലും നോക്കി ഭ്രമിക്കുന്നതുമായ ദൈവത്തിന്റെ കുഞ്ഞാടിനെ ഞാൻ കാണിക്കുമായിരുന്നു. സുവർണ്ണ അങ്കി ധരിച്ചുകൊണ്ട് പ്രവേശിക്കുന്ന അഹറോനെയല്ല, പിന്നെയോ, നമ്മുടെ പ്രകൃതിയുടെ ആദ്യഫലത്തോടുകൂടി സ്വർഗത്തിൽ പ്രവേശിച്ച്, തന്റെ വിജയത്തിന്റെ മഹനീയത പിതാവിനെ തന്നെ കാണിക്കുന്ന ആദ്യജാതനെ ഞാൻ നിങ്ങൾക്കു കാണിച്ചുതരുമായിരുന്നു. വിശുദ്ധ പൗലോസ് പറയുന്നതുപോലെ, "മനുഷ്യനിർമിതവും സാക്ഷാൽ ഉള്ളവയുടെ പ്രതിരൂപവുമായ വിശുദ്ധ സ്ഥലത്തേക്കല്ല, നമുക്കുവേണ്ടി ദൈവസന്നിധിയിൽ നില്ക്കാൻ സ്വർഗത്തിലേക്കു തന്നെയാണ് യേശു പ്രവേശിച്ചത്" (എബ്രാ 9:24). യഹൂദരുടെ ആലയത്തിലേതുപോലുള്ള വിരി ഇവിടെ നമുക്കില്ല; എന്നാൽ കുറേക്കൂടി ആഴമേറിയ മതാത്മകാനുഭവം പകരുന്ന വിരിയാണു നമ്മുടേത്. അവരുടെ അതിവിശുദ്ധസ്ഥലം



എന്തുതരമായിരുന്നു എന്നും, നമ്മുടെ ഈ അതിവിശുദ്ധസ്ഥലം എന്തുതരമാണെന്നും നിങ്ങൾ അറിയാനായി ഈ വിരി എന്തുതരമാണെന്ന് ശ്രദ്ധിച്ചു കേൾക്കുവിൻ. വി. പൗലോസ് പറയുന്നു: "യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കാൻ നമുക്കു മനോധൈര്യമുണ്ട്. എന്തെന്നാൽ തന്റെ ശരീരമാകുന്ന വിരിയിലൂടെ അവൻ നമുക്കായി നവീനവും സജീവവുമായ ഒരു പാത തുറന്നുതന്നിരിക്കുന്നു" (എബ്രാ 10:19). അവരുടെ ആലയത്തിലെ വിരിയേക്കാൾ എത്ര ആഴമേറിയ ആത്മീയനുഭവമാണ് ഈ വിരി പകരുന്നതെന്ന് നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട്, ഇന്ന് ഈ സംഗതികളൊക്കെ നിങ്ങളെ പരിചയപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിച്ചു.

**3.** എന്നാൽ എന്തു സംഭവിച്ചു? നിങ്ങളുടെ ആണയിടീലിനെപ്പറ്റിയുള്ള ചിന്ത, മുന്നോട്ടുപോകാൻ എന്നെ അനുവദിക്കുന്നില്ല. അതെന്നെ വിട്ടുമാറുന്നില്ല. എന്റെ അതിഭാഷണത്തെ വിമർശിക്കുന്നവർ ഉണ്ടാകാം എന്ന് എനിക്കറിയാം. കാരണം, ഇതേപ്പറ്റിയുള്ള ചിന്ത എന്നെ ദുഃഖിപ്പിക്കുന്നു എന്നു ഞാൻ പറഞ്ഞത് നിങ്ങൾ കേട്ടതാണല്ലോ. ആണയിടീൽ ഒരു നിസ്സാര പാപമായി അവർ പരിഗണിക്കുന്നതിനാലത്രേ ഇത്; അതുകൊണ്ടുതന്നെ ഞാൻ കൂടുതലായി വിലപിക്കുന്നു. മറ്റു പാപങ്ങളും ഗൗരവമേറിയവയാണ്, ഗൗരവമേറിയവയായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. ഉദാഹരണമായി, കൊലപാതകവും വ്യഭിചാരവും ഗൗരവമേറിയവയാണ്, അപ്രകാരം കരുതപ്പെടുകയും ചെയ്യുന്നു; ആണയിടുന്നതും ഗൗരവമേറിയ തിന്മ തന്നെ, എന്നാൽ അപ്രകാരം പരിഗണിക്കപ്പെടുന്നില്ല എന്നുമാത്രം. ഇക്കാരണത്താൽ ഞാൻ ഈ പാപത്തെ ഭയക്കുകയും നിലവിളിക്കുകയും ചെയ്യുന്നു; കാരണം, പാപത്തെ മുഖംമൂടിയിട്ട് അവതരിപ്പിക്കുക പിശാചിന്റെ തന്ത്രരീതിയാണ്. സാധാരണ ഭക്ഷണത്തിൽ മാരകവിഷം കലർത്തുന്നതുപോലെ, ആണയിടീൽ നിരുപദ്രവകരമാണ് എന്നൊരാശയം അവൻ മനുഷ്യന്റെ മനസ്സിൽ കുത്തിവയ്ക്കുന്നു.

**4.** അപ്പോഴെന്ത്? നമ്മുടെ പ്രബോധനസമയം മുഴുവൻ ആണയിടീൽ എന്ന വിഷയം ചർച്ചചെയ്യണമോ? ഒരിക്കലുമില്ല. ചിലർ ഈ തഴക്കത്തിൽ നിന്ന് വിമുക്തരായി എന്നു ഞാൻ കരുതുന്നു. വിതക്കാരൻ വിതയ്ക്കാൻ പുറപ്പെട്ടപ്പോൾ വിത്തുകളെല്ലാം മുള്ളുകൾക്കിടയിലും പാറപ്പുറത്തും വീണില്ല; പിന്നെയോ, അനേകം വിത്തുകൾ നല്ല നിലത്തു വീണു. നിങ്ങളുടെ കാര്യത്തിലും ഇതുപോലെയാണ്. നിങ്ങൾ സ്വീകരിച്ച പ്രബോധനത്തിന്റെ ഫലം കാണിക്കാൻ കഴിയാത്ത

www.malankaralibrary.com



ഒരാൾ പോലും ഈ വലിയ സമൂഹത്തിൽ ഇല്ലാതിരിക്കുക അസാധ്യമാണ്. എല്ലാവരും തിരുത്തിയില്ലെങ്കിലും, അനേകർ ഈ തെറ്റ് തിരുത്തിയിട്ടുണ്ട്. അതുകൊണ്ട്, നമുക്ക് നമ്മുടെ പ്രസംഗം പങ്കിടാം. കാരണം, ഈ തെറ്റുതിരുത്താൻ കൂട്ടാക്കാത്തവർ, എന്റെ ഈ പ്രാരംഭ പ്രസംഗം മുഴുവൻ കേട്ടിട്ടു കാര്യമില്ല. എന്നാൽ തങ്ങളുടെ തെറ്റു തിരുത്തിയവർക്ക് ബോറടിക്കാതിരിക്കാൻ, കൂടുതൽ തീക്ഷ്ണമതികൾക്കുവേണ്ടി അയഞ്ഞ മനസ്ഥിതിക്കാരോട് സൗമനസ്യം കാണിക്കാം. അയഞ്ഞ മനസ്ഥിതിക്കാർക്കുവേണ്ടി തീക്ഷ്ണമതികളെ ബോറടിക്കുന്നതിലും ഭേദം, തീക്ഷ്ണമതികൾക്കുവേണ്ടി അയഞ്ഞ മനസ്ഥിതിക്കാരോട് സൗമനസ്യം കാണിക്കുന്നതാണ്.

## സ്നാനത്തിന്റെ കാലം

**5.** എന്റെ കഴിഞ്ഞ പ്രസംഗത്തിൽ ഞാൻ വാഗ്ദാനം ചെയ്തെങ്കിലും, കുറേക്കൂടി അവശ്യാവശ്യകാര്യങ്ങളെപ്പറ്റിയുള്ള പ്രസംഗം എന്നെ പ്രേരിപ്പിച്ചതിനാൽ, ചെയ്യാൻ കഴിയാത്ത ഒരു കാര്യം നിങ്ങളെ ഓർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്തായിരുന്നു അത്? നമ്മുടെ പിതാക്കന്മാർ ആണ്ടുവട്ടത്തിലെ മറ്റു കാലങ്ങൾ കടത്തിവിട്ടിട്ട് നിങ്ങളുടെ ആത്മാക്കൾ ഈ കാലഘട്ടത്തിൽ ആനീതരാക്കപ്പെടണം എന്നു നിശ്ചയിച്ചത് എന്തിനാണെന്ന് ഞാൻ പറയാൻ തുടങ്ങുകയായിരുന്നു; കാലപരിഗണന നിസ്സാരകാര്യമല്ല, വെറുതെ ചെയ്യുന്നതുമല്ല എന്നു ഞാൻ പറഞ്ഞല്ലോ. കൃപ ദൈവത്തിന്റേതാകയാൽ കാലമനുസരിച്ച് അതിനു തടസ്സം നേരിടുന്നില്ല, എപ്പോഴും ഒരേ കൃപ തന്നെയാണ്. എന്നാൽ ശരിയായ കാലത്തിന്റെ അനുഷ്ഠാനത്തിന് സ്നാനത്തിന്റെ ദിവ്യരഹസ്യവുമായി കുറെ ബന്ധമുണ്ട്. നമ്മുടെ പിതാക്കന്മാർ ഈ കർമം ഈ അവസരം ക്രമീകരിച്ചത് എന്തിനാണ്? യുദ്ധത്തിൽ നമ്മുടെ രാജാവ് ഇപ്പോൾ ബാർബേറിയന്മാരെ പരാജയപ്പെടുത്തി. പിശാചുക്കളെല്ലാം ബാർബേറിയന്മാരാണ്, ബാർബേറിയന്മാരേക്കാൾ നികൃഷ്ടരാണ്. ഇപ്പോൾ അവിടുന്ന് പാപത്തെ നശിപ്പിച്ചു, ഇപ്പോൾ അവിടുന്ന് മരണത്തെ കീഴടക്കി, പിശാചിനെ കാൽക്കീഴമർത്തി, അവന്റെ തടവുകാരെ മോചിപ്പിച്ചു.

**6.** ഈ ദിവസമാണ് ആ വിജയത്തിന്റെ ഓർമ നാം ആഘോഷിക്കുന്നത്; അതുകൊണ്ടാണ് രാജാവിന്റെ ദാനങ്ങൾ ഈയവസരം വിതരണം ചെയ്യണം എന്ന് നമ്മുടെ പിതാക്കന്മാർ നിശ്ചയിച്ചിരിക്കുന്നത്; കാരണം, ഇതാണ് ജേതാക്കളുടെ പതിവ്. വിദേശ രാജാക്കന്മാരും



ഇപ്രകാരം തന്നെ ചെയ്യുന്നു; നിരവധി ബഹുമാനങ്ങൾക്ക് അർഹമായ വിജയാഘോഷങ്ങളുടെ ദിവസങ്ങൾ അവർ എണ്ണുന്നു. എന്നാൽ അവരുടെ ബഹുമാനരീതികൾ അവമാനവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. മല്ലരംഗങ്ങളിലും അവിടെ പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവയിലും എന്തുതരം മാന്യതയാണുള്ളത്? ഈ പേക്കൂത്തുകൾ എല്ലാത്തരത്തിലും ലജ്ജാകരമായ കാര്യങ്ങളും അട്ടഹാസങ്ങളും കൊണ്ട് മുഖരിതമല്ലേ?

**7.** എന്നാൽ ഈ കാലത്തിന്റെ ബഹുമാനം ദാതാവിന്റെ മഹാമനസ്കതയ്ക്ക് ചേർന്നതാണ്. അതുകൊണ്ട്, നമ്മുടെ പിതാക്കന്മാർ ഈ കാലത്തെ ആഘോഷം ക്രമീകരിച്ചിരിക്കുന്നു. ഒന്നാമത്, തന്റെ വിജയകാലത്താൽ, നാഥനെ നിങ്ങൾ അനുസ്മരിക്കാൻ; പിന്നീട് ഈ വിജയാഘോഷത്തിൽ, ശോഭയുള്ള വസ്ത്രം ധരിച്ച് രാജാവിൽ നിന്ന് സമ്മാനം വാങ്ങുന്നവർ ഉണ്ടാകാം. ഇതുമാത്രമല്ല കാരണം. കാലം മുഴുവൻ നിങ്ങളും നാഥന്റെ പങ്കുകാരാകാൻ വേണ്ടിക്കൂടിയാണ് നമ്മുടെ പിതാക്കന്മാർ ഈ ആഘോഷം ക്രമീകരിച്ചിരിക്കുന്നത്. വിശുദ്ധ പൗലോസ് പറയുന്നു: "അവൻ മരത്തിൽ ക്രൂശിക്കപ്പെട്ടു" (ഗലാ 3:13). നിങ്ങളുടെ സ്നാനത്തിലൂടെ നിങ്ങളും ക്രൂശിക്കപ്പെടണം. കാരണം, സ്നാനം കുരിശും മരണവുമാണ് എന്ന് അവൻ പറയുന്നു.

## കുരിശും മരണവും ഉത്ഥാനവുമാണ് സ്നാനം

**8.** പൗലോസ് പറയുന്നത് എന്താണെന്നും പാപത്തിന്റെ മരണവും കുരിശുമാണ് സ്നാനം എന്ന് എങ്ങനെയാണ് അവൻ പറയുന്നതെന്നും നമുക്ക് ശ്രവിക്കാം. "ക്രിസ്തുവിൽ സ്നാനപ്പെട്ട നിങ്ങളെല്ലാവരും അവന്റെ മരണത്തിലാകുന്നു സ്നാനപ്പെട്ടതെന്ന് നിങ്ങൾക്കറിയില്ലേ" (റോമ 6:3). വീണ്ടും, "പാപത്തിന്റെ ശരീരം തകർക്കപ്പെടാൻ വേണ്ടി, നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു" (6:6). "മരണം" എന്നും "കുരിശ്" എന്നും കേൾക്കുമ്പോൾ നിങ്ങൾ ഭയപ്പെടാതിരിക്കാനായി 'പാപത്തിന്റെ മരണമാണ് കുരിശ്' എന്ന് വിശുദ്ധ പൗലോസ് കൂട്ടിച്ചേർത്തു.

**9.** സ്നാനം എപ്രകാരമാണ് കുരിശ് ആകുന്നത് എന്ന് നിങ്ങൾ കാണുന്നുണ്ടോ? സ്നാനം എന്ന നാമത്തെ കുരിശ് എന്ന നാമത്തിന് പര്യായമായി ഉപയോഗിച്ചപ്പോൾ ക്രിസ്തു തന്നെയും സ്നാനത്തെ കുരിശ് എന്നു വിളിച്ചു എന്നു ഗ്രഹിക്കുക. നിങ്ങളുടെ സ്നാനത്തെ അവൻ കുരിശ് എന്നു വിളിച്ചു. "എന്റെ സ്നാനത്തെ ഞാൻ കുരിശ് എന്നു

www.malankaralibrary.com



വിളിക്കുന്നു" എന്ന് അവൻ പറയുന്നു. അവൻ എവിടെയാണ് ഇതു പറയുന്നത്? "നിങ്ങൾ അറിയാത്ത ഒരു സ്നാനം എനിക്ക് മുങ്ങുവാനുണ്ട്" (ലു 12:50). അവൻ കുരിശിനെപ്പറ്റിയാണ് സംസാരിക്കുന്നതെന്ന് എങ്ങനെയാണ് വ്യക്തമാകുക? സെബദിപുത്രന്മാർ, അല്ല സെബദി പുത്രന്മാരുടെ അമ്മ, അവന്റെ അടുത്തു വന്നു പറഞ്ഞു: "നിന്റെ രാജ്യത്തിൽ എന്റെ ഈ രണ്ടു മക്കളിൽ ഒരാൾ നിന്റെ വലത്തുഭാഗത്തും മറ്റെയാൾ നിന്റെ ഇടത്തുഭാഗത്തും ഇരിക്കാൻ കല്പിക്കേണമേ" (മത്താ 20:20-21). വീണ്ടുവിചാരമില്ലാത്തതാണെങ്കിലും, ഒരമ്മയുടെ അഭ്യർത്ഥന! ക്രിസ്തു എങ്ങനെയാണ് അതിനുത്തരം നൽകിയത്? "ഞാൻ കുടിക്കാൻ പോകുന്ന കാസാ കുടിക്കാനും ഞാൻ മുങ്ങാൻ പോകുന്ന മാമോദീസാ മുങ്ങാനും നിങ്ങൾക്കു കഴിയുമോ?" കുരിശിനെ അവൻ സ്നാനം എന്നു വിളിച്ചത് കാണുവിൻ. ഇത് എങ്ങനെ വ്യക്തമാകും? "ഞാൻ കുടിക്കാൻ പോകുന്ന കാസാ കുടിക്കാൻ നിങ്ങൾക്കു കഴിയുമോ?" എന്നു അവിടുന്നു ചോദിക്കുന്നു (20:22). തന്റെ പീഡാനുഭവത്തെ അവിടുന്ന് കാസാ എന്നു വിളിക്കുന്നു; അതുകൊണ്ടാണ്, "പിതാവേ, കഴിയുമെങ്കിൽ ഈ കാസാ എന്നെ കടന്നുപോകട്ടെ" എന്ന് അവിടുന്ന് പ്രാർത്ഥിച്ചത് (26:39). അവിടുന്ന് എങ്ങനെ കുരിശിനെ *സ്നാനം* എന്നും, പീഡാനുഭവത്തെ *കാസാ* എന്നും വിളിച്ചു എന്നു നിങ്ങൾ കാണുന്നില്ലേ?

**10.** താൻ കഴുകി വെടിപ്പാക്കപ്പെട്ടു എന്ന അർത്ഥത്തിലല്ല അവൻ ഇപ്രകാരം അവയെപ്പറ്റി പറഞ്ഞത്. പാപം ചെയ്യാത്തവനും തന്റെ വായിൽ വഞ്ചനയില്ലാത്തവനുമായിരുന്നു അവിടുന്ന് (1 പത്രോ 2:22). മറിച്ച്, പീഡാനുഭവത്തിൽനിന്നും കുരിശിൽനിന്നും ഒഴുകിയ രക്തം ലോകം മുഴുവനെയും കഴുകി വെടിപ്പാക്കിയതിനാലാണ് അവൻ ഇപ്രകാരം പറഞ്ഞത്. അതുകൊണ്ട്, വി. പൗലോസ് പറയുന്നു: "സ്നാനത്തിലൂടെ അവന്റെ മരണത്തിന്റെ സാദൃശ്യത്തിൽ അവനോട് ഐക്യപ്പെട്ടെങ്കിൽ" (റോമ 6:5). "മരണത്തിൽ" എന്നല്ല, "മരണത്തിന്റെ സാദൃശ്യത്തിൽ" എന്നാണ് അവൻ പറഞ്ഞത്. ആദ്യത്തേതും രണ്ടാമത്തേതും മരണമാണ്, എന്നാൽ ഒരേ തരത്തിലുള്ള മരണമല്ല; ആദ്യത്തേത്, ശരീരത്തിന്റെ മരണം; രണ്ടാമത്തേത്, പാപത്തിന്റെ മരണം. അതുകൊണ്ട്, ഇതു മരണത്തിന്റെ സാദൃശ്യമാണ്.

**11.** അപ്പോൾ ഇതേപ്പറ്റി എന്താണ്? നാം നാഥനോടുകൂടി മരിക്കുക മാത്രമേ ചെയ്യുന്നുള്ളോ? അവന്റെ ദുഃഖത്തിൽ പങ്കാളികളാകുക മാത്രമേ ചെയ്യുന്നുള്ളോ? നാഥന്റെ മരണത്തിലുള്ള പങ്കാളിത്തം



ഒരിക്കലും ദുഃഖമല്ല എന്ന് എല്ലാറ്റിനും ഉപരി ഞാൻ പറഞ്ഞുകൊള്ളട്ടെ. അല്പം കാത്തിരിക്കുക; അവന്റെ നന്മകളിൽ നിങ്ങൾ പങ്കുകാരാകുന്നത് നിങ്ങൾക്കുതന്നെ കാണാൻ കഴിയും. "എന്തുകൊണ്ടെന്നാൽ, നാം അവനോടുകൂടി മരിച്ചെങ്കിൽ, അവനോടൊപ്പം ജീവിക്കും എന്ന് നാം വിശ്വസിക്കുന്നു" എന്ന് വി. പൗലോസ് പറയുന്നു (റോമ 6:8). കാരണം, സ്നാനത്തിൽ ഒരേ സമയം മരണവും ഉത്ഥാനവുമുണ്ട്. സ്നാനം സ്വീകരിക്കുന്നവൻ പഴയ മനുഷ്യനെ ഉരിഞ്ഞുകളയുകയും; പുതിയവനെ ധരിക്കുകയും ചെയ്യുന്നു. "ക്രിസ്തു പിതാവിന്റെ മഹത്ത്വത്തിലൂടെ ഉത്ഥാനം ചെയ്തതുപോലെ" (6,4), എഴുന്നേൽക്കുന്നു. സ്നാനത്തെ വി. പൗലോസ് ഉത്ഥാനം എന്നു വീണ്ടും വിളിക്കുന്നത് കാണുന്നില്ലേ?

## ക്രിസ്തു കല്ലറയിൽ മൂന്നു ദിനം കഴിച്ചുകൂട്ടിയതെന്തിന്?

**12.** എന്നാൽ, നമ്മുടെ മരണവും സംസ്കാരവും ഉത്ഥാനവും എല്ലാം എന്തുകൊണ്ടാണ് ഒരേ സമയത്തായിരിക്കുന്നത്? നാം സംസ്കരിക്കപ്പെടുന്ന അതേ സമയം നാം എഴുന്നേൽക്കുന്നു. നമ്മുടെ നാഥന്റെ ഉത്ഥാനം എന്തുകൊണ്ടാണ് വൈകിയത്? അവൻ മൂന്നു ദിവസത്തിനു ശേഷമാണല്ലോ ഉത്ഥാനം ചെയ്തത്. എന്തുകൊണ്ടാണ്, നമ്മുടെ ഉത്ഥാനം ഉടനെയും, അവിടുത്തേത് സാവധാനവും വരുന്നത്? ബലഹീനതയല്ല താമസത്തിനു കാരണം എന്നു മനസ്സിലാക്കി നമ്മെ സഹായിക്കാൻ അവൻ അപ്രകാരം ചെയ്തു എന്നതാണു സത്യം. ഞൊടിയിടനേരം കൊണ്ട് തന്റെ ദാസനെ എഴുന്നേൽപ്പിക്കാൻ കഴിഞ്ഞവന് സ്വയം എഴുന്നേൽക്കുക കൂടുതൽ എളുപ്പമായിരുന്നു. പിന്നെന്തിനാണ് വൈകിയത്? എന്തിനാണ് കല്ലറയിൽ മൂന്നുദിവസം? സാവധാനം സംഭവിച്ച മരണത്തിനുശേഷം ഉണ്ടായ ഉത്ഥാനസംഭവം, വൈകിയതിലൂടെ, തർക്കത്തിനതീതമായി തെളിവു സഹിതം ഉറപ്പിക്കപ്പെടുന്നതിനായിരുന്നു ഇത്. ഇപ്പോൾ പോലും, ഇത്തരം ശക്തമായ തെളിവുകൾക്കു ശേഷവും, അവൻ സഹിച്ചതായി കാണപ്പെട്ടതേയുള്ളു എന്നു പറയുന്ന മനുഷ്യർ ഉണ്ട്. തന്റെ ഉത്ഥാനത്തിന് ഇത്തരം കാലവിളംബം ഇല്ലായിരുന്നെങ്കിൽ ഈ മനുഷ്യർ എന്തു പറയുമായിരുന്നു? ഉത്ഥാന സംഭവത്തിനെതിരായി മാത്രമല്ല, അവിടുന്നു മരിച്ചു എന്ന വിശ്വാസത്തിന് എതിരായിട്ടും തന്ത്രങ്ങൾ മെനയാൻ പിശാച് ആഗ്രഹിച്ചു. രക്ഷകന്റെ മരണമാണ് ലോകം മുഴുവനുമുള്ള പ്രത്യൗഷധം എന്ന് പിശാചിന് അറിയാമായിരുന്നു, നന്നായി

www.malankaralibrary.com



അറിയാമായിരുന്നു; രക്ഷ തകർക്കാനായി, മനുഷ്യരിൽ നിന്ന് ഈ വിശ്വാസം നീക്കിക്കളയാൻ അവൻ അതീവതൽപ്പരനായിരുന്നു.

**13.** അതുകൊണ്ട്, ഉത്ഥാനം ചെയ്യാൻ കർത്താവ് ധൃതി പിടിച്ചില്ല. "കല്ലറ കാക്കുവാനായി പടയാളികളെ തരിക" എന്നു പറഞ്ഞുകൊണ്ട് യഹൂദർ വന്നു (മത്താ 27:63–66). എത്ര ലജ്ജാകരം! യഹൂദരേ, മൃതശരീരത്തിനു കാവലേർപ്പെടുത്തിയത് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ? ക്രൂശിതൻ വിവസ്ത്രനും സാധാരണ ജഡവുമായിരുന്നെങ്കിൽ, നിങ്ങൾ എന്തിന് ഈ അസാധാരണവും വിചിത്രവുമായ കാര്യങ്ങൾ ചെയ്തുകൂട്ടുന്നു? നിങ്ങളെന്തിനു ഭയപ്പെടുന്നു, നിങ്ങളെന്തിനു വിറയ്ക്കുന്നു, നിങ്ങളെന്തിനു കാവൽ ഏർപ്പെടുത്തുന്നു? എന്നാൽ, ദൈവം ഇതു തടഞ്ഞില്ല; കാരണം, പാപി തന്റെ സ്വന്തം കൈകളുടെ പ്രവൃത്തികളാൽ തന്നെ പിടിക്കപ്പെടാനായി, കല്ലറ കാക്കപ്പെടാൻ അവിടുന്ന് അനുവദിച്ചു. "ശിഷ്യന്മാർ അവനെ മോഷ്ടിച്ചിട്ട് അവൻ ഉത്ഥാനം ചെയ്തു എന്ന് പറയാതിരിക്കാൻ, പടയാളികളെ തരിക" എന്ന് അവർ പറഞ്ഞു (27:64). എന്നാൽ നേരേ വിപരീതമായതു സംഭവിച്ചു. അവർ പടയാളികളെക്കൊണ്ട് കാവൽ ഏർപ്പെടുത്തി; അതുകൊണ്ട്, 'ശിഷ്യന്മാർ അവനെ മോഷ്ടിച്ചുകൊണ്ടുപോയി, അവൻ ഉയിർത്തില്ല' എന്ന് ഉത്ഥാനാനന്തരം അവർക്കു പറയാൻ കഴിഞ്ഞില്ല. ഉത്ഥാനത്തിനെതിരെ കെട്ടിച്ചമച്ച വാദങ്ങൾ അങ്ങനെ അതിന് അനുകൂലമായി ഭവിച്ചു. തനിക്കെതിരെ ഗൂഢാലോചന നടത്തിയവരെ തന്നെ ക്രിസ്തു തന്റെ ഉത്ഥാനത്തിനു സാക്ഷികളാക്കുകയും ആ ദിവസം അവർ കൊണ്ടുവന്ന ന്യായവാദം തകർക്കുകയും ചെയ്തു.

## ഭൂതോച്ചാടനം

**14.** ആനീതരാക്കൽ ഈ സമയം നടത്താൻ നമ്മുടെ പിതാക്കന്മാർ നിശ്ചയിച്ചതിന് മതിയായ വിശദീകരണം ഞാൻ തന്നു എന്നു കരുതുന്നു. നിങ്ങൾ ക്ഷീണിച്ചില്ലെങ്കിൽ, മറ്റൊരു സംഗതികൂടി അവതരിപ്പിക്കാൻ, അതായത് ഭൂതോച്ചാടകരുടെ വാക്കുകൾ ശ്രവിക്കാൻ വിവസ്ത്രരായും നിഷ്പാദുകരായും നിങ്ങളെ ഇവിടെ നിന്ന് നാം അയയ്ക്കുന്നതെന്തിനാണെന്ന് പറയാൻ, ഞാൻ ആഗ്രഹിക്കുന്നു. നേരത്തെയുള്ള കാരണം തന്നെയാണ് ഇവിടെയും. രാജാവ് യുദ്ധത്തിൽ വിജയിക്കുകയും തടവുകാരെ പിടിക്കുകയും ചെയ്തു. തടവുകാർ വിവസ്ത്രരായും നിഷ്പാദുകരായുമാണല്ലോ നടക്കുക. ദൈവം യഹൂദരോട് പറയുന്നതെങ്കിലും ശ്രവിക്കുവിൻ: "എന്റെ മകനായ ഏശായാ



വിവസ്ത്രനായും നിഷ്പാദുകനായും നടന്നതുപോലെ, വിവസ്ത്രരായും നിഷ്പാദുകരായും ഇസ്രായേൽ മക്കൾ അടിമത്തത്തിലേക്ക് നടന്നുപോകും" (ഏശാ 20:3). പിശാച് നിങ്ങളുടെമേൽ ആധിപത്യം പുലർത്തിയിരുന്നു എന്ന് നിങ്ങളുടെ ശാരീരിക നിലപാട് നിങ്ങളെ ഓർമിപ്പിക്കാനും പുനർജന്മത്തിനു മുൻപ് നിങ്ങൾ പിറന്ന ഹീനാവസ്ഥയെപ്പറ്റിയുള്ള അവബോധം നിങ്ങൾക്കു നൽകാനും അവൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് നിങ്ങൾ വിവസ്ത്രരായും നിഷ്പാദുകരായും നില്ക്കുക മാത്രമല്ല, മേലിൽ നിങ്ങളുടെമേൽ ദൈവത്തിനുള്ള പരമാധികാരം ഏറ്റുപറയാൻവേണ്ടി കൈകൾ ഉയർത്തി നിൽക്കുക കൂടി ചെയ്യുന്നു. അവനിലേക്കാണല്ലോ നിങ്ങൾ ഇപ്പോൾ അടുത്തുകൊണ്ടിരിക്കുന്നത്. യുദ്ധത്തിലെ കൊള്ളമുതലാണ് നിങ്ങൾ. "അവൻ ബലവാന്റെ കൊള്ളമുതൽ പങ്കിടും" എന്ന് ഏശായാ പ്രവചിച്ചപ്പോൾ (53:12) പീഡനങ്ങളിൽ നിന്ന് വിടുവിക്കപ്പെടുന്നതിനു മുമ്പ്, പണ്ടു തന്നെ അവൻ ഇതേപ്പറ്റി സൂചിപ്പിച്ചിരുന്നു. വീണ്ടും, "തടവുകാർക്ക് വിടുതൽ പ്രഖ്യാപിക്കാൻ അവൻ വന്നിരിക്കുന്നു" (61:1). ഏശായായെപോലെ ദാവീദും ഈ വിപ്രവാസത്തെപ്പറ്റി വിശദീകരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: "നീ ഉയരത്തിലേക്കു കരേറി, നീ തടവുകാരെ നയിച്ചു" (സങ്കീ 68:18).

**15.** എന്നാൽ 'അടിമത്തം' എന്ന വാക്കു കേൾക്കുമ്പോൾ നഷ്ടധൈര്യരാകരുത്, കാരണം, ഈ അടിമത്തത്തേക്കാൾ സൗഭാഗ്യകരമായി മറ്റൊന്നുമില്ല. മനുഷ്യരുടെ അടിമത്തം, സ്വാതന്ത്ര്യത്തിൽ നിന്നു ദാസ്യവൃത്തിയിലേക്കു നയിക്കുന്നതാണ്; എന്നാൽ ഈ അടിമത്തം ദാസ്യത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കു മാറ്റുന്നു. കൂടാതെ, മനുഷ്യരുടെ അടിമത്തം മാതൃരാജ്യം നഷ്ടപ്പെടുത്തി അന്യനാട്ടിലേക്ക് നയിക്കുന്നു; ഈ അടിമത്തം അന്യനാട്ടിൽ നിന്ന് സ്വന്ത നാടായ സ്വർഗീയ ജറുസലേമിലേക്ക് നയിക്കുന്നു. മനുഷ്യരുടെ അടിമത്തം മാതാപിതാക്കളെ നഷ്ടപ്പെടുത്തുന്നു, ഈ അടിമത്തം എല്ലാവരുടെയും പൊതുമാതാവിലേക്കു നയിക്കുന്നു. ആ അടിമത്തം സഹപൗരന്മാരിൽ നിന്നും ബന്ധുജനങ്ങളിൽ നിന്നും നിങ്ങളെ അകറ്റുന്നു; ഇതാകട്ടെ, മുകളിലുള്ള പൗരന്മാരുടെ പക്കലേക്ക് നയിക്കുന്നു. "നിങ്ങൾ വിശുദ്ധരുടെ സഹപൗരന്മാരാണ്" എന്ന് വി: പൗലോസ് പറയുന്നു (എഫേ. 2:19). നിങ്ങൾ നിഷ്പാദുകരും വിവസ്ത്രരുമായി കാണപ്പെടുന്നതിന്റെ കാരണം ഇതാണ്.

**16.** എന്നാൽ ഭൂതോച്ചാടകന്റെ ഭീതിജനകവും ഭയാനകവുമായ വാക്കുകൾ, എല്ലാറ്റിന്റെയും നാഥനെയും ശിക്ഷാവിധി, പ്രതികാരം, നരകാഗ്നി

www.malankaralibrary.com



എന്നിവയേയും എന്തിനാണ് നമ്മുടെ ഓർമയിൽ കൊണ്ടുവരുന്നത്? പിശാചുക്കളുടെ ലജ്ജയില്ലായ്മ നിമിത്തമാണിത്. സ്നാനാർഥി മുദ്രയില്ലാത്ത ഒരാടാണ്; അത് വിജനമായ സത്രവും വാതിലില്ലാത്ത ഹോസ്റ്റലുമാണ്. വ്യത്യാസം കൂടാതെ ആർക്കും അവിടെ കടന്നു കൂടാം; അത് കള്ളന്മാരുടെ ഗുഹയും വന്യമൃഗങ്ങളുടെ സങ്കേതവും പിശാചുക്കളുടെ വാസസ്ഥലവുമാണ്, എങ്കിലും ആ വിജനവും കവാടരഹിതവുമായ സത്രം, കള്ളന്മാരുടെ ആ സങ്കേതം ഒരു രാജകീയാരമന ആയിത്തീരണം എന്ന് നമ്മുടെ നാഥൻ തന്റെ സ്നേഹനിർഭരമായ കരുണയാൽ പ്രഖ്യാപിച്ചു. ഇതു നിമിത്തം അവിടുന്ന് പ്രബോധകരായ ഞങ്ങളേയും ആ ഭൂതോച്ചാടകരെയും സത്രം ഒരുക്കാൻ മുൻകൂട്ടി അയച്ചു. ബലഹീനവും പൊട്ടിപ്പൊളിഞ്ഞതുമായ സത്രത്തിന്റെ ഭിത്തികൾ നിങ്ങളെ പഠിപ്പിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പ്രബോധനത്താൽ ഉറപ്പുള്ളതും സുരക്ഷിതവുമാക്കുന്നു.

**17.** "എന്റെ ഈ വാക്കുകൾ കേട്ട്, അപ്രകാരം പ്രവർത്തിക്കുന്നവൻ പാറമേൽ തന്റെ ഭവനം പണിത ബുദ്ധിമാനായ മനുഷ്യനു തുല്യനാകുന്നു" എന്ന് ക്രിസ്തു പറയുന്നു (മത്താ. 7:24). രാജാവ് അടുത്തു വരുന്നതുവരെ നമുക്ക് സുരക്ഷിതമായ അടിത്തറകൾ പണിയാം. എന്തെങ്കിലും അഴുക്കോ മാലിന്യമോ കണ്ടാൽ നമുക്കതു ഒഴുക്കിക്കളയാം. പാപം മലിനവും ദുർഗന്ധപൂരിതവുമാണ്. ദാവീദ് അതിന്റെ പ്രകൃതം വിവരിക്കുന്നതു ശ്രവിക്കൂ: എന്റെ അകൃത്യങ്ങൾ ഭാരമുള്ള ചുമടുപോലെ എന്റെ തലയ്ക്കുമീതേ ഉയർന്നിരിക്കുന്നു. എന്റെ ഭോഷത്തം മൂലം എന്റെ വ്രണങ്ങൾ അഴുകി നാറുന്നു (സങ്കീ 38: 4-5). ഒരുവശത്ത് നാം മലിനജലം ഒഴുക്കിക്കളഞ്ഞിട്ട് ആത്മാവിന്റെ സുഗന്ധതൈലം വയ്ക്കുന്നു; മറുവശത്ത് ഭൂതോച്ചാടകൻ തന്റെ ഭീതിജനകമായ വാക്കുകളാൽ വന്യമൃഗങ്ങളെയും സർപ്പങ്ങളെയും തേളുകളെയും അണലികളെയും അവിടെ നിന്ന് ഓടിച്ചുകളയുന്നു. വന്യമൃഗം നികൃഷ്ടനാണെങ്കിലും ഭൂതോച്ചാടനത്തിന്റ ഭീകര ഫോർമുല കേട്ടാൽ പിന്നെ മറഞ്ഞിരിക്കാനോ ഗുഹയിൽ ഒളിച്ചിരിക്കാനോ സാധിക്കാതെ, തന്റെ ഹിതത്തിന് എതിരായിട്ടു പോലും അവിടെ നിന്നു പുറത്തുകടന്ന് ഓടിപ്പോകുന്നു.

## ആണയിടീലിനെപ്പറ്റി വീണ്ടും

**18.** ഞാൻ വാഗ്ദാനം ഒന്നും ചെയ്തിട്ടില്ലെങ്കിലും ഈ വിഷയത്തെപ്പറ്റിക്കൂടി സംസാരിക്കാൻ ആഗ്രഹിച്ചു. നാം വിശ്വാസികൾ എന്നു വിളിക്കപ്പെടുന്നതും ആനീതരാകാത്തവർ സ്നാനാർഥികൾ എന്നു വിളിക്കപ്പെടുന്നതും എന്തുകൊണ്ടാണ് എന്ന് നിങ്ങളോടു പറയേണ്ടിയിരിക്കുന്നു. ബഹുമാനം സ്വീകരിക്കുന്നവന്, ആ ബഹുമാനത്തിന്റെ പേര് അറിയാൻ പാടില്ലാതെ വരിക എന്നത് യഥാർഥത്തിൽ അവമാനവും ചിരിക്കു വക നൽകുന്നതുമാണ്. എന്നാൽ എന്റെ പ്രശ്നം എന്താണ്? നിങ്ങളുടെ ആണയിടീലിനെപ്പറ്റിയുള്ള ചിന്ത എന്നെ പിന്നെയും പിന്നെയും അലട്ടുന്നു; എന്നെ നിരാശനാക്കുകയും ആ വിഷയത്തെപ്പറ്റി സംസാരിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, വിശ്വാസികളുടെയും സ്നാനാർഥികളുടെയും പേരുകൾ സംബന്ധിച്ചുള്ള ചർച്ച അടുത്ത പ്രസംഗത്തിലേക്ക് മാറ്റി വയ്ക്കാം. ആണയിടുന്നതിനെ സംബന്ധിച്ചുള്ള എന്റെ ഉപദേശത്തിലേക്കും പ്രബോധനത്തിലേക്കും തിരിയാം. ആണയിടുന്നത് ഭയാനകവും ഉപദ്രവകരവുമായ സംഗതിയാണ്; നശിപ്പിക്കുന്ന മദ്യവും നാശഹേതുവും അപകടവും നിഗൂഢ മുറിവും, അദൃശ്യ വ്രണവും ആത്മാവിൽ വിഷം കലർത്തുന്ന അജ്ഞാതമായ ആന്തരിക വ്രണവുമാണ്. ഇത് സാത്താന്റെ അമ്പും കത്തുന്ന ജാവലിനും ഇരുമുനവാളും കൂർത്ത മുനയുള്ള വളഞ്ഞവാളും അക്ഷന്തവ്യ പാപവും, ന്യായീകരണരഹിത ലംഘനവും ആഴമുള്ള ഗർത്തവും കിഴക്കാംതൂക്കായ പാറയും ബലിഷ്ഠമായ കുടുക്കും മുറുക്കി വിരിച്ചിരിക്കുന്ന വലയും പൊട്ടിക്കാൻ പറ്റാത്ത കമ്പിവേലിയും ആർക്കും രക്ഷപെടാൻ കഴിയാത്ത കൊളുത്തുമാണ്.

**19.** ഇതു പോരേ? ആണയിടീൽ ഒരു ഭീകര സംഗതിയും ഏറ്റവും ഉപദ്രവകരമായ പാപവും ആണെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? എന്നെ വിശ്വസിക്കുവിൻ; എന്നെ വിശ്വസിക്കുവിൻ എന്നു ഞാൻ അപേക്ഷിക്കുന്നു. ആരെങ്കിലും എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ, ഞാനിപ്പോൾ തെളിവു തരാം. മറ്റു പാപങ്ങൾക്കില്ലാത്തത് ഇതിനുണ്ട്. മറ്റ് കല്പനകൾ ലംഘിക്കുന്നില്ലെങ്കിൽ, നാം ശിക്ഷിക്കപ്പെടുകയില്ല. മറിച്ച്, ആണയിടുന്നതിനെ സംബന്ധിച്ച്, നാം ലംഘിച്ചാലും ലംഘിക്കാതിരിക്കാൻ സൂക്ഷിച്ചാലും ഒരുപോലെ ശിക്ഷിക്കപ്പെടും.

**20.** ഞാൻ പറഞ്ഞത് ഒരുപക്ഷേ നിങ്ങൾക്കു മനസ്സിലായിക്കാണില്ല, ഞാനതു കുറേക്കൂടി സ്പഷ്ടമായി ആവർത്തിക്കാം. നിയമരഹിതമായ ഒരു കാര്യം ചെയ്യാമെന്ന് പലപ്പോഴും ഒരാൾ ശപഥം ചെയ്യുന്നു. അങ്ങനെ അയാൾ രക്ഷപെടാൻ കഴിയാത്ത വലയിൽ വീഴുന്നു. കാരണം ഒന്നുകിൽ ഭാവിയിൽ വാക്കുപാലിച്ച് നിയമരഹിതമായതു

www.malankaralibrary.com



ചെയ്യണം; അല്ലെങ്കിൽ വാക്കു പാലിക്കാതെ കപടമായി ശപഥം ചെയ്തതിന് ആരോപണ വിധേയനാകണം. കൽപന കാക്കുന്നവർക്കും അതിനു കഴിയാത്തവർക്കും രണ്ടു വശത്തും ഇതു കിഴക്കാംതൂക്കായ പാറയും ഒഴിവാക്കാൻ കഴിയാത്ത മരണവുമാണ്. കൽപന കാത്താലും കൽപന ലംഘിച്ചാലും, ഈ പാപത്തേക്കാൾ വിനാശകരമായ മറ്റെന്തെങ്കിലുമുണ്ടോ?

## ഹേറോദേസിന്റെ പ്രതിജ്ഞയും അതിന്റെ ദുരന്തഫലങ്ങളും

**21.** ഇത് ഇപ്രകാരമാണെന്നും, പ്രതിജ്ഞ ലംഘിക്കുമ്പോൾ മാത്രമല്ല, പ്രതിജ്ഞ പാലിക്കുമ്പോഴും അനേകർ ശിക്ഷാവിധിക്കർഹരാകുന്നു എന്നും നിങ്ങൾ അറിയുന്നതിന് താഴെപ്പറയുന്ന കഥ ഞാൻ വിവരിക്കാം. ഹേറോദേസ് ഒരിക്കൽ ജന്മദിനാഘോഷം നടത്തുകയായിരുന്നു, തന്റെ ജനനത്തിന്റെ വാർഷികം പൊടിപൊടിച്ചാഘോഷിക്കുകയായിരുന്നു. ആഘോഷം മോടിപിടിപ്പിക്കാൻ രാജ്ഞിയുടെ മകളെ ഡാൻസിനായി വരുത്തി. മോടിപിടിപ്പിക്കുന്നതിനു പകരം അവൻ ആ ദിവസത്തെ ശോകമൂകമാക്കുകയായിരുന്നു എന്ന് മനസ്സിലാക്കാൻ അവനു കഴിഞ്ഞില്ല. ദൈവത്തിന്റെ സ്നേഹനിർഭരമായ കാരുണ്യത്തിന് അവൻ അന്നേദിവസം ദൈവത്തിനു നന്ദിപറയേണ്ടതായിരുന്നു. കാരണം, അവിടുന്ന് അവനെ ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ചു, അവന് ആത്മാവിനെ നൽകി, പ്രപഞ്ചമാകുന്ന പാവന തീയേറ്ററിലേയ്ക്ക് അവനെ കൊണ്ടുവന്നു, അത്ഭുതാവഹവും അതിമനോഹരവുമായ ഈ സൃഷ്ടിയെ ദർശിക്കാൻ അവനിടയാക്കി; കീർത്തനങ്ങളാലും നന്ദിപ്രകടനങ്ങളാലും ഈ ദിവസത്തെ അവൻ ബഹുമാനിക്കേണ്ടതായിരുന്നു. എന്നാൽ അവമാനം കൊണ്ട് അവൻ അതിനെ വികൃതമാക്കി, കാരണം, കാബറേ നൃത്തത്തേക്കാൾ അവമാനകരമായത് എന്താണ്?.

**22.** ആ ദിവസം ഹേറോദ്യയുടെ മകൾ നൃത്തമാടി. നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങൾ ഇത്തരം നൃത്തങ്ങളും പാട്ടുകളും കൊണ്ട് ആഘോഷിക്കുന്ന സ്ത്രീപുരുഷന്മാരേ, നിങ്ങൾ ശ്രദ്ധിക്കുവിൻ, ഇവ നന്മയും തിന്മയും അല്ലെന്ന് തോന്നിയാലും, നിസ്സാര തിന്മകളല്ല. ഇവ നന്മയും തിന്മയും ആയി തോന്നാത്തതുകൊണ്ടു തന്നെയാണ് വലിയ തിന്മയായിരിക്കുന്നത്. ഇവ നിസ്സാരം എന്നു തോന്നുന്നതിനാൽ, അവയെപ്പറ്റി ആരും വേണ്ടത്ര ശ്രദ്ധിക്കാറില്ല, മുൻകരുതൽ എടുക്കാറുമില്ല. ഗൗരവമായ രോഗത്തെ നാം ശ്രദ്ധിക്കുകയും



സൗഖ്യം പ്രാപിക്കുകയും ചെയ്യുന്നു. എന്നാൽ നിസ്സാരം എന്നു കരുതപ്പെടുന്ന രോഗം ഗൗരവമായി എടുക്കാത്തതിനാൽ പിന്നീട് മാരകമായി തീരാം. എന്താണ് ഞാൻ അർത്ഥമാക്കുന്നത്? വിശ്വാസികളിൽ ഒരാളുടെ ഭവനത്തിലേക്ക് കാബറെ നൃത്തം കൊണ്ടുവരാൻ ആരെങ്കിലും ധൈര്യപ്പെടുമോ? ആകാശത്തുനിന്ന് ഇടിത്തീ വീണ് അതിന്റെ ജ്വാലയിൽ എല്ലാം കത്തിച്ചുകളയും എന്ന് അവൻ ഭയക്കുന്നില്ലേ? ഇതു ഞാൻ സ്ത്രീകളോടും പറയുന്നു അവരും പുരുഷന്മാരെ തിരുത്തുകയും അത്തരം കുത്തുകളിൽ നിന്ന് പിന്തിരിപ്പിക്കുകയും വേണം.

**23.** ആ ദിവസം ഹേറോദ്യായുടെ മകൾ വന്ന് ഡാൻസു ചെയ്തു. ദൈവം വാഴ്ത്തപ്പെടട്ടെ! നമ്മുടെ ജീവിതത്തെ എത്ര വലിയ മിതത്വത്തിലേയ്ക്കാണ് അവിടുന്നു തിരിച്ചത്! വിശ്വസിക്കുന്ന നിങ്ങൾ ശ്രവിക്കുവിൻ! എന്തുതരം വരന്റെ പക്കലേയ്ക്കാണു നിങ്ങൾ അടുക്കുന്നത്! ഇന്നുവരെ സൗന്ദര്യമില്ലാതിരുന്ന നമ്മുടെ ജീവിതങ്ങളെ അവിടുന്നെടുത്തു; അടക്കം കൊണ്ടും മിതത്വം കൊണ്ടും മാന്യത കൊണ്ടും അവിടുന്ന് അവയെ അലങ്കരിച്ചു. ഏറ്റവും നിസ്സാരയായ ദാസിപോലും ഇപ്പോൾ ചെയ്യാൻ മുതിരാത്ത കാര്യം ചെയ്യാൻ ആ രാജകുമാരിക്ക് അപ്പോൾ ലജ്ജ തോന്നിയില്ല!.

**24.** രാജകുമാരി ഡാൻസു ചെയ്യുകയും അതിനു ശേഷം കൂടുതൽ ഗൗരവമേറിയ പാപം ചെയ്യുകയും ചെയ്തു. കാരണം, അവൾ ചോദിക്കുന്നതെല്ലാം നൽകാമെന്ന് ആണയിട്ടുകൊണ്ട് പ്രതിജ്ഞ ചെയ്യാൻ ആ വിവരം കെട്ട മനുഷ്യനെ അവൾ പ്രേരിപ്പിച്ചു. ആണയിടീൽ മനുഷ്യനെ വിവരം കെട്ടവനാക്കുന്നതു നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ട് അവൾ ചോദിക്കുന്നതെന്തും നൽകാമെന്ന് അവൻ ആണയിട്ടു. ഹേറോദേസേ, അവൾ നിന്റെ തല വേണമെന്നു പറഞ്ഞിരുന്നെങ്കിലോ? നിന്റെ രാജ്യം മുഴുവൻ വേണമെന്നു പറഞ്ഞിരുന്നെങ്കിലോ? എന്നാൽ അവൻ ഇവയൊന്നും പരിഗണിച്ചില്ല. പിശാച് തന്റെ വല വിരിച്ചു; അതു ബലിഷ്ടമാക്കി; പ്രതിജ്ഞ ചെയ്തപ്പോൾ മുതൽ പിശാച് എല്ലാവശത്തും തന്റെ കെണികൾ ഒരുക്കുകയും വല വിരിക്കുകയും ചെയ്തു. ആ സാഹചര്യത്തിൽ നിന്ന് ഒരു രീതിയിലും തല ഊരാൻ സാധിക്കാതിരിക്കാൻ അവൻ തന്റെ അപേക്ഷയും കൂട്ടിച്ചേർത്തു. "സ്നാപകയോഹന്നാന്റെ തല ഒരു താലത്തിൽ എനിക്കു തരണം" എന്ന് രാജകുമാരി ആവശ്യപ്പെട്ടു (മത്താ 14:8). നിന്ദ്യമായ അപേക്ഷയായിരുന്നു അത്; ദാനം

www.malankaralibrary.com



കഥയില്ലാത്തതും ഉപദ്രവകരവുമായിരുന്നു. ആണയിട്ടതാണ് ഇതിനു രണ്ടിനും ഹേതു.

**25.** എന്തായിരുന്നു അവൻ ചെയ്യേണ്ടിയിരുന്നത്? ഞാൻ പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും. കല്പന കാത്താലും കല്പന ലംഘിച്ചാലും നാം ശിക്ഷാർഹരാകും. അവൻ പ്രവാചകന്റെ തല കൊടുത്തു.; അതിനുള്ള ശിക്ഷ ഭയാനകമാണ്. കൊടുക്കാതിരുന്നാലോ? കള്ളയാണയിട്ടു എന്ന് അവന്റെ മേൽ ആരോപിക്കപ്പെടും. രണ്ടു വശത്തും അഗാധഗർത്തം നിങ്ങൾ കാണുന്നില്ലേ?

**26.** "സ്നാപകയോഹന്നാന്റെ തല ഒരു താലത്തിൽ എനിക്കു തരിക" എന്ന് അവൾ പറഞ്ഞു. ആ അപേക്ഷ മ്ലേച്ഛമായിരുന്നു, എന്നാൽ അവൾ അവനെ പ്രേരിപ്പിച്ചു. യോഹന്നാന്റെ വിശുദ്ധ നാവ് അടപ്പിക്കാൻ അവൻ കല്പന കൊടുത്തു. എന്നാൽ ഇപ്പോൾ വരെ ഓരോ ദിവസവും അത് ഉച്ചത്തിൽ വിളിച്ചു പറയുന്നു. അഥവാ, "നിന്റെ സഹോദരൻ ഫിലിപ്പിന്റെ ഭാര്യയെ സ്വീകരിക്കുന്നത് നിനക്കുചിതമല്ല" എന്ന് ഓരോ ദേവാലയത്തിലും യോഹന്നാൻ പ്രഘോഷിക്കുന്നത് സുവിശേഷങ്ങളിലൂടെ നിങ്ങൾക്കു കേൾക്കാം. അവർ തല വെട്ടിമാറ്റി, എന്നാൽ ആ സ്വരത്തെ വെട്ടിമാറ്റിയില്ല, അവൻ നാവടക്കിച്ചു, എന്നാൽ ആരോപണത്തെ ഖണ്ഡിച്ചില്ല.

**27.** ആണയിടുന്നത് ചെയ്യുന്നതെന്തെന്ന് കാണുന്നില്ലേ? അത് പ്രവാചകന്മാരുടെ തല വെട്ടിക്കളയുന്നു. കൊളുത്തു നിങ്ങൾ കാണുന്നു. അത് പിന്നീട് വരുത്തിവയ്ക്കുന്ന നാശം ഭീകരമാണ്. വല നിങ്ങൾ കാണുന്നു, അതിനുള്ളിൽ നിപതിക്കരുത്. മുറിവ് കൂടുതൽ ആഴമുള്ളത് ആകാതിരിക്കാൻ ഭാവിയിൽ നിങ്ങൾ ശ്രദ്ധിക്കണം. അതിന്റെ രക്തപങ്കിലമായ വാളിൽ നിന്ന് ഭാവിയിൽ നിങ്ങളുടെ കൈ ദൂരെയകറ്റണം. നിങ്ങൾ നിശബ്ദത പാലിച്ചുകൊണ്ട് കള്ളയാണ എന്ന മുറിവിൽ നിന്ന് നിങ്ങളുടെ നാവിനെ സംരക്ഷിക്കണം. നിങ്ങൾ പ്രതിജ്ഞ പാലിച്ചാലും ലംഘിച്ചാലും ഒരുപോലെ ശിക്ഷിക്കപ്പെടും എന്ന് ഓർത്താൽ ആണയിടൽ എന്ന പാപം മേലിൽ ചെയ്യുകയില്ല.

**28.** ഞാൻ നീതിപൂർവം ആണയിട്ടാലോ എന്നു ചോദിക്കുന്നവർ ഇപ്പോൾ എവിടെയാണ്? നിയമലംഘനം നടക്കുമ്പോൾ എങ്ങനെ ഇതു നീതിപൂർവമാകും? ദൈവം തടയുകയും നിങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ ഇതെങ്ങനെ നീതിപൂർവമാകും? ഞങ്ങൾ നിങ്ങളുടെ മുറിവുകൾ വച്ചുകെട്ടുമ്പോൾ, പിന്നീട് നിങ്ങൾ എന്നോട് യോജിക്കും



എന്നതാണ് സത്യം; കാരണം, മുറിവ് വച്ചുകെട്ടുന്നതുപോലും വേദന കൂടാതെയല്ലല്ലോ

**29.** തെറ്റായി ആണയിടുന്നതിനും ശരിയായി ആണയിടുന്നതിനും ഉള്ള ശിക്ഷ, എന്റെ പ്രബോധനത്തിനു മുൻപു തന്നെ കഠിനമായിരുന്നു, ഞാൻ നിങ്ങളെ പഠിപ്പിച്ചു കഴിഞ്ഞതിനാൽ, അത് കൂടുതൽ കഠിനതരമായി തീർന്നിരിക്കുന്നു. "ഞാൻ വന്ന് അവരോടു സംസാരിച്ചില്ലായിരുന്നെങ്കിൽ, അവർക്ക് പാപം ഉണ്ടാകുമായിരുന്നില്ല" എന്ന് ക്രിസ്തു അരുളിച്ചെയ്തു (യോഹ 15:22). നിങ്ങളുടെ കാര്യത്തിൽ എനിക്കും ഇതു പറയാൻ കഴിയും; കാരണം, ഭാവിയിൽ നിങ്ങളുടെ ലംഘനങ്ങൾക്ക് യാതൊരു ഒഴിവുകഴിവുമില്ല. ശരിയായിട്ടോ തെറ്റായിട്ടോ ആണയിട്ടതോ, വ്യഭിചാരമോ വേശ്യാവൃത്തിയോ, തിന്മയുടെ കുമ്പാരം തന്നെയോ ഉണ്ടെങ്കിലും, സ്നാനം ശ്രദ്ധാപൂർവം അവയെ കഴുകിക്കളഞ്ഞ് ആത്മാവിനെ പൂർണമായി വെടിപ്പുള്ളതാക്കുന്നു.

**30.** എല്ലാ കറകളിൽ നിന്നും വിമുക്തമായി, ഈ വെണ്മ കാത്തുസൂക്ഷിക്കാൻ മേലിൽ നിങ്ങൾ ശ്രദ്ധാലുക്കളായിരിക്കണം; നിങ്ങളുടെ പ്രാർഥനകളിലൂടെ, നിങ്ങളുടെ ആത്മവിശ്വാസത്തിൽ പങ്കുപറ്റാൻ ഞങ്ങൾക്കു കഴിയട്ടെ. ഭാവിയിൽ നിങ്ങളുടെ ഗുരുക്കന്മാർക്കുവേണ്ടി പ്രാർഥിക്കാൻ നിങ്ങൾക്കു കഴിയും. കാരണം നക്ഷത്രങ്ങളേക്കാൾ ശോഭയോടെ വേഗത്തിൽ നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രകാശിക്കാൻ പോകുകയാണ്. നിങ്ങളുടെ പ്രാർഥനകളാൽ നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നിങ്ങളുടെ ആത്മവിശ്വാസത്തിൽ പങ്കുകൊള്ളട്ടെ. അവനിലൂടെയും അവനോടുകൂടെയും പിതാവിന് പരിശുദ്ധാത്മാവിനോടുകൂടെ ഇപ്പോഴും എന്നേയ്ക്കും അനന്തലോകത്തിലും മഹത്ത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ

www.malankaralibrary.com

## പതിനൊന്നാം പ്രസംഗം

# സ്നാനാർഥികൾക്കുള്ള ഉപദേശം

1. നിങ്ങൾക്കുള്ള പ്രബോധനത്തിന്റെ അവസാനദിവസമാണ് ഇന്ന്. എല്ലാവരിലും അവസാനത്തവനായ ഞാൻ അവസാനത്തെ ഈ ഉപദേശം നൽകാൻ എത്തിയിരിക്കുന്നു. രണ്ടു ദിവസങ്ങൾക്കുശേഷം മണവാളൻ വരുന്നു എന്ന് നിങ്ങളോടു പറയാൻ അവസാനത്തവനായി ഞാൻ വന്നിരിക്കുന്നു. എഴുന്നേറ്റ് നിങ്ങളുടെ വിളക്കുകൾ തെളിയിക്കുവിൻ; അവയുടെ പ്രകാശത്താൽ സ്വർഗീയ രാജാവിനെ സ്വീകരിക്കുവിൻ. എഴുന്നേറ്റ് ഉണർന്നിരിക്കുവിൻ. പകലല്ല, പാതിരാത്രിയിലാണ് മണവാളൻ നിങ്ങളുടെ പക്കലേയ്ക്ക് വരുന്നത്. വൈകിട്ട് വളരെ വൈകി വധുവിനെ വരന് നൽകുക കല്യാണവിരുന്നിന്റെ പതിവാണ്.

2. "ഇതാ, മണവാളൻ വരുന്നു" എന്നു കേൾക്കുമ്പോൾ, നിങ്ങൾ ഈ വാക്കുകൾ ശ്രദ്ധിക്കുന്നു എന്ന് ഉറപ്പുവരുത്തുവിൻ; കാരണം അവ സത്യമായും മഹനീയവും സ്നേഹനിർഭരമായ കാരുണ്യത്തിന്റെ സമൃദ്ധിയാൽ നിറഞ്ഞവയുമാണ്. മനുഷ്യസ്വഭാവം തന്റെ പക്കലേക്കു വരാൻ കല്പിക്കുകയല്ല അവിടുന്നു ചെയ്തത്; പിന്നെയോ, അവിടുന്നു നമ്മുടെ പക്കലേക്ക് വരികയാണ് ചെയ്തത്. മണവാളൻ വളരെ ധനവാനാണെങ്കിനും വധു കഥയില്ലാത്ത പെണ്ണാണെങ്കിൽ പോലും, മണവാളൻ മണവാട്ടിയുടെ പക്കലേക്ക് വരിക എന്നതാണ് വിവാഹത്തിന്റെ ചടങ്ങ്.



3. ഇത് ഇപ്രകാരം ആയിരിക്കുന്നത് മനുഷ്യരുടെ കാര്യത്തിൽ അസാധാരണമല്ല. തങ്ങളുടെ നിലയിൽ കാര്യമായ വ്യത്യാസം ഉണ്ടെങ്കിൽ പോലും, സ്വഭാവത്തിൽ യാതൊരു വ്യത്യാസവുമില്ല. വരൻ ധനവാനും വധു ദരിദ്രയായ ഭിക്ഷക്കാരിയുമാണെങ്കിലും ഇരുവരുടേയും സ്വഭാവം ഒന്നുതന്നെ. എന്നാൽ ക്രിസ്തുവിന്റെയും സഭയുടെയും കാര്യത്തിൽ ആശ്ചര്യകരമായിരിക്കുന്നത്, സൗഭാഗ്യകരവും മാലിന്യരഹിതവുമായ സ്വഭാവത്തോടുകുടെ ദൈവമായിരിക്കെ, നമ്മുടെ സ്വഭാവത്തിലേക്ക് ഇറങ്ങിവരാൻ അവിടുന്നു തിരുമനസ്സായി എന്നതാണ്. ദൈവവും മനുഷ്യരും തമ്മിലുള്ള അകലം എത്ര വലുതാണെന്ന് നിങ്ങൾക്കറിയാമല്ലോ. അവൻ സ്വർഗത്തിൽ തന്റെ പിതൃഭവനം വിട്ടിട്ട് ഒരു സ്ഥലത്തുനിന്ന് വേറൊരു സ്ഥലത്തേക്ക് മാറാതെ, ദിവ്യപദ്ധതിയനുസരിച്ച് ഒരു ശരീരമെടുത്ത് തന്റെ വധുവിന്റെ പക്കലേക്ക് ഓടിയെത്തി. ഭാഗ്യവാനായ പൗലോസ് ഇതറിഞ്ഞിരുന്നു. ക്രിസ്തുവിന് നമ്മോടുള്ള പരിപാലനയുടെയും നമ്മുടെ മേൽ അവിടുന്നു ചൊരിഞ്ഞ ബഹുമാനത്തിന്റെയും ആധിക്യത്തിൽ അത്ഭുതപ്പെട്ടു കൊണ്ട് പൗലോസ് ഉച്ചത്തിൽ ഇപ്രകാരം വിളിച്ചുപറഞ്ഞു: "ഇക്കാരണത്താൽ പുരുഷൻ തന്റെ പിതാവിനെയും മാതാവിനെയും വിട്ട് തന്റെ ഭാര്യയോട് പറ്റിച്ചേരും. ഇതൊരു വലിയ രഹസ്യമാകുന്നു. ഞാൻ ക്രിസ്തുവിനെയും തന്റെ സഭയേയും കുറിച്ചാണ് പറയുന്നത്" (എഫേ 5:31–32).

4. തന്റെ ജീവൻ അവൾക്കുവേണ്ടി സമർപ്പിക്കുവാൻ വധു വരനോട് അപേക്ഷിച്ചില്ലെങ്കിലും അവൻ അവളുടെ പക്കലേക്ക് വന്നു എന്നത് എന്തുകൊണ്ടാണ് ആശ്ചര്യകരമായിരിക്കുന്നത്? നിശ്ചയമായും ഒരു വരനും തന്റെ വധുവിനുവേണ്ടി തന്റെ ജീവൻ സമർപ്പിക്കാറില്ല. നമ്മുടെ ആത്മാക്കളുടെ രക്ഷയിൽ ദൈവത്തിനുള്ള താത്പര്യം പോലെ, യാതൊരുവനും, ഒരു കാമുകനും, സ്നേഹത്താൽ മത്തുപിടിച്ചവനായാലും താൻ സ്നേഹിക്കുന്നവളോട് സ്നേഹത്തിൽ ഉജ്ജ്വലിക്കുന്നവനായിരിക്കുകയില്ല. "എന്റെ മുഖത്തു തുപ്പിയാലും എന്നെ അടിച്ചാലും ഞാൻ കുരിശിൽ കയറേണ്ടി വന്നാലും എന്റെ മണവാട്ടിക്കുവേണ്ടി ഞാനതെല്ലാം സഹിക്കും. കുരിശിൽ തറയ്ക്കലിൽ നിന്ന് വിടുവിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയുമില്ല" എന്ന് അവിടുന്നു പറയുന്നു.

5. അവളുടെ സൗന്ദര്യത്തിൽ മയങ്ങിയല്ല അവൻ ഈ പീഡകൾക്കു വിധേയനായി സഹിച്ചത്. അവളേക്കാൾ ഹീനമായും ലജ്ജാകരമായും

www.malankaralibrary.com



മറ്റൊന്നുണ്ടായിരുന്നില്ല. അവളുടെ വൃത്തികേടും നിന്ദനവും പൗലോസ് വിവരിക്കുന്നതു കേൾക്കൂ: "നാം തന്നെയും ഒരു കാലത്ത് മൂഢന്മാരും അനുസരണമില്ലാത്തവരും തെറ്റായ മാർഗത്തിലൂടെ നയിക്കപ്പെട്ടവരും പലതരം മോഹങ്ങൾക്കും സുഖേച്ഛകൾക്കും അടിമപ്പെട്ടവരും ദ്രോഹബുദ്ധിയിലും അസൂയയിലും ദിവസങ്ങൾ കഴിച്ചവരും മനുഷ്യരാൽ വെറുക്കപ്പെട്ടവരും പരസ്പരം വെറുക്കുന്നവരുമായിരുന്നു" ( തീത്തൂ 3:3).

## വധുവിന്റെ വസ്ത്രം

**6.** നാം പരസ്പരം വെറുക്കുന്നു. അത്ര വലുതാണ് നമ്മുടെ ദുഷ്ടതയുടെ ആധിക്യം. നാം പരസ്പരം വെറുത്തെങ്കിലും ദൈവം നമ്മെ വെറുത്തില്ല. പിന്നെയോ, നമ്മുടെ നിന്ദനത്തിന്റെ ആഴത്തിൽ നിന്ന്, നമ്മുടെ ആത്മാക്കളുടെ വൃത്തികേടിൽ നിന്ന്, അവിടുന്നു നമ്മെ കോരിയെടുത്തു രക്ഷിച്ചു. തന്റെ വധുവാകാൻ പോകുന്നവളുടെ പക്കലേക്ക് അവിടുന്നു കടന്നുവന്നു; നഗ്നയായും സ്വയം അവമാനം വരുത്തിവയ്ക്കുന്നവളുമായി അവിടുന്ന് അവളെ കണ്ടു. നിർമലമായ ഒരു വസ്ത്രം കൊണ്ട് അവൻ അവളെ മൂടി; അതിന്റെ ശോഭയും മഹത്ത്വവും വിവരിക്കാൻ യാതൊരു മനസ്സിനോ വാക്കിനോ കഴിയുകയില്ല.

**7.** ഞാൻ അത് എങ്ങനെ പറയും? ഒരു വസ്ത്രം പോലെ അവിടുന്ന് തന്നെത്തന്നെ നമ്മുടെമേൽ ഇട്ടു. "എന്തുകൊണ്ടെന്നാൽ ക്രിസ്തുവിൽ സ്നാനം സ്വീകരിച്ച നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ 3:27). തന്റെ പ്രവാചക നയനങ്ങളാൽ ദാവീദ് ദൂരെനിന്ന് ഈ വസ്ത്രം ദർശിച്ചപ്പോൾ ഇപ്രകാരം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "രാജ്ഞി നിന്റെ വലത്തുഭാഗത്തു നിന്നു" (സങ്കീ 45:10). തെണ്ടിയും പുറന്തള്ളപ്പെട്ടവളുമായിരുന്നവൾ പെട്ടെന്ന് രാജ്ഞിയായി രാജസന്നിധിയിൽ നിൽക്കുന്നു. സ്വർണ വസ്ത്രങ്ങൾ ധരിച്ചും അലങ്കാര വിഭൂഷിതരുമായി ദിവ്യമണവറയിൽ മണവാളനും മണവാട്ടിയുമായി നിൽക്കുന്നതായി പ്രവാചകൻ ക്രിസ്തുവിനെയും സഭയെയും കാണിക്കുന്നു. ഇതാ, വസ്ത്രങ്ങൾ പോലും നിങ്ങളോടു പറഞ്ഞു കഴിഞ്ഞു.

**8.** സ്വർണത്തെപ്പറ്റി കേട്ട് സ്പർശന വിധേയമായവയുടെ കാഴ്ചയിൽ വീണുപോകാതിരിക്കാനായി പിന്നീട്, "രാജപുത്രിയുടെ സൗന്ദര്യം ആന്തരികമാകുന്നു" എന്നു പറഞ്ഞുകൊണ്ട് ദാവീദ്



നിങ്ങളുടെ ധാരണയെ ഉന്നതത്തിലേയ്ക്ക് നയിക്കുകയും ബൗദ്ധിക യാഥാർഥ്യങ്ങളിലേയ്ക്ക് അതിനെ കൊണ്ടുചെന്ന് എത്തിക്കുകയും ചെയ്യുന്നു (സങ്കീ 45:14).

**9.** അവളുടെ കാൽപാദുകങ്ങൾകൂടി കാണാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? അവ സ്പർശനവിധേയമായ വസ്തുക്കൾ കൊണ്ട് തയ്ച്ചെടുത്തതല്ല; സാധാരണ തുകലിൽ നിന്ന് തുന്നിച്ചേർത്തതും അല്ല; പിന്നെയോ, സുവിശേഷത്തിൽ നിന്നും സമാധാനത്തിൽ നിന്നും രൂപീകരിച്ചവയാണ്. "സമാധാന സുവിശേഷത്തിന്റെ സന്നദ്ധതയാൽ ചെരിപ്പു ധരിക്കുവിൻ" എന്ന് അവൻ പറയുന്നു (എഫേ. 6:15). സൗന്ദര്യത്തികവായി മാലാഖമാരുടെയും പ്രധാന മാലാഖമാരുടെയും വലിയ കൂട്ടങ്ങളാൽ ചുറ്റപ്പെട്ടു നിൽക്കുന്ന വധുവിന്റെ ദർശനം തന്നെ നിങ്ങളെ ഞാൻ കാണിക്കാൻ നിങ്ങളാഗ്രഹിക്കുന്നുവോ? നമുക്ക് വധുവിനെ വരന്റെ പക്കലേക്ക് നയിക്കുന്ന പൗലോസിന്റെ കൈക്കു പിടിക്കാം. വലിയ കൂട്ടത്തിന്റെ മധ്യത്തിലൂടെ നയിച്ച് വധുവിന്റെ പക്കലെത്തിക്കാൻ അവനു കഴിയും. അപ്പോൾ, പൗലോസ് എന്താണ് പറയുന്നത്? "ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന് ജലം കൊണ്ട് കഴുകി വചനത്താൽ വെൺമയുള്ളതാക്കി" (എഫേ 5: 25-26).

**10.** വധുവിന്റെ ശരീരം ശോഭയോടെ തിളങ്ങി പ്രകാശിക്കുന്നതു നിങ്ങൾ കാണുന്നില്ലേ? സൂര്യകിരണങ്ങളെ ഉല്ലംഘിക്കുന്ന ശോഭ പരത്തുന്ന അവളുടെ സൗന്ദര്യം നിങ്ങൾ കാണുന്നുണ്ടോ? അവൻ തുടർന്നു പറയുന്നു: "ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാതെ കളങ്കരഹിതയും പരിശുദ്ധയും ആയിരിക്കുന്നതിനു വേണ്ടിയാണ്" (5:27). യുവത്വത്തിന്റെ തികവ് നിങ്ങൾ കാണുന്നില്ലേ? ജീവിതത്തെ ഏറ്റവും മികച്ച നിലയിൽ നിങ്ങൾ കാണുന്നില്ലേ? ഈ വധുവിന്റെ പേര് എന്താണെന്നറിയാൻ നിങ്ങൾക്ക് ആഗ്രഹമുണ്ടോ? വിശ്വസ്തയും വിശുദ്ധയും എന്ന് അവൾ വിളിക്കപ്പെടുന്നു. കാരണം "യേശുക്രിസ്തുവിന്റെ ശ്ലീഹാ ആയ പൗലോസ്, എഫേസോസിലുള്ള വിശുദ്ധർക്കും യേശുക്രിസ്തുവിലുള്ള വിശ്വാസികൾക്കും" എന്ന് ശ്ലീഹാ പറയുന്നു (എഫേ 1:1).

www.malankaralibrary.com



## വിശ്വാസികൾ എന്ന നാമം

**11.** എന്നാൽ വധു എന്ന നാമം കേട്ടപ്പോൾ ഞാൻ ഒരു പഴയ കടം ഓർത്തു. വിശ്വാസികൾ എന്ന് നാം വിളിക്കപ്പെടുന്നത് എന്തുകൊണ്ടാണ് എന്നു പറയാം എന്നു ഞാൻ നിങ്ങളോട് വാഗ്ദാനം ചെയ്തിരുന്നു. അപ്പോൾ, എന്തുകൊണ്ടാണ് നാം ഇപ്രകാരം വിളിക്കപ്പെടുന്നത്? നമ്മുടെ ശാരീരിക നേത്രങ്ങൾക്കു കാണാൻ കഴിയാത്തവ വിശ്വാസികളായ നാം വിശ്വസിച്ചു. ഇവ മഹനീയവും ഭയാനകവും നമ്മുടെ പ്രകൃതിക്ക് ഉപരിസ്ഥവുമാണ്. മനുഷ്യബുദ്ധിക്കോ വിചിന്തനത്തിനോ ഇവ കണ്ടുപിടിക്കാനോ വിവരിക്കാനോ സാധ്യമല്ല. വിശ്വാസപ്രബോധനം മാത്രമേ ഇവയെ നന്നായി മനസ്സിലാക്കുന്നുള്ളു. അതുകൊണ്ട് ദൈവം നമുക്കു രണ്ടുതരം കണ്ണുകൾ നൽകിയിരിക്കുന്നു: ശാരീരിക നയനങ്ങളും വിശ്വാസത്തിന്റെ കണ്ണുകളും.

**12.** നിങ്ങൾ പാവനമായ സ്നാനത്തിന് അണയുമ്പോൾ, ശാരീരിക നയനങ്ങൾ ജലം കാണുന്നു, വിശ്വാസ നയനങ്ങൾ ആത്മാവിനെ ദർശിക്കുന്നു. ശരീരത്തെ സ്നാനപ്പെടുത്തുന്നത് ശാരീരിക നയനങ്ങൾ കാണുന്നു, പഴയ മനുഷ്യനെ സംസ്കരിക്കുന്നത് വിശ്വാസ നയനങ്ങൾ ദർശിക്കുന്നു. ശരീരം കഴുകുന്നത് ശാരീരിക നയനങ്ങൾ കാണുന്നു. ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നത് ആത്മീയ നയനങ്ങൾ കാണുന്നു. ജലത്തിൽ നിന്ന് ശരീരം പൊങ്ങിവരുന്നത് ശാരീരിക നയനങ്ങൾ കാണുന്നു. പാവനമായ ശുദ്ധീകരണത്തിൽ നിന്ന് പുതിയ മനുഷ്യൻ ശോഭയോടെ പ്രകാശിച്ചുകൊണ്ട് പുറത്തുവരുന്നത് വിശ്വാസ നയനങ്ങൾ കാണുന്നു. വൈദികൻ തന്റെ വലത്തുകൈ സ്നാനാർഥിയുടെ ശിരസ്സിൽ വച്ചിരിക്കുന്നത് ശാരീരിക നയനങ്ങൾ കാണുന്നു. വലിയ മഹാപുരോഹിതൻ സ്നാനാർഥിയുടെ ശിരസ്സിനെ സ്പർശിക്കാൻ തന്റെ അദൃശ്യമായ കരം നീട്ടിയിരിക്കുന്നതായി നമ്മുടെ ആത്മീയ നയനങ്ങൾ ദർശിക്കുന്നു. കാരണം ആ അവസരം സ്നാനപ്പെടുത്തുന്നതു മനുഷ്യനല്ല; പിന്നെയോ, ദൈവത്തിന്റെ ഏകജാതനായ പുത്രൻ ആണ്.

**13.** നമ്മുടെ കർത്താവിന്റെ ശരീരത്തിനു സംഭവിച്ചത് നിങ്ങളുടെ ശരീരത്തിനും സംഭവിക്കുന്നു. യോഹന്നാൻ യേശുവിന്റെ ശിരസ്സിൽ കൈ വച്ചിരിക്കുന്നതായി കാണപ്പെട്ടെങ്കിലും, അവന്റെ ശരീരത്തെ യോർദാനിലെ അരുവിയിലേക്ക് ആനയിച്ചതും അവനെ സ്നാനപ്പെടുത്തിയതും ദിവ്യവചനമാണ്. നമ്മുടെ കർത്താവിന്റെ ശരീരത്തെ



സ്നാനപ്പെടുത്തിയത് ദിവ്യവചനമല്ല, 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു' എന്നു പറഞ്ഞ തന്റെ സ്വർഗീയ പിതാവിന്റെ സ്വരവും അവനിൽ ഇറങ്ങിവന്ന പരിശുദ്ധാത്മാവിന്റെ പ്രത്യക്ഷീകരണവുമാണ്. നിങ്ങളുടെ കാര്യത്തിലും ഇപ്രകാരം സംഭവിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലാണ് സ്നാനം നൽകപ്പെടുന്നത്. അതുകൊണ്ട്, മനുഷ്യനല്ല, ദൈവമാണ് നമ്മെ സ്നാനപ്പെടുത്തുന്നതെന്ന് നമ്മുടെ പ്രബോധനത്തിനായി സ്നാപകയോഹന്നാൻ നമ്മോട് പറഞ്ഞിരിക്കുന്നു: "എന്നെക്കാൾ വലിയവൻ എന്റെ പിന്നാലെ വരുന്നു. അവന്റെ ചെരുപ്പിന്റെ വാറഴിക്കാൻ ഞാൻ യോഗ്യനല്ല: അവൻ നിങ്ങളെ അഗ്നി കൊണ്ടും പരിശുദ്ധാത്മാവു കൊണ്ടും സ്നാനപ്പെടുത്തും".

**14.** ഇക്കാരണത്താൽ, വൈദികൻ സ്നാനപ്പെടുത്തുമ്പോൾ, ഇന്നാരെ *ഞാൻ* സ്നാനപ്പെടുത്തുന്നു എന്നു പറയാതെ, "ഇന്നാർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുന്നു" എന്നത്രേ പറയുക. താനല്ല താനുച്ചരിക്കുന്ന പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമമാണ് സ്നാനപ്പെടുത്തുന്നത് എന്ന് ഇതിലൂടെ അവൻ കാണിക്കുന്നു.

**15.** അതുകൊണ്ട്, എന്റെ ഇന്നത്തെ പ്രസംഗം "വിശ്വാസം" എന്നു വിളിക്കപ്പെടുന്നു. "ഞാൻ വിശ്വസിക്കുന്നു" എന്നു നിങ്ങൾ പറയുന്നതു വരെ മറ്റൊന്നും നിങ്ങളെ ഞാൻ ഭരമേൽപിക്കുന്നില്ല. ഉറപ്പുള്ള സൗധത്തിന്റെ ഇളക്കമില്ലാത്ത അടിസ്ഥാനശിലയാണ് ഈ വാക്ക്. അതുകൊണ്ട് പൗലോസ് പറയുന്നു: "ദൈവത്തിന്റെ പക്കലേക്കു വരുന്നവൻ ദൈവം ഉണ്ടെന്നു വിശ്വസിക്കണം" (എബ്രാ 11:6).

**16.** അതുകൊണ്ട് ദൈവത്തിൻ പക്കലേക്കു വരുന്ന നിങ്ങൾ ആദ്യമായി ദൈവത്തിൽ വിശ്വസിക്കണം; പിന്നീട് ഉച്ചത്തിലും സ്പഷ്ടമായും ആ വാക്ക് ഉച്ചരിക്കണം. ഇതിനു കഴിയുന്നില്ലെങ്കിൽ, മറ്റൊന്നും ഗ്രഹിക്കാനോ പറയാനോ നിങ്ങൾക്കു കഴിയുകയില്ല. മാനുഷിക സാക്ഷ്യങ്ങളില്ലാത്ത ആ നിഗൂഢജനനം ഞാൻ കടത്തിവിടുന്നു. ഇവിടെ താഴെ സംഭവിച്ചതും അനേകർ സാക്ഷ്യം നൽകിയതുമായ ആ ജനനം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഈ വിശദീകരണത്തിലൂടെ ഇവയിലുള്ള നിങ്ങളുടെ വിശ്വാസം ഞാൻ ഉറപ്പാക്കും; കാരണം, വിശ്വാസം കൂടാതെ ഇതു സ്വീകരിക്കാൻ നിങ്ങൾക്ക് ഒരിക്കലും സാധ്യമല്ല.

www.malankaralibrary.com



**17.** പരിമിതപ്പെടുത്താൻ കഴിയാത്തവൻ, എന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുകയും ഭരിക്കുകയും ചെയ്യുന്നവൻ, കന്യകയുടെ ഉദരത്തിലേക്കു കടന്നുവന്നു. എങ്ങനെ, ഏതുരീതിയിൽ എന്ന് എന്നോടു പറയുവിൻ! നിങ്ങൾക്ക് അത് വിശദീകരിക്കാനാവില്ല. എന്നാൽ നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ, നിങ്ങളുടെ വിശ്വാസത്തിന് നിങ്ങളെ പൂർണമായി തൃപ്തിപ്പെടുത്താൻ കഴിയും. നമ്മുടെ ചിന്താശക്തിയുടെ ബലഹീനതയ്ക്ക് അതീതമായ സംഗതികളിൽ നാം വിശ്വാസപ്രബോധനത്തിലേക്ക് തിരിയണം. അതേപ്പറ്റി എഴുതിയ മത്തായി ജനനരീതി മനസ്സിലാക്കിയില്ല. കാരണം "അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു" എന്ന് അവൻ പറഞ്ഞു. ഗബ്രിയേലും മനസ്സിലാക്കിയില്ല "പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും" എന്നു മാത്രമേ അവനു പറയാൻ ഉണ്ടായിരുന്നുള്ളു. എന്നാൽ എങ്ങനെ, ഏതു രീതിയിലാണെന്ന് അറിയില്ലായിരുന്നു.

**18.** വിശ്വാസം സംബന്ധിച്ചുള്ള ഉപദേശം തരുന്ന കാര്യം നിങ്ങളുടെ പ്രബോധകനു ഞാൻ വിടുന്നു. ആനീതരാകാത്ത നിരവധി പേർ സന്നഹിതരായിരിക്കുന്ന മറ്റൊരവസരം ഞാൻ അതേപ്പറ്റി സംസാരിച്ചുകൊള്ളാം. എന്നാലിപ്പോൾ നിങ്ങൾ മാത്രം കേൾക്കേണ്ടതും നിങ്ങളോടൊപ്പം ആനീതരാകാത്തവർ സന്നിഹിതരായിരിക്കുമ്പോൾ നിങ്ങളോടു പറയാൻ സാധിക്കാത്തതുമായ സംഗതികൾ ഇന്നു ഞാൻ നിങ്ങളോടു പറയാം.

## സാത്താനെ ഉപേക്ഷിക്കലും ക്രിസ്തുവുമായുള്ള ഉടമ്പടിയും

**19.** എന്തെല്ലാമാണ് ഈ സംഗതികൾ? നാളെ വെള്ളിയാഴ്ച ഒൻപതാം മണിക്കൂറിൽ നിങ്ങളോട് ചില ചോദ്യങ്ങൾ ചോദിക്കും. അപ്പോൾ നിങ്ങൾ നാഥനുമായുള്ള ഉടമ്പടി ചെയ്യണം. പ്രത്യേക ഉദ്ദേശ്യമില്ലാതെ അല്ല, ആ ദിവസവും ആ മണിക്കൂറും ഞാൻ നിങ്ങളോട് സൂചിപ്പിച്ചത്. അവയിൽ നിന്ന് ഒരു മിസ്റ്റിക്കൽ പാഠം പഠിക്കാനാവും. വെള്ളിയാഴ്ച ഒൻപതാം മണിക്കൂറിൽ കള്ളൻ പറുദീസായിൽ പ്രവേശിച്ചു. ആറാം മണിമുതൽ ഒൻപതാം മണിവരെ വ്യാപിച്ചിരുന്ന അന്ധകാരം നീങ്ങി. ശരീരവും മനസ്സും ദർശിച്ച പ്രകാശം ലോകത്തിനു മുഴുവനും വേണ്ടിയുള്ള ബലിയായി എടുക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ, "പിതാവേ, നിന്റെ കൈകളിൽ എന്റെ ആത്മാവിനെ ഞാൻ



ഭരമേല്പിക്കുന്നു" എന്ന് ആ നാഴികയിൽ ക്രിസ്തു അരുളിച്ചെയ്തു. അപ്പോൾ കുരിശിൽനിന്നു പ്രകാശിക്കുന്ന നീതിസൂര്യനെ നോക്കി, നാം കാണുന്ന സൂര്യൻ തന്റെ രശ്മികളെ പിൻവലിച്ചുകളഞ്ഞു.

**20.** അതുകൊണ്ട്, ഒൻപതാം മണിക്കൂറിൽ ദേവാലയത്തിലേക്ക് ആനീതരാക്കപ്പെടുമ്പോൾ, നിങ്ങൾ ചെയ്തിട്ടുള്ള നിരവധി സുകൃത കർമങ്ങൾ ഓർക്കുകയും നിങ്ങളെ കാത്തിരിക്കുന്ന ആ ദാനങ്ങൾ എണ്ണുകയും വേണം. അപ്പോൾ നിങ്ങൾ ഭൂമിയിൽ ആയിരിക്കുകയില്ല, പിന്നെയോ, നിങ്ങളുടെ ആത്മാവ് പറന്നുയർന്ന് സ്വർഗത്തിൽ സ്ഥാനം പിടിച്ചിരിക്കും.

**21.** കൂടാതെ, നിങ്ങളെല്ലാവരും ദേവാലയത്തിൽ പ്രവേശിച്ചുകഴിയുമ്പോൾ, എല്ലാവരും ആനീതരായിക്കഴിയുമ്പോൾ നിവർന്നു നിൽക്കാതെ എല്ലാവരും ഒന്നിച്ച് മുട്ടുകുത്തുന്നു; നിങ്ങൾ നിങ്ങളുടെ കരങ്ങൾ സ്വർഗത്തിലേക്കു നീട്ടി ഈ ദാനത്തെപ്രതി ദൈവത്തിനു നന്ദി പറയണം. ഈ ദാനങ്ങളെല്ലാം നിങ്ങൾക്കെല്ലാവർക്കും പൊതുവായിട്ടാണ് നൽകിയിരിക്കുന്നത് എന്ന് അറിയണം, അതുവഴി ധനവാൻ ദരിദ്രനെ നിസ്സാരനായി കാണുകയോ, ദരിദ്രൻ ധനവാനെ ശ്രേഷ്ഠനായി കരുതുകയോ ചെയ്യാതിരിക്കാനാണിത്. കാരണം, യേശുക്രിസ്തുവിൽ പുരുഷനെന്നോ, സ്ത്രീയെന്നോ, ഷിതിയൻ എന്നോ, ബാർബേറിയനെന്നോ, യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ വ്യത്യാസമില്ല. പ്രായം കൊണ്ടോ, പ്രകൃതം കൊണ്ടോ ഉള്ള വ്യത്യാസം ഇല്ലെന്നു മാത്രമല്ല, ബഹുമാനത്തിനും വ്യത്യാസമില്ല. എല്ലാവർക്കും ഒരേ ബഹുമാനവും ഒരേ ദാനവും നമ്മെ എല്ലാവരേയും ബന്ധിക്കുന്ന ഒരേ ഭ്രാതൃത്വവും ഒരേ കൃപാവരവുമാണുള്ളത്.

**22.** തങ്ങളുടെ ദാസ്യഭാവം അംഗീകരിക്കുന്നതിന്റെ അടയാളമാണല്ലോ മുട്ടിൻമേൽ നിൽക്കുക എന്നുള്ളത്. നിങ്ങളുടെ ശാരീരിക നിലപാടിൽക്കൂടി പോലും ദൈവത്തിന്റെ പരമാധികാരം അംഗീകരിക്കുന്നതിന് മുട്ടിൻമേൽ നിൽക്കാൻ പാവനമായ ആചാരം നിങ്ങളോട് ആവശ്യപ്പെടുന്നു. വി. പൗലോസ് പറയുന്നത് ശ്രവിക്കുവിൻ "അവന്റെ മുൻപിൽ ആകാശത്തിലും ഭൂമിയിലും ഭൂമിക്കടിയിലും ഉള്ള എല്ലാ മുഴങ്കാലും മടങ്ങും". നിങ്ങൾ മുട്ടിൻമേൽ നിൽക്കുമ്പോൾ, "സാത്താനേ, നിന്നെ ഞാനുപേക്ഷിക്കുന്നു" എന്ന വാക്കുകൾ ഉച്ചരിക്കാൻ, ആനീതരാക്കുന്നവർ നിങ്ങളോടാവശ്യപ്പെടും.

www.malankaralibrary.com



**23.** ഇപ്പോൾ എന്റെ നയനങ്ങൾ കണ്ണുനീരുകൊണ്ട് നിറയുന്നു; സംഭ്രമം എന്നെ പിടികൂടിയിരിക്കുന്നു; ഞാൻ കഠിനമായി ദു:ഖിക്കുന്നു. ഞാൻ ആനീതനാക്കപ്പെട്ട വിശുദ്ധവും ഭീതിജനകവുമായ ആ രാത്രിയെ ഞാൻ എന്തിനാണ് അനുസ്മരിച്ചത്. അന്നത്തെ എന്റെ പരിശുദ്ധിയും അന്നുമുതൽ ഇന്നുവരെ ഞാൻ ചെയ്തുകൂട്ടിയ പാപങ്ങളും എന്റെ മനസ്സിലേയ്ക്കു കടന്നുവന്നു. സമ്പത്തും സമൃദ്ധിയും ഉണ്ടായിരുന്ന സ്ത്രീകൾ ദരിദ്രാവസ്ഥയിലേക്ക് വഴുതി വീഴുകയും, മറ്റു സ്ത്രീകൾ വലിയ ബഹുമാനം അനുഭവിച്ചുകൊണ്ട് ആഘോഷമായി വരന്റെ ഭവനത്തിലേക്ക് ആനയിക്കപ്പെടുകയും ധനവാൻമാരുടെ ഭാര്യമാരായി വിവാഹം കഴിച്ച് കൊടുക്കപ്പെടുകയും ചെയ്യുന്നതു കണ്ട് ദു:ഖിക്കുകയും വിലപിക്കുകയും ചെയ്യുന്നു. മറ്റു സ്ത്രീകളുടെ സൗഭാഗ്യം കണ്ടിട്ടല്ല, പിന്നെയോ മറ്റുള്ളവരുടെ ഐശ്വര്യത്തിൽ തങ്ങളുടെ ദൗർഭാഗ്യം കുറേക്കൂടി കൃത്യമായി കാണുന്നതിനാലാണ് അവർ ദു:ഖിച്ചു വിലപിക്കുന്നത്. ഏതാണ്ട് ഇതുപോലൊന്ന് എനിക്കും സംഭവിച്ചു. എന്റെ പ്രശ്നങ്ങൾ വിവരിച്ച്, ഈ ചർച്ച സങ്കടകരമാക്കാതിരിക്കാൻ ഞാൻ വീണ്ടും നിങ്ങളിലേയ്ക്കു തിരിയുന്നു.

**24.** "സാത്താനേ, ഞാൻ നിന്നെ ഉപേക്ഷിക്കുന്നു". എന്താണ് സംഭവിക്കുന്നത്? എന്താണ് അപരിചിതവും അപ്രതീക്ഷിതവുമായ ഈ സംഭവവികാസങ്ങൾ? നിങ്ങളെല്ലാവരും ഭയത്താൽ വിറയ്ക്കുന്നുണ്ടായിരുന്നെങ്കിലും, നിങ്ങളുടെ യജമാനനെതിരായി നിങ്ങൾ മത്സരിച്ചോ? അവന്റെ ക്രൂരതയെ നിന്ദനത്തോടുകൂടി നോക്കുന്നുവോ? ഇത്തരം ബുദ്ധിഭ്രംശത്തിലേക്ക് നിങ്ങളെ ആരു കൊണ്ടുവന്നു? നിങ്ങൾക്ക് ഈ ധൈര്യം എവിടുന്നു കിട്ടി? 'എനിക്കൊരായുധം ഉണ്ട്, ശക്തമായ ഒരായുധമുണ്ട്' എന്നു നിങ്ങൾ പറയുന്നു. എന്തായുധം? എന്ത് സഹായി? എന്നോടു പറയുവിൻ "ക്രിസ്തുവേ, ഞാനങ്ങയുടെ സേവനത്തിലേക്ക് പ്രവേശിക്കുന്നു. അതുകൊണ്ട് ഞാൻ ധൈര്യശാലിയും വിപ്ലവകാരിയുമാണ്. കാരണം, എനിക്ക് ശക്തമായ സുരക്ഷാകേന്ദ്രം ഉണ്ട്. ഇതുവരെ ഞാൻ വിറയ്ക്കുന്നവനും ഭയപ്പെടുന്നവനുമായിരുന്നെങ്കിലും, ഇതെന്നെ പിശാചുക്കളേക്കാൾ ഉന്നതനാക്കി. അതുകൊണ്ട്, ഞാൻ അവനെ മാത്രമല്ല, അവന്റെ എല്ലാ ആഡംബരങ്ങളെയും ഉപേക്ഷിക്കുന്നു".

**25.** പിശാചിന്റെ ആഡംബരങ്ങൾ എന്തെല്ലാമാണ്? പാപത്തിന്റെ എല്ലാ രൂപഭാവങ്ങളും – മാന്യതയില്ലാത്ത കാഴ്ചകൾ, കുതിരയോട്ടം,



ദുർഭാഷണങ്ങളും അട്ടഹാസങ്ങളും നിറഞ്ഞ യോഗങ്ങൾ, പ്രശ്നം നോക്കൽ, ശകുനം നോക്കൽ, ലക്ഷണം പറയൽ, കാലം നോക്കൽ, ചരടുകെട്ട്, ഏലസുകെട്ട് ആദിയായവയെല്ലാം – പിശാചിന്റെ ആഡംബരങ്ങളാണ്. എന്നാൽ കുരിശിന് അത്ഭുതാവഹമായ മാന്ത്രികച്ചരടിന്റെയും ശക്തമായ മന്ത്രവാദത്തിന്റെയും ശക്തിയുണ്ട്. ക്രൂശിതനായ യേശുക്രിസ്തുവിന്റെ നാമത്തിൽ സംസാരിക്കുന്ന ആത്മാവ് വാഴ്ത്തപ്പെട്ടവനാകുന്നു. ആ നാമം വിളിച്ചപേക്ഷിക്കുക; എല്ലാ രോഗങ്ങളും പമ്പ കടക്കും. സാത്താന്റെ എല്ലാ അതിക്രമങ്ങളും പരാജിതമാകും.

**26.** അതുകൊണ്ട്. ഈ വാക്കുകൾ ഓർക്കുക. മണവാളനുമായുള്ള നിങ്ങളുടെ ഉടമ്പടിയാണത്. വിവാഹത്തിനു മുമ്പ് ദാനങ്ങളെയും പിതൃസ്വത്തിനെയും സംബന്ധിച്ച് ധാരണ ഉണ്ടാകേണ്ടതുണ്ട്. ഈ വിവാഹത്തിനു മുമ്പ് നിങ്ങളും ഇതുപോലെ ചെയ്യണം. വൃത്തികെട്ട രീതിയിൽ പെരുമാറുന്ന നഗ്നയാചകനായി അവിടുന്നു നിന്നെ കണ്ടു. എന്നാൽ അവിടുന്ന് ഓടിപ്പോയില്ല. തിരഞ്ഞെടുക്കേണ്ടത് നിങ്ങളായിരുന്നു. പിതൃസ്വത്തിനുപകരം ഈ വാക്കുകളുച്ചരിക്കുക; നിങ്ങൾ ഈ വാക്കുകൾ ജീവിതകാലം മുഴുവൻ കാത്തു പാലിച്ചാൽ നിങ്ങൾ കൊണ്ടുവരുന്ന സ്വത്ത് വലുതാണെന്ന് ക്രിസ്തു പരിഗണിക്കും. കാരണം, നമ്മുടെ ആത്മാക്കളുടെ രക്ഷയിലാണ് ക്രിസ്തു തന്റെ ധനം കണ്ടെത്തുക. വി. പൗലോസ് പറയുന്നതു ശ്രവിക്കുക: "അവനെ വിളിച്ചപേക്ഷിക്കുന്നവർക്കെല്ലാം അവൻ സമ്പന്നനാകുന്നു" (റോമ 10:12).

## സ്നാനാർത്ഥിയുടെ തൈലംപൂശൽ

**27.** ഈ വാക്കുകൾക്കു ശേഷം, പിശാചിനെ തള്ളിപ്പറഞ്ഞുകൊണ്ട് ക്രിസ്തുവുമായി ഉടമ്പടി ഉണ്ടാക്കിയ ശേഷം, നിങ്ങൾ മേലിൽ ക്രിസ്തുവിന്റെ സ്വന്തമായിത്തീർന്നതിനാലും ദുഷ്ടനുമായി യാതൊന്നും പൊതുവായി ഇല്ലാത്തതിനാലും നിങ്ങളെ മുദ്രകുത്താനായി നിങ്ങളെ അവൻ ക്ഷണിക്കുകയും നിങ്ങളുടെ നെറ്റിയിൽ കുരിശടയാളം വരയ്ക്കുകയും ചെയ്യുന്നു. ആ ദുഷ്ടമൃഗം നാണമില്ലാത്തവനാണ് അവൻ ഈ വാക്കുകൾ കേൾക്കുമ്പോൾ, പ്രതീക്ഷിക്കാവുന്നതുപോലെ, അവൻ കൂടുതൽ ക്രുദ്ധനാകുകയും നിങ്ങളെ കണ്ടാൽ കടന്നാക്രമിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, ദൈവം നിങ്ങളുടെ മുഖത്ത് തൈലം പൂശുകയും കുരിശടയാളത്താൽ നെറ്റിയിൽ മുദ്ര കുത്തുകയും ചെയ്യുന്നു. ഈ രീതിയിൽ

www.malankaralibrary.com



ദുഷ്ടന്റെ എല്ലാ പരാക്രമങ്ങളേയും ദൈവം തടഞ്ഞുനിർത്തുന്നു. കാരണം, അത്തരം കാഴ്ചയെ നേരെ നോക്കാൻ അവൻ ധൈര്യപ്പെടുകയില്ല. സൂര്യകിരണത്തിൽ നോക്കിയിട്ട് ചാടിപ്പോകുന്നതു പോലെ, നിങ്ങളുടെ മുഖദർശനത്താൽ അവന്റെ കണ്ണുകൾ അന്ധമായിപ്പോകുകയും അവൻ മാറിപ്പോകുകയും ചെയ്യുന്നു. കാരണം, തൈലത്തിലൂടെ കുരിശു നിങ്ങളിൽ മുദ്രിതമായിരിക്കുന്നു. ഒലിവെണ്ണയും സുഗന്ധവർഗങ്ങളും ചേർത്തുണ്ടാക്കുന്നതാണ് മൂറോൻ. നറുമണം വധുവിനും എണ്ണ യോദ്ധാവിനും ഉള്ളതാണ്. മനുഷ്യനല്ല, വൈദികന്റെ കരങ്ങളിലൂടെ നിങ്ങളെ പൂശുന്നത് ദൈവമാണ് എന്നു നിങ്ങൾ വീണ്ടും ഗ്രഹിക്കേണ്ടതിന് "ക്രിസ്തുവിൽ നമ്മെ അഭിഷേകം ചെയ്ത ദൈവമാണ് ഞങ്ങൾക്കും നിങ്ങൾക്കും ഉള്ള വാറന്റ്" എന്ന് വി. പൗലോസ് പറയുന്നതു കേൾക്കുവിൻ (2 കൊറി 1:21). ഈ തൈലത്താൽ നിങ്ങളുടെ അവയവങ്ങളെല്ലാം അവിടുന്നു പൂശിക്കഴിയുമ്പോൾ നിങ്ങൾ സുരക്ഷിതരും സർപ്പത്തെ തടഞ്ഞുനിർത്താൻ കഴിവുള്ളവരുമായിരിക്കും; നിങ്ങൾക്ക് യാതൊരുപദ്രവവും ഉണ്ടാകുകയുമില്ല.

## സ്നാനം

**28.** പൂശലിനു ശേഷം പാവനമായ ജലത്തിലെ സ്നാനത്തിന് പോകുക എന്നതാണ് അവശേഷിച്ചിരിക്കുന്നത്. നിങ്ങളുടെ വസ്ത്രം നീക്കിയ ശേഷം വൈദികൻ തന്നെ നിങ്ങളെ ഒഴുക്കുള്ള വെള്ളത്തിലേക്ക് നയിക്കുന്നു. എന്നാൽ എന്തിനാണ് നഗ്നരാകുന്നത്? പറുദീസായിലായിരുന്നപ്പോൾ ലജ്ജ തോന്നാതിരുന്ന നിങ്ങളുടെ മുൻകാല നഗ്നതയെ അനുസ്മരിപ്പിക്കാനാണിത്. "ആദവും ഹവ്വായും നഗ്നരായിരുന്നു; വലിയ ലജ്ജയാൽ ഭാരപ്പെട്ടിരുന്ന പാപത്തിന്റെ വസ്ത്രം ധരിക്കുന്നതുവരെ "അവർക്കു ലജ്ജ തോന്നിയില്ല" എന്ന് തിരുലിഖിതം പറയുന്നു (ഉല്പ. 2:25).

**29.** ഈ സ്നാനം പറുദീസായിലെ തോട്ടത്തേക്കാൾ മെച്ചപ്പെട്ടതാകയാൽ ഇവിടെ ലജ്ജ തോന്നേണ്ട കാര്യമില്ല. ഇവിടെ ഒരു സർപ്പവുമില്ല. പിന്നെയോ, ജലത്താലും ആത്മാവാലും സംഭവിക്കുന്ന പുനർജൻമത്തിലേക്ക് ക്രിസ്തുവാണ് ഇവിടെ നിങ്ങളെ ആനീതരാക്കുന്നത്. ഇവിടെ നിങ്ങൾക്ക് മനോഹര മരങ്ങളും പഴങ്ങളും കാണാനാവില്ല. എന്നാൽ ആത്മീയാനുഗ്രഹങ്ങൾ ദർശിക്കാനാവും. ഇവിടെ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷമോ, നിയമമോ, കൽപനകളോ കാണാനാവുകയില്ല. എന്നാൽ കൃപയും ദാനങ്ങളും അനുഭവിക്കാനാകും. "നിങ്ങൾ നിയമത്തിനു കീഴിലല്ല കൃപയ്ക്കു കീഴിൽ ആകയാൽ, പാപത്തിന് നിങ്ങളുടെ മേൽ ആധിപത്യം ഉണ്ടായിരി ക്കുകയില്ല" (റോമ 6:14).



## സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന

**30.** നിങ്ങൾ ഉത്സാഹപൂർവം എന്റെ വാക്കു ശ്രവിച്ചതിനാൽ, ഈ സന്തോഷത്തിനു പ്രതിഫലമായി ഞാനൊരു കാര്യം ആവശ്യപ്പെട്ടുകൊള്ളട്ടെ; ആരംഭത്തിൽ ഞാനാവശ്യപ്പെട്ട കാര്യം തന്നെയാണിത്. നിങ്ങൾ ഈ ജലസ്നാനത്തിനായി ഇറങ്ങുമ്പോൾ എന്റെ കഥയില്ലായ്മയെ അനുസ്മരിക്കുക. "നിനക്കു നന്മയുണ്ടാകുമ്പോൾ എന്നെ അനുസ്മരിക്കുക" എന്ന് പ്രധാന പാനപാത്രവാഹകനോട് യൗസേപ്പ് പറഞ്ഞ കാര്യം കഴിഞ്ഞദിവസം നിങ്ങളോട് സൂചിപ്പിച്ചപ്പോൾ ഞാനിത് അപേക്ഷിച്ചതാണ്. "നിങ്ങൾക്ക് നന്മയുണ്ടാകുമ്പോൾ എന്നെ ഓർക്കുക" എന്ന് ആരംഭത്തിൽ ഞാനും നിങ്ങളോടു പറഞ്ഞതാണ്. 'നിങ്ങൾക്കു നന്മയുണ്ടാകുമ്പോൾ എന്നെ ഓർക്കണം' എന്നു ഞാനിപ്പോൾ പറയുകയില്ല, പിന്നെയോ, "നിങ്ങൾക്ക് നന്മയുണ്ടായശേഷം എന്നെ ഓർക്കുക" എന്നാണ് ഞാൻ പറയുക. "ഞാൻ യാതൊരു തെറ്റും ചെയ്തിട്ടില്ല" എന്നും യൗസേപ്പ് പറഞ്ഞു; "ഞാൻ അനേകം ദുഷ്പ്രവൃത്തികളും തിന്മയും ചെയ്തു എന്ന് ഓർക്കുക" എന്നാണ് ഞാൻ പറയുക.

**31.** രാജാവിനെ സമീപിക്കാൻ നിങ്ങൾക്കെല്ലാം ഇപ്പോൾ വലിയ ആത്മവിശ്വാസമാണ്. മനുഷ്യകുലത്തിന്റെ പൊതുവായ അംബാസിഡർമാരായി ഞാൻ നിങ്ങളെ അവന്റെ പക്കലേയ്ക്കയയ്ക്കുന്നു. സ്വർണം കൊണ്ടുള്ള കിരീടമല്ല, വിശ്വാസത്തിന്റെ കിരീടമാണ് നിങ്ങൾ അവന് കൊണ്ടുകൊടുക്കുന്നത്. വളരെ ഔദാര്യപൂർവം അവൻ നിങ്ങളെ സ്വീകരിക്കും, നമ്മുടെ എല്ലാവരുടെയും പൊതുമാതാവിന് കലക്കമോ, ശല്യമോ ഉണ്ടാകാതിരിക്കാൻ അവിടുത്തോട് അപേക്ഷിക്കുക. ആർച്ചുബിഷപ്പിനുവേണ്ടിയും അവനോടപേക്ഷിക്കുക. അവന്റെ വാക്കുകൾ വഴിയും കൈകളിലൂടെയുമാണല്ലോ നിങ്ങൾക്ക് ഈ അനുഗ്രഹങ്ങൾ കൈവന്നത്. അവശേഷിക്കുന്ന സ്വത്തല്ല, അവശേഷിക്കുന്ന പാപം ഇളച്ചുകൊടുക്കാൻ വേണ്ടി, നമ്മോടുകൂടി കൗൺസിലിൽ ഉള്ള വൈദികർക്കും മനുഷ്യകുലത്തിനുവേണ്ടിയും സുദീർഘമായി അവിടുത്തോടു സംസാരിക്കുക.

www.malankaralibrary.com



എല്ലാവരും സുകൃതത്താൽ നിറയട്ടെ. കാരണം, നാഥനെ സമീപിക്കാൻ നിങ്ങൾക്കെല്ലാം വലിയ ആത്മവിശ്വാസമുണ്ട്; അവൻ ചുംബനം തന്ന് നിങ്ങളെ സ്വീകരിക്കും.

## ദിവ്യചുംബനം

**32.** ഞാൻ ചുംബനത്തെപ്പറ്റി സൂചിപ്പിച്ചതിനാൽ അതേപ്പറ്റിക്കൂടി പറയാൻ ആഗ്രഹിക്കുന്നു. പരിപാവന മേശയെ സമീപിക്കാൻ പോകുമ്പോൾ, പാവനമായ ചുംബനം നൽകണമെന്നും നാം പ്രബോധിപ്പിക്കപ്പെട്ടിരിക്കുന്നു. എന്തുകൊണ്ട്? നാം നമ്മുടെ ശരീരത്തിൽ നിന്ന് ബന്ധം വിടർത്തിയതിനാൽ, ചുംബനത്തിലൂടെ തദവസരം നമ്മുടെ ആത്മാക്കൾ പരസ്പരം ഒന്നുചേരുന്നു. വിശ്വസിച്ചവർക്കെല്ലാം ഒരു ഹൃദയവും ഒരാത്മാവും ഉണ്ടായിരുന്ന ശ്ലൈഹികസഭപോലെ നമ്മുടെ സഭ ആയിത്തീരുന്നതിനാണിത്.

**33.** ഇപ്രകാരം ഒന്നായിത്തീർന്നുവേണം നാം ദിവ്യരഹസ്യങ്ങളെ സമീപിക്കേണ്ടത്. ക്രിസ്തു പറഞ്ഞത് എന്തെന്നു ശ്രവിക്കുക: "നീ ബലിപീഠത്തിൽ കാഴ്ച അർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ച് ഓർത്താൽ കാഴ്ചവസ്തു അവിടെ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യപ്പെടുക. പിന്നെവന്നു കാഴ്ചഅർപ്പിക്കുക" (മത്താ 5:23-24). 'ആദ്യം അർപ്പിക്കുക' എന്നല്ല അവിടുന്നു പറഞ്ഞത്, പിന്നെയോ, 'ആദ്യം രമ്യപ്പെടുക, പിന്നെ അർപ്പിക്കുക' എന്നാണ് പറഞ്ഞത്. ദാനം നമ്മുടെ മുമ്പിൽ ഒരുക്കപ്പെടുമ്പോൾ ആദ്യം പരസ്പരം രമ്യപ്പെടുക, പിന്നെ അർപ്പണം നടത്തുക.

**34.** എന്നാൽ ഈ ചുംബനത്തിന് മറ്റൊരു മിസ്റ്റിക്കൽ അർഥം ഉണ്ടാകാം. പരിശുദ്ധാത്മാവ് നമ്മെ ക്രസ്തുവിന്റെ ആലയങ്ങളാക്കി. അതുകൊണ്ട് നാം പരസ്പരം വായ് കൊണ്ട് ഉമ്മ വയ്ക്കുമ്പോൾ, നാം ആലയത്തിന്റെ കവാടത്തെയാണ് ചുംബിക്കുന്നത്. അതുകൊണ്ട്, ദുഷ്ടമനസ്സാക്ഷിയോടുകൂടെ, അധമവികാരത്തോടുകൂടെ, ആരും ഇത് ചെയ്യരുത്. കാരണം, ചുംബനം പാവനമായ ഒരു സംഗതിയാണ്. വിശുദ്ധ ചുംബനം കൊണ്ട് പരസ്പരം അഭിവാദ്യം ചെയ്യുവിൻ എന്ന് വിശുദ്ധ പൗലോസ് പറയുന്നു.

**35.** ഇവയെല്ലാം അനുസ്മരിച്ച് ജീവിതത്തിൽ അനുഷ്ഠിക്കുവിൻ. ക്രിസ്തുവുമായുള്ള ഉടമ്പടി, പിശാചിനെ ഉപേക്ഷിക്കൽ, നാഥൻ



ഇപ്പോൾ നമുക്കു നൽകുന്ന ആത്മവിശ്വാസം, എന്നിവ കളങ്കരഹിതമായും ശുദ്ധമായും നമുക്ക് കാത്തുസൂക്ഷിക്കാം; അങ്ങനെ സമൃദ്ധമായ മഹത്ത്വത്തോടുകൂടെ സ്വർഗീയരാജാവിനെ എതിരേൽക്കുന്നതിനും മേഘങ്ങളിൽ എടുക്കപ്പെട്ട് സ്വർഗരാജ്യത്തിന് അർഹരായി കാണപ്പെടുന്നതിനും നാം യോഗ്യരായിത്തീരട്ടെ. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹനിർഭരമായ കാരുണ്യത്താൽ ഇത് നമുക്കെല്ലാവർക്കും ലഭിക്കട്ടെ. അവന് എന്നുമെന്നേക്കും മഹത്ത്വമുണ്ടായിരിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com

## പന്ത്രണ്ടാം പ്രസംഗം

# സ്നാനാർഥികൾക്കുള്ള ഉപദേശം

***പിന്നിയ മുടിയും സ്വർണാഭരണങ്ങളും കൊണ്ട് തങ്ങളെത്തന്നെ അലങ്കരിക്കുന്ന സ്ത്രീകൾക്ക്. ക്രിസ്തുമതത്തിന് അന്യമായ ശകുനം, ഏലസ്, മന്ത്രങ്ങൾ ആദിയായവ ഉപയോഗിക്കുന്നതിനേപ്പറ്റി.***

**1.** എന്റെ കഴിഞ്ഞ പ്രസംഗത്തിന്റെ ഫലം തേടിയാണ് ഞാൻ വന്നിരിക്കുന്നത്. നിങ്ങൾ കേൾക്കാൻ മാത്രമല്ല ഞാൻ സംസാരിച്ചത്, പിന്നെയോ, ഞാൻ പറഞ്ഞത് ഓർത്ത് നിങ്ങളുടെ പ്രവൃത്തികളിലൂടെ അതിന് തെളിവു നൽകേണ്ടതുണ്ട്. അല്ല, നിങ്ങളുടെ നിഗൂഢവിചാരങ്ങൾ അറിയുന്ന ദൈവത്തിന് നിങ്ങൾ തെളിവു നൽകണം. അതുകൊണ്ടാണ് എന്റെ ഉപദേശം മതാധ്യാപനം എന്നറിയപ്പെടുന്നത്. ഞാനിവിടെ സന്നിഹിതനല്ലാത്തപ്പോൾ പോലും എന്റെ വാക്കുകൾ നിങ്ങളുടെ ചെവികളിൽ മുഴങ്ങണം.

**2.** ഞാൻ വിതച്ച വിത്തിന്റെ ഫലം തേടി വെറും പത്തുദിവസങ്ങൾക്കു ശേഷം ഞാൻ വന്നതിൽ അത്ഭുതപ്പെടേണ്ട. കാരണം ഒറ്റദിവസം തന്നെ വിത്തു വിതയ്ക്കാനും ഫലം കൊയ്തെടുക്കാനും കഴിയും. നാം പോരാട്ടത്തിനു വിളിക്കപ്പെട്ടിരിക്കുന്നത് നമ്മുടെ കഴിവിൽ ആശ്രയിച്ചുകൊണ്ടല്ല, പിന്നെയോ, ദൈവസഹായത്തിൽ ആശ്രയിച്ചുകൊണ്ടുള്ള നമ്മുടെ കഴിവിലാണ്. എന്റെ വാക്കുകൾ സ്വീകരിച്ച് പ്രവൃത്തികളിലൂടെ അവ പൂർത്തീകരിച്ചവർ തുടർന്നു മുമ്പോട്ടു പോകട്ടെ.



**3.** ഈ സത്കർമം ചെയ്യാൻ ഇതുവരെ തുടങ്ങിയിട്ടില്ലാത്തവർ ഇപ്പോൾ തുടങ്ങട്ടെ. അങ്ങനെ അവഗണനയിൽ നിന്നു വരുന്ന ശാപം തങ്ങളുടെ ഭാവി തീക്ഷ്ണതയാൽ നീക്കിക്കളയാൻ അവർക്കു കഴിയട്ടെ. എത്ര കരുതലില്ലാത്തവൻ ആയിരുന്നാലും ശരി, മേലിൽ തീക്ഷ്ണനായിരിക്കാനും കാലപ്പഴക്കത്തിൽ തന്റെ മുഴുവൻ നഷ്ടവും നികത്താനും കഴിയും, നിശ്ചയമായും കഴിയും. അതുകൊണ്ട് സങ്കീർത്തകൻ പറയുന്നു: "ഇന്ന് നിങ്ങൾ അവന്റെ സ്വരം കേൾക്കുമെങ്കിൽ പരീക്ഷകരെപ്പോലെ നിങ്ങളുടെ ഹൃദയം കഠിനമാക്കരുത്" (95: 8). നാമൊരിക്കലും നിരാശരാകാതിരിക്കാൻ അവൻ നമ്മെ ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നാമിവിടെ ആയിരിക്കുന്നിടത്തോളം കാലം നമ്മുടെ മുമ്പിലുള്ളതിനെ എത്തിപ്പിടിക്കാം എന്ന നല്ല പ്രത്യാശ പുലർത്തണമെന്നും ദൈവത്തിന്റെ സ്വർഗീയ വിളിയുടെ സമ്മാനത്തിനായി അധ്വാനിക്കണമെന്നും അവൻ ഉപദേശിക്കുന്നു.

### വിശ്വാസി എന്ന നാമം

**4.** അതുകൊണ്ട്, നമുക്കിതു ചെയ്യാം; ഈ മഹാദാനത്തിന്റെ പേരുകൾ നമുക്കു പരിശോധിക്കാം. ഈ മഹാദാനത്തിന്റെ മഹത്ത്വം ഗ്രഹിക്കാത്തവർ ഈ ബഹുമാനത്തോട് അലക്ഷ്യമായി പെരുമാറിയേക്കാം. എന്നാൽ തങ്ങളുടെ സ്ഥാനത്തിന്റെ ഔന്നത്യം ഗ്രഹിച്ചു കഴിയുമ്പോൾ അവർ നന്ദിയുള്ളവരും അതിനായി അതീവ തൽപരരുമായിത്തീരും. കൂടാതെ, പേരുകൾ എന്താണ് സൂചിപ്പിക്കുന്നത് എന്നറിയാതെ ഈ ഔന്നത്യത്തിന്റെ ഫലം അനുഭവിക്കുന്നത് നന്ദികേടും ചിരിക്കു വക നല്കുന്നതുമാണ്.

**5.** ഈ ദാനത്തെപ്പറ്റി ഞാൻ എന്താണ് പറയുന്നത്? നമ്മുടെ വംശത്തിന്റെ പൊതുനാമത്തെപ്പറ്റി ചിന്തിച്ചാൽ സുകൃതത്തിനുള്ള ഏറ്റവും വലിയ പ്രബോധനവും ഉപദേശവും നിങ്ങൾക്കു ലഭിക്കും. കാരണം, പേഗൻ താത്വികർ നിർവചിക്കുന്നതുപോലെയല്ല നാം മനുഷ്യനെ നിർവചിക്കുക; പിന്നെയോ, തിരുലിഖിതം നമ്മോടു കല്പിക്കുന്നതുപോലെയത്രേ. കൈയും കാലുമുള്ളവനല്ല മനുഷ്യൻ; ബുദ്ധിയുള്ളവനുമല്ല; പിന്നെയോ, സുകൃതവും ഭക്തിയും അഭ്യസിക്കുന്നതിൽ തൽപരനാണ് മനുഷ്യൻ! യോബിനെപ്പറ്റി തിരുലിഖിതം പറയുന്നത് എന്താണെന്ന് കേൾക്കുക: "ഹൂസ് ദേശത്ത് ഒരു മനുഷ്യനുണ്ടായിരുന്നു" എന്നു പറഞ്ഞിട്ട്, പേഗൻ താത്വികർ നിർവചിക്കുന്നതു

www.malankaralibrary.com



പോലെയല്ല അത് വിവരിക്കുക, അവന് രണ്ടു കാലുകളും പരന്ന നഖങ്ങളും ഉണ്ടായിരുന്നു എന്നും പറയുന്നില്ല. "നീതിമാനും സത്യവാനും ദൈവത്തെ ആരാധിക്കുന്നവനും എല്ലാവിധ ദുഷ്കർമ്മങ്ങളിൽ നിന്നും അകന്നിരിക്കുന്നവനും" എന്ന് ജോബിനെപ്പറ്റി പറയുമ്പോൾ (ജോബ് 1:1) ഭക്ത ജീവിതത്തിന്റെ സവിശേഷതകൾ നിവേശിതഗ്രന്ഥകാരൻ വരച്ചുകാട്ടുകയായിരുന്നു; ഇതിലൂടെ ജോബ് ഒരു മനുഷ്യനായിരുന്നു എന്ന് അവൻ കാണിക്കുകയായിരുന്നു. മറ്റൊരു നിവേശിത ഗ്രന്ഥകാരൻ പറയുന്നു: "ദൈവത്തെ ഭയപ്പെടുക, അവിടുത്തെ കല്പനകൾ പാലിക്കുക, എന്തുകൊണ്ടെന്നാൽ ഇതിലാണ് മനുഷ്യത്വം" (പ്രഭാഷ 12:13).

**6.** മനുഷ്യൻ എന്ന പദം സുകൃതത്തിനുള്ള ഉപദേശം പ്രദാനം ചെയുന്നെങ്കിൽ, വിശ്വാസി എന്ന നാമം എത്ര അധികമായി നൽകുകയില്ല! നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നതിനാലും ഒരു *ട്രസ്റ്റ്* എന്ന രീതിയിൽ അവനിൽനിന്ന് നീതീകരണവും വിശുദ്ധിയും ആത്മാവിന്റെ പാവനതയും ദത്തുപുത്രസ്ഥാനവും സ്വർഗരാജ്യവും ലഭിച്ചതിനാലും വിശ്വാസികൾ എന്നു വിളിക്കപ്പെടുന്നു. നിങ്ങൾ സൂക്ഷിക്കാനായി ദൈവം ഇവ നിങ്ങളെ ഭരമേൽപിച്ച് നൽകിയിരിക്കുന്നു; നിങ്ങളാകട്ടെ, മറ്റു സംഗതികൾ അവനെ ഭരമേൽപിച്ചു നൽകിയിരിക്കുന്നു: ദാനധർമം, പ്രാർത്ഥനകൾ, മിതത്വം, മറ്റു സുകൃതങ്ങളെല്ലാം.

**7.** ഞാനെന്തിനാണ് ദാനധർമത്തെപ്പറ്റി സംസാരിക്കുന്നത്? ഒരു പാനപാത്രം പച്ചവെള്ളമെങ്കിലും നിങ്ങൾ അവനു കൊടുത്തെങ്കിൽ, അതു നിങ്ങൾക്കു നഷ്ടപ്പെടുകയില്ല; അവസാനദിവസം വരെ കാത്തു സൂക്ഷിക്കുന്നതിന് അവിടുന്നു ശ്രദ്ധിക്കും. വളരെ സമൃദ്ധമായി നിങ്ങൾക്ക് തിരികെ തരികയും ചെയ്യും. ഇത് ആശ്ചര്യകരം തന്നെ. അവിടുന്നു മുലധനം സംരക്ഷിക്കുക മാത്രമല്ല, തിരികെ തരുമ്പോൾ അതു വർദ്ധിപ്പിക്കുക കൂടി ചെയ്യുന്നു.

**8.** നിങ്ങളെ ഭരമേൽപിച്ചിരിക്കുന്ന സംഗതികളിൽ നിങ്ങളുടെ കഴിവനുസരിച്ച് നിങ്ങൾക്ക് ലഭിച്ച വിശുദ്ധി വർദ്ധിപ്പിക്കണം. സ്നാനാനന്തരം നിങ്ങളുടെ നീതി കൂടുതൽ പ്രകാശപൂരിതമാക്കണം. പൗലോസ് ചെയ്തതുപോലെ, നിങ്ങളുടെ കൃപ കൂടുതൽ ശോഭായമാനമാക്കാൻ അവിടുന്നു നിങ്ങളോടു കൽപിച്ചിരിക്കുന്നു. പൗലോസ് തന്റെ പിൽക്കാലാധ്വാനങ്ങളും തീക്ഷ്ണതയും താത്പര്യവും കൊണ്ട് തനിക്കു ലഭിച്ച അനുഗ്രഹങ്ങളെല്ലാം വർദ്ധിപ്പിച്ചു.



**9.** ദൈവം കാണിക്കുന്ന കരുതൽ ശ്രദ്ധിക്കുക, അവിടുന്ന് നിങ്ങൾക്ക് എല്ലാം കൂടി ഇവിടെ നല്കിയില്ല; എന്നാൽ ഒന്നും തരാതിരുന്നുമില്ല; കുറേ സംഗതികൾ തന്നു; മറ്റു ചിലത് വാഗ്ദാനം ചെയ്തു. അവിടുന്ന് എന്തുകൊണ്ടാണ് ഈ ലോകത്തിൽ വച്ച് എല്ലാം തരാത്തത്? ലഭിക്കാത്തവയെക്കുറിച്ചുള്ള വാഗ്ദാനങ്ങളിൽ വിശ്വസിച്ചുകൊണ്ടു തന്നിലുള്ള നിങ്ങളുടെ വിശ്വാസം നിങ്ങൾ തെളിയിക്കാനാണിത്. വീണ്ടും, എന്തുകൊണ്ടാണ് എല്ലാം സ്വർഗത്തിലേക്ക് മാറ്റി വയ്ക്കാഞ്ഞത്? ആത്മാവിന്റെ കൃപ, നീതീകരണം, വിശുദ്ധി എന്നിവ എന്തിനാണ് അവിടുന്നു നൽകിയത്? നിങ്ങളുടെ അധ്വാനം ലഘൂകരിക്കാനും ലഭിച്ചവയിലൂടെ ലഭിക്കാനിരിക്കുന്നവയിലുള്ള നല്ല പ്രത്യാശയിൽ നിങ്ങളെ ഉറപ്പിക്കാനുമാണിത്.

## പുതുതായി പ്രകാശിതരായവരുടെ പേര്

**10.** 'പുതുതായി പ്രകാശിതരായവർ' എന്ന് നിങ്ങൾ വിളിക്കപ്പെടും; കാരണം, നിങ്ങൾ വിചാരിച്ചാൽ നിങ്ങളുടെ പ്രകാശം എപ്പോഴും പുതുതായിരിക്കും; അതൊരിക്കലും കെട്ടുപോകുകയില്ല. അങ്ങനെയാണെങ്കിലും അല്ലെങ്കിലും ഈ ലോകത്തിന്റെ പ്രകാശത്തിനുശേഷം ഇരുട്ട് വരുന്നു. എന്നാൽ ഈ പുതിയ വെളിച്ചം അന്ധകാരമെന്തെന്നറിയുന്നില്ല. "വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു; അന്ധകാരം അതിനെ ഗ്രസിച്ചില്ല" (യോഹ.7:5). പരിശുദ്ധാത്മാവിൽ നിന്നുള്ള കൃപ ലഭിച്ച് പ്രകാശിക്കുന്ന ആത്മാവിന്റെ ശോഭ, ലോകത്തെ പ്രകാശിപ്പിക്കുന്ന സൂര്യന്റെ ശോഭയേക്കാൾ നിശ്ചയമായും ഉജ്ജ്വലമാണ്.

**11.** ഈ സംഗതികളുടെ പ്രകൃതം കൃത്യമായി പരിശോധിക്കുവിൻ. രാത്രിയായി ഇരുട്ടാകുമ്പോൾ പലരും പലപ്പോഴും കയർ കണ്ട് പാമ്പെന്ന് ധരിക്കാറുണ്ടല്ലോ; അടുത്തു വരുന്ന സ്നേഹിതൻ ശത്രുവാണെന്നു കരുതി ഓടിപ്പോകാറുണ്ടല്ലോ; ഒരു ശബ്ദം കേട്ടാൽ ഭയപ്പെടാറുണ്ടല്ലോ. പകൽ വെളിച്ചത്തിൽ ഇങ്ങനെയൊന്നും സംഭവിക്കുന്നില്ല. എല്ലാം വസ്തുനിഷ്ഠമായി അപ്പോൾ കാണാൻ കഴിയും

**12.** നമ്മുടെ ആത്മാവിന്റെ കാര്യത്തിലും ഇപ്രകാരം സംഭവിക്കുന്നു. കൃപ കടന്നുവന്ന് നമ്മുടെ മനസ്സിന്റെ അന്ധകാരം അകറ്റിക്കളയുമ്പോൾ നാം വസ്തുതകളുടെ കൃത്യസ്വഭാവം ഗ്രഹിക്കുന്നു. മുമ്പ് നമ്മെ ഭയപ്പെടുത്തിക്കൊണ്ടിരുന്നത് ഇപ്പോൾ നമ്മുടെ കണ്ണുകളിൽ നിന്ദ്യമായി തീരുന്നു, മരണം നിത്യമല്ലെന്നും നിദ്രയും താൽക്കാലിക വിശ്രമവുമാണെന്നും ഈ പാവനശുശ്രൂഷയിൽ നിന്നും ശ്രദ്ധാപൂർവം

www.malankaralibrary.com



ഗ്രഹിച്ചശേഷം നാം മരണത്തെ ഒട്ടും തന്നെ ഭയപ്പെടുന്നില്ല. നാം ദാരിദ്ര്യത്തെയോ രോഗത്തെയോ മറ്റു ദൗർഭാഗ്യങ്ങളെയോ ഭയപ്പെടുന്നില്ല; കാരണം, മരണത്തിനും നാശത്തിനും ഉപരിസ്ഥവും എല്ലാ അസമത്വങ്ങളിൽ നിന്നു വിമുക്തവുമായ മെച്ചപ്പെട്ട ജീവിതത്തിലേക്കുള്ള പാതയിലാണ് നാം എന്ന് അറിയുന്നു.

13. അതുകൊണ്ട്, വിശിഷ്ട ഭോജ്യങ്ങൾ, വിലപിടിപ്പുള്ള വസ്ത്രങ്ങൾ ആദിയായി ഈ ലോകത്തിലെ നല്ല വസ്തുക്കളുടെ പിന്നാലെ നമുക്കു പരക്കംപായാതിരിക്കാം. കാരണം, നിങ്ങൾക്ക് ഏറ്റവും വിലകൂടിയ വസ്ത്രമുണ്ട്, നിങ്ങൾക്ക് ആത്മീയ വിരുന്നുണ്ട്. നിങ്ങൾക്ക് ഉന്നതത്തിൽ നിന്നും വരുന്ന മഹത്ത്വമുണ്ട്. ക്രിസ്തു നിങ്ങൾക്ക് എല്ലാം ആയിത്തീർന്നിരിക്കുന്നു: ഭക്ഷണമേശ, വസ്ത്രം, ഭവനം, തല, വേര്! "എന്തുകൊണ്ടെന്നാൽ, ക്രിസ്തുവിൽ സ്നാനം സ്വീകരിച്ച നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു" (ഗലാ 3:27), അവൻ എങ്ങനെ നിങ്ങളുടെ വസ്ത്രമായിത്തീർന്നു എന്നു കാണുവിൻ.

14. അവൻ എങ്ങനെ നിങ്ങളുടെ ഭഷണമായിത്തീർന്നു എന്നു കൂടി അറിയാൻ ആഗ്രഹമുണ്ടോ? "ഞാൻ പിതാവു മൂലം ജീവിക്കുന്നതുപോലെ എന്നെ ഭക്ഷിക്കുന്നവൻ ഞാൻ മൂലം ജീവിക്കും" എന്നു ക്രിസ്തു അരുളിച്ചെയ്യുന്നു (യോഹ 6:58). അവൻ നിങ്ങളുടെ ഭവനവും ആയിത്തീരുന്നു. "എന്റെ ശരീരം ഭക്ഷിക്കുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (6:57). "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു" എന്ന് പറയുമ്പോൾ താൻ നമ്മുടെ വേരും അടിസ്ഥാനവുമാണ് എന്ന് അവൻ കാണിക്കുകയത്രേ ചെയ്യുന്നത് (15:5). "ഞാൻ നിങ്ങളെ മേലിൽ ദാസന്മാർ എന്നു വിളിക്കുകയില്ല, കാരണം, നിങ്ങൾ എന്റെ സ്നേഹിതന്മാർ അത്രേ" എന്നു പറഞ്ഞുകൊണ്ട് താൻ നമ്മുടെ സഹോദരനും സ്നേഹിതനും മണവാളനും ആണെന്ന് അവൻ കാണിക്കുന്നു (15:15). വീണ്ടും, "ക്രിസ്തുവിന് പാവനയായ കന്യകയായി സമർപ്പിക്കുന്നതിന്, ഞാൻ നിങ്ങളെ അവനുമായി വിവാഹഉടമ്പടി ചെയ്തിരിക്കുന്നു" എന്ന് വി. പൗലോസ് പറയുന്നു (2 കൊറി 11:2). നാം അവന്റെ സഹോദരന്മാർ മാത്രമല്ല, അവന്റെ മക്കളും ആയിത്തീർന്നിരിക്കുന്നു; കാരണം, ഞാനും ദൈവം എനിക്കു തന്ന മക്കളും എന്ന് അവൻ പറയുന്നു (റോമ 8:29). നാം അവന്റെ മക്കൾ മാത്രമല്ല, അവന്റെ അവയവങ്ങളും അവന്റെ ശരീരവുമായിത്തീരുന്നു. അവിടുന്നു നമ്മോട് കാണിക്കുന്ന സ്നേഹവും



കാരുണ്യവും തെളിയിക്കാൻ ഈ പറഞ്ഞതൊന്നും പോരാ എന്നവണ്ണം താൻ നമ്മുടെ ശിരസ്സാണ് എന്നു പറയുന്നതിലൂടെ ഇവയെക്കാൾ മഹനീയവും ദൃഢബദ്ധവുമായ മറ്റൊരു കാര്യം അവിടുന്നവതരിപ്പിക്കുന്നു.

## നിങ്ങളുടെ ശ്രേഷ്ഠമായ പെരുമാറ്റത്തിലൂടെ ക്രിസ്തുവിന് പ്രത്യുത്തരം നല്കുവിൻ

15. വാത്സല്യമുള്ളവരേ, നിങ്ങൾ ഈ കാര്യങ്ങളെല്ലാം അറിയുന്നതിനാൽ നിങ്ങളുടെ ശ്രേഷ്ഠമായ പെരുമാറ്റത്തിലൂടെ നിങ്ങളുടെ ഗുണകാംക്ഷിക്ക് മറുപടി നല്കുവിൻ. അവന്റെ ബലി എത്ര മഹനീയമാണെന്ന് പരിഗണിച്ച് നിങ്ങളുടെ ശാരീരികാവയവങ്ങളെ സുന്ദരമാക്കുവിൻ. നിങ്ങൾ കൈയിൽ സ്വീകരിച്ചത് എന്താണെന്ന് ചിന്തിക്കുവിൻ. മറ്റൊരാളെ അടിക്കാൻ ഒരിക്കലും അതുയർത്തരുത്. ഇത്ര മഹാദാനത്താൽ ബഹുമാനിതമായ കരത്തെ അടിക്കുക എന്ന പാപത്താൽ നിന്ദിക്കരുത്. നിങ്ങൾ കൈയിൽ സ്വീകരിച്ചത് എന്താണെന്ന് ചിന്തിച്ച്, എല്ലാ അത്യാഗ്രഹത്തിൽ നിന്നും മോഷണത്തിൽ നിന്നും അതിനെ സംശുദ്ധമാക്കുവിൻ.

16. നിങ്ങൾ ഈ ദാനം കൈയിൽ സ്വീകരിക്കുക മാത്രമല്ല, അതു നിങ്ങളുടെ വായിലേക്ക് കൊണ്ടുവരിക കൂടി ചെയ്യുന്നു; രോഷാകുലവും നിന്ദ്യവുമായ വാക്കുകളിൽ നിന്നും ദൈവദൂഷണത്തിൽ നിന്നും കള്ളസാക്ഷ്യത്തിൽ നിന്നും ഇത്തരം മറ്റു പാപങ്ങളിൽ നിന്നും നിങ്ങളുടെ നാവിനെ സംശുദ്ധമായി കാത്തുകൊള്ളുവിൻ; കാരണം, ഭീതികരമായ രഹസ്യങ്ങൾക്കു ശുശ്രൂഷ ചെയ്യുകയും അമൂല്യതിരുരക്തത്താൽ പൊതിയപ്പെടുകയും സ്വർണവാളായിത്തീരുകയും ചെയ്ത നാവിനെ ദുഷിക്കാനും നിന്ദിക്കാനും ദുർഭാഷണം നടത്താനുമായി മാറ്റുന്നത് നാശത്തിലേക്കു നയിക്കുന്ന പ്രവൃത്തിയാണ്. ദൈവം അതിനോടു കാണിച്ച ബഹുമാനം നിലനിർത്തുവിൻ; പാപത്തിന്റെ മ്ലേച്ഛതയ്ക്കായി അതിനെ വലിച്ചിഴയ്ക്കാതിരിക്കുവിൻ.

17. കൈയേയും നാവിനേയും പറ്റി പരിഗണിച്ചശേഷം ഹൃദയത്തെപ്പറ്റി പരിഗണിക്കാം. ഹൃദയം ഭീതികരമായ ഈ ദിവ്യരഹസ്യം സ്വീകരിച്ചു കഴിഞ്ഞിട്ട് നിങ്ങളുടെ അയൽക്കാർക്കെതിരായി യാതൊരു വഞ്ചനയും നിരൂപിക്കരുത്, മറിച്ച്, എല്ലാവിധ ദുഷ്ടതകളിൽ നിന്നും മനസ്സിനെ സ്വതന്ത്രമാക്കുക. ഈ രീതിയിൽ നിങ്ങളുടെ കണ്ണുകളെയും കാതുകളെയും സുരക്ഷിതമാക്കാൻ നിങ്ങൾക്കു കഴിയും. കാരണം, ഉന്നതത്തിൽ നിന്നു താഴേയ്ക്കിറങ്ങിവരുന്ന മിസ്റ്റിക് സ്വരം, അതായത്

www.malankaralibrary.com



ക്രോമ്പബേന്മാരുടേ സ്വരം, ശ്രവിച്ചശേഷം വേശ്യകൾക്കുള്ള തെറിപ്പാട്ടുകളും തരംതാണ ഈണങ്ങളും നിങ്ങളുടെ കാതുകളെ ദുഷിപ്പിക്കുന്നത് തെറ്റല്ലേ?

**18.** അവാച്യവും ഭീതികരവുമായ ദിവ്യരഹസ്യങ്ങളെ നോക്കിയ അതേ നയനങ്ങൾ വേശ്യകളെ നോക്കി നിങ്ങളുടെ ഹൃദയത്തിൽ വ്യഭിചരിക്കുന്നതിന് നിങ്ങൾ ഉപയോഗിച്ചാൽ അതികഠിനമായ ശിക്ഷ നിങ്ങൾ അർഹിക്കുകയില്ലേ? വാത്സല്യമുള്ളവരേ, നിങ്ങൾ ഒരു വിവാഹത്തിനു ക്ഷണിക്കപ്പെട്ടിരിക്കുന്നു; ചെളിപുരണ്ട വസ്ത്രം ധരിച്ച് അതിന് എത്തരുത് പിന്നെയോ വിവാഹവിരുന്നിനു യോജിച്ച വസ്ത്രം ധരിക്കുവിൻ.

**19.** വളരെ ദരിദ്രരായ മനുഷ്യർ പോലും ഭൗമിക വിവാഹവിരുന്നിനു ക്ഷണിക്കപ്പെടുമ്പോൾ വെടിപ്പുള്ള വസ്ത്രം വാങ്ങുകയോ കടമെടുക്കുകയോ ചെയ്യുന്നു. അത് ധരിച്ചുകൊണ്ട് തങ്ങളെ ക്ഷണിച്ചവരുടെ പക്കലേക്ക് പോകുന്നു. എന്നാൽ നിങ്ങളാകട്ടെ, ആത്മീയ വിവാഹത്തിനും രാജകീയ വിരുന്നിനുമാണ് ക്ഷണിക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ എന്തുതരം വിവാഹവസ്ത്രമാണ് നിങ്ങൾ വാങ്ങേണ്ടത് എന്ന് ചിന്തിക്കുവിൻ. എന്നാൽ നിങ്ങൾ വാങ്ങേണ്ട ആവശ്യമേയില്ല. കാരണം, നിങ്ങളുടെ ദാരിദ്ര്യം ഒരു കാരണമായി കാണിക്കാൻ കഴിയാത്ത രീതിയിൽ നിങ്ങളെ ക്ഷണിച്ചവൻ ദാനമായി നിങ്ങൾക്കു വസ്ത്രം നൽകുന്നു.

**20.** അതുകൊണ്ട്, നിങ്ങൾക്കു ലഭിച്ച വസ്ത്രം സംരക്ഷിക്കുവിൻ; അതു കേടുവരുത്തിയാൽ മറ്റൊന്നു കടമെടുക്കാനോ, വാങ്ങാനോ നിങ്ങൾക്കു കഴിയില്ല. ഒരിടത്തും ഇത് വിൽക്കാൻ വച്ചിട്ടുമില്ല. ഈ കാര്യത്തിൽ തങ്ങളുടെ മനസ്സാക്ഷി കുറ്റപ്പെടുത്തിയതിനാൽ, നേരത്തെ സ്നാനം സ്വീകരിച്ചവർ നിലവിളിക്കുന്നതും നെഞ്ചത്തടിക്കുന്നതും നിങ്ങൾ കേട്ടില്ലേ? എന്റെ വത്സലരേ, നിങ്ങൾ ഈ അനുഭവത്തിൽ കൂടി കടന്നുപോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. എന്നാൽ ദുഷ്പ്രവൃത്തികളുടെ ദുഷ്തഴക്കങ്ങളിൽ നിന്ന് നിങ്ങൾ വിമുക്തരാകുന്നില്ലെങ്കിൽ, നിങ്ങളും ഇതിന് വിധേയരാകേണ്ടിവരും.

## ദുഷ്തഴക്കങ്ങളിൽ നിന്ന് വിമുക്തരാകുവിൻ

**21.** ആരെങ്കിലും തന്റെ സ്വഭാവദൂഷ്യങ്ങൾ തിരുത്തി സുകൃതജീവിതം അഭ്യസിക്കാതിരുന്നാൽ, അയാൾ സ്നാനം സ്വീകരിക്കാതിരിക്കട്ടെ.



ഞാനിതു മുമ്പു പറഞ്ഞിട്ടുള്ളതാണ്, ഇപ്പോഴും ഞാനിതു പറയുന്നു. വീണ്ടും വീണ്ടും ഞാനിതു പറയുകയും ചെയ്യും. കാരണം, നേരത്തെ ചെയ്ത പാപങ്ങളെല്ലാം സ്നാനം കഴുകിക്കളയുന്നു. എന്നാൽ അതേ പാപങ്ങളിൽ നാം വീണ്ടും നിപതിക്കുകയും സൗഖ്യമാകൽ നമുക്കൊരു മുറിവായി തീരുകയും ചെയ്യുക എന്നത് നിസ്സാരമായ ഭയമോ, തള്ളിക്കളയാവുന്ന അപകടമോ അല്ല. കാരണം, സ്നാനാനന്തരം പാപം ചെയ്യുന്നവർക്കുള്ള ശിക്ഷ, സ്നാനത്തിൽ നമുക്കു ലഭിച്ച കൃപയുടെ വലിപ്പത്തിന് അനുസൃതമായിട്ടാണ്.

**22.** നമ്മുടെ പഴയ തിന്മകളിലേക്ക് നാം തിരിയാതിരിക്കാൻ നമുക്ക് ഇപ്പോൾ നമ്മെത്തന്നെ പ്രബോധിപ്പിക്കാം. നമുക്ക് അനുതപിക്കുകയും നമ്മുടെ മുൻകാല പാപങ്ങളിൽ നിന്ന് അകന്നിരിക്കുകയും ഈ രീതിയിൽ കൃപയെ സമീപിക്കുകയും ചെയ്യാം. സ്നാനം സ്വീകരിക്കാൻ പോകുന്നവരോട് യോഹന്നാൻ സ്നാപകനും ശ്ലീഹന്മാരുടെ തലവനും പറയുന്നതു കേൾക്കുവിൻ. യോഹന്നാൻ പറയുന്നു: "മാനസാന്തരത്തിനു യോഗ്യമായ ഫലം പുറപ്പെടുവിക്കുവിൻ. ഞങ്ങൾക്കു പിതാവായി അബ്രാഹമുണ്ട് എന്ന് നിങ്ങളുടെ ഇടയിൽ പറഞ്ഞു തുടങ്ങരുത്" (ലൂക്കാ 3:8). വീണ്ടും തങ്ങൾ എന്തു ചെയ്യണമെന്നു ചോദിച്ചവരോട് പത്രോസ് പറഞ്ഞു: "നിങ്ങളോരോരുത്തരും അനുതപിച്ച് കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുവിൻ" (നട 2:38). എന്നാൽ, അനുതപിക്കുന്നവൻ താൻ അനുതപിക്കുന്ന പാപങ്ങളിൽ പറ്റിച്ചേർന്നു കിടക്കുന്നില്ല. നാമൊരിക്കലും പിശാചിന്റെ പക്കലേക്ക് തിരിയാതിരിക്കാൻ ഇക്കാരണത്താലാണ്, "സാത്താനേ, നിന്നെ ഞാൻ ഉപേക്ഷിക്കുന്നു" എന്നു പറയാൻ നമ്മോട് കല്പിക്കപ്പെട്ടിരിക്കുന്നത്.

**23.** പെയിന്റർമാരുടെ കാര്യത്തിൽ സംഭവിക്കുന്നതു തന്നെ നമ്മുടെ കാര്യത്തിലും സംഭവിക്കട്ടെ. അവർ തടിപ്പലകകൾ നിരത്തി, അവയിൽ വെളുത്ത വരകൾ വരച്ച്, ശരിയായ നിറം കൊടുക്കുന്നതിന് മുൻപ് രാജകീയ ഛായയുടെ *ഔട്ട്‌ലൈൻ* വരയ്ക്കുന്നു. തെറ്റുകൾ തിരുത്തി, മോശമെന്നു തോന്നിയതു മാറ്റിഎഴുതുന്നതിന് *സ്കെച്ച്* മായിക്കുന്നതിനും മറ്റൊന്നു വരയ്ക്കുന്നതിനും അവർക്ക് പൂർണ സ്വാതന്ത്ര്യമുണ്ട്. എന്നാൽ അവർ നിറം കൊടുത്തുകഴിഞ്ഞാൽ പിന്നെ മായ്ക്കാനോ മാറ്റിമറിക്കാനോ സാധിക്കുകയില്ല. അങ്ങനെ ചെയ്താൽ ഛായാചിത്രത്തിന്റെ സൗന്ദര്യം നശിപ്പിക്കുകയായിരിക്കും ചെയ്യുക; അത് അവഹേളനാവസ്തുവായി മാറുകയും ചെയ്യും.

www.malankaralibrary.com



**24.** നിങ്ങളും ഇതുതന്നെയാണ് ചെയ്യുന്നത്. നിങ്ങളുടെ ആത്മാവിനെ ഒരു ഛായാചിത്രമായി സങ്കൽപിക്കുക. പരിശുദ്ധാത്മാവിന്റെ യഥാർത്ഥമായ ചായക്കൂട്ട് അടിക്കുന്നതിനു മുമ്പ് നിങ്ങളിലുള്ള ദുഷ്തഴക്കങ്ങളെല്ലാം മായിച്ചുകളയണം. അത് ആണയിടുന്നതോ, നുണ പറയുന്നതോ, ചീത്ത പറയുന്നതോ, ദുർഭാഷണങ്ങളോ, കോമാളി വേഷം കെട്ടലോ, അല്ലെങ്കിൽ നിങ്ങൾക്ക് പതിവായിരുന്ന മറ്റേതെങ്കിലും മാന്യമല്ലാത്ത സംഗതിയോ ആകാം. സ്നാനാനന്തരം അതിലേക്കു തിരികെ വരാതിരിക്കാനായി ആ തഴക്കം മായിച്ചുകളയുക. സ്നാനം പാപങ്ങളെല്ലാം നീക്കിക്കളയുന്നു; എന്നാൽ നിങ്ങളാണ് ദുഷ്തഴക്കങ്ങൾ മായിച്ചുകളയേണ്ടത്. ചായമടിച്ച് രാജകീയ പ്രതിഛായ പ്രകാശിച്ചുകഴിഞ്ഞ് പിന്നീട് അത് ഒരിക്കലും മായിച്ചു കളയുകയോ ദൈവം തന്ന സൗന്ദര്യത്തിൽ മുറിവോ പാടോ ഉണ്ടാക്കുകയോ ചെയ്യാൻ പാടില്ല.

### നമുക്കു മാത്രമേ നമ്മെ മുറിപ്പെടുത്താൻ കഴിയൂ

**25.** നിങ്ങളുടെ കോപത്തെ നിയന്ത്രിക്കുകയും ക്രോധത്തെ തണുപ്പിക്കുകയും ചെയ്യുക. ആരെങ്കിലും നിങ്ങളോട് അക്രമം കാട്ടുകയോ നിങ്ങളെ ഉപദ്രവിക്കുകയോ ചെയ്താൽ അവനുവേണ്ടി കരയുക. അതിൽ ആകുലപ്പെടേണ്ട; മറിച്ച് അവനോടു സഹതാപം തോന്നുക. 'ഞാൻ വ്രണിതനായി' എന്നു പറയാൻ നീ പ്രേരിതനാകില്ല. നാം മുറിപ്പെടുത്തിയില്ലെങ്കിൽ, മറ്റാർക്കും നമ്മെ മുറിപ്പെടുത്താനാവില്ല. അതെങ്ങനെ? ഞാൻ പറയാം. ആരെങ്കിലും നിങ്ങളുടെ വസ്തുവകകൾ കട്ടെടുത്തെങ്കിൽ അവൻ നിങ്ങളുടെ ആത്മാവിൽ നിങ്ങളെ മുറിപ്പെടുത്തിയില്ല, നിങ്ങളുടെ പേഴ്സ് ചോർത്തിയതേയുള്ളു. എന്നാൽ അവനെതിരെ മനസ്സിൽ രോഷം വച്ചുകൊണ്ടിരുന്നാൽ, നിങ്ങൾ നിങ്ങളുടെ ആത്മാവിൽ നിങ്ങളെത്തന്നെ മുറിപ്പെടുത്തുന്നു. വസ്തുവകകളുടെ നഷ്ടം ആത്മാവിനെ മുറിപ്പെടുത്തുന്നില്ല; മറിച്ച് ആത്മാവിനെ സഹായിക്കുകപോലും ചെയ്തേക്കാം. എന്നാൽ നിങ്ങൾ നിങ്ങളുടെ രോഷം അടക്കുന്നില്ലെങ്കിൽ, അതിന് നിങ്ങൾ ഇതിനു ശേഷം ശിക്ഷ അനുഭവിക്കേണ്ടിവരും. നിങ്ങളെ ആരെങ്കിലും ചീത്തപറഞ്ഞ് നിന്ദിച്ചെങ്കിൽ അയാൾ നിങ്ങളുടെ ആത്മാവിനെയോ ശരീരത്തെയോ മുറിപ്പെടുത്തുന്നില്ല. എന്നാൽ നിങ്ങൾ തിരിച്ചു ചുട്ട മറുപടി നൽകിയാൽ നിങ്ങൾ നിങ്ങളുടെ ആത്മാവിനെ മുറിപ്പെടുത്തുകയും, നിങ്ങൾ പറഞ്ഞവയ്ക്ക് പിന്നീട് ശിക്ഷ അനുഭവിക്കേണ്ടിവരികയും ചെയ്യും.



**26.** വിശ്വാസിയായ ക്രിസ്ത്യാനിയുടെ ആത്മാവിന് ഉപദ്രവം ചെയ്യാൻ ആർക്കും, പിശാചിനു പോലും, കഴിവില്ല എന്ന് നിങ്ങൾ അറിയണമെന്ന് എല്ലാറ്റിനും ഉപരി യഥാർഥത്തിൽ ഞാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും വഞ്ചനയാൽ നമ്മെ കീഴ്പ്പെടുത്താൻ അസാധ്യമാം വിധം ദൈവം നമ്മെ ആക്കിത്തീർത്തു എന്നത് അത്ഭുതകരമായ കാര്യമാണ്. അതിനും പുറമേ, സുകൃതം അഭ്യസിക്കാൻ നമ്മെ സുസജ്ജരാക്കുകയും ചെയ്തിരിക്കുന്നു. നാം ദരിദ്രരോ ശരീര ദൗർബല്യം ഉള്ളവരോ താഴ്ന്ന ജാതിക്കാരോ അഡ്രസില്ലാത്തവരോ അടിമകളോ ആയിരുന്നാലും നമുക്കിഷ്ടമുണ്ടെങ്കിൽ നമ്മെ ഒന്നിനും തടയാനാവില്ല. കാരണം, ദാരിദ്ര്യമോ, ബലഹീനതയോ, ശാരീരിക വികലതയോ, അടിമത്തമോ, അതുപോലെയുള്ള മറ്റെന്തെങ്കിലുമോ സുകൃതത്തിന് തടസ്സമേയല്ല.

**27.** എന്തിന് ദരിദ്രനെപ്പറ്റിയും അടിമയെപ്പറ്റിയും അഡ്രസില്ലാത്തവനെപ്പറ്റിയും സംസാരിക്കണം? നിങ്ങൾ ജയിലിൽ ആണെങ്കിൽ പോലും സുകൃതസമ്പാദനത്തിന് ഇത് തടസ്സമാകുന്നില്ല. ഇത് എപ്രകാരമാണെന്ന് ഞാൻ നിങ്ങളോടു പറയാം. നിങ്ങളുടെ വീട്ടിൽ ആരെങ്കിലും നിങ്ങളെ വ്രണപ്പെടുത്തി രോഷാകുലരാക്കിയോ? അവർക്കെതിരേയുള്ള കോപം അടക്കുക. ജയിലോ, ദാരിദ്ര്യമോ, പ്രശസ്തി രാഹിത്യമോ അപ്രകാരം ചെയ്യുന്നതിന് നിങ്ങളെ തടസ്സപ്പെടുത്തുന്നില്ല. ഉണ്ടോ? ഇവയെ എന്തിന് തടസ്സം എന്നു വിളിക്കുന്നു? അവ നമ്മെ സഹായിക്കുകകൂടി ചെയ്യുന്നു; നമ്മുടെ വ്യർഥാഭിമാനത്തെ തടയാൻ നമ്മോടുകൂടി പ്രവർത്തിക്കുന്നു.

**28.** ആരെങ്കിലും സമൃദ്ധിയിൽ കഴിയുന്നതായി കണ്ടാൽ അസൂയപ്പെടേണ്ട. കാരണം, ദാരിദ്ര്യം ഈ കാര്യത്തിൽ ഒരു തടസ്സമല്ല. വീണ്ടും, പ്രാർത്ഥനാസമയത്ത്, ഉണർവോടും ഏകാഗ്രതയോടുംകൂടെ പ്രാർത്ഥിക്കുക; നിങ്ങളെ യാതൊന്നും തടസ്സപ്പെടുത്തുകയില്ല. നിങ്ങളുടെ ശാന്തതയും ഹൃദയശാലീനതയും മിതത്വവും വിശുദ്ധിയും കാട്ടിക്കൊടുക്കുക. ഇവയ്ക്ക് ബാഹ്യസഹായം ആവശ്യമില്ല. സുകൃതത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട സംഗതി ഇതാണ്. അതിന് ധനത്തിന്റെയോ, അധികാരത്തിന്റെയോ, മഹത്ത്വത്തിന്റെയോ അതുപോലെയുള്ള മറ്റു സംഗതികളുടെയോ ആവശ്യമില്ല. ആത്മാവ് വിശുദ്ധമാണെങ്കിൽ സുകൃതം അതിനപ്പുറത്തൊന്നും അന്വേഷിക്കുന്നില്ല.

www.malankaralibrary.com



**29.** കൃപയുടെ കാര്യത്തിലും ഇതുപോലെയാണ് എന്ന് നന്നായി മനസ്സിലാക്കുവിൻ. ഒരാൾ മുടന്തനോ, കണ്ണുകൾ ചൂഴ്ന്നെടുക്കപ്പെട്ടവനോ, ശാരീരികവൈകല്യമുള്ളവനോ, അതികഠിനമായ ബലഹീനത സംഭവിച്ചവനോ ആയിരുന്നാലും അവന്റെ ആത്മാവിൽ കൃപ കടന്നുചെല്ലുവാൻ ഇവയൊന്നും തടസ്സമായിരിക്കുകയില്ല. കാരണം, കൃപ സ്വീകരിക്കാൻ താല്പര്യമുള്ള ആത്മാവിനെ മാത്രമേ കൃപ അന്വേഷിക്കുന്നുള്ളു; ബാഹ്യമായ ഈ സംഗതികളെല്ലാം അത് അവഗണിക്കുന്നു.

## നിങ്ങൾ ക്രിസ്തുവിന്റെ പോരാളികൾ

**30.** ഈ ലോകത്തിൽ പട്ടാളത്തിൽ ആളെടുക്കുമ്പോൾ ബന്ധപ്പെട്ടവർ ശാരീരിക വലുപ്പവും ആരോഗ്യവുമാണ് നോക്കുന്നത്. ഭാവി പടയാളിക്ക് ഈ ഗുണങ്ങളുണ്ടായിരിക്കണം; അയാൾ സ്വതന്ത്രനായിരിക്കുക കൂടി വേണം. അടിമയാണെങ്കിൽ അയാളെ എടുക്കുകയില്ല. എന്നാൽ സ്വർഗീയരാജാവ് ഇവയൊന്നും പരിഗണിക്കുന്നില്ല. അവൻ അടിമകളെയും വൃദ്ധരെയും ശാരീരികബലഹീനത ഉള്ളവരെയും എല്ലാം തന്റെ സൈന്യത്തിലേക്ക് എടുക്കുന്നു. അവരെപ്പറ്റി അവൻ ലജ്ജിക്കുന്നുമില്ല.

**31.** ഇതിനേക്കാൾ സ്നേഹനിർഭരവും ദയാമസൃണവുമായി മറ്റെന്താണുള്ളത്? നമ്മുടെ പരിധിയിൽ വരുന്ന ഗുണങ്ങൾ മാത്രമേ അവൻ നോക്കുന്നുള്ളു. എന്നാൽ ഈ ലോകത്തിലെ സൈന്യത്തിൽ ആളെടുക്കുന്നവർ അർഥികളുടെ പരിധിക്കപ്പുറത്തുള്ളതാണ് അന്വേഷിക്കുന്നത്. അടിമയോ, സ്വതന്ത്രനോ ആയിരിക്കുക നാം തീരുമാനിച്ചതല്ല. ഉയരം കൂടുതലോ കുറവോ, പ്രായക്കൂടുതലോ, ശാരീരിക പരിപൂർണതയോ അതുപോലെയുള്ള മറ്റു കാര്യങ്ങളോ നമ്മുടെ പരിധിയിൽ വരുന്നതല്ല. എന്നാൽ ശാന്തനും നല്ലവനും അതുപോലെയുള്ള മറ്റു സുകൃതങ്ങളുള്ളവനും ആയിരിക്കുക നമ്മുടെ ഇച്ഛാശക്തിയിൽപ്പെടുന്ന കാര്യമാണ്. നമുക്ക് കഴിയുന്നതു മാത്രമേ ദൈവം നമ്മോടാവശ്യപ്പെടുന്നുള്ളു.

**32.** ഇതു വളരെ ഉചിതമായ കാര്യമാണ്. തനിക്കെന്തെങ്കിലും ആവശ്യമുണ്ടായിട്ടല്ല ദൈവം നമ്മെ തന്റെ കൃപയിലേക്കു വിളിക്കുന്നത്; തന്റെ നന്മ നിമിത്തമാണ് അവിടുന്ന് ഇത് ചെയ്യുന്നത്. ഭൗമിക രാജാക്കന്മാർ ആളുകളെ റിക്രൂട്ടു ചെയ്യുന്നത് അവരുടെ സേവനം



പ്രതീക്ഷിച്ചാണ്. ദൃശ്യശത്രുവിനെതിരെ അവർ തങ്ങളുടെ സൈന്യത്തെ നയിക്കുന്നു. എന്നാൽ ക്രിസ്തു തന്റെ സൈന്യത്തെ ആത്മീയ പോരാട്ടത്തിന് ആനയിക്കുന്നു.

## സാത്താനോടുള്ള പോരാട്ടം

**33.** ഈ ലോകത്തിലെ യുദ്ധത്തിന്റെ കാര്യത്തിൽ മാത്രമല്ല മല്ലയുദ്ധത്തിന്റെ കാര്യത്തിലും ഈ *അനാലജി* യോജിച്ചുപോകുന്നു. അറിയിപ്പുകാരൻ മത്സരക്കാരെ വിളിച്ച് എല്ലാവരുടെയും മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് "ആരെങ്കിലും ഈ മനുഷ്യനെ കുറ്റപ്പെടുത്തുന്നുണ്ടോ?" എന്നു സ്വരമുയർത്തി ചോദിക്കുന്നതുവരെ അവർ മത്സരക്കളത്തിൽ ഇറങ്ങുന്നില്ല. എന്നാൽ ഇതിൽ ആത്മാവിന്റെ പോരാട്ടം ഉൾക്കൊള്ളുന്നില്ല; രണ്ടു മനുഷ്യരുടെ ശരീരങ്ങൾ തമ്മിലുള്ള മൽപിടുത്തം മാത്രമാണിത്. പിന്നെന്തിനാണ് മത്സരക്കാർ സ്വതന്ത്രരാണോ എന്നന്വേഷിക്കുന്നത്.

**34.** എന്നാൽ ആത്മാവിന്റെ കാര്യത്തിൽ നേരേ വിപരീതമായിട്ടുള്ളതാണ് ശരിയായിട്ടുള്ളത്. കാരണം, മൽപിടുത്തത്തിലല്ല പോരാട്ടം; പിന്നെയോ, ആത്മാവിന്റെ തത്വശാസ്ത്രത്തിലും ഹൃദയത്തിന്റെ സുകൃതത്തിലുമത്രെ. വിധി നിർണയിക്കുന്നവന്റെ പ്രവർത്തനവും നേരെ വിപരീതമാണ്. മത്സരിക്കുന്നവനെ ചുറ്റുംനടത്തി ഈ മനുഷ്യനെ ആരെങ്കിലും കുറ്റപ്പെടുത്തുന്നുണ്ടോ എന്ന് അവൻ ചോദിക്കാറില്ല. മറിച്ച് അവൻ ഇങ്ങനെ വിളിച്ചുപറയുന്നു: "ഈ മനുഷ്യൻ പറയാൻ വയ്യാത്തതും ഏറ്റവും കഠിനതരവുമായ കുറ്റങ്ങൾ ചെയ്തുകൂട്ടി എന്ന് എല്ലാ മനുഷ്യരും ദുഷ്ടന്റെ ഭാഗത്തുള്ള എല്ലാ ചെകുത്താന്മാരും ഒത്തുചേർന്നു പറഞ്ഞാലും ഞാൻ അവനെ നിരസിക്കുകയോ തള്ളിക്കളയുകയോ ഇല്ല; അവന്റെ ദുരാരോപകരിൽ നിന്ന് ഞാനവനെ സ്വതന്ത്രനാക്കിയിരിക്കുന്നു; അവന്റെ ദുഷ്ടതയിൽ നിന്ന് ഞാനവനെ മോചിപ്പിച്ചിരിക്കുന്നു; അങ്ങനെ മോചിതനും സ്വതന്ത്രനുമായി ഞാൻ അവനെ പോരാട്ടത്തിലേക്ക് ആനയിക്കുന്നു".

**35.** ഇത് ന്യായയുക്തമാണ്. കാരണം, പോർക്കളത്തിലെ ന്യായാധിപൻ കക്ഷികളെ ജയിക്കാൻ സഹായിക്കുന്നില്ല. പിന്നെയോ, നിഷ്പക്ഷമായി നടുവിൽ നില്ക്കുകയത്രേ ചെയ്യുക. എന്നാൽ ആത്മീയ പോരാട്ടത്തിലാകട്ടെ, ന്യായാധിപൻ നമ്മുടെ സഹായി, നമ്മുടെ എല്ലാം, ആയിത്തീരുന്നു, പിശാചിനെതിരെയുള്ള പോരാട്ടത്തിൽ നമ്മുടെകൂടെ ചേരുകയും ചെയ്യുന്നു.

www.malankaralibrary.com



**36.** അവിടുന്നു നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു എന്നു മാത്രമല്ല അവയെ വെളിപ്പെടുത്തുന്നുമില്ല. സ്പഷ്ടമായി കാണപ്പെടത്തക്ക വണ്ണം അവയെ മറ തുറന്ന് പ്രദർശിപ്പിക്കുന്നുമില്ല എന്നത് തികച്ചും ആശ്ചര്യകരം തന്നെ. നാം മുന്നോട്ടു വന്ന് നമ്മുടെ തെറ്റുകൾ പരസ്യമായി വെളിപ്പെടുത്താൻ അവിടുന്നു നമ്മെ നിർബന്ധിക്കുന്നുമില്ല; പിന്നെയോ, നമ്മുടെ ന്യായവാദം അവനോടു മാത്രം നടത്താനും നമ്മുടെ പാപങ്ങൾ അവനോട് ഏറ്റുപറയാനും അവൻ കല്പിക്കുന്നു. ഈ ലോകത്തിലെ ഏതെങ്കിലും ന്യായാധിപൻ, പിടിക്കപ്പെട്ട ഏതെങ്കിലും തെരുവുകൊള്ളക്കാരനോടോ, കല്ലറ പൊളിക്കുന്നവനോടോ തന്റെ കുറ്റം ഏറ്റുപറയാൻ ആവശ്യപ്പെടുകയും ശിക്ഷ കൂടാതെ അവനെ വെറുതെവിടുകയും ചെയ്താൽ തെറ്റുകാരൻ പെട്ടെന്ന് കുറ്റം ഏറ്റുപറയുകയും സ്വതന്ത്രനായി പോകാനുള്ള ആഗ്രഹത്തിൽ നാണക്കേട് മറക്കുകയും ചെയ്യുന്നു. സ്നാനത്തിൽ ഇപ്രകാരമല്ല; ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിക്കുന്നു. മറ്റുള്ളവരുടെ മുമ്പിൽ അവ വെളിപ്പെടുത്താൻ നമ്മെ നിർബന്ധിക്കുന്നുമില്ല. പാപമോചനത്തിലൂടെ അനുഗ്രഹം പ്രാപിക്കുന്നവർ ഈ ദാനത്തിന്റെ ഔന്നത്യം ഗ്രഹിക്കണം എന്ന ഒറ്റക്കാര്യമേ അവിടുന്നു അന്വേഷിക്കുന്നുള്ളു.

**37.** അവിടുന്നു നമ്മോടു തന്റെ കാരുണ്യം കാണിക്കുമ്പോൾ നാം മാത്രം സാക്ഷികളായിരിക്കുന്നതിൽ അവിടുന്നു സംതൃപ്തനാണ്. നാം അവിടുത്തെ ശുശ്രൂഷിക്കുമ്പോൾ, നാം സാക്ഷികളെ തേടുന്നതും അത് കാണിച്ചുകൊണ്ട് നടക്കുന്നതും വിഡ്ഢിത്തമല്ലേ? അതുകൊണ്ട് നമുക്ക് അവിടത്തെ കാരുണ്യത്തെ പ്രകീർത്തിക്കുകയും നമ്മുടെ പരിശ്രമത്തിന് തെളിവ് നൽകുകയും ചെയ്യാം. എല്ലാറ്റിനും മുമ്പ്, തള്ളിവരുന്ന നമ്മുടെ നാവിനെ നമുക്കു നിയന്ത്രിക്കാം; സദാ ചിലച്ചുകൊണ്ടിരിക്കുന്നത് നിർത്തിവയ്ക്കാം. "വാക്കുകളുടെ ബഹുത്വത്തിൽ നീ പാപത്തിൽ നിന്ന് രക്ഷപെടുകയില്ല" (സുഭാ 10:19). എന്തെങ്കിലും പ്രയോജനപ്രദമായതുണ്ടെങ്കിൽ അധരങ്ങൾ തുറക്കുക. ആവശ്യമില്ലെങ്കിൽ നിശ്ശബ്ദമായിരിക്കുക; കാരണം, അതാണ് മെച്ചമായ മാർഗം.

## ദൈവത്തെ എല്ലായിടത്തും സേവിക്കാൻ സാധിക്കും

**38.** നിങ്ങൾ കൈകൾ കൊണ്ട് അധ്വാനിക്കുന്ന ആളാണോ? ഇരുന്നു പാടുക. നിങ്ങളുടെ വായ് കൊണ്ട് പാടാൻ നിങ്ങളാഗ്രഹിക്കുന്നില്ലേ? നിങ്ങളുടെ ഹൃദയം കൊണ്ടു പാടുക. ഗാനം ഒരു വലിയ സ്നേഹിതനാണ്. ഇതുവഴി നിങ്ങൾ യാതൊരുപദ്രവവും ചെയ്യുകയില്ല; പിന്നെയോ, ഒരാശ്രമത്തിലെ പണിപ്പുരയിലെന്നവണ്ണം ഇരുന്നു നിന്റെ ജോലികൾ ചെയ്യാൻ നിനക്കു സാധിക്കും. കാരണം, നമുക്കു ശാന്തത നൽകുന്നത് സ്ഥലത്തിന്റെ യോജ്യത അല്ല, പിന്നെയോ നമ്മുടെ സ്വഭാവത്തിന്റെ നല്ല ശിക്ഷണമാണ്. വി. പൗലോസ് തന്റെ തൊഴിൽ ഒരു വർക്ക്ഷോപ്പിലാണ് ചെയ്തത്. അത് അവന്റെ സുകൃതത്തിന് ഉപദ്രവമൊന്നും വരുത്തിയില്ല. അതുകൊണ്ട് ഞാനൊരു പാവപ്പെട്ടവനും എന്റെ കൈകൾ കൊണ്ട് അധ്വാനിക്കുന്നവനുമാകയാൽ താത്വികജീവിതം നയിക്കാൻ എനിക്ക് എങ്ങനെ കഴിയും എന്നു ചോദിക്കരുത്. എല്ലാറ്റിനേക്കാളും താത്വികജീവിതം നയിക്കാൻ ഇതാണ് മതിയായ കാരണം.



**39.** ഭക്തജീവിതം സംബന്ധിച്ച്, ധനത്തേക്കാൾ ദാരിദ്ര്യവും അലസതയേക്കാൾ ജോലിയുമാണ് കൂടുതൽ സഹായകമായിരിക്കുന്നത്. ധനതൃഷ്ണ ഇല്ലാത്തവർക്കുപോലും ധനം ഒരു തടസ്സമാകാനിടയുണ്ട്. നാം നമ്മുടെ ക്രോധം അടക്കുമ്പോൾ, അസൂയയെ നിഹനിക്കുമ്പോൾ, കോപത്തെ ശാന്തമാക്കുമ്പോൾ, നമ്മുടെ പ്രാർത്ഥനകൾ അർപ്പിക്കുമ്പോൾ, സ്നേഹനിർഭരവും ദയാമസൃണവും ശാന്തവും വിവേകപൂർവവുമായി പെരുമാറുമ്പോൾ ദാരിദ്ര്യം എങ്ങനെയാണ് തടസ്സമായി തീരുക? പണം മുടക്കിയല്ല നാം ഇവ ചെയ്യുന്നത്; പിന്നെയോ, ശരിയായ തെരഞ്ഞെടുപ്പിലൂടെയാണ്. ദാനധർമത്തിന് പണം ആവശ്യമാണ്. എന്നാൽ നാം നമ്മുടെ ദാരിദ്ര്യത്തിൽനിന്നു നൽകുമ്പോഴാണ് ഇതുപോലും കൂടുതൽ ശോഭയോടെ പ്രകാശിക്കുന്നത്. രണ്ടു ചില്ലിക്കാശ് ഇട്ട വിധവ മറ്റുള്ളവരേക്കാൾ ദരിദ്ര ആയിരുന്നെങ്കിലും, അവരേക്കാളെല്ലാം കൂടുതൽ നിക്ഷേപിച്ചു (ലൂക്കാ 21:1-14).

**40.** അതുകൊണ്ട് ധനം ഏതാണ്ട് വലിയ കാര്യമാണെന്നോ, സ്വർണം കളിമണ്ണിനേക്കാൾ മെച്ചമാണെന്നോ കരുതാതിരിക്കാം. ഒരു സാധനത്തിന്റെ മൂല്യം അതിന്റെ പ്രകൃതത്തിൽനിന്നല്ല, അതേപ്പറ്റി നാം ചിന്തിക്കുന്നതനുസരിച്ചാണ് നിശ്ചയിക്കപ്പെടുക. നാം സൂക്ഷ്മമായി പരിശോധിച്ചാൽ സ്വർണത്തേക്കാൾ കൂടുതലാവശ്യമുള്ള സാധനം ഇരുമ്പാണ്. സ്വർണം നമ്മുടെ ജീവിതത്തിൽ പ്രയോജനകരമായതൊന്നും കൊണ്ടുവരുന്നില്ല. എന്നാൽ ഇരുമ്പിനു വളരെയധികം ഉപയോഗമുണ്ട്. നമ്മുടെ നിരവധി ആവശ്യങ്ങൾ സാധിച്ചുതരികയും ചെയ്യുന്നു.

**41.** എന്നാൽ ഞാൻ എന്തിനാണ് സ്വർണവും ഇരുമ്പും തമ്മിൽ താരതമ്യപ്പെടുത്തുന്നത്? അമൂല്യ രത്നക്കല്ലുകളേക്കാൾ നമുക്കു

www.malankaralibrary.com



കൂടുതലാവശ്യം ഈ സാധാരണ കല്ലുകളാണ്. രത്നങ്ങൾ കൊണ്ട് പ്രയോജനകരമായതൊന്നും ഉണ്ടാക്കാനാവില്ല. എന്നാൽ ഈ കല്ലുകൾ കൊണ്ട് കെട്ടിടങ്ങളും മതിലുകളും നഗരങ്ങളും പണിയാം. അമൂല്യരത്നങ്ങൾ കൊണ്ടുള്ള പ്രയോജനം എന്തെന്ന് കാണിച്ചുതരുവിൻ; അഥവാ അവയിൽ നിന്നു വരാത്ത ഉപദ്രവം എന്താണെന്ന് പറയുവിൻ. നിങ്ങൾ ഒരു രത്നക്കല്ലു ധരിക്കുമ്പോൾ നിരവധി പാവങ്ങൾ പട്ടിണി കിടന്നു നരകിക്കുകയാണ്. ഈ ആരോപണത്തിന് നിങ്ങളെന്തു മറുപടി പറയും? നിങ്ങൾക്കെങ്ങനെ മോചനം ലഭിക്കും?

## സ്ത്രീകളുടെ യഥാർത്ഥമായ അലങ്കാരം

**42.** നിങ്ങൾ നിങ്ങളുടെ മുഖം മോടി പിടിപ്പിക്കാൻ ആഗ്രഹിക്കുന്നുവോ? അവ രത്നങ്ങൾ കൊണ്ടല്ല, പിന്നെയോ, ഭക്തി കൊണ്ടും അടക്കം കൊണ്ടുമാണ് ചെയ്യേണ്ടത്. ഇങ്ങനെ അലങ്കരിക്കപ്പെടുന്ന നിങ്ങളുടെ മുഖം ദർശിക്കുക കൂടുതൽ ആനന്ദദായകമായിരിക്കും. മറ്റു രീതിയിലുള്ള അലങ്കാരങ്ങൾ പൊതുവെ സംശയം ജനിപ്പിക്കുന്നു. അത് അസൂയയ്ക്കും ശത്രുതയ്ക്കും വഴക്കിനും കലഹത്തിനും ഇട നൽകുന്നു. സംശയാസ്പദമായ സുന്ദരമുഖത്തിന്റെ അത്രയും മനം മടുപ്പിക്കുന്ന മറ്റൊന്നുമില്ല. എന്നാൽ ദാനധർമത്തിൽ നിന്നും അടക്കത്തിൽ നിന്നും വരുന്ന അലങ്കാരം എല്ലാ ദുഷ്ടസംശയത്തേയും ദൂരീകരിക്കുകയും ചങ്ങലയേക്കാൾ ബലമായി നിന്നിലേക്ക് നിന്റെ ഭർത്താവിനെ അടുപ്പിക്കുകയും ചെയ്യുന്നു. കാരണം, മുഖത്തു നോക്കുന്ന ആളിന്റെ മനോഭാവമാണ് സ്വാഭാവിക സൗന്ദര്യത്തേക്കാൾ മുഖത്തെ സൗന്ദര്യവത്താക്കിത്തീർക്കുന്നത്. മിതത്വവും ഭക്തിയും ആണ് ഈ മനോഭാവം ഉളവാക്കാൻ ഏറ്റവും പററിയ മാർഗം. അതുകൊണ്ട് ഒരു സ്ത്രീ സുന്ദരിയാണെങ്കിലും അവളുടെ ഭർത്താവ് അവളെ വെറുത്താൽ, അവൾ ഏറ്റവും വൃത്തികെട്ടവളായി അവനു തോന്നും. എന്നാൽ ഒരുവൾ സുന്ദരിയല്ലെങ്കിലും ഭർത്താവിനെ പ്രസാദിപ്പിച്ചാൽ അവളെ അതീവ സുന്ദരിയായി അവൻ പരിഗണിക്കും. കാണപ്പെടുന്നവയുടെ സ്വഭാവത്തിന്റെ വെളിച്ചത്തിലല്ല വിധിക്കപ്പെടുക. പിന്നെയോ, കാണപ്പെടുന്നവരുടെ മനോഭാവം അനുസരിച്ചത്രേ.

**43.** അതുകൊണ്ട് അടക്കം, ഭക്തി, ദാനധർമം, സ്നേഹം, സന്മനോഭാവം, ഭർത്താവിനോടുള്ള സ്നേഹാദരം, ഉചിതമായ രീതികൾ, ശാന്തത, ദീർഘക്ഷമ എന്നിവകൊണ്ട് നിങ്ങളുടെ മുഖം അലങ്കരിക്കുവിൻ. ഇവയാണ് സുകൃതത്തിന്റെ ചായങ്ങൾ. ഇവ വഴി



മനുഷ്യരെയല്ല മാലാഖാമാരെ നിങ്ങളുടെ സ്നേഹിതരായി നിങ്ങൾ അടുപ്പിക്കും. ഇവയ്ക്ക് ദൈവം തന്നെ നിങ്ങളെ പ്രകീർത്തിക്കുകയും ചെയ്യും. ദൈവം നിന്നെ അംഗീകരിക്കുമ്പോൾ എല്ലാത്തരത്തിലും നിന്റെ ഭർത്താവിനെ നിന്നിലേക്കടുപ്പിക്കും. വിജ്ഞാനം പുരുഷന്റെ മുഖത്തെ പ്രകാശിപ്പിക്കുന്നെങ്കിൽ, സുകൃതം അതിലുപരിയായി സ്ത്രീയുടെ മുഖത്തെ പ്രകാശിപ്പിക്കും.

**44.** സുകൃതം നിങ്ങളുടെ സൗന്ദര്യത്തിന് വലിയ അലങ്കാരമായി കരുതുന്നെങ്കിൽ ആ ദിവസം രത്നങ്ങളിൽനിന്ന് നിങ്ങൾക്ക് എന്തു പ്രയോജനമാണുള്ളത് എന്ന് എന്നോടു പറയുവിൻ. ഈ ലോകജീവിതത്തിൽ നിന്നുള്ള തെളിവുകൾ കൊണ്ട് ഈ കാര്യങ്ങളെല്ലാം തെളിയിക്കാൻ കഴിയുമ്പോൾ, ആ ദിവസത്തെപ്പറ്റി സംസാരിച്ചിട്ട് എന്തു കാര്യം? രാജാവിനെ അവമാനിച്ചു എന്നുള്ള ആരോപണത്തിനു വിധേയരായി ന്യായാസനത്തിലേക്ക് ചിലർ വലിച്ചിഴയ്ക്കപ്പെടാറുണ്ടല്ലോ അവരുടെ ജീവിതം അപകടത്തിലാണെന്നു കണ്ട് അവരുടെ അമ്മമാരും ഭാര്യമാരും സ്വർണാഭരണങ്ങളും രത്നങ്ങളും അലങ്കാരങ്ങളും വിശിഷ്ട വസ്ത്രങ്ങളും ഊരി വയ്ക്കുന്നു. അവർ സാധാരണവും വില കുറഞ്ഞതുമായ വസ്ത്രങ്ങൾ ധരിക്കുകയും ശരീരത്തിൽ ചാരം വിതറുകയും കോടതിവരാന്തയിൽ നിലത്തുകിടന്ന് ഉരുളുകയും ചെയ്യുന്നു. ഈ രീതിയിലൊക്കെ ന്യായാധിപന്മാരെ സ്വാധീനിക്കാൻ അവർ ശ്രമിക്കുന്നുണ്ടല്ലോ.

**45.** സ്വർണാഭരണങ്ങളും രത്നങ്ങളും അലംകൃതവസ്ത്രങ്ങളും ഭൗമിക കോടതികളിൽ നിങ്ങളെ വഞ്ചനാപരമായി ഒറ്റിക്കൊടുക്കുന്നു. എന്നാൽ ശാന്തത, വിനീതഭാവം, ചാരം, കണ്ണുനീര്, വില കുറഞ്ഞ വസ്ത്രങ്ങൾ എന്നിവ ന്യായാധിപന്മാരുടെ പ്രീതി സമ്പാദിക്കാൻ സഹായിക്കുന്നവയാണ്. അങ്ങനെയാണെങ്കിൽ കൈക്കൂലി വാങ്ങാത്ത ആ ഭയാനക ന്യായവിധിയിൽ ഇത് എത്രയധികം സത്യമായിരിക്കും! ഈ രത്നങ്ങളുടെ പേരിൽ നാഥൻ നിന്നെ കുറ്റപ്പെടുത്തുകയും വിശപ്പുകൊണ്ട് നശിച്ച ദരിദ്രനെ മുന്നോട്ട് നീക്കി നിർത്തുകയും ചെയ്യുമ്പോൾ, എന്തു ന്യായീകരണം നൽകാനാകും? അതുകൊണ്ടാണ് “പിന്നിയ മുടിയിലോ, സ്വർണത്തിലോ, രത്നങ്ങളിലോ, വിലകൂടിയ വസ്ത്രത്തിലോ അല്ല” എന്ന് പൗലോസ് പറഞ്ഞത് (1 തിമോ 2:9). ഇവ കെണികളാകാം.

**46.** നാം അനുദിനം ഇവ അനുഭവിച്ചുകൊണ്ടിരുന്നാലും, മരണം വഴി ഇവയിൽ നിന്ന് പൂർണമായി വേർപിരിയേണ്ടിവരും.

www.malankaralibrary.com



നിന്നെയും നിന്റെ ആഡംബരങ്ങളെയും ഉപേക്ഷിക്കുന്നു" എന്ന് ഹൃദയത്തിൽ നിന്ന് പറഞ്ഞാൽ, താൻ ആവശ്യപ്പെടുന്നതെല്ലാം തനിക്കു ലഭിച്ചുകഴിഞ്ഞു.

52. അതുകൊണ്ട്, "ഞാൻ സാത്താനേ, നിന്നെ ഉപേക്ഷിക്കുന്നു" എന്ന് നമുക്ക് പ്രഖ്യാപിക്കാം. ന്യായവിധിയുടെ ദിവസത്തിൽ ഈ വാക്കുകൾക്ക് കണക്കുകൊടുക്കേണ്ടിവരും എന്നു നാം അറിഞ്ഞിരിക്കണം. നമ്മുടെ സൂക്ഷിപ്പിനേൽപിക്കപ്പെട്ടവ പൂർണമായി തിരികെ നൽകാൻ കഴിയുന്നതിന്, നമുക്കതു സംരക്ഷിക്കാം. തീയേറ്ററുകൾ, കുതിരയോട്ടങ്ങൾ, ദിവസങ്ങളുടെ പാപകരമായ അനുഷ്ഠാനം, ചൊല്ലുകൾ, ലക്ഷണം പറയൽ എന്നിവ പിശാചിന്റെ ആഡംബരങ്ങളാണ്.

## ശകുനം നോക്കൽ

53. ലോകത്തിലെ ശകുനംനോക്കൽ എന്താണെന്ന് നിങ്ങൾ ചോദിച്ചേക്കാം. വീട്ടിൽനിന്നിറങ്ങുന്ന ആൾ ഒറ്റക്കണ്ണനെയോ, മുടന്തനെയോ കണ്ടാൽ അതൊരു ദുശ്ശകുനമായി കണക്കാക്കുന്നു. ഇത് പിശാചിന്റെ ആഡംബരത്തിൽ പെടുന്നതാണ്. ഒരു മനുഷ്യനെ കണ്ടാൽ അതുകൊണ്ട് ദിവസം ചീത്തയായിരിക്കയില്ല, പാപത്തിൽ ജീവിക്കുന്നതാണ് ചീത്ത സംഗതി. അതുകൊണ്ട്, വീട്ടിൽനിന്നിറങ്ങുമ്പോൾ പാപം നിന്നിൽ കാണപ്പെടാതിരിക്കുക എന്ന ഒറ്റക്കാര്യത്തിൽ മാത്രം ശ്രദ്ധിക്കുക: പാപമാണ് നമ്മെ മുറിപ്പെടുത്തുന്നത്. അതൊഴിച്ച് പിശാചിന് നമ്മെ മുറിവേൽപിക്കാൻ മറ്റൊരു വഴിയുമില്ല.

54. നീ എന്താണ് അർഥമാക്കുന്നത്? നീ ഒരു മനുഷ്യനെ കാണുന്നു, അതൊരു ദുശ്ശകുനമായി കണക്കാക്കുന്നു. പിശാചിന്റെ കെണി കാണുന്നതിൽ നിങ്ങൾ പരാജയപ്പെടുന്നുവോ? നിങ്ങളെ ഒരിക്കലും ഉപദ്രവിക്കാത്ത മനുഷ്യനെതിരെ അവൻ നിന്നെ ആക്കിത്തീർക്കുന്നു. മതിയായ കാരണം കൂടാതെ, നിന്നെ നിന്റെ സഹോദരന് ശത്രുവാക്കിത്തീർക്കുന്നു. നമ്മുടെ ശത്രുക്കളെ സ്നേഹിക്കാൻ ദൈവം നമ്മോടു കൽപിച്ചിരിക്കുന്നു. എന്നാൽ നിന്നെ ഒരിക്കലും ഉപദ്രവിക്കാത്തവനിൽ നിന്ന്, യാതൊരു ആരോപണവും അവനെതിരെ ഉന്നയിക്കാനില്ലാതിരിക്കെ, നീ മുഖം തിരിച്ചുകളയുന്നു. ഇത് എത്ര പരിതാപകരമായ കാര്യമാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയില്ലേ? നിന്റെ പ്രവൃത്തി എത്ര നിന്ദ്യവും, അപകടകരവും ആണെന്ന് കാണുന്നതിൽ നീ പരാജയപ്പെടുന്നില്ലേ?



55. കുറേക്കൂടി മോശമായ മറ്റൊരുദാഹരണം ഞാൻ നൽകട്ടെ. അതു പറയാൻ ഞാൻ ലജ്ജിക്കുകയും നാണിക്കുകയും ചെയ്യുന്നു. എന്നാൽ നിങ്ങളുടെ രക്ഷയെപ്രതി അതു പറയാൻ ഞാൻ നിർബന്ധിതനാകുന്നു. ഒരു കന്യക എതിരെ വന്നാൽ ആ ദിവസം പരാജയമായിരിക്കും എന്നു നിങ്ങൾ പറയുന്നു; എന്നാൽ ഒരു വേശ്യയെ കണ്ടാൽ, ദിവസം സൗഭാഗ്യകരവും ശ്രേഷ്ഠവും നല്ല കച്ചവടം നടക്കുന്നതുമാണെന്ന് നിങ്ങൾ പറയുന്നു. എന്തിനാണ് നിങ്ങൾ മുഖം തിരിക്കുന്നത്? കണ്ണ് വെട്ടിത്തിരിച്ച് നിലത്തോട്ട് നോക്കാറില്ലേ? ഞാൻ സംസാരിക്കുമ്പോൾ ഇങ്ങനെ ചെയ്യേണ്ട; ഞാൻ സംസാരിക്കുന്ന കാര്യം നിങ്ങൾ ചെയ്യുമ്പോൾ, അതു ചെയ്യുവിൻ.

56. പിശാച് എപ്രകാരം വീണ്ടും തന്റെ വഞ്ചന ഒളിച്ചുവച്ചിരിക്കുന്നു എന്ന് കാണുവിൻ. നിന്ദ്യയായ സ്ത്രീയെ സ്വാഗതം ചെയ്ത് അഭിവാദനം ചെയ്യാൻ, അടക്കമൊതുക്കമുള്ള സ്ത്രീയിൽ നിന്നു നാം മുഖം തിരിച്ചുകളയുന്നു. "ദുർമോഹത്തോടുകൂടി സ്ത്രീയെ നോക്കുന്നവൻ അവളുമായി ഹൃദയത്തിൽ വ്യഭിചാരം ചെയ്തുകഴിഞ്ഞു" എന്ന് ക്രിസ്തു പറഞ്ഞത് സാത്താൻ (മത്താ 5:28) കേട്ടു; അനേകർ തങ്ങളുടെ അടക്കമില്ലായ്മയെ ജയിക്കുന്നത് അവൻ കണ്ടു; അപ്പോൾ മറ്റൊരു രീതിയിൽ അവരെ വീണ്ടും പാപത്തിലേക്ക് ആനയിക്കാൻ അവൻ ആഗ്രഹിച്ചു. ഈ ശകുനത്തിലൂടെ അവൻ അവരെ കീഴടക്കി; തന്മൂലം തങ്ങളുടെ ശ്രദ്ധ വേശ്യകളിലേക്കു തിരിക്കുന്നതിൽ അവരിപ്പോൾ ആനന്ദം കണ്ടെത്തുന്നു.

57. ഏലസും ചരടും ഉപയോഗിക്കുകയും തങ്ങളുടെ കഴുത്തിലും പാദത്തിലും മാസിഡോണിയാക്കാരൻ അലക്സാണ്ഡറിന്റെ പിച്ചളത്തുട്ട് കെട്ടിയിടുകയും ചെയ്യുന്നവരെപ്പറ്റി നിങ്ങൾ എന്തു പറയും? ഇവയിലാണോ നാം നമ്മുടെ പ്രത്യാശ വച്ചിരിക്കുന്നത് എന്ന് നിങ്ങൾ എന്നോട് പറയുവിൻ. നമ്മുടെ നാഥൻ നമുക്കുവേണ്ടി കുരിശിൽ മരിച്ചശേഷം, ഗ്രീക്കുരാജാവിന്റെ രൂപത്തിൽ നമ്മുടെ രക്ഷയുടെ പ്രത്യാശ നാം വയ്ക്കുമോ? എത്രയധികം തെറ്റുകൾ കുരിശ് നേരേയാക്കി എന്ന് നിങ്ങൾക്കറിയാമോ? അത് മരണത്തെ നശിപ്പിച്ചില്ലേ? പാപം മായിച്ചുകളഞ്ഞില്ലേ? അത് പിശാചിന്റെ ശക്തിക്ക് അറുതി വരുത്തിയില്ലേ? നമ്മുടെ ശാരീരികാരോഗ്യത്തിന് അതു പോരേ? അതു ലോകത്തെ മുഴുവൻ വീണ്ടെടുത്തെങ്കിലും നിനക്കതിൽ യാതൊരു വിശ്വാസവുമില്ല.

www.malankaralibrary.com



**58.** എന്തുതരം ശിക്ഷയാണ് നീ അർഹിക്കാത്തത്? നീ ഏലസും ചരടും കെട്ടി നടക്കുന്നു. നീ നിന്റെ ഭവനത്തിലേക്ക് മുക്കുടിയന്മാരായ ദരിദ്രവാസികളെ കൊണ്ടുവരുന്നു. സത്യപ്രബോധനത്തിൽ പരിശീലനം ലഭിച്ചശേഷം ഇവയെ ഭയപ്പെടുന്നതിൽ നിങ്ങൾക്കു ലജ്ജയും നാണക്കേടും തോന്നുന്നില്ലേ?.

**59.** നാം ജനത്തെ ഉപദേശിച്ച് ഈ രീതികളിൽ നിന്ന് അകറ്റുമ്പോൾ, ചിലർ ഇതിനൊരു മുടന്തൻന്യായം കണ്ടുപിടിക്കുന്നു എന്നതാണ് ഇതിൽ അടങ്ങിയിരിക്കുന്ന ചതിയേക്കാൾ കഷ്ടതരമായ സംഗതി. ഇത്തരം ഏലസ് പറഞ്ഞുകൊടുക്കുന്ന സ്ത്രീകൾ ക്രിസ്ത്യാനികളാണെന്നും ദൈവത്തിന്റെ നാമം അല്ലാതെ മറ്റൊന്നും പറയുന്നില്ലെന്നും അവർ പുലമ്പുന്നു. മറ്റു കാരണങ്ങളേക്കാൾ ഇക്കാരണത്താൽ ഞാൻ അത്തരം സ്ത്രീയെ വെറുക്കുകയും നിന്ദിക്കുകയും ചെയ്യുന്നു; കാരണം അവൾ ദൈവനാമം നിന്ദ്യമായി ഉപയോഗിക്കുന്നു; താൻ ക്രിസ്ത്യാനിയാണെന്നു പറയുകയും ഗ്രീക്കുകാരെപ്പോലെ പെരുമാറുകയും ചെയ്യുന്നു. പിശാചുക്കളും ദൈവനാമം ഉച്ചരിച്ചു; എന്നാൽ അവർ പിശാചുക്കളായിരുന്നു. "നീ ആരാണെന്ന് ഞങ്ങൾക്കറിയാം; ദൈവത്തിന്റെ പരിശുദ്ധൻ" എന്ന് അവർ ക്രിസ്തുവിനോട് പറഞ്ഞിട്ടുപോലും, അവൻ അവരെ ശകാരിച്ച് പുറത്താക്കി (മർക്കൊ 1:24).

**60.** ഈ കാരണങ്ങളാൽ, ഈ തെറ്റിൽ അകപ്പെടാതിരിക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങളുടെ വടിയായി ഈ വാക്ക് മുറുകെ പിടിക്കാൻ ഞാനുപദേശിക്കുന്നു. ചെരിപ്പോ, വസ്ത്രമോ കൂടാതെ ആരും ചന്തസ്ഥലത്തു പോകാത്തതുപോലെ, നിങ്ങളിലാരും ഈ വാക്കു കൂടാതെ ചന്തസ്ഥലത്തേക്ക് ഓടിക്കയറരുത്. നിങ്ങൾ ഒരു കതകിന്റെ വാതിലിനുള്ളിലേക്ക് കടക്കുവാൻ പോകുമ്പോൾ, ആദ്യം ഈ വാക്കുകൾ ഉച്ചരിക്കുക: "ഞാൻ സാത്താനേ, നിന്നെയും നിന്റെ ആഡംബരങ്ങളെയും നിന്റെ സേവനത്തെയും ഉപേക്ഷിക്കുന്നു; ക്രിസ്തുവേ, ഞാൻ നിന്റെ സേവനത്തിലേക്ക് പ്രവേശിക്കുന്നു". ഈ വാക്കുകൾ ഉച്ചരിക്കാതെ മുന്നോട്ടുപോകരുത്. ഇതു നിങ്ങളുടെ വടി ആയിരിക്കും, ഇതു നിങ്ങളുടെ പടച്ചട്ട ആയിരിക്കും, ഇതു നിങ്ങളുടെ അപ്രതിരോധ്യഗോപുരം ആയിരിക്കും. ഈ വാക്കുകൾ ഉച്ചരിച്ചിട്ട്, നിങ്ങളുടെ നെറ്റിയിൽ കുരിശടയാളം വരയ്ക്കുക. ഈ രീതിയിൽ നിങ്ങളെ ഉപദ്രവിക്കാൻ ഒരു മനുഷ്യനും



സാധിക്കുകയില്ല; എല്ലാവശത്തുനിന്നും നിങ്ങളെ സംരക്ഷിക്കാനുള്ള ഈ ആയുധങ്ങളോടുകൂടി നിങ്ങളെ കാണുമ്പോൾ പിശാചിനും നിങ്ങളെ ഉപദ്രവിക്കാൻ കഴികയില്ല.

**61.** അതുകൊണ്ട് ഇപ്പോൾ നിങ്ങളെത്തന്നെ പ്രബോധിപ്പിക്കുക. അപ്പോൾ നിങ്ങൾ റൂശ്മ സ്വീകരിക്കുമ്പോൾ, നിങ്ങൾ സുസജ്ജരായ പടയാളികൾ ആയിരിക്കും. പിശാചിനെ പരാജയപ്പെടുത്തിയ ട്രോഫി നിങ്ങൾ ഉയർത്തിക്കഴിയുമ്പോൾ നിങ്ങൾക്ക് നീതിയുടെ കിരീടം ലഭിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സ്നേഹനിർഭരമായ കാരുണ്യത്താൽ നമുക്കെല്ലാവർക്കും ഇതു ലഭിക്കട്ടെ. അവനോടുകൂടെ പിതാവിന് പരിശുദ്ധാത്മാവിൽകൂടി എന്നുമെന്നേക്കും മഹത്ത്വം ഉണ്ടായിരിക്കട്ടെ. ആമ്മീൻ.